LIFE OF BUDDHA

AMMALU AMMA

Q4:33 32F3

Q4:33
.32F3

MUL
041930

RATHNAM PRESS
BINDERS
BADRIAN STREET
MADRAS

DOCTRINA·VIM·PROMOVET INSITAM

Madras University Library.

Call Number

Accession Number

Available for loan from

This book should be returned on or before the date last marked below.

16 FEB 1956

G. 61

# LIFE OF BUDDHA.

BY

TARAVATH AMMALU AMMA.

# ബുദ്ധചരിതം.

തരവത്ത് അമ്മാളുഅമ്മ

എഴുതിയത്.

നോമ്മൻ പ്രിൻടിങ്ങ് ബ്യൂറോ,

കോഴിക്കോട്

1923.

UNIVERSITY LIBR
1 NOV 1927
MADRAS

വില 14 ണ.] [*Price as 14.*

ROCHOUSE & SONS,
Booksellers : Madras.

*Approved by the Madras Text Book Committee*

*&*

*Prescribed for Non-detailed Study for the Intermediate Examination 1916.*

41930

Q4:33
32 F3

UNIVERSITY LIBRARY
18 NOV 1927
MADRAS

# മുഖവുര.

ഈ ഗ്രന്ഥം ബുദ്ധമഹർഷിയുടെ ജീവചരിത്രമാകുന്നു; ഇംഗ്ലീഷ് പണ്ഡിതനായ സെർ എഡ്വിൻ ആർനോൾഡ് അവർകളാൽ നിർമ്മിതമായ 'ലൈററ് ഓഫ് ഏഷ്യ' (Light of Asia) എന്ന ഇംഗ്ലീഷു പുസ്തകത്തെ മുഖ്യാധാരമാക്കി എഴുതീട്ടുള്ളതുമാകുന്നു. എത്രയോ മഹത്തായ ആ ഗ്രന്ഥത്തെ ഇംഗ്ലീഷുഭാഷാപാണ്ഡിത്യമില്ലാത്ത ഞാൻ ഭാഷാന്തരംചെയ്യാനൊരുങ്ങിയത് കേവലം അവിവേകമാണെന്നു വായനക്കാൎക്കു തോന്നാനിടയുണ്ട്. എന്നാൽ അങ്ങിനെ ചെയ്യാനുള്ള കാരണം പറയാതെ കഴിയുന്നതല്ല: വളരെ കാലമായി എനിക്ക് ബുദ്ധചരിത്രത്തിൽ ഭക്തിബഹുമാനങ്ങൾ തോന്നുകയാൽ, അതിനെ മലയാളത്തിൽ എഴുതേണമെന്നു വിചാരിച്ച് സംസ്കൃതത്തിലും തമിഴിലുമുള്ള ഗ്രന്ഥങ്ങളെ അന്വേഷിച്ചുകൊണ്ടിരിക്കയായിരുന്നു; അങ്ങിനെയിരിക്കുമ്പോൾ എന്റെ പ്രിയസഹോദരനായ ഡാക്ടർ ടി. എം. നായരവർകൾ ബുദ്ധചരിത്രത്തെ ഞാൻ മലയാളത്തിലെഴുതി മലയാളികൾക്കുപകാരമാക്കിത്തീൎക്കേണമെന്നും, അത് 'ലൈററ് ഓഫ് ഏഷ്യ'യെ ആസ്പദമാക്കി വേണ്ടതാണെന്നും നിർബ്ബന്ധിച്ചു; അതിന്മണ്ണം ആകുന്നു ഞാൻ ഇതിന്നുദ്യമിച്ചത്. പാലക്കാട് വിക്ടോറിയാകോളേജ് ടീച്ചറായ വി. കെ. സുബ്രഹ്മണ്യയ്യർ ബി. എ അവർകൾ അൎത്ഥഗൌരവവും ഭാവഗാംഭീൎയ്യവുമുള്ള മേൽപ്പറഞ്ഞ ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ അൎത്ഥവും ഭാവവും എനിക്കു മനസ്സിലാക്കിത്തരികയും, അതിനെ ഞാൻ സ്വന്തഭാഷയിൽ എഴുതുകയും ചെയ്തതാകുന്നു. അതിനായി അദ്ദേഹത്തിന്ന് ഞാൻ വന്ദനം പറഞ്ഞു കൊള്ളുന്നു.

'ലൈററ് ഓഫ് ഏഷ്യ'യിൽ ബുദ്ധൻെറ നിർവ്വാണകഥ വിശദമായി പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ, നിർവ്വാണഘട്ടം, മദിരാശി പ്രസിഡൻസി കോളേജ് തമിഴ് പണ്ഡിതർ സ്വാമിനാഥയ്യരവർകളുടെ തമിഴ് ഗ്രന്ഥത്തിൽ നിന്നെടുത്തു ചേത്തിരിക്കുന്നു. ബുദ്ധചരിത്രത്തിൻെറ വിഷയകാഠിന്യം, 'ലൈററ് ഓഫ് ഏഷ്യ'യുടെ അഗാധത, ഇംഗ്ലീഷുഭാഷയിൽ എനിക്കുള്ള അപാണ്ഡിത്യം, മലയാളവാക്കുകളുടെദുർഭിക്ഷത, എന്നിവകളാൽ ഈ ഗ്രന്ഥത്തിൽ വളരെ അബദ്ധങ്ങൾ വന്നിരിപ്പാനിടയുണ്ട്. എന്നാൽ,

"ദൃഷ്ടം കിമപിലോകേസ്മിൻ
ന നിർദ്ദോഷം ന നിർഗ്ഗുണം।
ആവൃണുദ്ധ്വമതോദോഷാൻ
വിവൃണുദ്ധ്വം ഗുണാൻ ബുധാഃ।"

എന്ന പ്രമാണപ്രകാരം, മഹാന്മാർ അതെല്ലാം എൻെറ അബലതയെ ഓർത്ത് ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഈ ഗ്രന്ഥത്തെ കേരളീയന്മാർ സർവ്വാത്മനാ അഭിനന്ദിക്കുന്നതായാൽ ഞാൻ കൃതാർത്ഥയായെന്നു പറയാം.

ബുദ്ധമഹർഷി ജനിച്ചത് കലിയുഗം 2478-ാമത് വൈശാഖമാസം, പൌർണ്ണമാസിദിവസം, വിശാഖനക്ഷത്രത്തിൽ ലുംബിനിയെന്ന ഉദ്യാനത്തിലായിരുന്നു. ബുദ്ധന്ന് 29-ാമത്തെ വയസ്സിൽ ഉരുവേലവനത്തിൽ, ബോധിവൃക്ഷത്തിൻകീഴിൽ വെച്ചു ജ്ഞാനോദയമുണ്ടായി. അദ്ദേഹത്തിൻെറ എണ്പതാമത്തെ വയസ്സിൽ വൈശാഖമാസം, വിശാഖനക്ഷത്രത്തിൽ പൌർണ്ണമാസിദിവസം കുശിനഗരത്തിലെ മല്ലികോദ്യാനത്തിൽ രണ്ടു സാലവൃക്ഷങ്ങളുടെ മദ്ധ്യത്തിൽവെച്ചു നിർവ്വാണം പ്രാപിച്ചു.

ബുദ്ധചരിത്രവും ബുദ്ധതത്വങ്ങളും കേരളീയക്ക് കേവലം അപരിചിതമായതുകൊണ്ട് അതിനെക്കുറിച്ച് അല്പം പറയു

ന്നു. അതെന്തെന്നാൽ: ബുദ്ധചരിത്രഗ്രന്ഥങ്ങൾ മലയാളത്തിൽ വിശദമായിട്ടില്ലെങ്കിലും, ബുദ്ധൻ മഹാവിഷ്ണുവിൻെറ ഒരു അവതാരമാണെന്ന് നമ്മുടെ പുരാണങ്ങളിൽ വിശദമായി പറയപ്പെട്ടിരിക്കുന്നത് മിക്കപേൎക്കും അറിവുണ്ട്. എന്നാലും ബുദ്ധമതത്തോട്ടു കലശലായ വൈമനസ്യമോ, ഒരു നിന്ദയോ, എല്ലാവൎക്കും ഉണ്ടുതാനും. അതില്ലെങ്കിൽ ഈ മഹച്ചരിത്രം എത്രയോകാലം മുമ്പുതന്നെ മലയാളത്തിൽ ഉണ്ടാവാനിടയുള്ളതായിരുന്നു. ഇതു കേരളീയരാൽ അസാദ്ധ്യമായ കാൎയ്യമാണെന്നു പറവാൻ തരമില്ല. അതുകൊണ്ട്, അങ്ങിനെ വരുവാനുള്ള കാരണം, ഹിന്തുമതക്കാരുടെ ഇടയിൽനിന്നു ബുദ്ധമതം എത്രയോ അകലത്തു പോയതിനാലാണെന്ന് ഊഹിക്കാം.

ബുദ്ധമതം ഹിന്തുമതത്തിൽനിന്ന് അകന്നുപോവാനുള്ള കാരണത്തെയാണ് ആലോചിക്കേണ്ടത്. ബുദ്ധമതത്തെ നശിപ്പിക്കുവാൻ ഹിന്തുമതക്കാർ, വിശേഷിച്ചും ബ്രാഹ്മണർ പ്രയത്നിച്ചിട്ടുണ്ടെന്നു പ്രബലമായ ഒരു വദന്തിയുണ്ട്. അത് തീരെ അബദ്ധമാണ്. എന്തുകൊണ്ടെന്നാൽ: ഹിന്തുമതക്കാർ ബുദ്ധമതക്കാരെ ഉപദ്രവിച്ചതായി യാതൊരു ബുദ്ധഗ്രന്ഥങ്ങളിലും പറയുന്നില്ല. ബുദ്ധൻെറ കാലത്ത് ഒരു ബ്രാഹ്മണനെങ്കിലും ബുദ്ധമതത്തിന്നു വിരോധിയായിരുന്നില്ല. എന്നു മാത്രമല്ല, ബുദ്ധൻെറ പ്രധാനശിഷ്യന്മാരെല്ലാം ബ്രാഹ്മണരായിരുന്നു. അതുകൂടാതെ, ബ്രാഹ്മണോത്തമനായ ജയദേവൻ, സൎവ്വജനങ്ങളാലും ആദരണീയമായ 'അഷ്ടപദി'ശ്ലോകത്തിൽ, ബുദ്ധൻ വിഷ്ണുവിൻെറ ഒമ്പതാമത്തെ അവതാരമാണെന്നു ഭക്തിപൂൎവ്വം പറഞ്ഞിട്ടുള്ളതായ അഭിപ്രായം അക്കാലത്ത് സൎവ്വജനസമ്മതമായിരുന്നിരിപ്പാനെ തരമുള്ളു. അതുമല്ല, ബുദ്ധൻെറ നിൎവ്വാണത്തിന്നുശേഷം ബുദ്ധതത്വങ്ങളെ ക്രോഢീകരിപ്പാനും മററും സഭാനാഥന്മാരിയിരുന്ന് സഭകൾ നടത്തിയതും ബ്രാഹ്മണരായിരുന്നു. ബൎമ്മാരാജ്യത്തിലെ ബുദ്ധരാജാക്കന്മാർ കിരീടധാരണാദികളായ ക്രിയകൾ ഇന്നും ബ്രാഹ്മണരെക്കൊണ്ടാ

ണ് നടത്തിവരുന്നത്. പിന്നെ ശങ്കരാചാൎയ്യസ്വാമികളും, കുമാരിലഭട്ടനും ബുദ്ധമതത്തെ നശിപ്പിച്ചു, എന്നു പറയുന്നതിനും അടിസ്ഥാനമില്ല. മേൽപ്പറഞ്ഞ രണ്ടുപേരും ബുദ്ധാചാൎയ്യന്മാരുമായി ബുദ്ധതത്വത്തെക്കുറിച്ചും, വേദാന്തതത്വത്തെക്കുറിച്ചും ഏതേതാണ് വലുതെന്ന് വിവാദം നടത്തിയതിനെപ്പററി മാത്രമെ ബുദ്ധമതഗ്രന്ഥങ്ങളിൽ പറയുന്നുള്ളൂ.

ഹിന്തുമതവും ബുദ്ധമതവും എല്ലാ വിഷയങ്ങളാലും സാമ്യമുള്ളതാകുന്നു. ബുദ്ധൻ ജനിച്ചതും വളൎന്നതും മരിച്ചതും ഹിന്തുവായിട്ടാണെന്ന് ഐതിഹ്യങ്ങളിൽ കാണുന്നു. ബുദ്ധൻ സ്വമതത്തെ സ്ഥാപിച്ചത് ഹിന്തുമതത്തിന്നു വിരോധമായിട്ടല്ല. അജ്ഞാനമഗ്നന്മാരായ ജനങ്ങളെ രക്ഷിപ്പാൻവേണ്ടി ദുൎഗ്ഗമമായ മാൎഗ്ഗങ്ങളെ വിട്ട് സുഗമമാൎഗ്ഗത്തെ കണ്ടുപിടിച്ചതാകുന്നു. ബുദ്ധൻ ഹിന്തുമതരത്നാകരത്തിൽനിന്നു വിലയേറിയതായ അല്പമാത്രം ചില തത്വരത്നങ്ങളെ എടുത്ത് ജനങ്ങൾക്ക് ഉപദേശഭൂഷണമാക്കിത്തീൎക്കുകയാണ് ചെയ്തിട്ടുള്ളത്. ബുദ്ധമതത്തിൽ അവശ്യം അനുഷ്ഠേയങ്ങളായ കൃത്യങ്ങൾ ഹിന്തുമതത്തിലും അവശ്യം അനുഷ്ഠേയങ്ങളാണ്. 'അഹിംസാപരമോധൎമ്മഃ'; 'പരോപകാരാൎത്ഥമിദംശരീരം'; 'സത്യംവദ, ധൎമ്മംചര'; 'മാതൃദേവോഭവ, പിതൃദേവോഭവ, ആചാൎയ്യദേവോഭവ', എന്നിവ ഹിന്തുമതത്തിലും നിയമിക്കപ്പെട്ടവയാകുന്നു. ബുദ്ധൻ അനൎത്ഥങ്ങളെന്നു ധിക്കരിച്ചിട്ടുള്ള സംഗതികൾഹിന്തുമതത്തിലും എത്രയോ യോഗ്യന്മാരാൽ പലേടത്തും ധിക്കരിക്കപ്പെട്ടിരിക്കുന്നു. ബുദ്ധൻ, ഈശ്വരന്മാർ ഒന്നിനും ശക്തിന്മാരല്ലെന്നു ധിക്കരിച്ചിട്ടുണ്ട്. ഹിന്തുമതത്തിലും ത്രിമൂൎത്തികൾ കൎമ്മാധീനന്മാരാണെന്നും ശക്തിക്കു കീഴടങ്ങിയവരാണെന്നും കാണുന്നുണ്ട്. ബുദ്ധൻ ഹിംസാപരമായ കൎമ്മകാണ്ഡത്തെ നിഷേധിച്ചിട്ടുണ്ട്. ഹിന്തുമതത്തിലും വേദാന്തികളും, ദയാലുക്കളായ അനവധി മഹാന്മാരും, ഹിംസാപരങ്ങളായ കൎമ്മങ്ങളെ നിഷേധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ബുദ്ധനെപ്പോലെ കാരുണ്യശാലിക

ളായവർ, ഹിംസാപരമായ കമ്മത്താൽ നിർവ്വാണം ലഭിക്കുന്നതായാൽക്കൂടി, ആ ഹിംസയെ നിഷേധിക്കാതിരിക്കുകയില്ല.

ആത്മതത്വത്തെക്കുറിച്ചും പരബ്രഹ്മത്തെക്കുറിച്ചും വേദാന്തികൾ പറയുന്നതുപോലെ ബുദ്ധൻ അത്ര വെളിവായി പറഞ്ഞിട്ടില്ലെങ്കിലും, പ്രപഞ്ചസംബന്ധമായ സകല വസ്തുക്കളും അനിത്യമാകയാൽ ലോകവാസം ദുഃഖകരമാണെന്നു വേദാന്തികൾ പറയുംപ്രകാരം തന്നെ അദ്ദേഹം പറഞ്ഞിരിക്കുന്നു. വേദാന്തശാസ്ത്രത്തിൽ പ്രതിപാദിക്കുന്നതായ അപ്രത്യക്ഷതത്വങ്ങളെ അനുമാനപ്രമാണത്താൽ കണ്ടുപിടിപ്പാൻ സാധിക്കുകയില്ലെന്നാണ് ബുദ്ധന്റെ അഭിപ്രായമെങ്കിലും, സാംഖ്യന്മാരുടെയും വേദാന്തികളുടേയും പൂർവ്വാചാര്യന്മാരുടെയും ആചാരങ്ങളെയും, ധർമ്മമാർഗ്ഗവിധികളെയും അദ്ദേഹം സ്വീകരിച്ചിട്ടുണ്ട്. ബുദ്ധന്റെ തത്വശാസ്ത്രങ്ങളിൽ ഹിന്ദുമതഗ്രന്ഥങ്ങളില്ലാത്ത യാതൊരു തത്വങ്ങളുമില്ല സകല വസ്തുക്കളും ശക്തിസൃഷ്ടങ്ങളാണെന്നു ബുദ്ധൻ ആലോചിക്കുന്നു. എല്ലാററിന്നും മൂലമായ ബ്രഹ്മത്തെ കണ്ടു പിടിക്കുവാനുള്ള അന്വേഷണം ബുദ്ധമതത്തിലില്ലെങ്കിലും, ലോകത്തിലുള്ള സകല പദാർത്ഥങ്ങളും എല്ലാടവും വ്യാപിച്ചിരിക്കുന്നതായ കാര്യകാരണനിയമത്തിന്നുള്ളിൽ അടങ്ങിയതാണെന്നും, ഈ പ്രപഞ്ചദുഃഖം ബ്രഹ്മത്തെ സംബന്ധിച്ചുള്ളതല്ലാത്തതിനാൽ ദുഃഖനിവൃത്തിയെ ആഗ്രഹിക്കുന്നവർക്ക് ബ്രഹ്മത്തെക്കുറിച്ചുള്ള അറിവ് ആവശ്യമില്ലാത്തതാണെന്നുമാകുന്നു ബുദ്ധന്റെ വിലയേറിയ അഭിപ്രായം.

സ്വാർത്ഥത്തെ മാത്രം കരുതി പ്രവർത്തിക്കുന്നത് അധർമ്മമാണെന്നും, അധർമ്മപ്രവൃത്തിയാൽ ദുഃഖകരമായ വിഷയവാസന മേൽക്കുമേൽ വർദ്ധിക്കുമെന്നും, സർവ്വഭൂതങ്ങളിലും ദയയോടുകൂടി ഫലേച്ഛ കൂടാതെ പരോപകാരം ചെയ്യുന്നതാണ് വിഷയവാസനയെ നശിപ്പിച്ച് നിർവ്വാണലാഭമുണ്ടാക്കുന്നതെന്നും ബുദ്ധൻ അഭിപ്രായപ്പെടുന്നു. സർവ്വഭൂതദയയാണ് സർവ്വോൽകൃഷ്ടമായ ഗുണമെന്ന് ഹിന്ദുമതത്തിലും പറയാതിരുന്നിട്ടില്ല.

"നാതിപ്രസീദതിതഥോപചിതോപചാരൈ
രാരാധിതസ്സുരഗണൈർഹൃദിബദ്ധകാമൈഃ।
യൽസർവ്വഭൂതദയയാസദലഭ്യയൈകോ
നാനാജനേഷ്വവഹിതസ്സുഹൃദന്തരാത്മാ॥"—

ഇങ്ങിനെ ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. പിന്നെ പൂർവ്വജന്മകർമ്മം പുനർജ്ജനനം എന്നിവയെല്ലാം ബുദ്ധനും പറയുന്നു. ലോകൈകചൈതന്യത്തിൽ ലയിക്കുന്നതാണ് നിർവ്വാണമെന്ന് ഹിന്തുമതത്തെപ്പോലെ ബുദ്ധനും അഭിപ്രായപ്പെട്ടിരിക്കുന്നു. ആ നിർവ്വാണമാർഗ്ഗത്തിൻെറ വാതിലുകൾ ഉൽകൃഷ്ടജാതിക്കാരായ ബ്രാഹ്മണർക്കും അന്ത്യജന്മാരായ ചണ്ഡാലക്കും ഒരുപോലെ തുറക്കപ്പെട്ടുമെന്നുമാണ് ബുദ്ധൻെറ അഭിപ്രായം.

ഇങ്ങിനെയുള്ള പല സംഗതികളാലും ഹിന്തുമതത്തിന്ന് എത്രയോ അടുത്തതായും ഇവിടെ ജനിച്ചുവളൎന്ന ഒരു കാലത്തു വടക്കെ ഇന്ത്യ മുഴുവനും വ്യാപിച്ചിരുന്നതായുമുള്ള ബുദ്ധമതം ഇവിടെ നശിച്ചുപോവാനുള്ള കാരണം, വാസ്തവത്തിൽ, മുഹമ്മദീയന്മാരുടെ ആക്രമമാകുന്നു. ഇതിന്നു ദൃഷ്ടാന്തമായി, ഏതെതു സ്ഥലങ്ങളിൽ ബുദ്ധവിഹാരങ്ങളും, സ്തംഭങ്ങളും ശിലാലിഖിതങ്ങളും നശിച്ചിട്ടുണ്ടൊ അവിടങ്ങളിലെല്ലാം ഹിന്തുക്ഷേത്രങ്ങളും നശിച്ചതായി കാണുന്നുണ്ട്. ഇതിനാൽ ഊഹിക്കേണ്ടത് രണ്ടുമതങ്ങൾക്കും പൊതുവിൽ ശത്രുവായ ഒരു ഹേതു ഉണ്ടായിരുന്നു എന്നാണ്. അതു മുഹമ്മദീയരുടെ ആക്രമം തന്നെയാണ്. ഇന്ത്യയിലുള്ള ബുദ്ധവിഹാരങ്ങളെയും മററും നശിപ്പിച്ചത് ഹിന്തുക്കളാണെന്നു പറയുന്നപക്ഷം; മദ്ധ്യഏഷ്യയിൽ വളരെ പ്രബലമായി ആചരിച്ചുവന്നിരുന്ന ബുദ്ധമതത്തെ നശിപ്പിച്ചതാരായിരിക്കും? ഹിന്തുക്കളാവാൻ തരമില്ല. അത് ഇപ്പോഴത്തെ നിവാസികളായ മുഹമ്മദീയരുടെ ആക്രമം തന്നെയാണ. ആ ആക്രമം തന്നെയാണു ഇന്ത്യയിലും ബുദ്ധമതത്തെ നാമാവശേഷമാക്കിത്തീർത്തത്. ഈ സംഗതികൊണ്ടാണ് ബുദ്ധമതത്തിന്ന് കേരളീയരുടെ ഇടയിൽ പ്രതിഷ്ഠ ലഭിക്കാത്തത്.

ബുദ്ധമഹർഷിയെപ്പോലെ ജീവകാരുണ്യവും, പരോപകാരചിന്തയും, സർവ്വഭൂതസമത്വവും മറെറാരു മതാചാര്യന്മാൎക്കും ഉണ്ടായിട്ടില്ലെന്നുള്ള കാര്യം സർവ്വസമ്മതമാവാനെ തരമുള്ളു. സർവ്വജനവന്ദ്യനായ ആ മഹാത്മാവിൻെറ ചരിത്രത്തെ അറിഞ്ഞ്, അദ്ദേഹത്തെ ഭക്തിബഹുമാനപുരസ്സരം വന്ദിക്കേണ്ടതു മലയാളികൾക്കും ആവശ്യമാണല്ലോ. അത് ഈ ഗ്രന്ഥമുഖേന സാധിക്കുന്നതായാൽ എനിക്ക് ഒട്ടേറെ ചാരിതാൎത്ഥ്യത്തിന്നിടയുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല. കാരുണ്യവാരിധിയായ ആ ബുദ്ധഭഗവാൻെറ കരുണയെ പ്രാൎത്ഥിച്ചുകൊണ്ട് ഈ ഗ്രന്ഥത്തെ ബുദ്ധതത്വജിജ്ഞാസുക്കൾക്കായി ഞാൻ ഇതാ സമൎപ്പണം ചെയ്യുന്നു.

പാലക്കാട്
1913-സപ്തമ്പർ 5 —

ഗ്രന്ഥകൎത്ത്രി.

—ഛശഃഛം—

“കാമേനാകൃഷ്യ ചാപം ഹതപടുപടഹാ

വല്ഗിഭിർമ്മാരവീരൈഃ

ഭ്രൂഭംഗോല്ക്കമ്പജൃംഭസ്മിതലളിതദൃശാ

ദിവ്യനാരീജനേന ।

സിദ്ധൈഃ പ്രഹ്വോത്തമാംഗൈഃ പുളകിതവപുഷാ

വിസ്മയാദ്വാസവേന

ധ്യായൻ യോ യോഗപീഠാദചലിത ഇതി വഃ

പാതു ദൃഷ്ടോ മുനീന്ദ്രഃ ॥”

# ബുദ്ധചരിതം.

## ഒന്നാമദ്ധ്യായം.

ഭൂലോകത്തെ ദുഃഖസാഗരത്തിൽനിന്ന് ഉദ്ധരിച്ച ഒരു മഹാപുരുഷന്റെ ദിവ്യചരിത്രം പറവാനാണ് എന്റെ ഉദ്യമം. ആ മഹാത്മാവ് ആരെന്നാൽ: ലോകത്തിൽ ബുദ്ധനെന്നും സിദ്ധാൎത്ഥനെന്നും പ്രസിദ്ധപ്പെട്ട ദിവ്യപുരുഷനത്രെ. ആ മഹാനു തുല്യനായി ത്രൈലോക്യത്തിലും മറെറാരു പുരുഷൻ ഉണ്ടായിട്ടില്ല. അദ്ദേഹം സൎവ്വജനവന്ദ്യനും, സകല സൽഗ്ഗുണ പരിപൂൎണ്ണനും, തത്വജ്ഞാനികളിൽ അഗ്രഗണ്യനും, വിശേഷിച്ച് കാരുണ്യവാരിധിയും, ജനങ്ങൾക്കു ധൎമ്മത്തെയും നിൎവ്വാണമാൎഗ്ഗത്തെയും ഉപദേശിച്ച ലോകഗുരുവുമാകുന്നു. അങ്ങിനെയുള്ള ബുദ്ധഭഗവാൻ ലോകരക്ഷക്കായി ഭൂലോകത്തിൽ അവതരിച്ച വൃത്താന്തം നിങ്ങൾ കേട്ടാലും:

സ്വൎഗ്ഗലോകത്തിന്നുനേരെ കീഴിൽ അടുത്തായി ഒരു ലോകമുണ്ട്. അതിൽ നാലു ദിവ്യപുരുഷന്മാർ വസിക്കുന്നു. അവർ ഈശ്വരന്മാരല്ല; ദൈവപ്രതിനിധികളാകുന്നു. അവർ ലോകരക്ഷകന്മാരാണെങ്കിലും രാജാക്കന്മാരല്ല. അവർ വസിക്കുന്ന ലോകത്തിന്നടുത്തു താഴെ മറെറാരു ലോകമുണ്ട്; അതു മറെറ ലോകത്തേക്കാൾ അടുത്താണെങ്കിലും നമ്മൾക്കു ദൂരത്തുമാണ്. ഭൂലോകത്തിൽ അത്യുൽകൃഷ്ടങ്ങളായ പുണ്യകൎമ്മങ്ങൾ ചെയ്യുന്നവർ ഈ രണ്ടാമത്തെ ലോകത്തിൽ പോയി മുപ്പതിനായിരം സംവത്സരം ഭൂലോകസുകൃതങ്ങളുടെ ഫലം അനുഭവിച്ചു വിശ്രമിക്കുന്നു. ആ കാലം കഴിഞ്ഞാൽ അവർ പിന്നെയും ഭൂലോകത്തിൽ വന്നു ജനിച്ചേ തീരു. എന്നാൽ,

അവർ പിന്നെയും അത്യൽകൃഷ്ടങ്ങളായ പുണ്യകമ്മങ്ങളെത്തന്നെയാണ് അനുഷ്ഠിക്കുന്നതെങ്കിൽ അവക്ക പുനജ്ജന്മരഹിതമായ നിവ്വാണം സിദ്ധിക്കുകയും ചെയ്യും. ഇങ്ങിനെ നിയമിക്കപ്പെട്ട ലോകത്തിൽ, ബുദ്ധൻ സ്വാജ്ജിതമായ പുണ്യഫലം അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ, ആ സുഖാനുഭവം അവസാനിക്കാറായതിനാൽ, ലോകത്തിൽ അവതരിക്കേണ്ടതിന്ന് അഞ്ചു ലക്ഷണങ്ങൾ കണ്ടു. ദേവന്മാർ അതു കണ്ടിട്ടു പറഞ്ഞു:—"ഹെ ബുദ്ധ! ഭവാന്ന് ഈ ലോകം വിട്ടു ഭൂലോകത്തിൽ പോയി ജനിച്ച് ജനങ്ങളെ ദുഃഖത്തിൽനിന്ന് ഉദ്ധരിപ്പാനുള്ള കാലം അടുത്തു." അതു കേട്ടു ബുദ്ധൻ മറുവടി പറഞ്ഞു:—"ഞാൻ ഇതാ തയ്യാറായിരിക്കുന്നു. ഞാൻ എത്രയോ പ്രാവശ്യം ഭൂമിയിൽ പോയി ജനിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ പോകുന്നതു അവസാനത്തെ പ്രാവശ്യമാണ്. എന്തെന്നാൽ: എനിക്കു ജനനമരണം അവസാനിച്ച് നിവ്വാണം സിദ്ധിപ്പാൻ പോകുന്നു. ആ നിവ്വാണസിദ്ധി എനിക്കു മാത്രമല്ല; ഞാൻ ഉപദേശിക്കുന്ന ധമ്മത്തെ അനുഷ്ഠിക്കുന്നവക്കും, ലഭിക്കും, സംശയമില്ല. അതിന്നായി ജനിപ്പാൻ പോകുന്നതു ഹിമാലയത്തിന്റെ തെക്കേഭാഗത്ത് ശാക്യന്മാരുടെ കപിലവസ്തു എന്ന രാജ്യത്തിലാണ്. ആ സ്ഥലം വളരെ ദൈവഭക്തന്മാർ വസിക്കുന്നതും നല്ല നീതിമാനായ രാജാവിനാൽ ഭരിക്കപ്പെടുന്നതുമാകുന്നു."

ബുദ്ധനും ദേവന്മാരും തമ്മിൽ ഇങ്ങിനെ സംഭാഷണം ചെയ്ത ദിവസം രാത്രിതന്നേ, ശാക്യരാജാവായ ശുദ്ധോദനന്റെ ഭായ്യ, മായാദേവി, ഭത്താവൊന്നിച്ചു കിടന്നുറങ്ങുമ്പോൾ, അത്ഭുതകരമായ ഒരു സ്വപ്നം കണ്ടു. ചുകന്ന രത്നത്തിനൊപ്പം പ്രഭയോടുകൂടിയതും ഷട്കിരണവും ആയുള്ള ഒരു നക്ഷത്രം ആകാശവീഥിയിൽകൂടി കീഴ്പോട്ട് അതിവേഗത്തിൽ പാഞ്ഞുവരുന്നതായിട്ടും, അതു കാമധേനുവിന്റെ ക്ഷീരംപോലെ

അതിധവളവും ആറു കൊമ്പോടുകൂടിയതുമായ ഒരു ഗജത്തിന്റെ രൂപത്തിൽ മായാദേവിയുടെ വലത്തുഭാഗത്തുകൂടി ഗർഭപാത്രത്തിൽ പ്രവേശിക്കുന്നതായിട്ടും ആയിരുന്നു കണ്ടതു. മായാദേവി ഉടനേതന്നെ ഉണൎന്നു. ലോകത്തിൽ മൎത്ത്യജാതിയിലുള്ള സ്ത്രീകൾക്കു സാധാരണയായി ഉണ്ടാകാത്തതായ ഒരു ആനന്ദം ആ മഹതിക്കു അപ്പോൾ അനുഭവപ്പെട്ടു. ഭൂലോകത്തിൽ പകുതിമുഴുവൻ പ്രഭാതത്തിനു മുമ്പു തന്നെ മനോജ്ഞമായ ഒരു പ്രഭ പരന്നു. മലകൾ കുലുങ്ങി; അലകൾ അടങ്ങി; പകലത്തെ പുഷ്പങ്ങൾ മദ്ധ്യാഹ്നത്തിലെന്നവണ്ണം വിടൎന്നു. ബാലാദിത്യന്റെ രശ്മികൾ വനങ്ങളിൽ അന്ധകാരത്തെ നശിപ്പിച്ചു വൃക്ഷലതാദികളെ സൌവൎണ്ണവൎണ്ണങ്ങളാക്കുമ്പോലെ, മായാദേവിയുടെ ആഹ്ലാദം ഭൂലോകത്തെ എന്നമാത്രമല്ല, ഭൂമിക്കുകീഴിലുള്ള സകല ലോകങ്ങളേയും ആനന്ദഭരിതമാക്കിത്തീൎത്തു. മൃദുവായ ഒരു രഹസ്യം പാതാളങ്ങളിൽ കൂടിയും കടന്നു മുഴങ്ങി:—“ജനിപ്പാൻ കാത്തിരിക്കുന്ന മരിച്ചവരേ, മരിപ്പാനായിപ്പോകുന്ന ജീവികളെ, എഴുനീല്ക്കുവിൻ, ഇതു കേൾക്കുവിൻ, ആശവെക്കുവിൻ, നിങ്ങളുടെ ദുഃഖനിവൃത്തിക്കായി ബുദ്ധൻ ഇതാ എത്തിക്കഴിഞ്ഞു.” എന്നിങ്ങിനെ കേട്ടപ്പോൾ, അസംഖ്യങ്ങളായ നരകങ്ങളിൽ സമാധാനം പരന്നു; ലോകഹൃദയം സ്ഫുരിച്ചു; സ്ഥലജലാശയങ്ങൾക്കു മീതെ മുമ്പ് അനുഭവിച്ചിട്ടില്ലാത്തവിധം സുഖപ്രദമായ ഒരു ഇളങ്കാററു വീശി. പ്രഭാതത്തിൽതന്നെ മായാദേവി, തന്റെ സ്വപ്നവൃത്താന്തം ഭൎത്താവിനോടു പറഞ്ഞു: രാജാവ്, ഉടനേതന്നെ, സ്വപ്നഫലം പറയുന്നവരെ വരുത്തി ചോദിക്കയും ചെയ്തു. അവർ ഇങ്ങിനെ പറഞ്ഞു:—“ഈ സ്വപ്നം ഏററവും ശുഭകരമാണ്. ആദിത്യൻ കൎക്കടകത്തിലാകകൊണ്ടു, രാജ്ഞി ഒരു ആൺകുട്ടിയെ പ്രസവിക്കും; ആ കുട്ടി സത്വഗുണപ്രധാനനായും വിശിഷ്ടജ്ഞാനിയായും ഭവിക്കും. ആ കുട്ടിയാൽ ലോകവാസികൾക്കെല്ലാം മോക്ഷം സിദ്ധിക്കും; ആ ബാ

ഷൻ സൎവ്വജനങ്ങളേയും അജ്ഞാനാന്ധകാരത്തിൽനിന്നു ഉദ്ധരിക്കുന്ന ഒരു ലോകഗുരുവായോ, അഥവാ, രാജ്യഭാരം കൈകയേല്പാൻ പ്രസാദിക്കുന്ന പക്ഷത്തിൽ നിശ്ചയമായും ഒരു ചക്രവൎത്തിയായോ വരാം” ഇങ്ങിനെ അവർ പറഞ്ഞതുകേട്ടു, ശുദ്ധോദനരാജാവ് ആ സംഭവത്തെ കാത്തുകൊണ്ടിരുന്നു,

അനന്തരം മായാദേവിക്കു ഗൎഭം പൂൎണ്ണമായി ഒരു ദിവസം മദ്ധ്യാഹ്നത്തിൽ മായാദേവി രാജധാനിക്കു പുറമുള്ള ഉദ്യാനത്തിൽപോയി ഒരു അശോകവൃക്ഷത്തിന്റെ കീഴിൽനിന്നുവിശ്രമിക്കുകയായിരുന്നു. ആ വൃക്ഷമാകട്ടെ, ദേവാലയങ്ങളിലുള്ള കൊടിമരങ്ങളെപ്പോലെ നിവിൎന്നുയൎന്നതും, അഗ്രത്തിൽ മൃദുപല്ലവങ്ങളോടും സുഗന്ധപുഷ്പങ്ങളോടും കൂടിയതുമായിരുന്നു. ആ സമയം മായാദേവിക്കു പ്രസവം അടുത്തു എന്നു ലോകത്തിൽ ചരാചരങ്ങളെല്ലാം അറിഞ്ഞതിൻവണ്ണം ആ വൃക്ഷവും അറികയാൽ അതു താണു വളഞ്ഞുവന്നു മായാദേവിക്കു മറവായി ഒരു ലതാഗൃഹംപോലെനിന്നു. ആ ക്ഷണത്തിൽതന്നെ ഭൂമിദേവി പൊട്ടെന്നു പലവിധ പുഷ്പങ്ങളെ വികസിപ്പിച്ചു ഒരു പൂമെത്ത വിരിച്ചു; അടുക്കൽ തന്നെയുള്ള ഒരുപാറ സാപത്മമായ ജലപ്രവാഹത്താൽ സ്നാനോദകവും തയ്യാറാക്കി മായാദേവി അനായാസേന പ്രസവിച്ചു. കുട്ടിയുടെ ദേഹത്തിൽ ഉൽകൃഷ്ട ജനനത്തെ സൂചിപ്പിക്കുന്നാതായ മുപ്പത്തിരണ്ടു ലക്ഷണങ്ങളും കണ്ടു. സന്തോഷകരമായ സന്താനലാഭവൎത്തമാനം രാജധാനിയിലെത്തി; അപ്പോൾതന്നെ കുട്ടിയെ കൊണ്ടുപോവാൻ, വിശേഷമായ ഒരു പല്ലക്ക് രാജഭൃത്യന്മാർ കൊണ്ടുചെന്നു. ആ സമയം അതിനെ ചുമക്കുവാൻ നാലു ദിവ്യപുരുഷന്മാർ അവിടെ വന്നു. അവർ മഹാമേരുപൎവ്വതത്തിൽ വസിക്കുന്ന നാലു ദിൿപാലന്മാരായിരുന്നു. അവരാണ് സൎവ്വജനങ്ങളുടേയും ഗുണദോഷകൎമ്മങ്ങളെ എഴുതി സൂക്ഷിച്ചു അതാതിന്നനുരൂപമായ ഫലങ്ങളെ കൊടുക്കുന്നത്. അവരിലൊരാൾ കിഴക്കെ ദിക്കിന്നധിപനായ ഇന്ദ്രനായിരുന്നു. ആ ഇന്ദ്ര

നാകട്ടെ, വെള്ളികൊണ്ടുള്ള വസ്ത്രാഭരണങ്ങളും നമ്മുത്തുകൊണ്ടുള്ള പരിചകളും ധരിച്ച പരിവാരത്തോടുകൂടിയവനായിരുന്നു. മറ്റൊരാൾ തെക്കേ ദിക്കിന്നധിപതിയായ യമനായിരുന്നു; നീലക്കുതിരമേൽ കയറിവരും നീലരത്നംകൊണ്ടുള്ള പരിചകൾ ധരിച്ചവരുമായ കുംഭാണ്ഡന്മാരോടുകൂടിയവനായിരുന്നു യമൻ. പടിഞ്ഞാറേ ദിക്കിന്നധിപനായ വരുണനായിരുന്നു മൂന്നാമൻ. ആ വരുണൻ, രക്തവർണ്ണമായ കുതിരമേൽ കയറിയവരായും പവിഴംകൊണ്ടുള്ള പരിചകൾ ധരിച്ചവരായുമുള്ള നാഗസേനയോടുകൂടിയവനായിരുന്നു. നാലാമൻ, വടക്കേ ദിക്കിന്നധിപതിയായ കുബേരനായിരുന്നു. ആ കുബേരൻ മഞ്ഞക്കുതിരമേൽ കയറിയവരായും സ്വർണ്ണംകൊണ്ടുള്ള വസ്ത്രാഭരണങ്ങളും പരിചകളും ധരിച്ചവരായുമുള്ള യക്ഷന്മാരോടുകൂടിയവനായിരുന്നു. എന്നാൽ, അവർ നാലുപേരും അവരുടെ ആഡംബരങ്ങൾ മനുഷ്യർ കാണ്മാൻ കഴിയാത്തവിധത്തിലായിരുന്നു വന്നത്. ഭൂമിക്കുണ്ടായ ഭാഗ്യോദയത്തെ കണ്ടു ആ സ്വർഗ്ഗവാസികളും ആനന്ദഭരിതരായിരുന്നു. വാസ്തവത്തിൽ അതിശക്തന്മാരായ ആ ദേവന്മാർ അവരവരുടെ വേഷങ്ങളെ മറച്ചു പല്ലക്കിനെ ചുമലിൽ എടുത്തു മനുഷ്യരോടിടകലർന്നു നടന്ന അവരെ മനുഷ്യരാരും അറിഞ്ഞതുമില്ല.

ശുദ്ധോദനരാജാവാകട്ടെ, ആ വക വിശേഷസംഭവങ്ങൾ ഒന്നുംതന്നെ അറിഞ്ഞില്ല. ഇദ്ദേഹം സ്വപ്നത്തെത്തന്നെ ആലോചിച്ചു വ്യാകുലചിത്തനായിരിക്കുമ്പോൾ സ്വപ്നഫലം പറയുന്നവർ വന്നു ജനിക്കുന്ന കുമാരൻ ആയിരംകൊല്ലത്തിലൊരിക്കൽ സംഭവിക്കാറുള്ള മാതിരി ചക്രവർത്തിയായിത്തീരുമെന്നും ആ കുമാരനു ജനനാൽ തന്നെ ഏഴു സാധനങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നും ഉറപ്പായി പറഞ്ഞു. അവർ പറഞ്ഞ സാധനങ്ങളാകട്ടെ, ഒന്നാമതു, വിശേഷമായ ഒരു വൃക്ഷരത്നം, രണ്ടാമതു, ചക്രരത്നം, പിന്നെ, മേഘമാർഗ്ഗത്തിൽ സഞ്ചരിക്കുന്നതായ അശ്വ

രത്നം; നാലാമത്തു ഹിമംപോലെ വെളുത്തതായ ഹസ്തിരത്നം; അഞ്ചാമത്തു, അതി നയജ്ഞനായ മന്ത്രിരത്നം; ആറാമത്തു, ആരാലും തോല്പിക്കപ്പെടാത്ത സേനാധിപരത്നം; ഏഴാമത്തു, സൌന്ദൎയ്യത്തിൽ നിസ്തുല്യയും ഉഷസ്സിനേക്കാൾ രമണീയയുമായ സ്ത്രീരത്നം; ഇവയാകുന്നു. ഇങ്ങിനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടിയും വന്നെത്തി. ഉടൻ രാജാവ് രാജ്യമെല്ലാം അലങ്കരിച്ചു ഉത്സവം കൊണ്ടാടുവാൻ കല്പിച്ചു. രാജവീഥികളെല്ലാം അടിച്ചു പനിനീർ തളിപ്പിച്ചു. വൃക്ഷങ്ങളിൽ വിളക്കുകളും കൊടികളും തോരണങ്ങളും കെട്ടിത്തൂക്കി. നാനാവിനോദവിദ്യകൾകൊണ്ടു പുരവാസികളെ സന്തോഷമഗ്നരാക്കുവാൻ ആജ്ഞകൊടുത്തു. വാൾ വീശുന്നവർ, അഭ്യാസികൾ, ഇന്ദ്രജാലക്കാർ, പാമ്പാട്ടികൾ, ഊഞ്ഞാലാട്ടക്കാർ, ഞാണിന്മേൽകളിക്കാർ, വിചിത്രവൎണ്ണങ്ങളായ വസ്ത്രങ്ങൾ ധരിച്ചവരും നൎത്തനം ചെയ്യുന്ന കാലുകളിൽ മഞ്ജുളധ്വനി ധ്വനിപ്പിക്കുന്ന കിങ്കിണികൾ കെട്ടിയവരുമായ ദാസികൾ, കരടി, മാൻ മുതലായ മൃഗങ്ങളുടെ തോൽകൊണ്ടു വേഷമണിഞ്ഞവരായവർ, നരികളെ കളിപ്പിക്കുന്നവർ, മുഷ്ടിക്കാർ, പക്ഷികളെ തമ്മിൽ കൊത്തിക്കുന്നവർ, മേളവാദ്യക്കാർ, സംഗീതവാദ്യക്കാർ ഇങ്ങിനെയുള്ളവരുടെ ഓരോരോ വിനോദങ്ങളെകണ്ട് പൌരന്മാർ ആശ്ചൎയ്യത്താൽ തന്നെത്താൻ മറന്നുനിന്നു. ഇതിന്നുപുറമെ അന്യരാജ്യത്തിൽനിന്നു മടങ്ങിവന്ന കച്ചവടക്കാർ രാജകുമാരന്റെ ജനനവൎത്തമാനംകേട്ട് പൊൻതളികകളിൽ അനവധി ദ്രവ്യങ്ങളെക്കൊണ്ടുവന്നു തിരുമുൽക്കാഴ്ചവെച്ചു. വിശേഷസാലുകൾ, പലവിധ രത്നങ്ങൾ, അതിമൃദുല ദുകൂലങ്ങൾ, അത്യന്തം സൌരഭ്യമുള്ള ചന്ദനമുട്ടികൾ, സാമന്തരാജാക്കന്മാർ, എല്ലിച്ചയച്ച സംഭാവനകൾ, എന്നിവയെല്ലാം കൊടുത്തതിന്നുശേഷം ജനങ്ങളെല്ലാവരുംകൂടി രാജകുമാരനെ സൎവ്വാൎത്ഥസിദ്ധനെന്നും, ചുരുക്കി പറയുന്നതായാൽ സിദ്ധാൎത്ഥനെന്നും, പേർവിളിച്ചു.

ഇങ്ങിനെ വന്നു നിറഞ്ഞ ജനങ്ങളുടെ കൂട്ടത്തിൽ വൃദ്ധനായ ഒരു മഹർഷിയും വന്നിരുന്നു. ആ മഹാന്ന് അസിതനെന്നായിരുന്നു പേർ. ഇദ്ദേഹം വളരെ കാലമായി ഇഹലോകവിഷയങ്ങളിൽ വിരക്തി വന്നവനും സകല ലോകവൃത്താന്തങ്ങളേയും അറിവാൻശക്തനുമാണ്. ബ്രഹ്മജ്ഞനായ ആ മഹാനുഭാവൻ ആവൽമരത്തിന്റെകീഴിൽ ധ്യാനിത്തിലിരിക്കുമ്പോൾ ബുദ്ധന്റെ ജനനത്തെ കുറിച്ചു ദേവന്മാർ പാടുന്നതുകേട്ടു; അതിനാലായിരുന്നുവന്നതു. ഇദ്ദേഹത്തിന്റെ മുഖത്തുള്ള ബ്രഹ്മതേജസ്സും ശാന്തകലയും കണ്ടു രാജാവു വേഗം നമസ്കരിച്ചു. മായാദേവി തന്റെ ശിശുവിനെ എടുത്തു ആ മഹർഷിയുടെ പാദങ്ങളിൽ വെക്കുവാൻതുടങ്ങി. അപ്പോൾ ആവൃദ്ധൻ രാജ്ഞിയോടു അതു ചെയ്യരുതെന്നു പറഞ്ഞു. പിന്നെ അദ്ദേഹം സാഷ്ടാംഗമായി ഭൂമിയിൽ നമസ്കരിച്ച്കുട്ടിയെ നോക്കി ഇങ്ങിനെ പറഞ്ഞു."അല്ലയോ കുമാര! ഇതാ ഞാൻ നിന്നെ ആരാധിക്കുന്നു. നീ അദ്ദേഹമാകുന്നു. പനിനീർപുഷ്പത്തിനൊത്ത ദേഹശോഭയും, കാലടികളിലുള്ള ചക്രരേഖകളും, ചുരുണ്ടു മൃദുലമായ കരപല്ലവങ്ങളും, ദിവ്യങ്ങളായ മുപ്പത്തുരണ്ടു മുഖ്യലക്ഷണങ്ങളും, എണ്പത് ഉപലക്ഷണങ്ങളും, ഇതാ കാണുന്നു. നീ ബുദ്ധനാകുന്നു. നീ എല്ലാ ജനങ്ങൾക്കും ധർമ്മത്തെ ഉപദേശിക്കും. അതിനെ അനുഷ്ഠിക്കുന്നവൎക്കു നിർവ്വാണം സാധിപ്പിക്കുകയും ചെയ്യും. പക്ഷെ അതു കേൾപ്പാൻ എനിക്കു സംഗതി വരുന്നതല്ല. ഞാനോ, അടുത്ത കാലത്തിന്നുള്ളിൽ മരിച്ചുപോകും. കുറെ കാലം മുമ്പെ ഞാൻ മരിപ്പാനാഗ്രഹമുള്ളവനായിരുന്നു. ഇപ്പോൾ നിന്നെ കണ്ടതിനാൽ മരിപ്പാൻ വ്യസനമുള്ളവനായി തീൎന്നിരിക്കുന്നു. എന്തെങ്കിലുമാകട്ടെ; നിന്നെ കാണ്മാനെങ്കിലും സംഗതിവന്നുവല്ലോ. അതുതന്നെ ഭാഗ്യം."—പിന്നെ ആ മഹാൻ രാജാവിനെ നോക്കിപ്പറഞ്ഞു. "അല്ലയോ ഭാഗ്യവാനായ രാജാവെ! മനുഷ്യജാതിയായ വൃക്ഷത്തിൽ അനവധിയുഗങ്ങൾ കൂടുമ്പോൾ വികസിക്കു

ന്നതും വികസിച്ചാൽ ജ്ഞാനമാകുന്ന സൌരഭ്യത്തേയും പ്രേമമാകുന്ന മധുവിനേയും ലോകമെങ്ങും നിറക്കുന്നതുമായ പുഷ്പമാണ് ഇതെന്നറിയുക. നിന്നിൽ ഉത്ഭവിച്ച ദിവ്യമായ താമരപ്പൂവാണിത്."—അനന്തരം രാജവംശത്തെ ഉദ്ദേശിച്ചു ഇങ്ങിനെ പറഞ്ഞു:—"അല്ലയോ ഭാഗ്യമുള്ള വംശമെ! നീ പൂൎണ്ണഭാഗ്യമുള്ളതല്ല. അതെന്തെന്നാൽ: ഈ ശിശുവിന്റെ കാരണത്താൽ ഒരു മൂൎച്ചയുള്ള വാൾ നിന്റെ കുടലിൽ തറക്കും."—പിന്നെ രാജ്ഞിയോടു പറഞ്ഞു: "അല്ലയോ പുണ്യവതിയായ രാജ്ഞി! ഈ പ്രസവം നിമിത്തം ദേവന്മാൎക്കും മനുഷ്യൎക്കും നീ വളരെ പ്രിയപ്പെട്ടവളായി ഭവിച്ചിരിക്കുന്നു. അതിനാൽ ഇനി യാതൊരു ദുഃഖവും നീ അനുഭവിക്കേണ്ടി വരികയില്ല. എന്നാലും, ഭൂലോകവാസം ദുഃഖപ്രദമാണല്ലോ. അതുകൊണ്ട് ഏഴുദിവസത്തിലിടക്കു നീ, യാതൊരു വേദനയും കൂടാതെ സകലദുഃഖങ്ങളുടേയും അവസാനത്തെ കാണും."

മഹൎഷി പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ഏഴാംദിവസം രാത്രി മായാദേവി മന്ദഹാസമധുരമായ നിദ്രയെ പ്രാപിക്കയും, ആ അവസ്ഥയിൽതന്നെ ഉണരാതെ ഏററവും സന്തോഷത്തോടുകൂടെ സ്വൎഗ്ഗതയാകയും ചെയ്തു. അവിടെ അനവധി ദേവന്മാർ ആ രാജ്ഞിയെ ആരാധിച്ചു വരുന്നു; ആ വീരമാതാവിനെ സദാ ഉപചരിക്കുകയും ചെയ്യുന്നു. മാതൃവിയുക്തനായ ആ ശിശുവിന്നു മഹാപ്രജാവതി എന്ന രാജകുമാരിയായിരുന്നു പിന്നെ ഉപമാതാവായി ഭവിച്ചതു. ലോകങ്ങളെയെല്ലാം ആശ്വസിപ്പിക്കുന്ന ആ മഹാത്മാവിന്റെ ഇളഞ്ചുണ്ടുകൾക്ക് അവളുടെ മുലപ്പാൽ പോഷകമായി തീൎന്നു.

എട്ടു വയസ്സായപ്പോൾ ഉചിതജ്ഞനായ ആ രാജാവ് കുമാരനു വേണ്ടുന്ന വിദ്യകളെ അഭ്യസിപ്പിപ്പാൻ ആലോചിച്ചു. അതിന്നു മതിയായ കാരണവുമുണ്ടായിരുന്നു. ഒരു സന്യാസിയായാൽ ആദ്യത്തിലുണ്ടാകുന്ന കഷ്ടങ്ങളേയും പിന്നീടുണ്ടാകുന്ന ഖ്യാതി

യെയും ചിന്തിച്ചേടത്തോളം, തൻെറ പുത്രന്നു അതു രണ്ടും വേണ്ടതെന്ന് അദ്ദേഹം തീച്ച്പ്പെടുത്തി. അതുകൊണ്ട് അദ്ദേഹം രാജസദസ്സിൽ കൂടിയിരുന്ന മന്ത്രിമാരോടു ഇങ്ങിനെ ചോദിച്ചു. "ഒരു രാജകുമാരന്നു വേണ്ടുന്ന സകല വിദ്യകളേയും അഭ്യസിപ്പിപ്പാൻ യോഗ്യനായ വിദ്വാൻ ആരാണെന്നു പറയുവിൻ." ഇതിന്നു മന്ത്രിമാരെല്ലാവരും ഒരേ സമയത്ത് ഉത്തരം പറഞ്ഞു;- അല്ലയോ രാജാവെ! ഇതിന്നു തക്ക യോഗ്യൻ വിശ്വാമിത്രമഹഷിയാണ്. അദ്ദേഹം വേദങ്ങളുടെ കര കണ്ടവനാണ്. ധനുവ്വേദത്തിലും രാജനീതിയിലും അഗ്രഗണ്യനുമാണ്; എന്നു വേണ്ടാ, എല്ലാ വിദ്യകളിലും ഒരുപോലെ സമത്ഥനുമാകുന്നു"-അവർ ഉപദേശിച്ചപ്രകാരം തന്നെ വിശ്വാമിത്ര മഹഷിയെ വിളിപ്പിക്കയും, അദ്ദേഹം വന്നു രാജാവിൻെറ കല്പനകൾ കേൾക്കുകയും ചെയ്തു.

പിന്നെ ഒരു ശുഭമുഹൂത്തത്തിൽ രാജകുമാരനെ എഴുത്തിനിരുത്തി. വക്കിൽ രത്നങ്ങൾ പതിച്ചതും മൃദുതലവുമായ ഒരു ചന്ദനപ്പലകയും വെള്ളിപ്പൊടിയും എഴുത്തുകോലും എടുത്തു കുമാരൻ വളരെ ഭക്തിയോടുകൂടി മഹഷിയുടെ മുമ്പിൽനിന്നു. അപ്പോൾ മഹഷി 'ഈ മന്ത്രം എഴുതുക' എന്നു പറഞ്ഞു. ഉൽകൃഷ്ടജാതന്മാക്കു മാത്രം കേൾപ്പാൻ പാടുള്ളതായ ഗായത്രീ മഹാമന്ത്രം താണസ്വരത്തിൽ ഉപദേശിച്ചു. ആ കുട്ടിയാകട്ടെ, "അല്ലയോ ആചാര്യ! ഞാനിതാ എഴുതുന്നു"-എന്നു പറഞ്ഞു "ഓം തത് സവിതുവ്വരേണ്യം, ഭഗ്ഗോദേവസ്യ ധീമഹി, ധിയോയോനഃ പ്രചോദയാത്" എന്ന ആ മഹാമന്ത്രത്തെ നാഗരം മുതലായ ദ്വാദശഭാഷകളിലുള്ള അക്ഷരങ്ങളിൽ എഴുതി. അതു കൂടാതെ ചിത്രലിപിയിലും ആംഗ്യഭാഷയിലും ഗുഹാവാസികളുടേയും സമുദ്രവാസികളുടേയും പാതാളവാസികളുടേയും പവ്വതവാസികളുടേയും അഗ്നിയേയും സൂൎയ്യനേയും മററും ആരാധിക്കുന്നവരുടേയും ഭാഷകളിലും എഴുതി വായിച്ചു. ഇതെല്ലാം കേട്ടപ്പോൾ

വിശ്വാമിത്രമഹർഷി "മതി, മതി, ഇനി കണക്ക പഠിക്കുവാൻ തുടങ്ങുക. ഞാൻ പറയുന്നതുപോലെ ഒന്ന്, രണ്ട്, പത്ത്, നൂറ്, ആയിരം, പതിനായിരം, ലക്ഷംവരെ പറയുക"—എന്നു പറഞ്ഞു. അതുപ്രകാരം ലക്ഷം വരെ പറഞ്ഞ് അവിടെ നിൽക്കാതെ കുമാരൻ അങ്ങോട്ടുള്ള സംഖ്യകളേയും പതുക്കെ പറയുവാൻ തുടങ്ങി. സമുദ്രജലത്തുള്ളികളേയും മഴവെള്ളത്തുള്ളികളേയും ഗംഗ മുതലായ നദികളിലുള്ള മണൽത്തരികളേയും ദേവന്മാരുടെ ഭൂതഭാവികാലങ്ങളേയുംഎണ്ണി നിർണ്ണയിപ്പാനുള്ള കോടിമുതൽ മഹാകല്പം വരെ സംഖ്യകളെല്ലാം പറഞ്ഞു. അതെല്ലാം കേട്ട വിശ്വാമിത്രൻ, 'നല്ലത്. നല്ലത്. നിനക്ക് ഇതെയെല്ലാം അറിയുമെങ്കിൽ അളവുകണക്ക ഞാൻ പഠിപ്പിക്കേണ്ടുന്ന ആവശ്യമുണ്ടോ?"—എന്നു ചോദിച്ചു. അതുകേട്ട ശിഷ്യൻ വണക്കത്തോടെ "അല്ലയോ ഗുരോ! ഞാൻ പറയുന്നതു ദയ ചെയ്തു കേൾക്കുക." എന്നു പറഞ്ഞു പരമാണുമുതൽ യോജനവരെയുള്ള അളവുകളെയെല്ലാം പറഞ്ഞു. അതെല്ലാം കേട്ട ഉടനെ വിശ്വാമിത്രൻ ആശ്ചര്യപരവശനായി ആ കുട്ടിയുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു. "അല്ലയോ ബുദ്ധാ! നീ നിന്റെ ഗുരുനാഥന്മാരുടെ ഗുരുവാകുന്നു. വാസ്തവത്തിൽ ഗുരു നീയാകുന്നു; ഞാനല്ല; സർവ്വവിദ്യകളും ഗ്രന്ഥങ്ങൾ കൂടാതെതന്നെ നിനക്ക ഹൃദിസ്ഥമെന്നും, യഥാർത്ഥമായ ഗുരുഭക്തി ഇന്നതാണെന്നു അറിയുമെന്നും കാണിപ്പാൻ മാത്രം നീ എന്റെ ശിഷ്യനായി വന്നതാണ്. നിന്നെ ഞാനിതാ വന്ദിക്കുന്നു"എന്നു പറഞ്ഞു.

എന്നാൽ ബുദ്ധനാകട്ടെ ഗുരുനാഥന്മാർക്കറിയുന്നതിനെക്കാൾ അറിവുള്ളവനായിരുന്നുവെങ്കിലും, വിശ്വാമിത്രനോടെന്നപോലെ, മറ്റെല്ലാ ഗുരുനാഥന്മാരോടും ഭക്തിവിനയാദരപൂർവ്വം അനുവർത്തിച്ചു വന്നു. ആ കുമാരൻ പ്രിയ ഭാഷണനായിരുന്നു എന്നാലും വിവേകവാനുമായിരുന്നു; നടവടികളിൽ രാജ

ഗാംഭീയ്യത്തെ അനുസരിച്ചിരുന്നുവെങ്കിലും വളരെ മൃദുശീലനു മായിരുന്നു; ഒന്നിന്നും ഭയപ്പെടാത്തവനാണെങ്കിലും പരോപ കാരശീലനും വിനയശാലിയും അതി ദയാലുവുമായിരുന്നു. മൃ ഗയയിലാകട്ടെ, ബുദ്ധനേപ്പോലെ ധൈയ്യവാനായി സമവയ സ്സുരിൽ മററൊരുവനും ഉണ്ടായിരുന്നില്ല. രാജധാനിയിൽ വെച്ചു തേർ തെളിക്കുന്ന പന്തയത്തിൽ ബുദ്ധനല്ലാതെ മററാ രും ജയിക്കാറില്ല. ചില സമയങ്ങളിൽ കളിക്കുന്നതിന്നു മ ദ്ധ്യേ, മാൻ മുതലായവയെ സ്വേച്ഛപോലെ പോവാൻ അനു ദിച്ചിട്ടു, ബുദ്ധൻ, കളിവിട്ടു നോക്കി നില്ക്കും; കുതിരപ്പന്തയങ്ങ ളിൽ താൻ മിക്കവാറും ജയിച്ചിരുന്നാലും, കുതിര ബുദ്ധിമുട്ടു കൊണ്ടു ദീൎഘശ്വാസം വിടുന്നതു കണ്ടാൽ, ഉടനെ പന്തയം ഉപേക്ഷിക്കും. തനിക്കുതന്നെ വല്ല ദുൎവ്വിചാരങ്ങളോ ദുരാലോചനകളും പിടിപെട്ടാൽ അപ്പോഴും പന്തയം ഉപേക്ഷിക്കും. അങ്ങി നെതന്നെ, സ്നേഹിതന്മാരിൽ ആരെങ്കിലും പന്തയത്തിൽതോ ററു പോകുമെന്നു വ്യസനിക്കുന്നതു കണ്ടാൽ, അപ്പോഴും പന്ത യം ഉപേക്ഷിക്കും. ഏററവും ചെറിയ രണ്ടു ഇലകളായി മുള ച്ച ചെടി കാലക്രമത്താൽ ഒരു വലിയ മരമായിത്തീൎന്ന് ത ൻെറ നിഴലിനെ പരത്തുന്നത് ഏതുപ്രകാരമൊ, അതേപ്ര കാരത്തിൽ ബുദ്ധനും പ്രായമേറുന്തോറും അനുകമ്പയും വൎദ്ധി ച്ചു വ്യാപിച്ചുതുടങ്ങി. എന്നാൽ ആ കുമാരനാകട്ടെ, സങ്കടം, വേദന, കണ്ണുനീർ, മുതലായവ രാജാക്കന്മാർ കേട്ടിട്ടുള്ളതൊഴി കെ അനുഭവിച്ചിട്ടില്ലാത്തതും ഒരിക്കലും അനുഭവിപ്പാനിടയി ല്ലാത്തതുമായ ചില വിശേഷസാധനങ്ങളാണെന്നു മാത്രമല്ലാ തെ, അവയുടെ സ്വഭാവത്തെ അറിഞ്ഞിട്ടുണ്ടായിരുന്നില്ല.

ഇങ്ങിനെയിരിക്കുമ്പോൾ വസന്തകാലത്തിൽ ഒരു ദിവ സം സിദ്ധാൎത്ഥൻ രാജധാനിയോടുതൊട്ടുള്ള ഉദ്യാനത്തിൽ പോയി നില്ക്കുകയായിരുന്നു. അപ്പോൾ ഒരു കൂട്ടം അരയന്നാ

ങ്ങൾ ഹിമാലയ പൎവ്വതത്തിന്മേൽ തങ്ങളുടെ കൂട്ടുകളിലേക്ക് എത്തുവാൻ ഉത്സാഹത്താൽ പ്രേമസ്വരത്തിൽ കൂകികൊണ്ട് വളരെ ഉയരത്തിൽ പറക്കുകയായിരുന്നു. ആ സമയത്തു സിദ്ധാൎത്ഥന്റെ ബന്ധുവായ ദേവദത്തൻ എന്ന രാജകുമാരൻ ആ അരയന്നങ്ങളെ പിടിപ്പാനുള്ള ആഗ്രഹത്താൽ വില്ലുയൎത്തി ഒരു അമ്പെയ്തു. ആ ശരമാകട്ടെ, ആൎക്കും യഥേഷ്ടം സഞ്ചരിക്കാവുന്ന നീല നിറത്തായ ആകാശത്തിൽകൂടി എളുപ്പത്തിൽ പറക്കുവാൻവേണ്ടി ചിറകു മുഴുവൻ വിടൎത്തി പറന്നുകൊണ്ടിരിക്കുന്ന അരയന്നത്തലവന്റെ ചിറകിൽ തറച്ചു. അമ്പേററ അരയന്നം താഴത്തു വീണു. ശരം ചിറകിൽതന്നെ തറച്ചുനില്ക്കുകയും, കടുംചുവപ്പായ രക്തം കട്ടകട്ടയായി ഒലിച്ചുചാടി അതി നിൎമ്മലമായ ചിറകിനെ മലിനമാക്കിത്തീൎക്കുകയും ചെയ്തു. അതു കണ്ട് സിദ്ധാൎത്ഥൻ വളരെ ദയയോടുകൂടി അരയന്നത്തെ എടുത്ത്, കാലിന്മേൽ കാൽവെച്ചിരുന്ന്, പക്ഷിയെ മടിയിൽ വെച്ചു. പിന്നെ അതിനെ തടവിക്കൊടുത്ത് പേടിമാററി, ചിന്നിച്ചിതറിക്കിടന്ന തൂവലുകളെ തടവി വെടിപ്പാക്കി, അതിന്റെ ഹൃദയസ്പന്ദത്തെ നശിപ്പിച്ചു; പിന്നെയും പിന്നെയും തലോടി ക്ഷീണംതീൎത്തു. ഇടത്തെ കൈയിൽ പക്ഷിയെ പിടിച്ചുകൊണ്ടിരിക്കുന്നതിൻ മദ്ധ്യെ, വലത്തുകൈകൊണ്ട് ശരത്തെ പതുക്കെ വലിച്ചെടുക്കുകയും, ചില പച്ചിലമരുന്നുകളും കുഴമ്പും പിരട്ടി വ്രണവിരോപണം ചെയ്കയും ചെയ്തു. വേദന എന്നാലെന്തെന്നു ബുദ്ധൻ അതേവരെ അറിഞ്ഞിരുന്നില്ല. വേദനയുടെ സ്വഭാവമെന്തെന്നറിവാൻ അമ്പിന്റെ മുനകൊണ്ട് തന്റെ കൈയിൽ കുത്തിനോക്കി; വേദന അറിഞ്ഞപ്പോൾതന്നെ ഒന്നു ഞെട്ടി. ഉടനെതന്നെ കണ്ണുനീരോടുകൂടി പക്ഷിയെ എടുത്തു സമാധാനപ്പെടുത്തുവാനായി ആലിംഗനംചെയ്തു. ആ ക്ഷണത്തിൽ ഒരു ഭൃത്യൻവന്ന്, "എന്റെ യജമാനനായ രാജകുമാരൻ ഒരു അരയന്നത്തെഅ

മ്പെയ്തു; ആ അരയന്നം ഈ ഉദ്യാനത്തിൽ പനിനീൎച്ചെടികളു ടെ ഇടയിൽ വീണിട്ടുണ്ട്. അതിനെ എടുത്തുകൊണ്ടു വരു വാനായിട്ടാണ് എന്നെ അയച്ചിരിക്കുന്നതു. തന്നയക്കു മോ?"—എന്നു ചോദിച്ചു. അതിന്നു മറുവടിയായി സിദ്ധാ ൎത്ഥൻ പറഞ്ഞു:—"ഇല്ല, ഞാൻ തരുന്നില്ല. പക്ഷി മരിച്ചി രുന്നാൽ അമ്പെയ്ത ആൾക്കു കൊടുക്കുന്നതു ന്യായമായിരിക്കും. ഇതു മരിച്ചിട്ടില്ല. എന്റെ ഭ്രാതാവിന്ന് ഈ പക്ഷിയുടെ ചിറ കിന്റെ വേഗശക്തിയെ മാത്രമെ കൊല്ലുവാൻ കഴിഞ്ഞിട്ടു ള്ളു."—ഇങ്ങിനെ പറയുമ്പോഴേക്കു ദേവദത്തൻ അവിടെവന്ന് അവകാശം പറവാൻ തുടങ്ങി:—"ഈ കാട്ടുപക്ഷി ജീവനോടു കൂടിയായാലും, ജീവനില്ലാതെയായാലും, അതിനെ താഴത്തു വരു ത്തിയവന്നു അവകാശപ്പെട്ടതാകുന്നു. ആകാശമാൎഗ്ഗത്തിൽ പ റക്കുമ്പോൾ അതു ആരുടേതുമല്ല; ഞാൻ അമ്പെയ്തു താഴത്തുവ രുത്തിയതാകയാൽ അത് എന്റേതായി തീൎന്നിരിക്കുന്നു. അല്ല യോ ഭ്രാതാവേ! നിനക്കു മൎയ്യാദയെല്ലാം അറിയാമല്ലൊ. അതു കൊണ്ടു ആ പക്ഷിയെ എനിക്കു തരിക."—സിദ്ധാൎത്ഥൻ അ രയന്നത്തിന്റെ കഴുത്തിനെ തന്റെ മൃദുവായ കവിൾത്തടത്തോ ടടുപ്പിച്ചു, ഗൌരവത്തോടെ മറുവടി പറഞ്ഞു. "ഈ പക്ഷി എന്റേതാകുന്നു; അല്ലെന്നു നീ പറയരുത്. ദയകാട്ടുക വഴിക്കു സിദ്ധിക്കുന്ന അവകാശത്താലും സ്നേഹമുഖേന ലഭിക്കുന്ന അധി കാരത്താലും എന്റേതായി ഭവിപ്പാൻ പോകുന്ന അസംഖ്യം വ സ്തുക്കളിൽ ഈ പക്ഷി ആദ്യത്തെതാകുന്നു. മനുഷ്യൎക്കെല്ലാം അ നുകമ്പ ഇന്നതാണെന്നു ഞാൻ പഠിപ്പിക്കുമെന്നും, നാവില്ലാ ത്ത ലോകത്തിന്നു ഞാൻ ഒരു നാവായിത്തീരുമെന്നും; മനുഷ്യ ൎക്കെന്നുവേണ്ട, സകല ജീവികൾക്കുമുള്ള കഷ്ടങ്ങളെയും ഞാൻകു റക്കുമെന്നും, എന്റെ ഉള്ളിൽ ഇളകുന്ന ഒരു ചൈതന്യത്താൽ ഞാൻ അറിയുന്നു. ഭ്രാതാവിന്ന് ഇനിയും തൎക്കമുണ്ടെങ്കിൽ ധൎമ്മ ജ്ഞന്മാരുടെ മുമ്പാകെ കൊണ്ടുചെന്ന് വിചാരണചെയ്യു. അ

വരുടെ തീർച്ച എന്തെന്നറിയട്ടെ." ദേവദത്തൻ അപ്രകാരംതന്നെ ചെയ്തു. നിറഞ്ഞ രാജസഭയിൽവെച്ച് ഈ അവകാശതക്കത്തെ വിചാരണചെയ്തു. പലരും പലവിധത്തിൽ അഭിപ്രായം പറഞ്ഞു. അപ്പോൾ ആരുമറിയാത്തവനായ ഒരു സ്മാത്തൻ എഴുനീററു നിന്നു പറഞ്ഞു:—"ലോകത്തിൽ ജീവൻ അല്പമെങ്കിലും വിലയുള്ളതാണെങ്കിൽ, അതിനെ കൊല്ലുവാൻ ശ്രമിച്ചവനെക്കാൾ, രക്ഷിച്ചവന്ന് അധികം അവകാശമുണ്ട്. കൊല്ലുന്നവൻ ജീവനെ നശിപ്പിക്കുന്നവനാണ്; രക്ഷിക്കുന്നവനോ, അതിനെ വളത്തുന്നവനാണ്. ആകയാൽ പക്ഷിയുടെ അവകാശി സിദ്ധാത്ഥനാകുന്നു. അവനാണ് പക്ഷിയെ കൊടുക്കേണ്ടത്.—" ഈ വിധി കേട്ടവക്കൊക്കെ ന്യായമെന്നു തോന്നി. ഉടനെതന്നെ, രാജാവ് ആ നീതിശാസ്ത്രജ്ഞനെ ബഹുമതി ചെയ്വാനായി അന്വേഷിച്ചപ്പോൾ അദ്ദേഹത്തെ കണ്ടെത്തുമില്ല. അവിടെ ഇരുന്നവരാകട്ടെ, പടമുള്ള ഒരു സപ്പം ഇറങ്ങിപ്പോകുന്നതു കണ്ടതായി പറഞ്ഞു. ഈശ്വരന്മാർ ഇങ്ങിനെയുള്ള രൂപങ്ങൾ ധരിച്ചുവരുന്നത് സാധാരണയാണല്ലൊ. ബുദ്ധൻ ഇങ്ങിനെ തന്റെ ജീവകാരുണ്യപ്രവൃത്തികൾ തുടങ്ങി.

എന്നാൽ ആ രാജകുമാരൻ അതുവരെക്കും ആ ഒരു പക്ഷിയുടെ സങ്കടമല്ലാതെ വേറെ ഒരു സങ്കടവും അറിഞ്ഞിരുന്നില്ല, ആ അരയന്നമോ, മുറി ഭേദമായ ഉടനെതന്നെ, അതിന്റെ കൂട്ടരുടെ അടുക്കലേക്കു സന്തോഷത്തോടെ പറന്നുപോകയുംചെയ്തു. അനന്തരം ഒരു ദിവസം, ശുദ്ധോദയ രാജാവ് സിദ്ധാത്ഥനെ അടുക്കൽ വിളിച്ച്പറഞ്ഞു:—"പ്രിയപുത്രാ! ഇവിടെ വരൂ. ഈ വസന്തകാലത്തിന്റെ മാധുയ്യത്തെ നോക്കു. ഫലവത്തായിരിക്കുന്ന ഭൂമിയുടെ വക്കലുള്ള ധനത്തെ കൈക്കലാക്കുവാനായി കൃഷിക്കാർ പ്രയോഗിക്കുന്ന തന്ത്രങ്ങളെ നോക്കു. എന്റെ മരണശേഷം നിന്റേതായിത്തീരുവാൻ പോകുന്ന ഈരാജ്യം അതിൽ

വസിക്കുന്ന സകല ജീവികളുടേയും കുക്ഷിപൂരണം ചെയ്യുന്നതിന്നു പുറമെ, എന്റെ ഭണ്ഡാരത്തേയും നിറക്കുന്നതു ഏതു വിധമാണെന്നു നോക്കു. പുതുതായി തളിൎത്തിരിക്കുന്ന ഇലകളാലും, വിരിയുന്ന പൂമൊട്ടുകളാലും, പച്ചപ്പുല്ലിനാലും, കൃഷകന്മാരുടെ ഉത്സാഹശബ്ദങ്ങളാലും ഈ വസന്തകാലം എത്രയോ രമണീയമായിരിക്കുന്നു":—ഇങ്ങിനെ പറഞ്ഞുകൊണ്ടു ശുദ്ധോദനരാജാവ്, സിദ്ധാൎത്ഥനോടുകൂടി തോട്ടങ്ങളും കിണറുകളുമുള്ള ഒരു പ്രദേശത്തേക്കു പോയി, അവിടെയാകട്ടെ, വയലുകളിൽ, കാളകൾ, ക്രീം, ക്രീം എന്നു ശബ്ദിക്കുന്ന വലിയ നുകങ്ങളെ കരികൾ വലിപ്പാനായി കഴുത്തുകളിൽ ബുദ്ധിമുട്ടോടുകൂടി വഹിച്ചുകൊണ്ടു, കണ്ടം കുന്നുമായ ചെമ്മണ്ണിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു. വളരെ പശിമയുള്ളതായ മണ്ണ് കരിയുടെ പിൻഭാഗത്തു നീണ്ട തിരകൾപോലെ പൊങ്ങുകയും ഉരുളുകയും ചെയ്തുകൊണ്ടിരുന്നു; ഉഴവുകാർ ആഴത്തിൽ ഉഴവാൻവേണ്ടി കോൽമരത്തിന്മേൽ കയറി നില്ക്കുന്നുണ്ടായിരുന്നു; വെള്ളത്തിൽ അലയിളകുമ്പോഴത്തെ രണൽകാരം താലവൃക്ഷങ്ങളുടെ ഇടയിൽ മുഴങ്ങിയിരുന്നു; വെള്ളച്ചാലുകളുടെ ഇരുവക്കുകളും ചങ്ങണപ്പുല്ലു മുതലായവകൊണ്ടു വിചിത്രിതമായിരുന്നു. മറെറാരുഭാഗത്തു ചിലർ വിത്തുകൾ വിതച്ചുകൊണ്ടിരുന്നു. കാടെങ്ങും കൂടുകെട്ടുന്ന പറവകൾ പാടി ഉത്സവം കൊണ്ടാടിയിരുന്നു. വസന്തസന്തോഷാകുലരായ പല്ലികൾ, തേനീച്ചകൾ, വണ്ടുകൾ, മുതലായവ ചെടിപ്പടപ്പുകളുടെ ഇടയിൽ മൎമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. തേന്മാവിന്റെ കൊമ്പുകളിൽ സ്വൎണ്ണവൎണ്ണമായ പക്ഷികൾ മിന്നിക്കൊണ്ടിരുന്നു. ചിത്രശലഭങ്ങളെ പിന്തുടൎന്നു ചില പക്ഷികൾ പറന്നുകൊണ്ടിരുന്നു. മരച്ചുവട്ടുകളിൽ അണ്ണുകൾ ഓടിക്കളിച്ചുകൊണ്ടിരുന്നു. മൈനാപ്പക്ഷികൾ നിലത്തു കൊത്തിക്കൊറിച്ചുകൊണ്ടിരുന്നു. ഭംഗിയുള്ള മീൻകൊത്തിപ്പക്ഷികൾ കുളങ്ങളുടെ മീതെ വട്ടത്തിൽ പറന്നുകൊ

ണ്ടിരുന്നു. കൊററികൾ പോത്തുകളുടെ ഇടയിൽ പതുക്കപ്പെതു ക്കെ നടന്നുകൊണ്ടിരുന്നു. പരുന്തുകൾ ആകാശത്തിൽ വട്ടംചു ററിക്കൊണ്ടിരുന്നു. നാനാവൎണ്ണവിചിത്രമായ ക്ഷേത്രങ്ങളുടെ മു കളിൽ മയിലുകൾ പറന്നുംകൊണ്ടിരുന്നു. നീലപ്രാവുകൾ കിണ റുകളിൽ കൂജനംചെയ്തുകൊണ്ടിരുന്നു. അകലെ ഗ്രാമത്തിൽ ക ല്യാണോത്സവത്തിൻെറ മേളവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. എന്തിന്നു വളരെ പറയുന്നു? കാണുന്നതും കേൾക്കുന്നതുമായ സാധനങ്ങളെല്ലാം രാജ്യത്തിൻെറ സുഖത്തേയും സുഭിക്ഷതയേ യും സൂചിപ്പിച്ചു. അതെല്ലാം കണ്ടു സിദ്ധാൎത്ഥന്നു വളരെ സ ന്തോഷവും സമാധാനവുമുണ്ടായി. എന്നാൽ മനോജ്ഞസുമ സങ്കുലമായ പനിനീർച്ചെടിയിൽ സൂക്ഷിച്ചുനോക്കിയാൽ മുള്ളു കൾ കാണുമ്പോലെ, സിദ്ധാൎത്ഥൻ സൂക്ഷ്മമായി നോക്കിയപ്പോ ൾ, സുഖാഭോഗസങ്കുലമായ ഈ ലോകത്തിൽ ദുഃഖവുമുണ്ടെന്നു കണ്ടു. അതെന്തെന്നാൽ, കൃഷിക്കാരൻ ഉദരപോഷണത്തിന്നാ യി വെയിലിൽ പൊരിഞ്ഞു കൂലിപ്പണിയെടുത്തു ബുദ്ധിമുട്ടുന്ന തും, തപിക്കുന്ന വെയിലേററു കണ്ണുകൾ തുറിച്ചിരിക്കുന്ന കാള കളെ മൂൎച്ചവായ വരികളിൽ നിൎദ്ദയമായി അടിച്ച് ഓടിക്കുന്നതും പല്ലി ഉറുമ്പിനെ പിടിച്ചു തിന്നുന്നതും, ആ പാമ്പിനേയും പ ല്ലിയേയും പരുന്തുവന്നു കൊത്തി തിന്നുന്നതും, മീൻകൊത്തി പ്പക്ഷി പിടിച്ച മത്സ്യത്തെ പ്രാപ്പിടിയൻ തട്ടിപ്പറിക്കുന്നതും, ചി ത്രശലഭങ്ങളെ പിടിച്ച രാപ്പാടിപ്പക്ഷിയെ അതിൻെറ ശത്രുവാ യ കലിംഗപ്പക്ഷി പിടിച്ചു തിന്നുന്നതും,—ഇങ്ങിനെ എല്ലാടവും ഒന്നിനെ മറെറാന്നുകൊല്ലുകയും, അത മറെറാന്നിനാൽ കൊ ല്ലപ്പെടുകയും ചെയ്യുന്നതു കണ്ടു. ഇപ്രകാരം ഒരു ജീവൻ മറെറാ രു ജീവനെ കൊന്നുതിന്നു കാലം കഴിക്കുന്നതിനെ കണ്ട സിദ്ധാ ൎത്ഥൻ, താൻ ആദ്യം കണ്ടതായ കാൎച്ച ക്രമിമുതൽ മനുഷ്യൻവരെ യുള്ള സകല ജീവികളും അന്യോന്യം കൊലചെയ്തു കാലം കഴി ക്കുന്ന ക്രൂരാവസ്ഥയെ കേവലം മറച്ചുവെപ്പാനുള്ള ഉപായമാ

ണെന്നറിഞ്ഞു. വിശന്നു ബുദ്ധിമുട്ടുന്ന കൃഷിക്കാരനെയും, ഘനമുള്ള നുകങ്ങൾവെച്ച് പൊളിഞ്ഞ കഴുത്തുകളേക്കൊണ്ടു ബുദ്ധിമുട്ടുന്ന കാളകളെയും, ജീവധാരണരണത്തിൽ ജീവികളോരോന്നും പലേ വിധത്തിൽ കലശൽ കൂട്ടുന്നതിനേയും കണ്ടു, സിദ്ധാൎത്ഥൻ നെടുവീൎപ്പിട്ടുകൊണ്ടു പറഞ്ഞു:— "ഭാഗ്യലോകം കാണ്മാനായി എന്നെ കൂട്ടിക്കൊണ്ടു വന്നുവല്ലോ: ആ ഭാഗ്യലോകം ഇതാണോ? കൃഷിക്കാരൻ ആഹാരത്തിന്നുവേണ്ടി എത്രയോ അദ്ധ്വാനിക്കുന്നു! കാളകളുടെ പ്രയത്നമോ, എത്ര കഷ്ടതരം! ചെടിപ്പടൎപ്പിന്റെ ഇടയിൽ ബലവാനും ബലഹീനനും തമ്മിൽ എന്തൊരു യുദ്ധം! ആകാശത്തിലാകട്ടെ, എന്തൊരു ക്രൂരോപായം! വെള്ളത്തിലുണ്ടോ സൈ്വരവും രക്ഷയും? കഷ്ടം! കഷ്ടം! കുറെ മാറി നില്പിൻ. ഈ കാഴ്ചയെക്കുറിച്ചു ഞാനൊന്നാലോചിക്കട്ടെ". ഇങ്ങിനെ പറഞ്ഞ്, ബുദ്ധൻ, ഒരു ജംബുവൃക്ഷത്തിൻ ചുവട്ടിൽ ഭഗവൽ പ്രതിമകളെപ്പോലെ വീരാസനത്തിലിരുന്നുകൊണ്ട്, ഈ ജീവിതത്തിന്റെ കഷ്ടങ്ങൾ എന്താണെന്നും, അവ എവിടേനിന്നു വന്നതാണെന്നും, അവയെ നശിപ്പിപ്പാനുള്ള ഔഷധം ലഭിക്കേണ്ടതിന്നു മാൎഗ്ഗം ഏതെന്നും, ആലോചിപ്പാൻ തുടങ്ങി. അദ്ദേഹം ഭൂതദയയാലും, ജീവിസ്നേഹത്താലും, ദുഃഖനിവാരണചിന്തയാലും പൎയ്യാകുല മനസ്സനായി, തന്റെ പ്രഭുത്വത്തേയും മറന്ന്, ആനന്ദമത്തനായി, ഞാനെന്നും എന്റേതെന്നുമുള്ള മനുഷ്യഭാവത്തെ വെടിഞ്ഞ്, നിൎവ്വാണമാൎഗ്ഗത്തിലേക്ക് ആദ്യത്തെ പദ്ധതിയായ ധ്യാനത്തെ അവലംബിച്ചു.

ആ സമയത്തു, ബുദ്ധൻ ഇരിക്കുന്നതിന്നു മീതെ അഞ്ചു ദേവന്മാർ സഞ്ചരിക്കുന്നുണ്ടായിരുന്നു; ആ വൃക്ഷത്തിന്റെ മുകളിൽ വന്നപ്പോൾ അവരുടെ ഗതിക്കു വിഘ്നം തുടങ്ങി. എന്നാൽ, ദൈവികമായ സകല ശക്തിയും, മഹാത്മാക്കൾ ഓ

രോ ദിക്കുകളിൽ ഇരിക്കുന്ന വിവരവും സാധാരണയായി ദേവന്മാർ അറിയുന്നതാകയാൽ, അവർ തമ്മിൽ ഇങ്ങിനെ ആലോചിച്ചു: "ഇതെന്തൊരു അപാരശക്തിയാണ് നമ്മളെ കീഴ്പോട്ടാകൎഷിക്കുന്നത് ?" എന്നു പറഞ്ഞു കീഴ്പോട്ടു നോക്കി; ശിരസ്സിന്നു ചുറ്റും കിരീടാകൃതിയിൽ പീതരശ്മികൾ വിളങ്ങുന്നവനായും, ലോകത്തെ ദുഃഖത്തിൽനിന്നു രക്ഷിപ്പാനുള്ള വിചാരത്തിൽ മഗ്നനായുമിരിക്കുന്ന ബുദ്ധനെ കണ്ടു; ആ മരക്കൂട്ടത്തിൽനിന്ന് ഒരു അശരീരിവാക്യം കേട്ടു:— "അല്ലയോ ഋഷികളേ ! ലോകരക്ഷയ്ക്കായി അവതരിച്ച ബുദ്ധഭഗവാനാകുന്നു ഇത്. ഇറങ്ങി ആരാധിക്കുവിൻ."— അതു കേട്ടു, ദേവന്മാർ ഭൂമിയിലിറങ്ങി, ബുദ്ധനെ വന്ദിച്ചു സ്തുതിച്ചതിന്റെശേഷം, ആ ശുഭവൎത്തമാനത്തെ മറ്റു ദേവന്മാരോടു പറവാനായി ദേവലോകത്തേത്തു പോകയും ചെയ്തു.

അനന്തരം, രാജഭൃത്യന്മാർ ചിലർ സിദ്ധാൎത്ഥനെ അന്വേഷിച്ചുവന്നു. അപ്പോൾ സൂൎയ്യൻ അസ്തഗിരിയിലേക്കു ബദ്ധപ്പെട്ടുപോകുന്ന സമയമായി; എന്നിട്ടുംകൂടി, രാജകുമാരൻ ആ മരച്ചുവട്ടിൽതന്നെ വിചാരമഗ്നനായിരുന്നു. വൃക്ഷങ്ങളുടെ നിഴലുകൾ സൂൎയ്യഗതിക്കനുസരിച്ചു മാറിക്കൊണ്ടിരുന്നുവെങ്കിലും, ആ ജംബുവൃക്ഷത്തിന്റെ നിഴലാകട്ടെ, ചരിഞ്ഞു വീഴുന്ന സൂൎയ്യരശ്മികൾ ആ പാവനശിരസ്സിൽ തട്ടാതിരിക്കത്തക്കവണ്ണം, ഒരേ സ്ഥലത്തുതന്നെ ഇളകാതെ നിന്നിരുന്നു. ആ ആശ്ചൎയ്യത്തെ കണ്ട ഭൃത്യന്മാർ, മരങ്ങളുടെ ഇടയിൽനിന്ന്, ഇങ്ങിനെ ഒരു ശബ്ദവും കേട്ടു:— "കുമാരൻ ആ സ്ഥിതിയിൽതന്നെ ഇരിക്കട്ടെ. അവനെ ആരും ഉപദ്രവിക്കരുത്. അവന്റെ ഹൃദയത്തിലുള്ള അന്ധകാരം മാറുന്നതുവരെ എന്റെ നിഴലും മാറുന്നതല്ല."

# രണ്ടാമദ്ധ്യായം.

സിദ്ധാൎത്ഥന്നു പതിനെട്ടു വയസ്സായി. അപ്പോൾ ശുദ്ധോദനരാജാവു് പുത്രനായി മൂന്നു രാജമന്ദിരങ്ങൾ തീൎപ്പിച്ചു. അതിൽ ഒന്നു വൎഷകാലത്തെക്കുള്ളതാണ്: അതിന്നു ശുഭമെന്നു പേർ. അതു മഴക്കാലത്തു തണുപ്പിന്റെ ബാധയേല്ക്കാത്ത വിധത്തിൽ വളരെ ഉറപ്പുള്ള തട്ടുകൾ ഇട്ടതും അകത്തു ചൂടുള്ളതുമായിരുന്നു പിന്നെ ഒന്ന് ഉഷ്ണകാലത്തേക്കുള്ളതാണ്. അതിന്നു സുരമണം എന്നു പേർ. അതു ചന്ദ്രകാന്തക്കല്ലുകൊണ്ടു നിൎമ്മിച്ചതും ഉഷ്ണം അറിയാതിരിക്കത്തക്കവണ്ണം കുളിർമറയുള്ളതുമായിരുന്നു. മറെറാന്നു വസന്തകാലത്തേക്കുള്ളതാണ്: അതിന്നു രമണമെന്നുപേർ. അതു ഭംഗിയുള്ള ചെങ്കല്ലുകൾകൊണ്ടും നീലവൎണ്ണത്തിലുള്ള ഓടുകൾകൊണ്ടും നേത്രാനന്ദകരമായി നിൎമ്മിച്ചതായിരുന്നു. അവയുടെ ചുററും അതിമനോഹരമായ ഉദ്യാനങ്ങളും ഉണ്ടായിരുന്നു. ഉദ്യാനങ്ങളിൽ മിക്ക ഭാഗങ്ങളിലും അതി സുരഭിലങ്ങളായ പൂക്കൾ നിറഞ്ഞ ചെടികളും, തോന്നിയ ദിക്കിലൊക്കെ ഒഴുകിപ്പോയ വെള്ളച്ചാലകളും, ഇടക്കിടെ ഗുല്മസങ്കീൎണ്ണങ്ങളായ സ്ഥലങ്ങളും, അവിടവിടെ മിന്നുന്നതായ കൂടാരങ്ങളും, സുഖപ്രദങ്ങളായ ചെറിയ മൈതാനങ്ങളും ഉണ്ടായിരുന്നു. ഇവയുടെ മദ്ധ്യത്തിൽ, സിദ്ധാൎത്ഥൻ, പുതിയ പുതിയ വിനോദങ്ങളെ കണ്ടുകൊണ്ടു ഇഷ്ടംപോലെ സഞ്ചരിച്ചിരുന്നു. എന്നാൽ സിദ്ധാൎത്ഥൻ ജീവകാലത്തെ സന്തോഷത്തോടുകൂടി കഴിച്ചിരുന്നുവെങ്കിലും, സ്വച്ഛജലമായ തടാകം കൂടക്കൂടെ കാർമേഘങ്ങൾ വന്നു മൂടി കറുത്തിരുളുന്നതുപോലെ, സിദ്ധാൎത്ഥന്റെ നിൎമ്മലമായ ഹൃദയം കൂടക്കൂടെ മുമ്പെത്തെ വിചാരങ്ങൾ വന്നു മൂടിക്കൊണ്ടിരുന്നു.

അതു കണ്ടു പുത്രവത്സലനായ രാജാവു് മന്ത്രികളെ വിളിച്ചു് ആലോചിച്ചു:—"അല്ലയോ മന്ത്രികളെ! സ്വപ്നഫലം പറ

യുന്നവരും ആ വൃദ്ധതാപസനും മുൻകൂട്ടി പറഞ്ഞതു നിങ്ങൾ ഓൎക്കുന്നുണ്ടോ? എന്റെ പ്രാണനേക്കാൾ പ്രിയനായ പുത്രൻ എല്ലാ രാജാക്കന്മാരുടേയും ശിരസ്സുകളിൽ കാൽ വെച്ചു താഴ്ത്തി ഏകച്ഛത്രാധിപതിയായി ഭവിക്കുമെന്നും—ഇതാണ് എന്റെ ആഗ്രഹം—അല്ലെങ്കിൽ വിലയുള്ളതായ എല്ലാററിനേയും വെടിഞ്ഞാൽ പിന്നെ എന്തു ഗുണമാണ് ലഭിപ്പാൻ പോകുന്നതെന്ന് ആൎക്കും അറിവാൻ കഴിയാത്തതായ ആത്മത്യാഗം, തപസ്സ് മുതലായ താണ പദ്ധതിയെ അവലംബിക്കുമെന്നുമാണല്ലോ, അവർ പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ രാജസുഖത്തെ അനുഭവിച്ചുകൊണ്ടിരുന്നിട്ടും അവന്റെ മനസ്സ് വിരക്തിയിലാണ് ലയിച്ചു കാണുന്നത്. നിങ്ങൾ അറിവുള്ളവരാണല്ലോ, എന്റെ പുത്രൻ ചക്രവൎത്തിയായിത്തീരുമെന്ന് അവർ പറഞ്ഞവാക്കു സത്യമായിത്തീരേണമെങ്കിൽ നമ്മൾ എന്തു പ്രവൎത്തിക്കേണമെന്നും, ആ മാൎഗ്ഗത്തിലേക്ക് അവന്റെ മനസ്സിനെ എങ്ങിനെയാണ് തിരിക്കേണ്ടതെന്നും നിങ്ങൾ ആലോചിച്ചു പറയുവിൻ."—അതു കേട്ട മന്ത്രിമാരിൽ വയസ്സുകൊണ്ടു മുമ്പനായ ഒരാൾ പറഞ്ഞു;—"അല്ലയോ മഹാരാജാവെ! സാരമില്ലാത്തതായ ഈ ചിത്തചാഞ്ചല്യത്തെ നീക്കുവാൻ അനുരാഗത്തിന്നു സാധിക്കും. കുമാരന്റെ ചപലഹൃദയത്തെ സ്ത്രീജനത്തിന്റെ നയോപായമായാമന്ത്രംകൊണ്ടു ബന്ധിച്ചു നിൎത്തുക. സ്വൎഗ്ഗത്തെ കൂടി വിസ്മരിപ്പിക്കുന്ന നേത്രങ്ങളേയും മധുവൊഴുകുന്നതായ അധരങ്ങളേയും കുറിച്ചു ആ കുട്ടിക്കു എന്തറിയാം? പ്രിയഭാഷിണികളായ ഭാൎയ്യമാരേയും അഴകേറിയ ചങ്ങാതികളേയും അന്വേഷിച്ചുണ്ടാക്കിക്കൊടുക്കുകയാണ് വേണ്ടത്. ഇരുമ്പുചങ്ങലകളാൽ കെട്ടി ഒതുക്കുവാൻ കഴിയാത്ത വിചാരങ്ങളെ ഒരു പെൺകുട്ടിയുടെ കേശപാശത്താൽ ഒതുക്കുവാൻ കഴിയും".

അതു കേട്ട മററുള്ള മന്ത്രിമാരെല്ലാം അതു നല്ല ഉപായമാണെന്ന് സമ്മതിച്ചു. എന്നാൽ, രാജാവു പിന്നെയും ചോദി

ച്ചു:—"സിദ്ധാൎത്ഥന്ന് ഭാൎയ്യയെ നമ്മൾ തിരഞ്ഞെടുത്താൽ അത് അവന്ന് ഇഷ്ടമായി ഭവിച്ചില്ലെങ്കിലോ? സുന്ദരികളായ സ്ത്രീകളെ കൊണ്ടുവന്നു നിൎത്തി ഇഷ്ടമുള്ളവളെ ഭാൎയ്യയായി തിരഞ്ഞെടുപ്പാൻ അവനോടു പറഞ്ഞാൽ, അവന്ന് സ്ത്രീസുഖത്തിൻെറ ജ്ഞാനലേശമില്ലാത്തതിനാൽ എനിക്ക് ഒന്നും വേണ്ടെന്നു പരിഹാസമാക്കിക്കളവാനും മതി. അതിനെന്തുപായമാണ്?" അപ്പോൾ മന്ത്രിമാരിൽ യുക്തിമാനായ ഒരാൾ പറഞ്ഞു:—"സിദ്ധാൎത്ഥൻ ഇപ്പോൾ സ്വേച്ഛയായി നടക്കുന്നതെല്ലാം വിവാഹം കഴിഞ്ഞാൽ നില്ക്കും. ലോകത്തിൽ മററുള്ളവൎക്കെന്നപോലെ, ഏതെങ്കിലുമൊരു യുവതി സിദ്ധാൎത്ഥന്റെ മനസ്സിനെ ആകൎഷിക്കത്തക്ക ശക്തിയുള്ളവളായിരിക്കും. അപ്പോൾ സിദ്ധാൎത്ഥന്ന് ആ സ്ത്രീയുടെ മുഖം സ്വൎഗ്ഗമായി തോന്നും. അവളുടെ രൂപം പ്രാചീമുഖപ്രഭയേക്കാൾ ഏറെ ശോഭയുള്ളതായും തോന്നും. അതിന്നു ഞാൻ ഒരു ഉപായവും പറയാം. വലുതായ ഒരു ഉത്സവം കൊണ്ടാടുവാൻ കല്പിക്കുക. രാജ്യത്തിലുള്ള സകല യുവതികളും യൌവനലാവണ്യത്തിൽ മത്സരിക്കുന്നതിലേക്കായി വരുവാനും, ജയിച്ചവൎക്ക് സിദ്ധാൎത്ഥൻ സമ്മാനം കൊടുക്കുവാനും നിശ്ചയിക്കുക. സമ്മാനം വാങ്ങുവാനായി യുവതികൾ രാജകുമാരൻെറ അടുക്കൽ ചെല്ലുമ്പോൾ, ഏതു യുവതിയെ കാണുമ്പൊഴാണ് രാജകുമാരൻെറ മുഖത്തുള്ള വ്യസനഭാവം മാറുന്നതെന്നു ചിലർ നോക്കിക്കൊണ്ടിരിക്കട്ടെ. അങ്ങിനെ ചെയ്താൽ, സിദ്ധാൎത്ഥന്ന് ഇഷ്ടമുള്ള സ്ത്രീയെ നമ്മൾക്ക് എളുപ്പത്തിൽ തിരഞ്ഞെടുക്കുകയും, അവനറിയാതെതന്നെ അവനെ സുഖസ്ഥിതിയിൽ കൊണ്ടുചെന്നു ചാടിക്കുകയും ചെയ്യാം.

ആ അഭിപ്രായം നന്നെന്ന് എല്ലാവരും സമ്മതിച്ചു. അങ്ങിനെതന്നെ രാജാവിൻെറ കല്പനപ്രകാരം രാജദൂതന്മാർ വി

ഡംബരം ചെയ്തു. രാജധാനിയിൽ വലുതായ ഒരു ഉത്സവം നിശ്ചയിച്ചിട്ടുണ്ടെന്നും, രാജ്യത്തിലുള്ള എല്ലാ യുവതികളും സൌന്ദൎയ്യമത്സരത്തിന്നായി ചെല്ലേണമെന്നും, ജയിക്കുന്നവൎക്കെല്ലാം രാജകുമാരൻ വിലപിടിച്ച സമ്മാനം കൊടുക്കുമെന്നും പ്രത്യേകിച്ചും അതിസുന്ദരികൾക്കു വിശേഷ സമ്മാനങ്ങൾ കൊടുക്കുമെന്നും അവർ പ്രസിദ്ധപ്പെടുത്തി. അതുപ്രകാരം കപിലവസ്തുവിലുള്ള സകല യുവതികളും അലങ്കരിച്ചു പുറപ്പെട്ടു. അവർ വെടിപ്പായി സ്നാനം ചെയ്തു, കറുത്തിരുണ്ട തലമുടി മിനുക്കികെട്ടി; നേത്രങ്ങളിൽ അഞ്ജനമെഴുതി, കാലുകൾ അലക്തകരസത്താൽ ചുകപ്പിച്ച്, കരവല്ലികളിൽ രത്നകങ്കണങ്ങൾ ധരിച്ച്, മനോഹരങ്ങളായ പട്ടുവസ്ത്രങ്ങൾ ഉടുത്ത്, നെററിയിൽ ശോഭയുള്ള തിലകങ്ങളിട്ട്, ചെന്നുചേൎന്നു. അവർ നമ്രമുഖികളായി, രാജകുമാരനിരിക്കുന്ന സിംഹാസനത്തിന്നരികെക്കൂടി, വരിവരിയായി, വളരെ ഭംഗിയിൽ കടന്നുപോയി. രാജകുമാരൻ ഇരിക്കുന്നതു കണ്ടപ്പോൾ, ഭയത്താൽ അവരുടെ ഹൃദയം അടിക്കുവാൻ തുടങ്ങി. എന്നാൽ അതു കേവലം രാജകുമാരന്നുള്ള ഗാംഭീൎയ്യംകൊണ്ടല്ല, ക്രൂരതകൊണ്ടുമല്ല; അതിസുന്ദരികളായ അത്രവളരെ സ്ത്രീകളെ കണ്ടിട്ടും അദ്ദേഹം നിൎവ്വികാരനായും അവൎക്ക് അലഭ്യനായും ഇരുന്നതുകൊണ്ടാണ്. ആ യുവതികൾ സിദ്ധാൎത്ഥന്റെ മുഖത്തു നോക്കുവാനുള്ള ഭയത്താൽ, അദ്ദേഹം കൊടുക്കുന്ന സമ്മാനങ്ങളെ തലതാഴ്ത്തിക്കൊണ്ടുതന്നെ വാങ്ങിക്കൊണ്ടുപോയി. അതിസുന്ദരിയായ ഏതൊരുവളെങ്കിലും അടുക്കലെത്തുമ്പോൾ അവൾ രാജകുമാരന്റെ മനസ്സിനെ സന്തോഷിപ്പിപ്പാൻ തക്കവളെന്നു മററുള്ളവർ വിചാരിക്കും. എന്നാൽ അവളാകട്ടെ, മാൻകുട്ടിയെപ്പോലെ ഭയവിഹ്വലയായി, തലനിവിൎത്താതെ, സമ്മാനം വാങ്ങിയ ഉടൻ തന്നെ തന്റെ സഖികളുടെ കൂട്ടത്തിലേക്ക് ഓടിപ്പോയ്ക്കളയും. ഇപ്രകാരംതന്നെ എല്ലാ സ്ത്രീരത്നങ്ങളും സമ്മാനം വാങ്ങിക്കൊണ്ടു പോകു

യും ചെയ്തു. അവരുടെ ഘോഷയാത്രയും അവസാനിച്ചു. സമ്മാനവും അവസാനിച്ചു. അതിന്നുശേഷം യശോധരയെന്നു പേരായ ഒരു യുവതി വന്നു. ആ സുന്ദരി ദേവസ്ത്രീകളെപ്പോലെ ദേഹകാന്തിയുള്ളവളും, പാൎവ്വതീദേവിയെപ്പോലെ നടയുള്ളവളും മാൻപേടയെപ്പോലെ ചഞ്ചലനേത്രമുള്ളവളും, മുഖത്തിന്നു അനിൎവ്വാച്യമായ ആകൎഷണശക്തിയുള്ളവളുമായിരുന്നു. ഏററവും കാന്തിമതിയായ ആ ബാലികയുടെ സാന്നിദ്ധ്യവിലാസത്തിൽ സിദ്ധാൎത്ഥൻ പൊട്ടുന്നനവെ ഒന്നു ഞെട്ടുന്നതായി കാണപ്പെട്ടു. യശോധരയാകട്ടെ, കൈകളെ മാറിടത്തിൽ കെട്ടി, തല ഉയൎത്തി, രാജകുമാരൻെറ മുഖത്ത് ഒന്നു നല്ലവണ്ണം നോക്കി, "എനിക്കു സമ്മാനമുണ്ടോ"–എന്നു ചോദിച്ച് മന്ദഹാസം ചെയ്തു. അതുകണ്ടു രാജകുമാരൻ പറഞ്ഞു:—"അല്ലയോ, പ്രിയസഹോദരി! സമ്മാനം എല്ലാം തീൎന്നുപോയി; എങ്കിലും നമ്മുടെ രാജ്യത്തിന്നലങ്കാരമായിരിക്കുന്ന നിനക്ക് ഇതു തരാം" ഇങ്ങിനെ പറഞ്ഞുകൊണ്ടു, തൻെറ കഴുത്തിലുണ്ടായിരുന്ന മരതകരത്നമാല എടുത്ത് അവൾക്കു കൊടുത്തു. ആ ക്ഷണത്തിൽ തന്നെ അവരുടെ ദൃഷ്ടികൾ അന്യോന്യം പതിച്ചു. ആ കടാക്ഷത്തിൽനിന്ന് അവൎക്ക് അന്യോന്യം അനുരാഗവും ജനിച്ചു.

വളരെക്കാലം കഴിഞ്ഞു, ബുദ്ധൻ ജ്ഞാനിയായി വന്നതിൻെറശേഷം, ചില സ്നേഹിതന്മാർ അദ്ദേഹത്തോട് ഇങ്ങിനെ ചോദിക്കുകയുണ്ടായി:–"പണ്ടു സ്ത്രീകൾക്കെല്ലാം സമ്മാനംകൊടുത്തുകൊണ്ടിരിക്കുമ്പോൾ ആ സ്ത്രീകളുടെ ഇടയിൽ നിൎവ്വികാരനായിരുന്ന അങ്ങെക്ക് യശോധരയെ കണ്ട പ്രഥമദൃഷ്ടിയിൽ തന്നെ അനുരാഗം ജനിച്ചത് എന്തുകൊണ്ടായിരുന്നു?"–അതിന്നുത്തരമായി ബുദ്ധൻ പറഞ്ഞതാവിത്—"അന്ന് അവിടെ കൂടിയിരുന്ന നിങ്ങൾക്കെല്ലാവൎക്കും ഉണ്ടായ സംശയംപോലെ ഞങ്ങൾക്കും ഉണ്ടായി. എന്നാൽ പരമാൎത്ഥത്തിൽ ഞങ്ങൾ അ

പരിചിതരല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ പണ്ട് യമുനാതീരത്തിൽ കാട്ടാളന്മാരുടെ പട്ടണത്തിൽ കുറെ പെങ്കുട്ടികൾ കൂടി, വൈകുന്നേരത്ത്, മാൻകുട്ടികൾ വട്ടത്തിൽ ഓടിക്കളിക്കും പോലെ, മരങ്ങളുടെ കീഴിൽ വിനോദത്തിന്നായി കളിക്കുകയായിരുന്നു. അവൎക്കു മദ്ധ്യസ്ഥനായി ഒരു വേടയുവാവും ഉണ്ടായിരുന്നു. ആ കുട്ടികളുടെ അവസാനത്തിൽ ആ യുവാവ് ഓരോ പെൺകുട്ടിക്കും ഓരോ തരം സമ്മാനം കൊടുത്തു. ചിലൎക്കു പൂച്ചെണ്ടുകളും, ചിലൎക്കു ഭംഗിയുള്ള മയിൽപ്പീലികളും മററുമായിരുന്നു. അവസാനം വന്നവളായ ഒരു വേടയുവതിക്കു ഇണങ്ങിയ ഒരു മാൻകുട്ടിയേയും തന്റെ അനുരാഗത്തേയുമാണ് അവൻ കൊടുത്തതു. അനന്തരം അവർ രണ്ടുപേരും ആ കാട്ടിൽ വളരെക്കാലം ഭൎത്താക്കന്മാരായി വസിച്ച്, അവസാനത്തിൽ വേർപിരിയാതെ മരിക്കുകയും ചെയ്തു. ആ വേടയുവാവ് ഞാനും, വേടയുവതി യശോധരയുമായിരുന്നു. എന്നാൽ, ഭൂമിയുടെ അന്തൎഭാഗത്തിൽ കിടക്കുന്നതായ വിത്തുകൾ, എത്രകാലം മഴയില്ലാതിരുന്നാലും, പിന്നെ മഴയുണ്ടാകുമ്പോൾ മുളച്ച് വൃക്ഷങ്ങളായൊ ചെടികളായൊ ഭവിച്ച്, അതാതിന്റെ പൂൎവ്വഗുണത്തിന്നനുസരിച്ച് പുളിയുള്ളതോ മധുരമുള്ളതൊ ആയ ഫലങ്ങളെ കാണിക്കുന്നതുപോലെ, ഗുണം, ദോഷം, സുഖം, ദുഃഖം, സ്നേഹം, വിരോധം മുതലായ പൂൎവ്വവാസനകൾ, എത്രകാലം കാണാതിരുന്നാലും, പിന്നെ കണ്ടുമുട്ടുമ്പോൾ ആ വാസനകൾക്കനുസരിച്ചുള്ള ഭാവങ്ങളെ കാണിക്കുന്നു. അതുകൊണ്ടാണ് ഞങ്ങൾക്കു കണ്ട ഉടനെ അന്യോന്യം അനുരാഗമുണ്ടായത്. ഇനി സംസാരചക്രം ഏതുകാലംവരെ ചുററുന്നുവോ ആ കാലംവരെക്കും, ഞങ്ങൾ രണ്ടുപേരും, ഭൂതകാലത്തിലെന്നപോലെ ഭാവികാലത്തിലും, ഒരുമിച്ചുതന്നെ ചുററിക്കൊണ്ടിരിക്കും.”

സമ്മാനംകൊടുക്കുന്ന സമയത്ത് രാജകുമാരനെ നോക്കിക്കൊണ്ടിരുന്നവർ, മററുള്ള യുവതികൾവന്ന് സമ്മാനംവാങ്ങി

പ്പോയപ്പോൾ സിദ്ധാൎത്ഥൻ അവരെ ഒട്ടും ഗണ്യമാക്കാതിരുന്ന
തും, ഒടുവിൽ വന്നവളായ സുപ്രബുദ്ധന്റെ പുത്രിയെ കണ്ട
പ്പോൾ സിദ്ധാൎത്ഥന്റെ മുഖത്തു പെട്ടെന്നു വികാരമുണ്ടായതും,
തന്റെ കഴുത്തിലുണ്ടായിരുന്ന മരതകമാല സമ്മാനമായി കൊ
ടുത്തതും, അവർ അന്യോന്യം കടാക്ഷിച്ചതും, ആ കടാക്ഷവീക്ഷ
ണത്തിന്റെ സൂചനയും, ശുദ്ധോദനരാജാവിനോടു വിവരിച്ചു
പറഞ്ഞു.

അതുകേട്ടു പുത്രവത്സലനായ രാജാവ് മന്ദഹാസത്തോടുകൂ
ടി, "അല്ലയോ മന്ത്രിമാരെ! നോക്കുവിൻ. നമ്മൾ ഇപ്പോൾ
ഒരു ഇര കണ്ടുപിടിച്ചു; ഇനി ആകാശത്തിരിക്കുന്ന പ്രാവിനെ
താഴത്തിറക്കി കൊണ്ടുവരുവാനുള്ള മാൎഗ്ഗം നോക്കുക. എന്റെ
പുത്രനു ഭാൎയ്യയായി ആ യുവതിയെ തരുവാൻ സുപ്രബുദ്ധന്റെ
അടുക്കൽ ദൂതന്മാരെ അയക്കുക"—എന്നു പറഞ്ഞു. എന്നാൽ
കുലീനയും രൂപവതിയുമായ ഒരു യുവതിയെ വിവാഹത്തിന്നാ
യി ഒരു പുരുഷൻ ആവശ്യപ്പെട്ടാൽ, അവൻ മററുള്ള പുരുഷ
ന്മാരെ ആയുധവിദ്യകളിൽ തോല്പിച്ച് വിവാഹംചെയ്യണമെ
ന്നായിരുന്നു ശാക്യന്മാരുടെ ഇടയിലുള്ള വ്യവസ്ഥ. ആ ചട്ടം
രാജാക്കന്മാൎക്കും ഒരിക്കലും ലംഘിപ്പാൻ പാടില്ലാത്തതായിരുന്നു.
അതുകൊണ്ട്, ശുദ്ധോദന രാജാവിന്റെ ദൂതന്മാരോടു സുപ്രബു
ദ്ധൻ ഇപ്രകാരം പറഞ്ഞു:—"എന്റെ പുത്രിയെ പല രാജകു
മാരന്മാരും ആവശ്യപ്പെടുന്നുണ്ട്. അതിശാന്തസ്വഭാവനായ സി
ദ്ധാൎത്ഥൻ നമ്മുടെ സമ്പ്രദായപ്രകാരം ധനുവിദ്യയിലും വാൾവി
ദ്യയിലും കുതിരസ്സവാരിയിലും മററുള്ളവരെ തോല്പിക്കുന്നതായാ
ൽ, അവന്ന് യശോധരയെ കൊടുക്കാം. അത് എനിക്ക് ഏററ
വും സന്തോഷമാണ്. എന്നാൽ രാജഗൃഹത്തിന്നുള്ളിൽ അടച്ചി
രിക്കുന്നവനായ സിദ്ധാൎത്ഥന്ന് ഇതെങ്ങിനെ സാധിക്കും?"—
ഇതെല്ലാം ദൂതന്മാർ വന്നു ശുദ്ധോദനരാജാവിനോടു പറഞ്ഞു

പ്പോൾ അദ്ദേഹത്തിന്നു വളരെ വ്യസനമുണ്ടായി. "ധനുർവിദ്ദ്യയിൽ സമൎത്ഥനായ ദേവദത്തനും, വാൾവിദ്ദ്യയിൽ വിദഗ്ദ്ധനായ നന്ദനും, കുതിരസ്സവാരിയിൽ ചതുരനായ അൎജ്ജുനനും ഉള്ള കാലത്ത് എന്റെ പുത്രൻ യശോധരയെ ആഗ്രഹിക്കുന്നതു വ്യൎത്ഥമല്ലെ?"-- എന്നു ചിന്തിച്ചുകൊണ്ടിരുന്നു. സിദ്ധാൎത്ഥൻ ഇതെല്ലാം കേട്ട് പതുക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു:—"അച്ഛാ! ഈ വിദ്ദ്യകളെല്ലാം എനിക്കും അറിയാം. ഏതുവിദ്ദ്യയിലും പൊരുതുവാൻ വരുന്നവരോട് എതിൎക്കുന്നതിന്നു അവിടത്തെ പുത്രൻ ഒരുക്കമാണെന്നു പ്രസിദ്ധപ്പെടുത്തുക. ഈ വിധം കാരണമല്ലാതെ എന്റെ പ്രേമഭാജനത്തിനെ വിട്ടുകളവാൻ ഞാൻ വിചാരിക്കുന്നില്ല."— ശുദ്ധോദനരാജാവ് ഈ വിവരമെല്ലാം സുപ്രബുദ്ധനെ അറിയിച്ചു. സുപ്രബുദ്ധൻ അന്നുമുതൽ ഏഴാം ദിവസം പുരുഷന്മാൎക്കുള്ള ഏതു വിദ്ദ്യകളിലും ആരോടും പൊരുതുവാൻ സിദ്ധാൎത്ഥൻ ഒരുക്കമാണെന്നും, അതിൽ ജയിച്ചുവന്ന് യശോധരയെ കിട്ടുമെന്നും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

അപ്രകാരം ഏഴാംദിവസം പ്രഭുക്കന്മാർ മുതലായ ആ രാജ്യവാസികളെല്ലാം ആയുധപരീക്ഷ കാണുവാനായി മൈതാനത്തിലേക്കു പോയി. കൊമ്പുകളിൽ സ്വൎണ്ണം കെട്ടിയതും പുഷ്പങ്ങൾകൊണ്ടു അലങ്കരിക്കപ്പെട്ടതുമായ കാളകളെ കെട്ടിയ ഒരു ദിവ്യശകടത്തിൽ കയറി, ബന്ധുക്കളോടുകൂടി, യശോധരയും ആ സ്ഥലത്തേക്കുപോയി. ആ രാജ്യത്തിലുള്ള യുവാക്കളുടെയൊക്കെ ശിരോമണികളായും രാജവംശ്യന്മാരായുമുള്ള ദേവദത്തനും, പ്രഭുപുത്രന്മാരായ അൎജ്ജുനനും, നന്ദനും, യശോധരയെ ഉദ്ദേശിച്ച്, "മത്ഭാൎയ്യേയം, മമമഹിഷീയം, മമൈവപ്രിയേയം, യൂയംമൂഢാഃ"— എന്നിങ്ങിനെ പറഞ്ഞുകൊണ്ട് അവിടെ എത്തി. അപ്പോൾ നാലുഭാഗത്തും നിറഞ്ഞിട്ടുള്ള ജനസമൂഹത്തെകണ്ടു് അത്ഭുതത്താൽ ശബ്ദിച്ചുകൊണ്ടിരുന്നകണ്ഠകമെന്ന

അശ്വരഥത്തിൽകയറി സിദ്ധാൎത്ഥനും വന്നുചേൎന്നു അവിടെ കൂടിയിരുന്ന നാനാജാതിജനങ്ങളേയും കണ്ടു അത്ഭുതപ്പെട്ടുകൊണ്ടു പോകുമ്പോൾ, സിദ്ധാൎത്ഥൻ, യശോധര ഇരിക്കുന്ന സ്ഥലത്തെത്തിയഉടനെ, അവളെനോക്കി മന്ദഹാസം ചെയ്കയും പട്ടുകൊണ്ടുള്ള കുടിഞാണിനെ പിടിച്ചുനിൎത്തി കുതിരപ്പുറത്തുനിന്നുചാടി ഇറങ്ങി, ജനങ്ങളെ നോക്കി ഇങ്ങിനെ പറകയും ചെയ്തു:—"എല്ലാം ജനങ്ങളിലുംവെച്ചു് ഏററവും യോഗ്യനായിരിക്കുന്നവനല്ലാതെ ഈ സ്ത്രീരത്നത്തെ ലഭിപ്പാൻ അവകാശിയായി ഭവിക്കുന്നില്ലല്ലോ. എന്നാൽ ഞാൻ ഇവളെ കാംക്ഷിക്കുന്നു. എനിക്കു് അതിന്നു യോഗ്യതയുണ്ടോ ഇല്ലയോ എന്നു് എൻെറ എതിരാളികൾ എന്നെ പരീക്ഷിക്കട്ടെ." അതു കേട്ടു് നന്ദൻ എഴുനീററു് സിദ്ധാൎത്ഥനെ ധനുൎവ്വിദ്യയിൽ പൊരുവാൻ വിളിച്ചു. നന്ദൻ ഒരു പിച്ചളമദ്ദളത്തെ കുറെ ദൂരത്തിൽ ലക്ഷ്യമായി വെച്ചു. അതേവിധത്തിൽ അൎജ്ജുനനും ലക്ഷ്യംവെച്ചു. സിദ്ധാൎത്ഥൻ ഇതെല്ലാററിനേക്കാളും അധികം ദൂരത്തിൽ കൊണ്ടുപോയിവെച്ചു. സിദ്ധാൎത്ഥൻ വെച്ച മദ്ദളം അധികം ദൂരത്തിലായിരുന്നതിനാൽ ഒരു കവിടിപോലെ മാത്രമെ കണ്ടിരുന്നുള്ളു. പിന്നെ ഓരോരുത്തരായി അമ്പെയ്യുവാൻ തുടങ്ങി. നന്ദൻ വെച്ച ലക്ഷ്യത്തെ അവൻ അമ്പെയ്തു പൊളിച്ചു. അൎജ്ജുനൻ അവൻെറതിനേയും പൊളിച്ചു. ദേവദത്തനാവട്ടെ, അവൻെറ മദ്ദളത്തെ ഇരുഭാഗവും പൊളിച്ചുകളഞ്ഞു. അതുകണ്ടു് ജനങ്ങളെല്ലാം കോലാഹലശബ്ദം മുഴക്കി. സിദ്ധാൎത്ഥൻ തോററുപോകുന്നതിനെ കാണാതിരിപ്പാൻവേണ്ടി യശോധര തൻെറ ഉത്തരീയത്തിൻെറ തലകൊണ്ടു മുഖം മറച്ചുകളഞ്ഞു. സിദ്ധാൎത്ഥനാകട്ടെ, തനിക്കു വെച്ചിരുന്ന വില്ലെടുത്തുനോക്കി. അതു ചൂരൽകൊണ്ടുണ്ടാക്കിയതും വെള്ളികൊണ്ടു ഞാൺ കെട്ടിയതുമായിരുന്നു. സിദ്ധാൎത്ഥൻ ഒരു പുഞ്ചിരിയോടുകൂടി ഞാൺ വലിച്ചു; വില്ലിൻെറ തല രണ്ടും തമ്മിൽ മുട്ടി മദ്ധ്യഭാഗം പൊട്ടിപ്പോ

ടെ പൊട്ടിത്തെറിച്ചു. അതു കണ്ടു സിദ്ധാൎത്ഥൻ, "അല്ലയോ മഹാജനങ്ങളെ! ഇതെന്തു വില്ലാണ്? ശാക്യപ്രഭുകൾക്കുപയോഗിപ്പാൻ ഇതിനേക്കാൾ നല്ല വില്ലൊന്നുമില്ലെ?"—എന്നു ചോദിച്ചു. അതിന്നുത്തരമായി ഒരാൾ പറഞ്ഞു:—"ഈ ക്ഷേത്രത്തിൽ സിംഹഭാനുവിന്റെ ഒരു വില്ലിരിപ്പുണ്ടു. അത് ഏതു കാലത്തു വെച്ചതാണെന്നു ആൎക്കും അറിവില്ല. അതിനെ ആരെക്കൊണ്ടും എടുപ്പാനും തൊടുപ്പാനും കഴികയുമില്ല"-അതു കേട്ടു സിദ്ധാൎത്ഥൻ പറഞ്ഞു.—"ശൂരന്മാൎക്കു ചേൎന്നതായ ആ വില്ല് ഇവിടെ കൊണ്ടുവരുവിൻ" അപ്രകാരം അവർ ആ പുരാതനവില്ലിനെ കൊണ്ടുവന്നു. അതു കറുത്ത ഇരുമ്പുകൊണ്ടുണ്ടാക്കപ്പെട്ടതും സ്വൎണ്ണത്താൺ കെട്ടിയതുമായിരുന്നു. സിദ്ധാൎത്ഥൻ അതിനെ പൊന്തിച്ചു മുട്ടിന്മേൽവെച്ച് എത്ര ഘനമുള്ളതാണെന്നു നോക്കി. അതിന്നുശേഷം മററുള്ളവരെ നോക്കി, "അല്ലയോ പങ്ങാതികളെ! ഈ വില്ലെടുത്തു തൊടുക്കുവിൻ"—എന്നു പറഞ്ഞു. അവരൊക്കെ അതിനെ പൊന്തിപ്പാൻ ശ്രമിച്ചു; ഒരു മുഴംപോലും പൊന്തിപ്പാൻ കഴിഞ്ഞില്ല. അനന്തരം സിദ്ധാൎത്ഥൻ ഒട്ടും പ്രയാസംകൂടാതെ വില്ലെടുത്തുപിടിച്ചു ഞാൺ വലിച്ചു ഒരമ്പെയ്തു. ആ ശരം കാററിൽക്കൂടി പാഞ്ഞപ്പോൾ ഉണ്ടായ ശബ്ദം കേട്ട്, വീട്ടിൽ അടച്ചിരുന്നിരുന്ന ബലഹീനന്മാരായ രാജ്യവാസികൾ അതെന്തൊരു ശബ്ദമാണെന്നു പരിഭ്രമിച്ചന്വേഷിച്ചു. അതിന്നുത്തരമായി, അമ്പയക്കുന്നതു കണ്ടവർ, സിദ്ധാൎത്ഥൻ സിംഹഭാനുവിന്റെ വില്ലെടുത്തു തൊടുത്തു അമ്പെയ്യുകയാണെന്നു പറഞ്ഞു. സിദ്ധാൎത്ഥൻ അയച്ച അമ്പാകട്ടെ, അതിദൂരത്തിലിരുന്ന ലക്ഷ്യത്തെ ഭേദിച്ച് മനുഷ്യരുടെ ദൃഷ്ടി എത്താത്ത ദിക്കിലേക്കു പറന്നു പോകയും ചെയ്തു.

അനന്തരം ദേവദത്തൻ വാൾവിദ്യയിൽ പോരുവാനായി സിദ്ധാൎത്ഥനെ വിളിച്ചു. ദേവദത്തൻ ആറുവിരൽ വണ്ണമുള്ള ഒരു സാലവൃക്ഷത്തെ ഒരേ വീട്ടിൽ വീഴ്ത്തി. അൎജ്ജുനൻ ഏഴുവിര

ൽ വൎണ്ണമുള്ള വൃക്ഷത്തെ വെട്ടിവീഴ്ത്തി. നന്ദൻ ഒമ്പതു വിരൽവൎണ്ണമുള്ള വൃക്ഷത്തെയും വെട്ടിവീഴ്ത്തി. സിദ്ധാൎത്ഥനാവട്ടെ, ഒമ്പതൊമ്പതു വിരൽ വൎണ്ണത്തിൽ ഒന്നായി ചേൎന്നുനിന്നിരുന്ന രണ്ടു വൃക്ഷങ്ങളെ ഒരു വെട്ടിൽ മുറിച്ചു. എന്നാൽ ആ വെട്ടുകൊണ്ടു മരങ്ങൾ മുറിഞ്ഞുവെങ്കിലും, താഴത്തു വീഴാതെ, വാളിന്നെ ഏറ്റുക്കുകയും ചെയ്തു. അത്ര സാമൎത്ഥ്യത്തിലാണ് സിദ്ധാൎത്ഥൻ വെട്ടിയത്. നന്ദൻ സിദ്ധാൎത്ഥന്റെ വാൾ മടങ്ങി എന്നു പറഞ്ഞു സന്തോഷിച്ചു. മരങ്ങൾ വീഴാതെ നില്ക്കുന്നതു കണ്ടു യശോധര വളരെ ശോകാകുലയായി. തൽക്ഷണം ഒരു ചെറിയ കാറു വീശിയപ്പോൾ മരങ്ങൾ താഴത്തു വീഴുകയും ചെയ്തു.

ഉടനെതന്നെ നാലുപേരും കുതിരസ്സവാരിക്കൊരുങ്ങി. ഏററവും ശക്തിയും വളരെ ശൌൎയ്യവുമുള്ള കുതിരകളിന്മേലായിരുന്നു മററു മൂവരും കയറിയിരുന്നത്. സിദ്ധാൎത്ഥൻ തന്റെ കണ്ടകമെന്ന അശ്വരത്നത്തിന്മേൽ കയറിയിരുന്നു. ആ മൈതാനത്തെ മൂന്നു പ്രാവശ്യം എല്ലാവരും ചുറേറണമെന്നായിരുന്നു നിശ്ചയം. കുറെ ദൂരം പോകുന്നതിന്നു മുമ്പുതന്നെ സിദ്ധാൎത്ഥന്റെ കുതിര മററുള്ള കുതിരകളെ എത്രയോ പിന്നിലാക്കി മുമ്പിൽ ഓടിക്കളഞ്ഞു. അപ്പോൾ നന്ദൻ പറഞ്ഞു "കണ്ടകത്തെപ്പോലെയുള്ള കുതിരമേൽ കയറിയാൽ ആർതന്നെ ജയിക്കാതിരിക്കും? സവാരിക്കു പഴക്കിട്ടില്ലാത്തതായ ഒരു കുതിരയെ കൊണ്ടുവന്ന് അതിൽ കയറി സവാരിചെയ്ത് മടക്കി കൊണ്ടുവരുന്നവൻ ആരാണെന്നു നോക്കുക."—അതു കേട്ട്, രാത്രിപോലെ ഇരുണ്ട ഒരു കുതിരയെ അശ്വപാലന്മാർ കൊണ്ടുവന്നു. അതു മൂന്നു ചങ്ങലകളിട്ടു പിടിക്കപ്പെട്ടതായിരുന്നു. ദൃഷ്ടികൾ ഭയങ്കരവും, നാസാദ്വാരങ്ങൾ വിസ്തീൎണ്ണവും ആയിരുന്നു; ലാടം തറക്കാത്തതും, അതേവരെ ജീനിയിട്ട് ആരും കയറാത്തതുമായ ആ കുതിര കഞ്ചിരോമങ്ങളെ കുലുക്കി വിറപ്പിച്ചുകൊ

ണ്ടിരുന്നു. ദേവദത്തനും നന്ദനനും ഓരോരുത്തനായി കുതിരപ്പുറത്തു ചാടിക്കയറി; കുതിര ദേഷ്യത്തോടെ കുടഞ്ഞു പിൻമാറുകയും, ആ ക്ഷണത്തിൽതന്നെ, എല്ലാവരും കാൺകെ, അവർ താഴത്തു വീഴുകയും ചെയ്തു. പിന്നെ അർജ്ജുനൻ കയറി, അല്പനേരം കുതിരപ്പുറത്തിരുന്ന് അതിൻെറ ചങ്ങലകളെ അയച്ചു പിടിച്ച്, രണ്ടു ഭാഗത്തും അടിച്ച് കടിഞാൺ വലിച്ചു. കുതിര വളരെ ദേഷ്യത്തോടും ഭയത്തോടുംകൂടി, പകുതി ഇണങ്ങിയ മൃഗത്തെപ്പോലെ, ആ മൈതാനത്തിൽ ഒരു വട്ടം ചുററിവന്നു; ഉടനെതന്നെ തിരിഞ്ഞു നിന്നു അർജ്ജുനനെ കുടഞ്ഞു താഴത്തു വീഴ്ത്തി കാൽകൊണ്ടു ചവിട്ടി. കുതിരക്കാർ ഓടിച്ചെന്നു ചങ്ങല പിടിച്ചുനിർത്തീട്ടില്ലെങ്കിൽ അർജ്ജുനനെ അതു കൊല്ലുമായിരുന്നു. അതു കണ്ടു ജനങ്ങളെല്ലാം, കൊടുങ്കാററിനെപ്പോലെ അതിവേഗമുള്ളതും ഘോരത്തിലപ്പുള്ളതുമായ ആ ഭൂതത്തിൻെറ അടുക്കൽ സിദ്ധാർത്ഥൻ പോകരുതെന്നു നിലവിളിച്ചു പറഞ്ഞു. എന്നാൽ സിദ്ധാർത്ഥനാവട്ടെ, കുതിരക്കാരോട്, "ചങ്ങല വിട്ടു കുതിരയെ ഇങ്ങട്ടു തരുവിൻ"—എന്നു പറഞ്ഞു. കുതിരയെ സാവധാനമായി പിടിച്ച്, സ്വകാര്യം പറയുന്നതുപോലെ അതിനോടു ചിലതെല്ലാം പതുക്കെ സംസാരിച്ചു, കൈകൊണ്ട് അതിനെ തടവികൊടുത്തു. ആ ഇരുണ്ട കുതിര തല താഴ്ത്തി കീഴടങ്ങി ശാന്തതയോടെ നില്ക്കുന്നതു കണ്ട് ജനങ്ങളെല്ലാം ആശ്ചര്യപ്പെട്ടു. ആ ജന്തു ബുദ്ധൻ ആരാണെന്ന് അറിഞ്ഞു അദ്ദേഹത്തെ വന്ദിച്ചതായിരിക്കുമോ, എന്നുകൂടി തോന്നും. സിദ്ധാർത്ഥൻ അതിൻെറ പുറത്തു കയറി. അത് ഒട്ടും ഇളകാതെ നിന്നു. കടിഞാൺ പിടിച്ചു ഉടനെ അത് സാവധാനമായി നടന്നുതുടങ്ങി. അതു കണ്ട് എല്ലാ ജനങ്ങളും, "ഇനി പരീക്ഷിക്കേണ്ടതില്ല; സിദ്ധാർത്ഥൻതന്നെ യോഗ്യൻ"—എന്നു പറഞ്ഞു; സിദ്ധാർത്ഥനോട് എതിർത്തിരുന്നവരും കൂടി സിദ്ധാർത്ഥൻതന്നെ യോഗ്യനെന്നു സമ്മതിച്ചു.

അപ്പോൾ യശോധരയുടെ അച്ഛനായ സുപ്രബുദ്ധൻ, "അല്ലയോ സിദ്ധാൎത്ഥ! നീ എനിക്കു വളരെ പ്രിയനായതുകൊണ്ട് നീതന്നെ ജയിക്കേണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ, യുദ്ധം, നായാട്ട്, ലോകപരിചയം, എന്നിവയാൽ ഇവക്കു സിദ്ധിക്കാത്തതായ പൌരുഷം, ഉദ്യാനമദ്ധ്യത്തിൽ വസിച്ച് മനോരാജ്യം ചെയ്യുന്ന നിനക്ക് ലഭിച്ചതു എന്തു മായാവിദ്യകൊണ്ടാണ്? എങ്ങിനെയെങ്കിലുമാവട്ടെ, നിനക്കു കിട്ടിയ നിധി നീ തന്നെ അനുഭവിക്കുക"—എന്നു പറഞ്ഞു. ആ സമയം, യശോധര, അച്ഛന്റെ അനുവാദപ്രകാരം എഴുനീററു ഒരു പൂമാല കൈയിലെടുത്ത്, സ്വൎണ്ണക്കസവിട്ട കറുത്ത പട്ടുകൊണ്ടു മുഖംമറച്ച്, എല്ലാ യുവാക്കളുടേയും മദ്ധ്യത്തിൽക്കൂടി കടന്ന് ആൎക്കും കീഴടങ്ങാത്തതും തനിക്കുമാത്രം കീഴടങ്ങിയതുമായ കുതിരപ്പുറത്തുനിന്ന് അപ്പോൾ തന്നെ ഇറങ്ങിനില്ക്കുന്ന ദിവ്യതേജസ്വിയായ സിദ്ധാൎത്ഥന്റെ അടുക്കൽ ചെന്നുനിന്നു; ആ രാജകുമാരനെ വളരെ താഴ്മയോടെ തൊഴുത്, സ്നേഹോജ്ജ്വലമായ മുഖത്തുനിന്ന് മൂടുപടം നീക്കി. ഉടനെതന്നെ ആ പൂമാല സിദ്ധാൎത്ഥന്റെ കഴുത്തിലിട്ട്, തന്റെ ശിരസ്സിനെ അവന്റെ മാറിടത്തിൽ വെച്ച്, "അങ്ങയുടെ പത്നിയായ എന്നെ കടാക്ഷിക്കുക."—എന്നുപറഞ്ഞു കുമ്പിട്ട് പാദങ്ങളെ സ്പൎശിച്ചു, അനന്തരം മൂടുപടത്താൽ മുഖം മറക്കുകയും ചെയ്തു. അന്യോന്യം സ്നേഹപരവശരായ അവർ കൈപിടിച്ചു നടന്നുപോകുന്നതു കണ്ട്, അവിടെ കൂടിയ സകല ജനങ്ങളും സന്തോഷഭരിതരായി.

വളരെക്കാലംകഴിഞ്ഞ്, ബുദ്ധൻ ജ്ഞാനിയായതിന്നുശേഷം, ചിലർ അദ്ദേഹത്തോട് ഇങ്ങിനെ ചോദിച്ചു:—"യശോധരസ്വൎണ്ണക്കസവിട്ട കറുത്ത പട്ടുകൊണ്ടു മുഖം മറച്ച് അതിഗാംഭീൎയ്യത്തോടെ ജനമദ്ധ്യത്തിൽ കൂടി അങ്ങയുടെ അടുക്കലേക്കു നടന്നുവന്നത് എന്തുകൊണ്ടാണ്?"—അതുകേട്ട് ത്രൈലോക്യവ

ന്ദ്ര്യനായ ബുദ്ധൻ പറഞ്ഞതാവിത്:—"ആ സംഗതിയെ കുറിച്ച് എനിക്കു കേവലം വ്യക്തമായി ഒന്നും അറിവുണ്ടായിരുന്നില്ല. എങ്കിലും അല്പമാത്രം ഒരു ഓൎമ്മയുണ്ടായിരുന്നു. സംസാരചക്രം ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുമ്പോഴം, പൂൎവ്വജന്മങ്ങളിൽ ചെയ്തിരുന്ന കൎമ്മങ്ങളും ഉണ്ടായിരുന്ന വിചാരങ്ങളും ഓൎമ്മയിൽ വരുന്നു. വളരെ കാലം മുമ്പെ, ഞാൻ ഹിമാലയ പൎവ്വതത്തിൻെറ താഴത്തുള്ള കാട്ടിൽ ഒരു വരിയൻ നരിയായി വളരെ വിശപ്പുള്ള എൻെറ കൂട്ടരോടുകൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. ബുദ്ധനായ ഈ ഞാൻ, എൻെറ ഗുഹയുടെ ചുററുമുള്ള വനത്തിൽ, പുല്ലുതിന്നുവാനാണെങ്കിലും, വാസ്തവത്തിൽ, മരണത്തിന്നായി അടുത്തുവരുന്ന സാധുമൃഗങ്ങളെ കണ്ണുചിമ്പി നോക്കിക്കൊണ്ട് ദൎഭപ്പുല്ലിന്നടിയിൽ കിടക്കുകയോ; ക്രൂരതയോടും ഒരിക്കലും തീരാത്ത വിശപ്പോടും കൂടി മനുഷ്യരോ മൃഗങ്ങളോ നടക്കുന്ന വഴിയെ അന്വേഷിച്ചുകൊണ്ട് അലഞ്ഞുതിരഞ്ഞു നടക്കുകയോ ചെയ്തുകൊണ്ടിരുന്നു. ദുൎഗ്ഗമമായ ആ കാട്ടിലെ പൊന്തകളിൽ പാൎത്തിരുന്ന എൻെറ കൂട്ടക്കാരുടെ ഇടയിൽ വളരെ സൌന്ദൎയ്യമുള്ള ഒരു പുലി, നരികളെ തമ്മിൽ പോരാടിപ്പിച്ചുകൊണ്ടു പാൎത്തിരുന്നു. അവളുടെ തോൽ, യശോധരയുടെ മൂടുപടത്തെപ്പോലെ, സ്വൎണ്ണവൎണ്ണവും കറുത്ത വരകളുമുള്ളതായിരുന്നു. ഒരുദിവസം ആ വനത്തിൽ ഞാനും മററുള്ള മൃഗങ്ങളുമായി ഉണ്ടായ കഠിനയുദ്ധത്തെ അവൾ നോക്കിക്കൊണ്ടിരുന്നു. യുദ്ധാവസാനത്തിൽ, ഞാൻ തോല്പിച്ചതായ മൃഗങ്ങളുടെ ഇടയിൽ കൂടി അവൾ എൻെറ അടുക്കൽവന്ന്, കിതച്ചുകൊണ്ടിരുന്ന എൻെറ ഇരുഭാഗങ്ങളേയും നക്കിത്തുടച്ച്, പ്രേമവിവശയായി എൻെറ പിന്നാലെതന്നെ നടക്കുവാൻ തുടങ്ങി. ആ ജന്മം അവസാനിക്കുന്നതുവരെ ഞങ്ങൾ ഭാൎയ്യാഭൎത്താക്കന്മാരായിത്തന്നെയിരുന്ന്, ഒരുമിച്ചു മരിക്കുകയും ചെയ്തു. ആ ജന്മത്തിലെ വാസനയാണ്

യശോധരക്ക് ഈ ജന്മത്തിലും ഉണ്ടായത്. സംസാരചക്രം ചുററിത്തിരിയുമ്പോൾ ഉച്ചം നീചമായും, മറിച്ചുംവരുന്നില്ലേ?"

അനന്തരം മുൻനിശ്ചയപ്രകാരം യശോധരയുടെ കല്യാണത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങി. മേടമാസത്തിൽ ഒരു ശുഭ മുഹൂർത്തം നിശ്ചയിച്ചു. സുപ്രബുദ്ധൻ സ്വർണ്ണത്താൽ ഒരു കല്യാണമണ്ഡപം തീർപ്പിച്ചു. കല്യാണപ്പന്തൽ മുഴുവനും രത്നകംബളങ്ങൾ വിരിച്ച് അതിമനോഹരമായി അലങ്കരിക്കപ്പെട്ടിരുന്നു. കല്യാണദിവസങ്ങളിൽ ശാക്യന്മാരുടെ ആചാരപ്രകാരം സദ്യ മുതലായവ അതിഘോഷമായി കഴിച്ചു. വൈദികന്മാരായ ബ്രാഹ്മണക്ക് പല പല ദാനങ്ങൾചെയ്തു. ദരിദ്രന്മാരായ ജനങ്ങൾക്കു മൃഷ്ടാന്നം കൊടുത്തു. ക്ഷേത്രങ്ങളിൽ ദേവാരാധന നടത്തി. വൃദ്ധബ്രാഹ്മണർ ദമ്പതികൾക്ക് ആശീർവ്വാദമായി അനവധി മന്ത്രങ്ങൾ ഉച്ചരിച്ചു. സിദ്ധാർത്ഥനേയും യശോധരയേയും മംഗളസ്നാനം ചെയ്യിച്ച്, ദിവ്യവസ്ത്രാഭരണങ്ങൾകൊണ്ടും സുഗന്ധപുഷ്പമാലകൾകൊണ്ടും വിശേഷവാസനദ്രവ്യങ്ങളാലും മററും അലങ്കരിപ്പിച്ചു; വിവാഹസങ്കല്പമായ കാപ്പു കെട്ടി, ശാസ്ത്രോക്തമായ വിധിപ്രകാരം സിദ്ധാർത്ഥന്ന് അഗ്നി സാക്ഷിയായി യശോധരയെ കൊടുത്തു. അപ്പോൾ വൃദ്ധനായ സുപ്രബുദ്ധൻ സിദ്ധാർത്ഥനോടു പറഞ്ഞു:—"ഇതേവരെ എന്റേതായിരുന്ന ഈ യശോധര ഇന്നു മുതൽ നിന്റേതാകുന്നു. പ്രാണൻ മുഴുവനും നിന്നിൽ വെച്ചിരിക്കുന്ന ഇവളിൽ നിനക്ക് അനുകമ്പയുണ്ടായിരിക്കട്ടെ."—എന്നു പറഞ്ഞു സന്തോഷത്തോടുകൂടി യശോധരയെ സിദ്ധാർത്ഥന്റെ കയ്യിൽ അർപ്പിക്കുകയും ചെയ്തു. അനന്തരം, ശുദ്ധോദനൻ പലവിധ വാദ്യഘോഷങ്ങളോടുകൂടി സിദ്ധാർത്ഥനേയും യശോധരയേയും തന്റെ രാജധാനിയിലേക്കു കൂട്ടികൊണ്ടുപോയി. നേത്രാനന്ദകരങ്ങളായ ആ രാജമന്ദിരങ്ങളിൽ അവർ രണ്ടുപേരും വളരെ സ്നേഹത്തോടെ കാലയാപനം ചെയ്തുകൊണ്ടിരുന്നു.

എന്നാൽ, അവർ അന്യോന്യം സ്നേഹഭാവത്തോടിരുന്നുവെങ്കിലും, സിദ്ധാൎത്ഥന്റെ മനസ്സ് ആ ദാമ്പത്യസുഖത്തിൽ ലയിച്ചിരിക്കുമെന്നുള്ള വിശ്വാസം ശുദ്ധോദനന്നു ഉണ്ടായിരുന്നില്ല. ലോകത്തിലുള്ള ദുഃഖങ്ങളെ കണ്ടു് പുത്രന്നു വിഷയവൈരാഗ്യം വരരുതെന്നു വിചാരിച്ചു, ശുദ്ധോദനൻ സിദ്ധാൎത്ഥന്നായി വിശ്രമവനമെന്നു പേരായ ഒരു ഉദ്യാനം ഉണ്ടാക്കിച്ചു. അതിന്നൊപ്പം മോടിയേറിയതും അത്ഭുതകരവും ആയ ഉദ്യാനം ഭൂലോകത്തിൽ മറെറാരേടത്തുമുണ്ടായിരുന്നില്ല. പട്ടണത്തിൽ നടക്കുന്ന വൃത്താന്തങ്ങളാകട്ടെ, ശബ്ദങ്ങളാകട്ടെ ആ ഉദ്യാനത്തിൽ കേൾക്കുകയില്ല. അതിന്റെ മദ്ധ്യത്തിൽ അതിന്റെ ഉത്തമാംഗമെന്നവണ്ണം, പച്ചസ്സൂക്ഷ്മപടം പൊതിഞ്ഞതൊ എന്നു തോന്നിക്കുന്ന ഒരു കുന്നു് ഉന്നമിച്ചു നിന്നിരുന്നു. ഗംഗയുമൊന്നിച്ചു മേളിപ്പാനായി ഹിമാലയപാൎശ്വത്തിൽനിന്നു പുറപ്പെട്ട രോഹിണീനദി, ആ കുന്നിന്റെ ഉത്സംഗത്തിൽ കളിച്ചിരുന്നു. ഉദ്യാനത്തിന്റെ തെക്കുഭാഗത്തു, രത്നം പതിച്ച മാതിരിയിൽ ഇടക്കിടെ ഈഷന്നീലവൎണ്ണമായ സൌഗന്ധികപുഷ്പങ്ങൾ പ്രകാശിച്ചിരുന്ന സാലങ്ങളും, പുളിമരങ്ങളും, അതിന്നങ്ങേ ഭാഗങ്ങളെ പടിയടച്ചു പുറത്താക്കിയപോലെ, നിരയായി നിന്നിരുന്നു; അങ്ങേ ഭാഗത്തുള്ള നഗരത്തിൽ മുഴങ്ങിയിരുന്ന ശബ്ദങ്ങൾ ഇതിനകത്തു പ്രവേശിച്ചാൽ കൂടി അവ, കേവലം, ചെടികളുടെയിടയിൽ വണ്ടുകൾ മുരണ്ടതിന്നു തുല്യമായിരുന്നതേയുള്ളു. വടക്കുഭാഗത്താകട്ടെ, സിതോന്നതമായ ഹിമാലയഗിരി ഉദ്യാനത്തിന്റെ ഉത്തരഭിത്തിയായി വിളങ്ങിയിരുന്നു. ആ പൎവ്വതത്തിന്റെ അക്ഷുണ്ണവും അനന്തവും അത്യത്ഭുതവുമായ അഭ്രശുഭ്രശിഖരങ്ങൾ അഭ്രമാൎഗ്ഗത്തെ അതിലംഘിച്ചുകൊണ്ടും, അതി വിസ്തൃതമായ അധിത്യകകളും അത്യുച്ചങ്ങളായ ഹിമശൃംഗങ്ങളും, കൊടുമുടികളും, ഭുജാദണ്ഡങ്ങൾക്കൊപ്പം ഇറിച്ചു നിന്ന ശിലാഫലകങ്ങളും, ഹരിതനിതംബങ്ങളും പ്രദി

നാപ്രപാതങ്ങളും, വിഭിന്നദരികളും, മനുഷ്യരുടെ മനസ്സിനെ ഉപര്യുപരി ഉന്നയിച്ച് സ്വൎല്ലോകത്തിൽ ദേവന്മാരുമായി അഭിമുഖസംഭാഷണം നടത്തുന്നുവൊ എന്നു തോന്നിച്ചുകൊണ്ടും ഇരുന്നു. മഞ്ഞുകട്ടകളുടെ കീഴെ, നിൎജ്ജരങ്ങളാൽ അഞ്ചിതാഞ്ചലങ്ങളായി, മേഘയവനികാച്ഛന്നങ്ങളായി, അന്ധകാരദന്തുരിതങ്ങളായുള്ള അനേകം വനങ്ങളും; അതിന്നുതാഴെ ഗരുഢചീൽക്കാരങ്ങളാലും വിജനക്രുജിതങ്ങളാലും നരിവിരാവങ്ങളാലും തിങ്ങി മുഴങ്ങിയ ദേവദാരുവാടികകളും ഉണ്ടായിരുന്നു. ദിവ്യങ്ങളായ ഈ വേദികളുടെ ചുവട്ടിൽ, ഈശ്വരാരാധനക്കുള്ള പച്ചപ്പരമധാനി വിരിച്ചതുപോലെ, വലുതായ മൈതാനവുമുണ്ടായിരുന്നു. ആ മൈതാനപ്രദേശത്തിലുള്ള കുന്നിന്റെ മുകളിൽ, ഹിമാലയപൎവ്വതത്തിന്നഭിമുഖമായി, ഒരു രാജമന്ദിരം നിൎമ്മിച്ചു രണ്ടുഭാഗത്തും ഗോപുരങ്ങളോടുകൂടിയതും, നാലുഭാഗവും ആയിരക്കാൽമണ്ഡപങ്ങളോടുകൂടിയതും അതിരമ്യവുമായ ആ രത്നസൌധത്തിന്റെ ഭിത്തികളിലും ഉത്തരങ്ങളിലും മറ്റും രാധാ, കൃഷ്ണൻ, സീത, ഹനുമാൻ മുതലായവരുടെ പ്രതിമകൾ കൊത്തുപണി ചെയ്തുണ്ടാക്കിയിരുന്നു. അതിന്റെ പടിപ്പുരയിൽ ജ്ഞാനം, ഐശ്വൎയ്യം എന്നിവയെ കൊടുക്കുവാൻ തുമ്പിക്കൈ നീട്ടിച്ചുരുട്ടിപ്പിടിച്ചുകൊണ്ടു ഗണപതിഭഗവാനും ഇരുന്നിരുന്നു. പടിപ്പുരയിൽനിന്നു വളഞ്ഞുതിരിഞ്ഞ വഴിയിൽകൂടി പുഷ്പതോട്ടം കടന്നാൽ പാടലനാഡികളോടുകൂടിയ വെണ്ണക്കല്ലുകൊണ്ടു കെട്ടിയ വാതില്ക്കൽ എത്താം. വാതിലിന്റെ മേൽഭാഗം നീലക്കല്ലുകളാലും, ഉമ്മരപ്പടികൾ വെളുത്ത കളർമക്കല്ലുകളാലും, വാതിൽ വളരെ ശില്പവേല ചെയ്ത ചന്ദനമരത്താലും ഉണ്ടാക്കിയതായിരുന്നു. വാതിലിൽകൂടി കടന്നുചെന്നാൽ വളരെ തട്ടുയരമുള്ള തളങ്ങളിൽ ചെന്നുചേരാം. തളങ്ങളിൽനിന്നു ചിത്രപ്പണികളുള്ള കോണിപ്പടികൾ കയറിയാൽ ആനവധി തൂണുകൾ നിൎത്തിയ പൂമുഖത്തിൽ എത്താം. പൂമുഖത്തി

ന്നരികെ താമരയും ആമ്പലും നിറഞ്ഞതായ ശീതളപ്രസ്രവ ണങ്ങളുമുണ്ടായിരുന്നു. അവയിൽ വെളുത്തതും, ചുകന്നതും നീ ലയും, മഞ്ഞയുമായ മത്സ്യങ്ങൾ കളിച്ചുകൊണ്ടിരുന്നു. വി ശാലനേത്രങ്ങളായ മാൻകിടാങ്ങൾ വിരിഞ്ഞുനില്ക്കുന്ന പനി നീർപുഷ്പങ്ങളെ തിന്നുകൊണ്ടു മരത്തണലിൽ സാവധാനമായി സഞ്ചരിച്ചിരുന്നു. ഇന്ദ്രചാപവർണ്ണത്തിലുള്ള ചിറകുകളോടുകൂ ടിയ പക്ഷികൾ താലവൃക്ഷങ്ങളുടെ ഇടയിൽ സന്തോഷത്തോ ടെ പറന്നുകൊണ്ടിരുന്നു. പച്ചനിറത്തിലും ചാരനിറത്തിലുമുള്ള പ്രാവുകൾ, പൊൻ പൂച്ചിട്ട മൂലകളിൽ കൂടുകെട്ടി പേടിവിട്ടു പാർത്തിരുന്നു. ശോഭയേറിയ വെണ്മാടങ്ങളിൽ നിന്നുകൊണ്ടു മയിലുകൾ ചിറകുകൾ വിടർത്തി ആടിക്കൊണ്ടിരുന്നു. വെള്ള കൊററികൾ, മയിലുകളുടെ നൃത്തത്തെ ഗൌരവത്തോടെ നോ ക്കിക്കൊണ്ടിരുന്നു. ചുകന്ന കഴുത്തോടുകൂടിയ തത്തകൾ ഒരു പഴത്തിൽനിന്നു മററൊരു പഴത്തിലേക്കു ചാഞ്ചാടി കളിച്ചു കൊണ്ടിരുന്നു: സ്വർണ്ണക്കിളികൾ പുഷ്പങ്ങൾതോറും ചാടിക്കൊ ണ്ടിരുന്നു. ഭീരുക്കളായ പല്ലികൾ വരാന്തയുടെ അഴികളിൽ നി ർഭയം വെയിലേററുകൊണ്ടിരുന്നു. അണ്ണാൻ മനുഷ്യരുടെ കൈ കളിൽനിന്നു തട്ടിപ്പറിച്ചു തിന്നുകൊണ്ടിരുന്നു. കസ്തൂരിമൃഗങ്ങൾ ഉത്സാഹത്തോടെ ഓടിച്ചാടി കളിച്ചുകൊണ്ടിരുന്നു. കുരങ്ങന്മാർ കാക്കകളോടു സംസാരിച്ചുകൊണ്ടിരുന്നു. എന്തിനു വളരെ പ റയുന്നു? സ്നേഹത്തിന്നിരിപ്പിടമായ ആ രാജമന്ദിരത്തിൽ എവി ടെ നോക്കിയാലും ഭൃത്യജനങ്ങളിൽ ശാന്തമുഖവും മൃദുവാക്കും അനുസരണശീലവും മാത്രമേ കാണുമാറുള്ളു. അവരെല്ലാവ രും അന്യന്മാരെ സന്തോഷിപ്പിക്കുന്നതിൽ സന്തോഷശീലന്മാ രുമായിരുന്നു. അങ്ങിനെയുള്ള ജനങ്ങളുടെ റാണിയായി യശോ ധര ഏററവും സുഖത്തിൽ ദിവസം കഴിച്ചു.

ആ രാജമന്ദിരത്തിൻെറ അന്തർഭാഗത്തിൽ ശില്പശാസ്ത്രജ്ഞ ന്മാരുടെ സകല സാമർത്ഥ്യത്തേയും പ്രദർശിപ്പിക്കുന്നതായും, മൃ

ൻപുറത്തവയെയൊക്കെ അതിശയിക്കുന്നതായും, ഒരു ശയന ഗൃഹമുണ്ടായിരുന്നു. അതിൻെറ ഉമ്മരം നാലുഭാഗവും മറക്കപ്പെട്ടതും മേലെ പുരയില്ലാത്തതുമായിരുന്നു; അതിൻെറ മദ്ധ്യത്തിൽ ശീതളജലം നിറഞ്ഞതായ ഒരു ചെറിയ തടാകമുണ്ടായിരുന്നു. അതിൻെറ നാലുഭാഗത്തുമുള്ള പടവുകൾ സ്ഫടികക്കല്ലുകളാൽ കെട്ടപ്പെട്ടതായിരുന്നു. ആ കല്പടവുകളിൽ നടന്നാൽ ഉഷ്ണകാലത്തു മഞ്ഞുകട്ടമേൽ നടക്കുന്നതുപോലെയുള്ള തണുപ്പുണ്ടാകും. മദ്ധ്യാഹ്ന സമയത്തുള്ള സൂൎയ്യരശ്മികൾ നാലുഭാഗത്തുമുള്ള ലതാഗൃഹങ്ങളിൽകൂടി അതിനകത്തു ചെല്ലുമ്പോൾ, വൈകുന്നേരത്തെ സൂൎയ്യരശ്മികൾപോലെ, ശാന്തമായി ഭവിക്കും. ഇങ്ങിനെയുള്ള ഉമ്മരം കടന്നാൽ ശയനഗൃഹമായി. ആ മുറിയാകട്ടെ, ഭൂലോകത്തിൽവെച്ച് ഒരത്ഭുതകാഴ്ചതന്നെയായിരുന്നു. ആ മുറിയുടെ പുറത്തുഭാഗത്തു ശാന്തപ്രഭയോടുകൂടിയ വിശേഷവിളക്കുകൾ കെട്ടിത്തൂക്കിയിരുന്നു. വിളക്കുകളുടെ നാലുഭാഗത്തും അതി സൌരഭ്യമുള്ള പുഷ്പമാലകളും തൂക്കിയിരുന്നു. ദീപപ്രഭ പുഷ്പമാലകളുടെ സൌരഭ്യത്തോടുകൂടി, ജാലരന്ധ്രങ്ങളിൽ ഇട്ടിട്ടുള്ള അതി നേൎമ്മയായി സ്വൎണ്ണവസ്ത്രത്തിലൂടെ മുറിയിൽ വ്യാപിച്ചുകൊണ്ടിരുന്നു. അതി വിശേഷമായ ദന്തപ്പണികളുള്ള ഒരു കട്ടിലും, അതിൽ അതി മൃദുലങ്ങളായ പട്ടു കിടക്കകളും, സ്വൎണ്ണവൎണ്ണത്തിലുള്ള കൊതുവലകളും ആ മുറിയിൽ ഉണ്ടായിരുന്നു. അവററിന്മേൽ മനോഹരമായ ആ ദീപപ്രഭ അത്ഭുതമാകുംവണ്ണം പ്രതിഫലിച്ചിരുന്നു. ആ മുറിയിൽ രാത്രിയും പകലും വ്യത്യാസമുണ്ടായിരുന്നില്ല. ഉഷഃപ്രഭയെ അതിശയിക്കുന്ന കാന്തിയോടുകൂടിയതായും, ചന്ദ്രരശ്മികളെപ്പോലെ ശീതളമായുമിരിക്കുന്ന വെളിച്ചം എപ്പോഴും ആ മുറിയിൽ ഉണ്ടായിരുന്നു. പ്രഭാതമന്ദമാരുതനെപ്പോലെ സന്തോഷപ്രദവും, അൎദ്ധരാത്രി സമീരണനെപ്പോലെ ശീതോപചാരിയുമായ ഒരു ഇളങ്കാററ് ആ മുറിയിൽ എ

പ്പോഴും വീശിക്കൊണ്ടിരുന്നു. രാവും പകലും ഒരുപോലെ സംഗീതഘോഷങ്ങളുമുണ്ടായിരുന്നു. അതിസ്വാദുകരങ്ങളായ പലവിധ മധുരപലഹാരങ്ങളും, അതി മൃദുളഫലങ്ങളും, ഹിമ ശീതളമായ സർബ്ബത്തുകളും, വിശേഷ ദന്തപാത്രങ്ങളിൽ മധുര മായ ക്ഷീരവും ആ മുറിയിൽ എപ്പോഴും തയ്യാറുണ്ടായിരുന്നു. ഇവ കൂടാതെ, മൃദുഗാത്രികളും സുന്ദരികളുമായ ഒരു കൂട്ടം ദാ സികളും ഉണ്ടായിരുന്നു. അവർ സംഗീതംകൊണ്ടും നൎത്തനം കൊണ്ടും പലവിധം ഉപചാരങ്ങളെക്കൊണ്ടും രാജകുമാരന്ന് ഒരിക്കലും മനസ്സിന്നും ദേഹത്തിന്നും അല്പമെങ്കിലും ശ്രമം ത ട്ടാതിരിക്കത്തക്കവണ്ണം കാത്തുകൊണ്ടിരുന്നു. കസ്തൂരി മുത ലായ സുഗന്ധദ്രവ്യങ്ങളാലും, അതിസൌരഭ്യമുള്ള ചന്ദന തൈലം മുതലായവയാലും, സാമ്പ്രാണി മുതലായ ദിവ്യധൂപ ങ്ങളാലും, രാജകുമാരന്ന് ഇഹലോകവിഷയങ്ങളിൽ അത്യാസ ക്തിയെ ജനിപ്പിച്ചിരുന്നു. ഈ വിധത്തിൽ സിദ്ധാൎത്ഥൻ ത ന്നെത്താൻ മറന്ന് മേൽപ്പറഞ്ഞ സുഖങ്ങളിൽ ലയിച്ചുകൊ ണ്ടിരുന്നു.

ഇത്രമാത്രമല്ല; ആ വിശ്രമവനത്തിന്നുള്ളിൽ വേദന, രോഗം, ദുഃഖം, വാൎദ്ധക്യം, മരണം എന്നിവയുടെ പേരുകൂടി ശബ്ദിച്ചുപോകരുതെന്നു ശുദ്ധോദനരാജാവു നിഷ്കൎഷയോടെ കല്പിച്ചിരുന്നു. ദാസിമാരുടെ കൂട്ടത്തിൽ ആരെങ്കിലും നൎത്ത നം മുതലായതുകൊണ്ടുള്ള ക്ഷീണത്താലോ മറ്റോ മോഹാല സ്യപ്പെട്ടു വീണുപോയാൽ, നിരപരാധിയായ അവളുടെ കഷ്ട ത്തെക്കണ്ട് രാജകുമാരന്നു ദുഃഖമുണ്ടാകാതിരിപ്പാൻ വേണ്ടി, അവളെ ഉടനെ തന്നെ രാജഗൃഹത്തിൽനിന്നു പുറത്തുകൊണ്ടു പോകേണമെന്നും രാജാവു കല്പിച്ചിരുന്നു. പട്ടണത്തിൽ ന ടക്കുന്നതായ രോഗം, ദുഃഖം, ഭയം, മരണം, ശവദാഹം, കരച്ചിൽ എന്നിവയുടെ വൃത്താന്തത്തെ രാജകുമാരനോടു പ്രസ്താവിക്കുന്നവരെ കഠിനമായി ശിക്ഷിപ്പാനും രാജാവു

കല്പിച്ചിരുന്നു. ദിനംതോറും പ്രഭാതത്തിൽ, വാടിയ പു ഷ്പങ്ങളെ പറിച്ചുകളവാനും, ഉണങ്ങിയ ഇലകളെ പെറു ക്കിക്കളവാനും, അതുപോലെ ജീൎണ്ണപ്പെടുന്ന വസ്തുക്കളെ ല്ലാം സിദ്ധാൎത്ഥന്റെ ദൃഷ്ടിയിൽ പെടാതിരിപ്പാനും ജാഗ്രത ചെയ്യിച്ചിരുന്നു. ഇതെല്ലാം ചെയ്തതിന്നുശേഷം, ശുദ്ധോദനരാ ജാവ്, തന്റെ പുത്രൻ നിഷ്പ്രയോജനമായ ദുരാലോചനകൾ ക്കാസ്പദമായ പ്രപഞ്ചദുഃഖങ്ങളെ അറിയാതെ തന്നെ വളൎന്നു വന്നാൽ, മനുഷ്യൎക്കു ദുരവഗാഹമായ സന്ന്യാസയോഗത്തിന്റെ ലാഞ്ഛനകൂടി അവനെ ബാധിക്കുകയില്ലെന്നും, പിന്നെ അവ ന്ന് ഇഷ്ടമെങ്കിൽ രാജാധിരാജനായ ഏകച്ഛത്രാധിപതിയായും അവന്റെ കാലത്തിന്നും ഭാഗ്യത്തിന്നും ഒരു ഭൂഷണമായും ഭവി ക്കുന്നതുകാണ്മാൻ തനിക്കു സാധിക്കുമെന്നും വിചാരിച്ച് സ ന്തോഷിച്ചു.

എങ്കിലും രാജാവ് അതുകൊണ്ടും തൃപ്തിപ്പെട്ടില്ല. പ്രേമമെ ന്ന കാരാധ്യക്ഷനോടും സുഖഭോഗങ്ങളെന്ന ഇരുമ്പഴികളോടും കൂടിയ ആ രാജമന്ദിരമാകുന്ന തടവുമുറിയിൽ പുത്രനെ അടച്ച തിന്നും പുറമെ, അവന്റെ ദൃഷ്ടിയിൽ പെടാത്ത വിധത്തിൽ ദൂരത്തിലായി വളരെ വണ്ണത്തിലും ഉയരത്തിലും ഒരു മതിൽ കെ ട്ടിക്കയും, നൂറാളുകളാൽ മാത്രം തുറക്കാവുന്നതായ വലിയ ഭാര മുള്ള ഒരു പടിവാതിൽ ഇട്ടുറപ്പിക്കയും ചെയ്തു. അതിന്നും അ കമേ വേറെ രണ്ടു വാതിലുകളുമുണ്ടാക്കിച്ചു. വാതില്ക്കൽ ചില കാവല്ക്കാരെയും നിശ്ചയിച്ചു. ആരൊരുത്തൻ വന്നാലും, തന്റെ പുത്രനായാൽകൂടിയും ആരേയും ആ വഴിക്കു പോവാനയക്കരു തെന്നും, അങ്ങിനെ ചെയ്തുപോയാൽ പ്രാണശിക്ഷ വിധിക്കു മെന്നുംകൂടി രാജാവു കല്പിച്ചു. ഇതെല്ലാം ചെയ്തതിന്നുശേഷം, ശു ദ്ധോദനരാജാവ് സമാധാനപ്പെട്ടിരിക്കുകയും ചെയ്തു.

# മൂന്നാമദ്ധ്യായം.

മേൽ വിവരിച്ചപ്രകാരം സിദ്ധാൎത്ഥൻ, വിശ്രമവനത്തിൽ സങ്കടം, ദാരിദ്ര്യം, വേദന, രോഗം, വാൎദ്ധക്യം, മരണം എന്നിവയുടെ നാമം കൂടി കേൾക്കാതെ സൌഖ്യമായി വസിച്ചു. എന്നാൽ ചില സമയങ്ങളിൽ, യശോധരയുടെ മടിയിൽ തല വെച്ചുകൊണ്ടു സിദ്ധാൎത്ഥൻ, അവൾ വിശറിയാൽ വീശിക്കൊണ്ടിരിക്കെ, ഉറങ്ങിപ്പോവുകയും, ഉടനെ ഞെട്ടിയുണൎന്ന് ഏററവും അനുതാപത്തോടെ ഇപ്രകാരം പറയുകയും പതിവായിരുന്നു. "ഓ! ലോകമെ! എന്റെ ലോകമേ! ഞാൻ കേൾക്കുന്നു. ഞാൻ അറിയുന്നു. ഞാൻ ഇതാ വരുന്നു"—ദൈവചൈതന്യത്താൽ ഇപ്രകാരം പറയുന്ന വാക്കുകളെ യശോധര കേട്ടു ഭയപ്പെട്ട്, "അല്ലയോ നാഥാ! അങ്ങെക്ക് എന്താണ് സുഖക്കേട്?—എന്നു ചോദിക്കും. തൽക്ഷണം സിദ്ധാൎത്ഥൻ, യശോധരയുടെ പരിഭ്രമത്തെ നീക്കാനായി ചിരിച്ചുകൊണ്ട്, വീണ മുതലായ സംഗീതവാദ്യങ്ങൾ പ്രയോഗിപ്പാൻ കല്പിക്കും. പതിവുപ്രകാരം, ഒരു ദിവസം ഒരു വീണ ശ്രുതികൂട്ടി ജനൽപടിയിൽ വെച്ചിരുന്നു. അതിന്റെ കമ്പികളിൽ കാററുതട്ടി അതു താനേ ശബ്ദിപ്പാൻ തുടങ്ങി. ആ ശബ്ദം സിദ്ധാൎത്ഥനൊഴികെ മററുള്ളവൎക്കെല്ലാം സാധാരണ പാട്ടുപോലെ തോന്നി. സിദ്ധാൎത്ഥന്നാവട്ടെ, താഴെ പറയുന്ന സംഗതികൾ ദേവന്മാർ വായിക്കുന്നതുപോലെ തോന്നി. അതെന്തെന്നാൽ:—

"ഞങ്ങൾ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാററിന്റെ ശബ്ദങ്ങളാകുന്നു. ഞങ്ങൾ വിശ്രമത്തിന്നായി പലേടവും അന്വേഷിച്ചു നടക്കുന്നു. എന്നാൽ ആ വിശ്രമത്തെ ഒരു ദിക്കിലും കാണുന്നില്ല. നോക്കു! കഷ്ടം! മനുഷ്യജീവിതവും കാററുപൊലെത്ത

ന്നെയാകുന്നു. ആരംഭത്തിൽ ചെറിയതായ കാററ് അവസാനത്തിൽ കലശലായ കൊടുങ്കാററായി തീരുന്നു. അതുപോലെ തന്നെ മനുഷ്യജീവിതത്തിൽ ആദ്യത്തിൽ അല്പമായി ആരംഭിക്കുന്ന ദുഃഖം പ്രായാധിക്യത്തിൽ കഠിനമായ കൊടുങ്കാററിനെപ്പോലെ കലശലായി വദ്ധിക്കുന്നു. ഞങ്ങൾ എവിടെ നിന്നു വന്നതാണെന്നും എന്തിനായി വന്നതാണെന്നും നീ അറികയില്ല. ജീവൻ എവിടെനിന്നു വന്നതാണെന്നും എവിടേക്കു പോകുന്നതാണെന്നും നീ അറികയില്ല. നിന്നെപ്പോലെ തന്നെ ഞങ്ങളും ആകാശത്തിൽനിന്നു വന്ന സൂക്ഷ്മശരീരങ്ങളാകുന്നു. മാറി മാറി വരുന്ന വേദനകളിൽ ഞങ്ങൾ എന്തു സുഖത്തെ കാണുന്നു? നീയാവട്ടെ മാററമില്ലാത്തതായ ഈ സുഖത്തിൽ എന്തുസുഖത്തെ കാണുന്നു? അനുരാഗം എന്നെക്കും നിലനില്ക്കുന്നതായാൽ ഇതിൽ സുഖമുണ്ട്. ജീവൻ പോകുന്ന വഴിയാകട്ടെ കാററു പോകുന്ന വഴിപോലെ തന്നെയാകുന്നു. അനുരാഗം മുതലായതെല്ലാം ഇളക്കിക്കൊണ്ടു നില്ക്കുന്ന ഈ വീണക്കമ്പികളിൽ ഞങ്ങളുടെ സ്വൽത്താൽ അല്പനേരത്തേക്കു മാത്രം നില്ക്കുന്നതായ ശബ്ദങ്ങൾ പോലെയാകുന്നു. അല്ലയോ മായാപുത്രാ! ഞങ്ങൾ ഇപ്പോൾ ഭൂമിയിൽ സഞ്ചരിക്കുക നിമിത്തം ഈ കമ്പിയിൽ തട്ടിയതാണ്. ഞങ്ങൾക്കു സന്തോഷമേ ഇല്ല. എന്തുകൊണ്ടെന്നാൽ: ഭൂമിയിൽ പലേടവും സഞ്ചരിക്കുന്നതു കൊണ്ടു പലവിധ കഷ്ടങ്ങളെയും ദുഃഖിതരായ പലേ ജനങ്ങളേയും കാണ്മാനിടവരുന്നു. എന്നാൽ ഞങ്ങൾക്ക് അവരെ കണ്ടു് പുറമേ ദുഃഖമാണെങ്കിലും ഉള്ളിൻ ചിരിയാണ്. അതെന്തെന്നാൽ: അവർ ഏററവും വലുതായി വിചാരിച്ചു വരുന്ന ഈ ജീവിതം എത്രയോ നിസ്സാരമായ കാഴ്ചയാണെന്നു അവർ അറിയുന്നില്ല. ഓടുന്ന മേഘത്തെ നില്ക്കുവാൻ കല്പിക്കുന്നതുപോലെയും, ഒഴുകുന്ന നദിയെ തടുത്തു നിത്തുവാൻ വിചാരിക്കുന്നതു പോലെയും, ആകുന്നു ഈ ജീവിതത്തെ സ്ഥിരമാക്കി നിത്തുവാൻ ആലോചിക്കുന്നത്. ലോകരുടെ ദുഃഖമോച

നത്തിന്നായി ജനിച്ചിരിക്കുന്ന രാജകുമാരാ! നിനക്ക് അതിന്നുള്ള സമയം അടുത്തു. ദുഃഖിതയായ ഭൂമി അതിൻെറ കഷ്ടാവസ്ഥയിൽ നിന്നെ കാത്തു നില്ക്കുന്നു; അന്ധമായ ഈ ലോകം ദുഃഖചക്രത്തിൽ കാൽ തടഞ്ഞു വീണുകൊണ്ടിരിക്കുന്നു. അല്ലയോ മായാപുത്ര! വേഗം എഴുനീല്ക്കു. ഉണരൂ. ഇനി ഉറങ്ങേണ്ടാ—ഞങ്ങൾ അലഞ്ഞു തിരിഞ്ഞു നടക്കുന്നതുപോലെ നീയും നിൻെറ വിശ്രമത്തെ അന്വേഷിച്ചു അലഞ്ഞു തിരിഞ്ഞു നടക്കുക. ഈ കാണുന്ന അനുരാഗത്തെ കാമവിവശന്മാൎക്കായി വിട്ടുകൊടുക്കുക; ദുഃഖനിവൃത്തിക്കായി രാജ്യസുഖത്തെ വിട്ട് സങ്കടമാൎഗ്ഗത്തെ അവലംബിക്കുക; ലോകത്തെ ഉദ്ധരിക്കുക. ഇഹലോകവൃത്താന്തങ്ങളൊന്നും ഇനിയും നീ അറിഞ്ഞിട്ടില്ല; അങ്ങിനെയിരിക്കുന്ന നിനക്ക് ഇവയെപ്പററി അറിവു തരുവാൻ ഞങ്ങൾ ഈ വെള്ളിക്കമ്പികളിൽ അടിച്ചു ശബ്ദമുണ്ടാക്കിയതാകുന്നു. അല്ലയോ രാജകുമാരാ! ഞങ്ങൾ പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു നിഴലിന്നു തുല്യമായ ഈ അത്യസുഖങ്ങളിൽ നീ രസിച്ചു രമിക്കുന്നതിനെ കണ്ടു ചിരിച്ചുകൊണ്ടു ഞങ്ങളിതാ പോകുന്നു."—എന്നിങ്ങിനെ പറഞ്ഞു ശബ്ദവും നിന്നു.

പിന്നെയും, സിദ്ധാൎത്ഥൻ വിശ്രമവനത്തിൽ പരിവാരസമേതം സുഖമായി വസിക്കുമ്പോൾ ഒരു ദിവസം യശോധരയോടുകൂടി സ്വൎണ്ണസിംഹാസനത്തിൽ ഇരിക്കയായിരുന്നു: അപ്പോൾ ദാസിമാരിൽ ചിത്ര എന്നു പേരായ ഒരുവൾ സിദ്ധാൎത്ഥനെ സന്തോഷിപ്പിപ്പാനായി ഒരു പഴയ കഥ പറകയുണ്ടായി. ആ കഥയിൽ ഇന്ദ്രജാലക്കതിര, ദൂരത്തുള്ള അത്ഭുതരാജ്യങ്ങൾ, സൂൎയ്യൻ രാത്രികാലത്തു സമുദ്രത്തിൽ അസ്തമിക്കുന്നത്, എന്നിങ്ങിനെയുള്ള സംഗതികളെ പ്രസ്താവിച്ചു. അതെല്ലാം കേട്ടു സിദ്ധാൎത്ഥൻ നെടുവീൎപ്പിട്ടുകൊണ്ട്, "ചിത്ര പറഞ്ഞ കഥ കാററുകൾ വന്നു പറഞ്ഞതിനെ ഓൎമ്മപ്പെടുത്തുന്നു"—എന്നു വിചാരിച്ചു നിശ്വാ

സിച്ചുകൊണ്ടു, യശോധരയെ നോക്കി, "നിൻെറ കഴുത്തിലുള്ള മുത്തുമാല ഇവൎക്കു സമ്മാനമായി കൊടുക്കുക"—എന്നു പറഞ്ഞു. അനന്തരം ഇങ്ങിനെ ചോദിച്ചു:—"മാണിക്യമേ, ചിത്ര പറഞ്ഞപ്രകാരം അത്ര വലുതായ ലോകമുണ്ടോ? സൂൎയ്യൻ സമുദ്രത്തിൽ ചെന്ന് അസ്തമിക്കുന്നതിനെകാണുന്ന രാജ്യമുണ്ടോ. നിൎഭാഗ്യന്മാരും നമ്മൾ അറിയാത്തവരുമായ അസംഖ്യം ജനങ്ങൾ മററുരാജ്യങ്ങളിലുണ്ടോ? നമ്മൾ വിചാരിച്ചാൽ അവരുടെ ദുഃഖനിവൃത്തി വരുത്തിക്കൂടെ? ആദിത്യൻ ഉദിക്കുന്ന സ്ഥലത്ത് ആ സ്വൎണ്ണരശ്മികളെ നോക്കിക്കൊണ്ടിരിക്കുന്ന ജനങ്ങളാരാണെന്ന്, ആദിത്യൻ ഉദിച്ചു പൊങ്ങിവരുന്നതു കാണുമ്പോൾ, പലപ്പോഴും ഞാൻ ആലോചിക്കാറുണ്ട്—അല്ലയോ യശോധരേ! വൈകുന്നേരസമയത്ത് ഞാൻ നിൻെറ മടിയിൽ തല വെച്ചു കിടക്കുമ്പോൾ സൂൎയ്യാസ്തമനത്തെകണ്ടിട്ടു, സൂൎയ്യൻ അസ്തമിക്കുന്ന ലോകത്തിൽ ചെന്ന് അതിലുള്ള നിവാസികളെ കാണേണമെന്നു പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. നമ്മൾ സ്നേഹിക്കേണ്ടവരായ ജനങ്ങൾ അനവധി ഉണ്ടായിരിക്കണം; അല്ലെങ്കിൽ സൂൎയ്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും എന്തിനാണ്? അല്ലയോ പ്രിയപത്നി! എൻെറ മനസ്സിൽ ഇപ്പോൾ ഒരു വേദന ഉണ്ടായിരിക്കുന്നു. അതിനെ മാററുവാൻ നിന്നെക്കൊണ്ടും കഴിയുന്നതല്ല—അല്ലയോ ചിത്രേ! നീ ഗന്ധൎവ്വലോകത്തെപ്പററി അറിയുമല്ലൊ. ഈ കഥയിൽ പറഞ്ഞതായ ആ കുതിരയെ എവിടെ കെട്ടിയിരിക്കുന്നു? എനിക്ക് ഒരു ദിവസം ആ കുതിരപ്പുറത്തു കയറി ഭൂമി മുഴുവനും സഞ്ചരിക്കുവാൻ കിട്ടിയാൽ എൻെറ രാജധാനി മുഴുവനും കൊടുത്തുകളയാമായിരുന്നു. അതില്ലെങ്കിൽ എൻെറ രാജ്യത്തേക്കാൾ വിശാലമായ രാജ്യങ്ങളിൽ സഞ്ചരിപ്പാൻ പ്രാപ്തിയുള്ള ഗൃദ്ധ്രപക്ഷിയുടെ ചിറകുകൾ കിട്ടിയാൽ ഹിമാലയ പൎവ്വതത്തിൻെറ കൊടുമുടിയിൽ ചെന്നിരുന്ന് നാലുഭാഗത്തുമുള്ള രാജ്യങ്ങളെ കണ്ടുസ

ന്തോഷിക്കാമായിരുന്നു. ഞാൻ അന്യരാജ്യങ്ങളെ കാണാതിരിക്കുന്നത് എന്തുകൊണ്ടാണ്? അതിരിക്കട്ടെ. നമ്മുടെ പടിവാതിലിന്നപ്പുറത്ത് എന്തൊക്കെയാണുള്ളതെന്നു പറയൂ."

അപ്പോൾ ഒരാൾ പറഞ്ഞു:—"അല്ലയോ രാജകുമാരാ! നമ്മുടെ പടിവാതിൽ കഴിഞ്ഞാൽ ആദ്യം നഗരമാണ്. ദേവാലയങ്ങൾ, ഉദ്യാനങ്ങൾ, മരച്ചോലകൾ; അതു കഴിഞ്ഞാൽ വയലുകൾ; അതിനപ്പുറം മൈതാനങ്ങൾ; പിന്നെ കാടുകൾ; അതിനപ്പുറം ബിംബിസാരരാജാവിന്റെ രാജ്യം. അതും കഴിഞ്ഞാൽ അനേകജനങ്ങൾ വസിക്കുന്ന അതിവിസ്തീർണ്ണമായ ഭൂമി." ഇതു കേട്ട സിദ്ധാർത്ഥൻ പറഞ്ഞു:—"നല്ലത്. നല്ലത്. ഛന്ദകൻ തേർ തയ്യാറാക്കട്ടെ. നാളെ ഉച്ചക്ക് ഞാൻ പുറത്തുപോയി രാജ്യമൊന്നു കാണ്മാൻ ഉറച്ചിരിക്കുന്നു."

ഈ വൃത്താന്തത്തെ ഭൃത്യജനങ്ങൾ ശുദ്ധോദനരാജാവിനെ അറിയിച്ചു. രാജാവ് അതു കേട്ടു സന്തോഷിച്ച്, "അവനു രാജ്യം കാണ്മാൻ ഉള്ള കാലമായി"—എന്നു സമാധാനപ്പെട്ടു. എന്നാൽ, പട്ടണത്തിൽ യാതൊരു അപശബ്ദവും കേൾക്കരുതെന്നും; എല്ലാ സ്ഥലങ്ങളും നല്ലവണ്ണം അലങ്കരിച്ചുവെക്കേണമെന്നും; എല്ലാവരും സന്തോഷത്തോടെ ഇരിക്കേണമെന്നും; കുരുടൻ, നൊണ്ടി, വൃദ്ധൻ, കുഷ്ഠരോഗി, ഭിക്ഷു മുതലായവരെ ആരെയും പുറത്തുകാണരുതെന്നും; പട്ടണത്തിൽ ആരെങ്കിലും മരിച്ചുപോയാൽ ശവം അന്നു വൈകുന്നേരംവരെ പുറത്തു കൊണ്ടുവരരുതെന്നുംകൂടി കല്പിച്ചു. രാജഭൃത്യന്മാർ ആ കല്പന പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

അതുപ്രകാരം കപിലവസ്തുവിൽ ജനങ്ങളെല്ലാം നിരത്തുകൾ അടിച്ചുതളിക്കുകയും, ഗൃഹങ്ങളുടെ മുൻഭാഗങ്ങളിലെല്ലാം

തോരണങ്ങൾ കെട്ടുകയും, കുങ്കുമപ്പൊടികൊണ്ടു ചിത്രങ്ങൾ വരയുകയും, തുളസിച്ചെടികൾ വെട്ടി ഭംഗിയാക്കുകയും, ചുമരുകളിലുള്ള ചിത്രങ്ങളെല്ലാം ചായമിട്ടു പുതിയതാക്കുകലും, മരങ്ങളിലെല്ലാം കൊടികൾ തൂക്കുകയും, ദൈവവിഗ്രഹങ്ങളെല്ലാം പൊന്നണിയിക്കുകയും, ആബാലവൃദ്ധം സകല ജനങ്ങളും വിശേഷവസ്ത്രാഭരണങ്ങൾ ധരിക്കയും ചെയ്തു. എന്തിനേറെപ്പറയുന്നു? ആ രാജ്യം കണ്ടാൽ ഗന്ധർവ്വലോകമോ എന്നു തോന്നും.

അപ്പോൾ രാജകുമാരൻ വളരെ ചിത്രപ്പണികളോടുകൂടിയ ഒരു തേരിൽ കയറി, രാജ്യം കാണ്മാൻ പുറപ്പെട്ടു. പൌരന്മാർ രാജകുമാരൻ വരുന്നതിനെ സന്തോഷത്തോടെ നോക്കിനില്ക്കുന്നതുകാണ്മാൻ വളരെ കൌതുകമായിരുന്നു. ജീവകാലം വളരെ സന്തോഷകരമാണെന്നു തോന്നുമാറ് ആനന്ദിച്ചുകൊണ്ടിരിക്കുന്ന പൌരന്മാരെകണ്ട്, സിദ്ധാർത്ഥൻ വളരെ സന്തോഷത്തോടുകൂടി ഇങ്ങിനെ ആലോചിച്ചു:—"ഈ ലോകം വളരെ കൌതുകകരമായിരിക്കുന്നു. ഇതിലുള്ള നിവാസികൾക്ക് എന്നിൽ അതിപ്രിയമായിരിക്കുന്നു. ഇവർ എന്നെ ഇപ്രകാരംഇഷ്ടപ്പെടുവാൻ ഇവൎക്കു ഞാൻ എന്തുചെയ്തിരിക്കുന്നു? ഞാൻ ഇവരെ സ്നേഹിക്കുന്നുവെന്ന് ഈ കുട്ടികൾ എങ്ങിനെ അറിയുന്നു? ഒരു കുട്ടി എൻെറ തലയിൽ ഇതാ പുഷ്പവൎഷം ചെയ്യുന്നു. ആ കുട്ടിയെ എടുത്തു തേരിൽ വെക്കുക; എൻെറ കൂടെ ആ കുട്ടിയും സവാരി ചെയ്യട്ടെ. ഇങ്ങിനെയുള്ള രാജ്യത്തിൽ രാജാവായിരിക്കുന്നത് എത്രയോ സന്തോഷകരമാണ്. ഞാൻ പുറത്തുവരുന്നതുകൊണ്ട് ഇവർ ഇത്ര സന്തോഷിച്ചാൽ, ഈ സന്തോഷമെന്നു പറയുന്ന സാധനം ഇത്ര ലഘുവായതാണോ? ഈ ചെറിയ കുടുംബക്കാൎക്കുള്ള സന്തോഷത്താൽ ഈ പട്ടണം മുഴുവനും നിറപ്പാൻ കഴിയുമെങ്കിൽ എനിക്കു സന്തോഷോല്ലാദനങ്ങളായ സാധനങ്ങൾ പലതും അനാവശ്യമല്ലെ?"—ഇങ്ങിനെ ആലോചിച്ച്, "ഛന്ദക;

തേർ അങ്ങോട്ടു നടത്തു, ഞാൻ കണ്ടിട്ടില്ലാത്തതായ ലോകത്തെ കൂടെക്കൂടി കാണട്ടെ"—എന്നു ആജ്ഞാപിച്ചു.

അതുപ്രകാരം ഛന്ദകൻ തേർതെളിച്ചു രാജവീഥിയിൽക്കൂടിപോകുമ്പോൾ, വലുതായ ഒരു ജനസംഘവും പിന്നാലെ പോയി. ആ ജനങ്ങൾ "മഹാരാജാവെ! ജയ ജയ" എന്നു പറഞ്ഞിരുന്നു. സിദ്ധാർത്ഥൻ അതെല്ലാം കണ്ടും കേട്ടും സന്തോഷിച്ചുകൊണ്ടിരിക്കെ ഒരു വൃദ്ധനായ ഭിക്ഷക്കാരൻ താൻ ഒളിഞ്ഞിരുന്ന കുടിലിൽനിന്നു പുറപ്പെട്ടു രാജവീഥിയിൽ രാജകുമാരൻെറ മുമ്പിൽവന്ന്,ദീനസ്വരത്തിൽ, വിറച്ചുകൊണ്ട്, "മഹാജനങ്ങളെ! ഞാൻ ചാവാറായി. എനിക്കു ഭിക്ഷ തരുവിൻ"—എന്നു പറഞ്ഞു. ആ ഭിക്ഷക്കാരനു എണ്ണതിലധികം വയസ്സായിരുന്നു. അവൻെറ ദേഹം തോലുകൾ തൂങ്ങി വെറും അസ്ഥിക്കൂടമായിരുന്നു; പ്രായാധിക്യത്താൽ പുറം കൂനു വളഞ്ഞിട്ടുണ്ടായിരുന്നു, വിശപ്പുകൊണ്ടും വേദനകൊണ്ടും, മററും എത്രയോ കാലം കഴിഞ്ഞിരുന്നതിനാൽ കണ്ണുകൾ ചുകന്നു ചീഞ്ഞിരുന്നു, വായിൽ പല്ലൊന്നുമുണ്ടായിരുന്നില്ല. അവൻ ഉടുത്ത വസ്ത്രവും അതി ജീർണ്ണമായിരുന്നു. ഒരു കൈയിൽ ഒരു വടി ഊന്നിപ്പിടിച്ചുകൊണ്ട്, മററൊരുകൈ മാറിടത്തിൽവെച്ച്, ബുദ്ധിമുട്ടോടുകൂടി ശ്വാസോച്ഛ്വാസം ചെയ്തിരുന്നു. ആ വൃദ്ധൻ ഭിക്ഷ ചോദിക്കുന്നതിനെ ആരും കേട്ടില്ലെന്നു വിചാരിച്ച് പിന്നെയും ചോദിച്ചു. അപ്പോൾ ചിലർ അവനെ പിടിച്ചു തള്ളുവാൻ തുടങ്ങി. രാജകുമാരൻ അതുകണ്ട്, ഛീ! ഛീ! അവനെ ഉപദ്രവിക്കരുത്. അവൻ അവിടത്തന്നെ നില്ക്കട്ടെ"—എന്നു പറഞ്ഞു സാരഥിയെ നോക്കി:—"സാരഥേ! ഈ കാണുന്നതെന്താണ്? മനുഷ്യനെപ്പോലെ തോന്നുന്നുവല്ലൊ. ഇത്ര ഭയങ്കരവും ജീർണ്ണവും ദയനീയവുമായ സ്വരൂപം വാസ്തവത്തിൽ മനുഷ്യനല്ലെന്നും തോന്നുന്നു. മനുഷ്യവർഗ്ഗത്തിൽ ഇങ്ങിനെയും ചിലരുണ്ടോ? 'ഞാൻ ചാവാറായി' എന്ന് അവൻ പറയുന്നതിൻെറ അർത്ഥമെന്താണ്? ഇവനു

ആഹാരമൊന്നും കിട്ടാത്തതുകൊണ്ടോ എല്ല് ഇങ്ങിനെ തുറിച്ചിരിക്കുന്നത്? ഈ സാധുവിന്ന് എന്തു കഷ്ടമാണ് സംഭവിച്ചിരിക്കുന്നത്?"—എന്നു ചോദിച്ചു.

സാരഥി:—"പ്രഭോ! ഇതൊരു വൃദ്ധൻ മാത്രമാണ്. സൌന്ദൎയ്യത്തെ ഹരിക്കുന്നതായും, സകല സങ്കടങ്ങൾക്കും ഇരിപ്പിടമായും, സകല സൌഖ്യങ്ങളേയും നശിപ്പിക്കുന്നതായും, ഓൎമ്മയെ ഇല്ലാതാക്കുന്നതായും, പഞ്ചേന്ദ്രിയങ്ങളുടെ ശത്രുവായുമിരിക്കുന്ന ജര ഇവനെ ബാധിച്ചിരിക്കുന്നു. എന്നാൽ, ഇവൻ, ബാല്യദശയിൽ പാലും ചോറും ഭക്ഷിച്ച്, പിന്നെ സുന്ദരയുവാവായി, ക്രമത്തിൽ ഇങ്ങിനെ വൃദ്ധനായി ഭവിച്ചതാകുന്നു. ചെറുപ്പത്തിൽ ഇവൻ നിവൎന്നു നടന്നിരുന്നു; അന്ന് ഇവന്റെ കണ്ണുകൾക്കു പ്രകാശമുണ്ടായിരുന്നു; അന്ന് ഇവന്റെ കണ്ണുകൾക്കു പ്രകാശമുണ്ടായിരുന്നു; ദേഹവും നല്ലതായിരുന്നു. ആയുസ്സാകുന്നകള്ളൻ ഇവന്റെ ബുദ്ധിശക്തികളെ മുഴുവനും അപഹരിച്ചുകളഞ്ഞു. അവനാകുന്ന വിളക്കിന്റെ എണ്ണ കഴിഞ്ഞിരിക്കുന്നു; തിരി മാത്രം കരുത്തുകൊണ്ടു കത്തുന്നു. വിളക്കു കെടാറാകുമ്പോൾ ഉള്ള പ്രകാശംപോലെ മാത്രമാകുന്നു, ഇവന്റെ തൽകാലാവസ്ഥ. ആയുസ്സിന്റെ സ്ഥിതി ഇപ്രകാരമാണ്. ഇവിടുന്ന് ഇതെല്ലാം എന്തിന്നന്വേഷിക്കുന്നു.

രാജകുമാരൻ—(ഭയത്തോടുകൂടെ) "ഈ അവസ്ഥ എല്ലാവൎക്കും വരുന്നതോ? അതോ, അപൂൎവ്വം ചിലൎക്കുമാത്രം ഉണ്ടാവുന്നതോ?"

ഛന്ദകൻ—"അല്ലയോ പ്രഭോ! അവനോളം ജീവിച്ചിരുന്നാൽ, ഈ അവസ്ഥ എല്ലാവൎക്കും വരുന്നതാണ്."

രാജകുമാരൻ—"ഞാൻ ഇത്രകാലം ജീവിച്ചിരുന്നാൽ ഇങ്ങിനെയായിത്തീരുമോ? യശോധരക്കും ഈ വാൎദ്ധക്യം വരുമോ?"

ഛന്ദകൻ—"മഹാപ്രഭോ! ലോകത്തിൽ ഈ അവസ്ഥ എല്ലാവൎക്കും ഉണ്ടാകുന്നതാണ്."

അപ്പോൾ രാജകുമാരൻ ആ ഭിക്ഷക്കാരനെത്തന്നെ നോക്കിക്കൊണ്ടു ഭയവിഹ്വലനായി ദീൎഘശ്വാസമിട്ടു; സന്തോഷഭരിതരായി നില്ക്കുന്ന ജനങ്ങളെയുംനോക്കി; പിന്നെ ഇപ്രകാരം പറഞ്ഞു, "സാരഥെ! ഈ വാൎദ്ധക്യം സകലജനങ്ങളുടേയും വിക്രമത്തെയും സ്മരണയെയും സൌന്ദൎയ്യത്തെയും അപഹരിക്കുന്നതാണെങ്കിൽ, ഈ ലോകം പ്രത്യക്ഷത്തിൽ ഈ അവസ്ഥയെ കണ്ടുകൊണ്ടിരുന്നിട്ടും എന്തുകൊണ്ടാണ് ഭയപ്പെടാത്തത്? എന്തെങ്കിലുമാകട്ടെ, ഈ ഭയത്തെ മനസ്സിൽ വെച്ചുകൊണ്ട് എനിക്കിനി ഒന്നും കാണേണ്ടതില്ല. അതുകൊണ്ടു, തേർ തിരിക്കുക; ഞാൻ കാണാൻ വിചാരിക്കാത്തതെല്ലാം കണ്ടുകഴിഞ്ഞു." അതുകേട്ടു സാരഥി വിശ്രമവനത്തിലേക്കു തന്നെ തേർതിരിച്ചു.

സിദ്ധാൎത്ഥനാവട്ടെ, താൻ കണ്ട സംഗതികളെത്തന്നെ ചിന്തിച്ചു ചിന്തിച്ചു ദുഃഖഭാവത്തോടെ വിശ്രമവനത്തിലെത്തി. അന്നു വൈകുന്നേരത്തേക്കു തയ്യാറാക്കിവെച്ച ഭക്ഷണപദാൎത്ഥങ്ങളെയാവട്ടെ, തന്നെ സന്തോഷിപ്പിപ്പാനായി ആടുകയും പാടുകയും മററും ചെയ്യുന്ന ദാസിമാരെയാവട്ടെ, തിരിഞ്ഞുനോക്കിയതേ ഇല്ല. ഇപ്രകാരം ചിന്താപരവശനായിരിക്കുന്ന ഭൎത്താവിനെ കണ്ട്, യശോധര, പാദങ്ങളിൽ വീണു കുപ്പിക്കൊണ്ടു "അല്ലയോ നാഥാ! അങ്ങേക്ക് എന്നെക്കൊണ്ടും ദുഃഖനിവൃത്തിയില്ലാതായൊ?"—എന്നു ചോദിച്ചപ്പോൾ അതിന്നു മാത്രം മറുവടി പറവാൻ തുടങ്ങി. "പ്രിയെ! നിന്നെക്കൊണ്ടുള്ള സുഖത്തെപ്പററി ആലോചിക്കുന്നതുകൊണ്ടുതന്നെയാണ് എനിക്കു മനസ്സിൽ വേദന ഉത്ഭവിച്ചിരിക്കുന്നത്, അതെന്തെന്നാൽ: ഈ സുഖം എപ്പോഴെങ്കിലും ഒരിക്കൽ അവസാനിക്കുന്നതാകുന്നു. നമ്മൾ രണ്ടാളും കുറച്ചുകാലം കഴിഞ്ഞാൽ വൃദ്ധരായിത്തീരും. അപ്പോൾ നമ്മൾ അന്യോന്യം സ്നേഹമില്ലാത്തവരും ശക്തി

ക്ഷയിച്ചവരും സൌന്ദൎയ്യം നശിച്ചവരും ദേഹം ക്ഷീണിച്ചു വളഞ്ഞവരും ആയിത്തീരും. എന്നു മാത്രമല്ല, നമ്മൾ തമ്മിലുള്ള സ്നേഹബന്ധത്തെ നമ്മൾ എത്രതന്നെ ബുദ്ധിമുട്ടി പിടിച്ചു നിൎത്തിയാലും, ഹിമാലയ പൎവ്വതത്തിന്റെ ശിഖരങ്ങളിൽതട്ടി മിന്നിക്കൊണ്ടിരിക്കുന്ന നേത്രാനന്ദകരങ്ങളായ ആദിത്യന്റെ സ്വൎണ്ണരശ്മികളെ രാത്രിയാകുന്ന രാക്ഷസി ആരുമറിയാതെ വന്നു അപഹരിച്ചു കൊണ്ടുപോകുന്നതുപോലെ, കാലമാകുന്ന കാലൻ വന്ന് ഇടയിൽ ചാടിവീണ് എനിക്കുള്ള പ്രേമവികാരത്തെയും നിനക്കുള്ള സൌന്ദൎയ്യത്തെയും അപഹരിച്ചു കൊണ്ടുപോയ്ക്കളയും. ഇതിനെ ഞാൻ കണ്ടറിഞ്ഞതിനാൽ ഭയംകൊണ്ട് എന്റെ ഹൃദയം അന്ധകാരത്തിലാണ്ടിരിക്കുന്നു. മനുഷ്യരെ വൃദ്ധന്മാരാക്കിത്തീൎക്കുന്ന കാലമാകുന്ന ശത്രുവിന്റെ കൈയിൽ നിന്നു സ്നേഹസുഖത്തെ വിടുവിച്ചു രക്ഷപ്പെടുത്തുവാനുള്ള മാൎഗ്ഗം അന്വേഷിപ്പാൻ ഞാൻ ഉറച്ചിരിക്കുന്നു."—ഇങ്ങിനെ പറഞ്ഞു കൊണ്ടു രാത്രി മുഴുവനും ഉറക്കമില്ലാതെയും സുഖമില്ലാതെയും കഴിച്ചുകൂട്ടി.

അന്നു രാത്രിമുഴുവനും, ശുദ്ധോദനരാജാവ് ഭയങ്കരമായ ഏഴു സ്വപ്നങ്ങൾ കണ്ടു. ആദ്യം അതിവിശാലവും, പ്രഖ്യാതവും, ഇന്ദ്രന്റെ കൊടിയടയാളമാകുന്ന സൂൎയ്യപ്രതിമ മിന്നുന്നതുമായുള്ള ഒരു ധ്വജത്തെ കണ്ടു. ഉഗ്രമായ ഒരു കാററടിച്ച് കൊടിമരം താഴത്തു വീഴുകയും, പട്ടുകൊണ്ടുള്ള കൊടിക്കൂറ കീറുകയും ചെയ്തു. ഉടനെതന്നെ ചില ഭൂതങ്ങൾ വന്ന് കൊടിക്കൂറയെടുത്തു പട്ടണത്തിന്റെ കിഴക്കെ ഗോപുരത്തിൽ കൂടി കൊണ്ടുപോകുന്നതായി കണ്ടു. രണ്ടാമത്, വെളുത്ത കൊമ്പുകളോടുകൂടിയ പത്തു ഗജങ്ങൾ തെക്കുഭാഗത്തുള്ള രാജവീഥിയിൽകൂടി ഭൂമി കുലുക്കിക്കൊണ്ടു നടന്നുവരുന്നതായും, മുമ്പിൽ വരുന്ന ആനയുടെ പുറത്തു സിദ്ധാൎത്ഥൻ കയറി ഇരിക്കുന്നതായും കണ്ടു. മൂന്നാമത്, മൂക്കുകളിൽനിന്നു വെളുത്ത പുകയും വായിൽനിന്നു

തീക്കൊത്ത നരയും വന്നുകൊണ്ടിരിക്കുന്ന നാലു കുതിരകളെ കെട്ടിയതും ഉഗ്രപ്രഭയുള്ള വിളക്കുകൾ കത്തി തിളങ്ങുന്നതുമായ ഒരു തേർ വരുന്നതും അതിൽ സിദ്ധാൎത്ഥൻ കയറിയിരിക്കുന്നതും കണ്ടു. നാലാമത്, സ്വൎണ്ണത്താൽ അച്ചുകൂട്ടയും രത്നങ്ങൾ പതിച്ചു കഴികളും വിശേഷസംഗതികൾ എഴുതിയ പട്ടയും ഉള്ള ഒരു ചക്രം സദാ ചുററിക്കൊണ്ടിരിക്കുന്നതായി കണ്ടു. അഞ്ചാമത്, പട്ടണത്തിൻെറയും കുന്നുകളുടെയും മദ്ധ്യത്തിൽ വെച്ചിരിക്കുന്ന ഒരു ഭേരിയെ സിദ്ധാൎത്ഥൻ, ഇരുമ്പുഗദകൊണ്ടു നാലുഭാഗവും കേൾക്കത്തക്കവണ്ണം, ഇടി മുഴക്കംപോലെ അടിച്ചു മുഴക്കിക്കൊണ്ടിരിക്കുന്നതായി കണ്ടു. ആറാമത്, പട്ടണത്തെക്കാൾ എത്രയോ ഉയരത്തിൽ മേഘങ്ങളെക്കൊണ്ടു തലപ്പാവു കെട്ടിയ ഒരു ഗോപുരത്തിൻെറ മുകളിൽ കയറിനിന്ന്, സിദ്ധാൎത്ഥൻ, ഏററവും പ്രഭയുള്ള രത്നങ്ങളെ മഴ പെയ്യുംപോലെ രണ്ടു കൈകൊണ്ടും വൎഷിക്കുന്നതും, ലോകത്തിലുള്ള ജനങ്ങളെല്ലാം വളരെ ബുദ്ധിമുട്ടിവന്നു ആ രത്നങ്ങളെ അവരവരാൽ കഴിയുന്നവണ്ണം പെറുക്കിയെടുക്കുന്നതും കണ്ടു. ഏഴാമത്, ആറാളുകൾ പല്ലുകടിച്ചു കരഞ്ഞും കൊണ്ടും കൈകളാൽ വായ മൂടിക്കൊണ്ടും, മനസ്സിന്നു സമാധാനമില്ലാതെ നടക്കുന്നതായി കണ്ടു.

ഇങ്ങിനെയുള്ള സ്വപ്നങ്ങൾ കണ്ടു ഭയവിഹ്വലനായ രാജാവ്, പിറെറ ദിവസം രാവിലെ, സ്വപ്നഫലം പറയുന്നവരെ വരുത്തി താൻ കണ്ട സ്വപ്നങ്ങളുടെ അൎത്ഥം വിവരിപ്പാൻ ആജ്ഞാപിച്ചു. എന്നാൽ അവർ ആരെക്കൊണ്ടും അതു കഴിഞ്ഞില്ല. രാജാവ് വളരെ ദേഷ്യപ്പെട്ട്, "എൻെറ വംശത്തിന്ന് എന്തോ വലുതായ ആപത്തു വരുവാൻ പോകുന്നു; ഈ സ്വപ്നങ്ങളാൽ ദേവന്മാർ എന്തിനെയാണ് സൂചിപ്പിച്ചതെന്നറിഞ്ഞുപറയുവാൻ നിങ്ങൾക്കാൎക്കും സാമൎത്ഥ്യമില്ലാതെ പോയല്ലൊ"— എന്നു പറഞ്ഞു വിഷണ്ണനായിരുന്നു. ആരെക്കൊണ്ടും വിവരി

പ്പാൻ കഴിയാത്ത ആ സ്വപ്നത്തെ ചിന്തിച്ചു പൌരജനങ്ങളും ദുഃഖിതരായിത്തീൎന്നു.

അങ്ങിനെയിരിക്കെ, ഒരു ദിവസം, ഒരു വൃദ്ധൻ ഗോപുരദ്വാരത്തിൽ വന്നു: മാൻതോൽ ധരിച്ചുവനും സന്ന്യാസിവേഷധാരിയും അതിന്നുമുമ്പു ആ രാജ്യവാസികളാരും അറിയാത്തവനുമായിരുന്നു ആ വൃദ്ധൻ. "എന്നെ രാജാവിന്റെ അടുക്കൽ കൊണ്ടുപോയി വിടുവിൻ. അദ്ദേഹം കണ്ട സ്വപ്നങ്ങളുടെ ഫലം ഞാൻ പറയാം"—എന്നു പറഞ്ഞതുകേട്ടു, ദ്വാരപാലന്മാർ സന്ന്യാസിയെ രാജസഭയിൽ കൊണ്ടുചെല്ലുകയും, രാജാവു സ്വപ്നഫലം ചോദിക്കുകയും ചെയ്തു. സന്ന്യാസി സ്വപ്നഫലങ്ങൾ ഓരോന്നായി പറയുവാൻ തുടങ്ങി—"മഹാരാജാവെ! ഈ വംശത്തിൽനിന്നു ഒരു മഹാൻ സൂൎയ്യനേക്കാൾ അധികം തേജസ്വിയായി ഭവിക്കുവാൻ പോകുന്നു. അതിനാൽ ഭാഗ്യയോഗമുള്ള ഈ വംശത്തെ ഞാൻ ശ്ലാഘിക്കുന്നു. അങ്ങുന്ന് ഭയങ്കരമാണെന്നു വിചാരിക്കുന്ന ആ ഏഴു സ്വപ്നങ്ങൾ, വാസ്തവത്തിൽ സന്തോഷകരങ്ങളാകുന്നു. ആദ്യത്തെ സ്വപ്നത്തിന്റെ ഫലം, പുരാതനമതങ്ങളെല്ലാം നശിപ്പാൻ പോകുന്നുവെന്നും, അതിന്റെ സ്ഥാനത്തിൽ പുതിയ മതം വരുവാൻ പോകുന്നുവെന്നുമാണ്. എന്തുകൊണ്ടെന്നാൽ: മനുഷ്യരുടെ കൂട്ടത്തിലെന്നപോലെ ദേവന്മാരുടെ കൂട്ടത്തിലും മാററങ്ങളുണ്ട്. രണ്ടാമത്തേത്, ഭൂമി കുലുക്കികൊണ്ടുവന്ന പത്താനകൾ, ജ്ഞാനത്തിന്റെ പത്തു ഫലങ്ങളാകുന്നു. ആ ഫലങ്ങളുടെ സഹായത്താൽ, സിദ്ധാൎത്ഥൻ രാജ്യം ഉപേക്ഷിക്കയും, ഭൂമി മുഴുവനും ധൎമ്മതത്വം പരത്തി ഇളക്കമുണ്ടാക്കുകയും ചെയ്യും. മൂന്നാമത്, ആ ദിവ്യരഥത്തിൽ കെട്ടിയ നാലു കുതിരകളാകട്ടെ, നിൎഭയങ്ങളായ നാലു സൽഗുണങ്ങളാകുന്നു. ആ നാലു സൽഗുണങ്ങൾ സിദ്ധാൎത്ഥനെ അജ്ഞാനത്തിൽനിന്നു മോചിപ്പിച്ചു ജ്ഞാനത്തിൽ കൊണ്ടുപോയിച്ചേൎക്കും. നാലാമത്, എപ്പോഴും ചുററിക്കൊണ്ടിരിക്കുന്ന ചക്രം,

കററമററ ധൎമ്മചക്രമാകുന്നു. ലോകത്തിലുള്ള ജനങ്ങളെല്ലാം കാണത്തക്കവണ്ണം അങ്ങയുടെ പുത്രൻ മേല്പടി ധൎമ്മചക്രത്തെ ചുററിച്ചുകൊണ്ടിരിക്കും. അഞ്ചാമത്, രാജകുമാരൻ അടിച്ചു മുഴക്കുന്ന ഭേരിശബ്ദമാകട്ടെ, താൻ പ്രസിദ്ധപ്പെടുത്തുവാൻപോകുന്ന ധൎമ്മത്തിന്റെ മഹാശബ്ദമാകുന്നു. ആറാമത്, ഗോപുരം ഉയൎന്നുവന്നതുപോലെ സിദ്ധാൎത്ഥന്റെ മതം വൎദ്ധിച്ചുവരുമെന്നും, അതിൽനിന്ന് അവൻ വിതറിയിരുന്ന രത്നങ്ങൾ ദേവന്മാൎക്കും മനുഷ്യൎക്കും ഒരുപോലെ പ്രിയപ്പെട്ടതായ വിലയേറിയ തത്വങ്ങളാകുന്നു എന്നും അറിഞ്ഞാലും. ഏഴാമത്, അങ്ങയുടെ പുത്രൻ ആറു മതാചാൎയ്യന്മാരെ അവരുടെ വിഡ്ഢിത്വത്തെ അവരെക്കൊണ്ടുതന്നെ സമ്മതിപ്പിച്ചു, ന്യായംകൊണ്ട് ഉത്തരമില്ലാതാക്കി, കരയിച്ചു് അയക്കുമെന്ന് അൎത്ഥമാകുന്നു. അല്ലയോ മഹാരാജാവെ! അങ്ങുന്ന് ഒട്ടും വ്യസനിക്കരുത്. ഏററവും സന്തോഷിക്കുക. ദേവനായ ആ രാജകുമാരന്റെ ഭാഗധേയം രാജാക്കന്മാരുടെ രാജ്യമാഹാത്മ്യത്തെക്കാൾ എത്രയോ വലിയതാണ്. അവന്റെ കീറിപ്പറിഞ്ഞ കാഷായവസ്ത്രങ്ങൾ സ്വൎണ്ണവസ്ത്രങ്ങളെക്കാൾ വളരെ വിലപിടിച്ചതാണ്. ഇതാണ് അങ്ങയുടെ സ്വപ്നഫലം. ഈ ഫലങ്ങൾ ഏഴു ദിവസങ്ങൾക്കുള്ളിൽ അനുഭവിക്കുകയും ചെയ്യും."—ഇങ്ങിനെ പറഞ്ഞ് സന്യാസി സാഷ്ടാംഗമായി മൂന്നുപ്രാവശ്യം നമസ്കരിച്ച് രാജധാനിവിട്ടു പോകയും ചെയ്തു.

അതെല്ലാം കണ്ടു സ്തബ്ധനായിരുന്ന രാജാവ്, ആ സന്യാസിക്കു കൊടുപ്പാനായി വിലയേറിയ സമ്മാനങ്ങളെയുംകൊണ്ടു ചില ഭൃത്യന്മാരെ അയച്ചു. അവർ അദ്ദേഹത്തിന്റെ പിന്നാലെതന്നെ പോയി. ആ വൃദ്ധസന്യാസി ചന്ദ്രക്ഷേത്രത്തിന്റെ അകത്തേക്കു പോകുന്നതു കണ്ടു അവരും ക്ഷേത്രത്തിന്നുള്ളിൽ ചെന്നു എല്ലാടവും നോക്കി. എന്നാൽ അദ്ദേഹത്തെ കണ്ടെത്തുമില്ല. ഉടനെ അവർ ആ അത്ഭുതവൃത്താന്തം ശുദ്ധോദനരാജാവിനെ അ

റിയിച്ചു. രാജാവാകട്ടെ, അത്ഭുതവിവശനായി. അനന്തരം, സിദ്ധാൎത്ഥന്റെ മനസ്സിന്നു വിരക്തിവരാതിരിപ്പാനായി മുമ്പേത്തേതിലധികം സന്തോഷം ഉണ്ടാകുവാനുള്ള ഏൎപ്പാടുകൾ ചെയ്യാനും പടിവാതില്ക്കൽ മുമ്പേത്തേതിൽ ഇരട്ടി കാവല്ക്കാരെ നിൎത്തുവാനും കല്പിച്ചു. എന്നാലും,

'ദൈവഗതിക്കഥവാ ഭുവനേസ്മിൻ
നൈവ കവാടനിരോധമൊരേടം.'

അനന്തരം ചിന്താകുലനായ സിദ്ധാൎത്ഥന്നു ലോകം മുഴുവനും കാരുണ്ണമെന്നും, നഷ്ടകഷ്ടങ്ങളിൽ അകപ്പെട്ടന്നതുകൊണ്ടു സുഖമായി ജീവനം കഴിപ്പാനിടവരാത്തവരായ മനുഷ്യരുടെ ജീവിതാവസ്ഥയെ കണ്ടറിയേണമെന്നും, ആഗ്രഹമുണ്ടായി. അതിലേക്കു ശുദ്ധോദനരാജാവിന്റെ സമ്മതം വാങ്ങുവാനായി രാജാവിന്റെ അടുക്കൽചെന്നു് സിദ്ധാൎത്ഥൻ ഇങ്ങിനെ അറിയിച്ചു:—"പിതാവെ! അങ്ങുന്നു് എന്റെമേലുള്ള വാത്സല്യംനിമിത്തം സാധാരണ കാൎയ്യകളേയും ജനങ്ങളുടെ ദുൎദ്ദശകളേയും എന്റെ ദൃഷ്ടിയിൽ നിന്നു മറച്ചുവെക്കേണമെന്നും എന്നെ സന്തോഷിപ്പിപ്പാനായി എല്ലാവരും സന്തോഷഭാവത്തോടുകൂടി ഇരിക്കേണമെന്നും പട്ടണമെല്ലാം അലങ്കരിക്കേണമെന്നും കല്പിച്ചിട്ടുണ്ടായിരുന്നുവല്ലൊ. എന്നാലും ആ കാൎയ്യ അവരുടെ സാധാരണ ദിനചൎയ്യയല്ലെന്നു ഞാൻ മനസ്സിലാക്കി. അച്ഛനായ അങ്ങേക്കും പൌരന്മാരായ രാജ്യനിവാസികൾക്കും ഞാൻ ഇഷ്ടപ്പെട്ടവനാണെങ്കിൽ നമ്മുടെ പ്രജകളുടെ സാധാരണ സമ്പ്രദായത്തേയും പ്രവൃത്തികളേയും യഥാൎത്ഥസ്ഥിതിയിൽ എനിക്കു കാണിച്ചുതരണം. കോട്ടക്കു പുറത്തുള്ള സ്ഥലങ്ങളിൽ ഇഷ്ടംപോലെ സഞ്ചരിപ്പാനായി എനിക്കു സമ്മതം തരണം. അങ്ങിനെ ചെയ്താൽ ഞാൻ ഇപ്പോഴത്തെക്കാൾ അധികം മനസ്സമാധാനമുള്ളവനായിട്ടോ, അല്ലാത്തപക്ഷം അധികം അറിവുള്ളവനായിട്ടോ, മടങ്ങിവരാം. എനിക്കു നാളെത്തന്നെ പോവാൻ

സമ്മതം തരണെ"—ഇതുകേട്ടു രാജാവു സഭയിൽ ഇപ്രകാരം
പ്രസ്താവിച്ചു: "എൻെറ പുത്രന് ആദ്യത്തെ യാത്രയിലുണ്ടായ
ദോഷം രണ്ടാമത്തെ യാത്രകൊണ്ടു തീരാനനുമതി. അതുകൊ
ണ്ടു എൻെറപുത്രൻ അവൻെറ ഇഷ്ടംപോലെ എല്ലാം കാണ
ട്ടെ. അതിനുശേഷം അവൻെറ സ്ഥിതി എന്താണെന്നു എ
ന്നെ അറിയിക്കുക."

പിറേറന്നു മദ്ധ്യാഹ്നത്തിൽ സിദ്ധാൎത്ഥൻ ഛന്ദകനോടുകൂ
ടി രാജമുദ്രയും കാണിച്ച് പടികടന്നു പുറത്തേക്കുപോയി. വാ
തില്ക്കൽ നിന്നിരുന്ന കാവല്ക്കാരാവട്ടെ, കച്ചവടക്കാരൻെറ വേ
ഷത്തിൽപോയതു സിദ്ധാൎത്ഥനാണെന്നും, ഗൃഹസ്ഥൻെറ വേഷ
ത്തിൽപോയതു സാരഥിയായ ഛന്ദകനാണെന്നും അറിഞ്ഞ
തേയില്ല. രാജകുമാരനും സാരഥിയും സാധാരണനിരത്തിൽകൂടി
കാൽനടയായി, പുരവാസികളുടെ കൂട്ടത്തിൽ ഇടകലൎന്ന്, പട്ട
ണത്തിലുള്ള സുഖദുഃഖങ്ങളെ കണ്ടുകൊണ്ടു സഞ്ചരിച്ചു. ഉച്ചസ
മയത്തു കോലാഹലശബ്ദങ്ങളാൽ നിറഞ്ഞിരിക്കുന്ന വിചിത്ര
തെരുവീഥികളെയും, വില്ക്കുവാനുള്ള ചരക്കുകളുടെ ഇടയിൽകാ
ലിന്മേൽ കാൽവെച്ച് ഇരിക്കുന്ന കച്ചവടക്കാരെയും സാമാന
ങ്ങൾ വാങ്ങുവാൻ മുണ്ടിൻെറ തലക്കൽ പണം കെട്ടിക്കൊണ്ടു
നടക്കുന്ന ജനങ്ങളെയും, സാമാനങ്ങളുടെ വില പിശകിക്കൊ
ണ്ടു നില്ക്കുന്നവരെയും, ജനമദ്ധ്യത്തിൽകൂടി സാമാനവണ്ടികൾ
പോവാനായി വണ്ടിക്കാർ വഴി, വഴി, എന്നു നിലവിളിക്കുന്ന
ശബ്ദങ്ങളേയും, പല്ലക്കു ചുമലിലെടുത്തു മൂളിക്കൊണ്ടു വരുന്നവ
രെയും, വെയിലത്തു ബുദ്ധിമുട്ടി ചുമടെടുത്തു നടക്കുന്ന കൂലിക്കാ
രേയും, ജലകുംഭം തലയിലും കുട്ടിയെ ഒക്കിലും എടുത്തുകൊണ്ടു
പോകുന്ന സ്ത്രീകളെയും, ഈച്ചകൊണ്ടു നിറഞ്ഞ മിഠായി പീ
ടികകളേയും, വസ്ത്രങ്ങൾ നെയ്യുന്ന നെയ്ത്തുകാരെയും, തിരിക
ല്ലുകളിൽ ഗോതമ്പു മുതലായവ പൊടിക്കുന്നതിനെയും, എ
ച്ചിൽ തിന്നുവാൻ കലമ്പൽകൂട്ടുന്ന നായ്ക്കളെയും, ഇരുമ്പുകവ

ചമുണ്ടാക്കുന്നവരെയും, ഇരുമ്പു പഴുപ്പിച്ചുകൊണ്ടിരിക്കുന്ന കൊല്ലന്മാരെയും, കുട്ടികൾ ഗുരുവിന്നു ചുററും അർദ്ധചന്ദ്രാകൃതിയിൽനിന്നു മന്ത്രാദികൾ ഉച്ചരിക്കുന്ന പാഠശാലകളെയും, പച്ച മഞ്ഞ, റോസ്, മുതലായ വർണ്ണത്തിലുള്ള ചായങ്ങളിൽ ഉത്തരീയങ്ങൾ മുക്കി ഉണക്കുന്നവരെയും, വാളും പരിചയുമെടുത്തു കിലുകിലശബ്ദത്തോടെ നടക്കുന്ന പട്ടാളക്കാരേയും, ഒട്ടകത്തിന്റെ പുറത്തിരുന്ന് ആടിയാടിക്കൊണ്ടു പോകുന്ന ഉഷ്ട്രപാലന്മാരേയും, ഗൌരവമേറിയ ബ്രാഹ്മണരെയും, പരാക്രമികളായ ക്ഷത്രിയരെയും, പ്രയത്നിച്ചു ക്ലേശിക്കുന്ന ശൂദ്രരേയും, പാമ്പാട്ടികൾ പലവിധ പാമ്പുകൾ ആട്ടുന്നതിനെയും, പുതിയതായി കല്യാണംകഴിഞ്ഞ വധൂവരന്മാരെ കുതിരപ്പുറത്തുകയററി വാദ്യഘോഷത്തോടെ കൊണ്ടുപോകുന്നതിനെയും, മൂശാരികൾ വിളക്കുകളും കിണ്ടികളും ഉണ്ടാക്കുന്നതിനെയും, ദൂരദേശത്തു പോയിരിക്കുന്ന ഭർത്താവു മടങ്ങിവരേണമെന്നോ സന്താനമുണ്ടാവേണമെന്നോ പ്രാർത്ഥിക്കുവാനായി ഭക്തിശ്രദ്ധയോടുകൂടി ക്ഷേത്രത്തിലേക്കു പോകുന്ന സ്ത്രീകളേയും, മററു കണ്ടുകൊണ്ട്, ക്ഷേത്രഗോപുരത്തിന്നടുക്കൽക്കൂടി നഗരപ്രാന്തത്തിലുള്ള പുഴയുടെപാലത്തിലേക്കു നടന്നു. അപ്പോൾ ആ വഴിയിൽനിന്നു ദീനസ്വരത്തിൽ ആരോ പറയുന്നതു കേട്ടു: "അയ്യോ യജമാനന്മാരെ! എന്നെ സഹായിക്കണെ. എന്നെ ഒന്നെഴുന്നേല്പിക്കണെ. അല്ലെങ്കിൽ ഞാൻ ഇപ്പോൾ മരിച്ചുപോകും."—എന്ന് ഒരാൾ നിലവിളിക്കുകയായിരുന്നു. കഠിനമായ മഹാമാരി പിടിപെട്ട് ക്ഷീണത്താൽ ദേഹം വിറച്ച്കൊണ്ടു പൂഴിയിൽ കിടന്നുരുണ്ടിരുന്ന ഒരു വൃദ്ധനായിരുന്നു അവൻ. നിലത്തു വീണു മുറിഞ്ഞതായ മുറികളിൽനിന്നു രക്തം ഒഴുകിക്കൊണ്ടിരുന്നു. അവന്റെ ദേഹമാസകലം വിയർത്തിരുന്നു. കഠിനമായ വേദനയാൽ വായ ഒരു ഭാഗത്തേക്കു കോടിയിരുന്നു. പ്രാണവേദനകൊണ്ടു ദൃഷ്ടികൾ കീഴ്പ്പട്ട് ആണ്ടുപോയിരുന്നു. അവൻ വളരെ ബുദ്ധിമുട്ടി ഒരു പുല്ലൊ

ടി പിടിച്ചെഴുന്നീല്പാൻ ഭാവിച്ചു. പക്ഷെ എഴുനിററപ്പോൾ പിന്നെയും താഴത്തുവീണു. അപ്പോൾ അവൻ ക്ഷീണം കൊണ്ടും ഭയംകൊണ്ടും, "അയ്യോ ഗുണമുള്ളയവരെ! എന്നെ ഒന്നു സഹായിക്കണെ. എനിക്കു വേദന സഹിപ്പാൻ വയ്യാതായെ" എന്നു പറഞ്ഞു അതുകേട്ട ക്ഷണത്തിൽ സിദ്ധാൎത്ഥൻ ഓടിച്ചെന്ന്, കഷ്ടാവസ്ഥയിൽ കിടക്കുന്ന ആ കിഴവനെ തന്റെ മൃദുപാണികളിൽ എടുത്തു പൊന്തിച്ച്, ഏററവും അനുകമ്പയോടെ തന്റെ മടിയിൽ കിടത്തി; തന്റെ സ്പൎശത്താൽ ആശ്വാസപ്പെടുന്ന ആ രോഗിയോടു ചോദിച്ചു: "അല്ലയോ സഹോദരാ! എഴുനീല്പാൻ കഴിയില്ലെ? എന്തു സുഖക്കേടാണ്?"—അനന്തരം ഛന്ദകനോടു ചോദിച്ചു: ഛന്ദകാ! ഇദ്ദേഹത്തിന് എന്തുപദ്രവമാണ്? ഇവൻ ബുദ്ധിമുട്ടിനെടുവീൎപ്പിട്ട് കരയുന്നതെന്തിനാണ്? സംസാരിപ്പാൻ ബുദ്ധിമുട്ടുന്നതെന്തുകൊണ്ടാണ്?"—മറുവടിയായി ഛന്ദകൻ പറഞ്ഞു;—"രാജകുമാരാ! ഇവന്ന് എന്തോ ഒരു ഭയങ്കരരോഗം പിടിപെട്ടിരിക്കുന്നു. ഇവന്റെ നാഡികളെല്ലാം തളൎന്നിരിക്കുന്നു. രക്തം വളരെ ദുഷിച്ചിരിക്കുന്നു. ഈ വൃദ്ധന്റെ ഹൃദയം വളരെ സാവധാനമായിട്ടെ അടിക്കുന്നുള്ളു. ഇവന്റെ ദേഹത്തിലുള്ള ഞരമ്പുകൾ അയഞ്ഞ ഞാണെന്നപോലെ തളൎന്നിരിക്കുന്നു. സകല അവയവങ്ങളുടെയും ശക്തി കുറഞ്ഞിരിക്കുന്നു. പൌരുഷത്തിന്റെ യോഗ്യതയെല്ലാം പൊയ്പോയിരിക്കുന്നു. സങ്കടം പിടിച്ചുടക്കുവാൻവേണ്ടി അവൻതന്നെ ബുദ്ധിമുട്ടുന്നതു നോക്കു. പല്ലുകടിച്ചു കണ്ണുകൾ ഉരുട്ടി മിഴിക്കുന്നതുനോക്കു. പുകയിലകപ്പെട്ടതുപോലെ ശ്വാസം വിടുവാൻ ബുദ്ധിമുട്ടുന്നതു നോക്കു. ഇപ്പോൾ ഇവന്നു മരിച്ചാൽ കൊള്ളാമെന്നുണ്ട്. എന്നാൽ ആ ഭയങ്കരരോഗം അതിന്റെ ശക്തി മുഴുവനും ഇവനിൽ കാണിച്ച് ഇവന്റെ നാഡി ഞരമ്പുകളെയെല്ലാം കൊന്നല്ലാതെ ഇവനെ മരിപ്പാൻ സമ്മതിക്കുന്നതല്ല. ആ കഠിനരോഗം ഇവന്റെ എല്ലിനെ തരിപ്പിക്കുകയും നാഡിഞരമ്പുകളെ

പൊട്ടിക്കുകയും ചെയ്യുതിന്നു ശേഷമെ ഇവനെ വിട്ടുപോവുകയുള്ളൂ. അല്ലയൊ രാജകുമാരാ! അങ്ങുന്ന് അവനെ മടിയിൽ കിടത്തുന്നതു നന്നല്ല. ആ ഉപദ്രവം അങ്ങെക്കുംകൂടിബാധിച്ചുവെന്നുവരാം."

രാജകുമാരൻ:—(രോഗിയെ സമാധാനിപ്പിച്ചുകൊണ്ടു)—"ഛന്ദകാ! ഇപ്രകാരമുള്ള ഭയങ്കരരോഗം ഇവന്നുമാത്രം വന്നതോ, ലോകത്തിൽ സാധാരണയായി എല്ലാമനുഷ്യൎക്കും വരുന്നതോ? എനിക്കും ഒരുകാലത്തു ഇതുപോലെ വന്നുകളയുമോ?"

ഛന്ദകൻ—"പ്രഭോ! രോഗം എന്നുള്ളത് സൎവ്വസാധാരണമാണ്. പക്ഷെ പലൎക്കും പലവിധത്തിലാണ് വരുന്നത്. വാതം പിത്തം, കഫം മുതലായ ത്രിദോഷകോപങ്ങൾ, പലവിധ പൊറികൾ, കുഷ്ഠം, ക്ഷയം, മലമ്പനി മുതലായ ജ്വരങ്ങൾ, നീൎദ്ദോഷങ്ങൾ, പ്രമേഹം മുതലായ സകല വ്യാധികളും ദേഹധൎമ്മങ്ങളായതുകൊണ്ടു എല്ലാ ദേഹങ്ങളിലും ബാധിക്കുന്നതാകുന്നു."

സിദ്ധാൎത്ഥൻ—"എന്നാൽ ഈവക രോഗങ്ങൾ മനുഷ്യർ അറിയാതെതന്നെ വന്നുകളയുമോ?"

ഛന്ദകൻ—"മനുഷ്യരെ അറിയാതെ വന്നു കടിക്കുന്ന സൂത്രജ്ഞനായ സൎപ്പത്തെപ്പോലെയും, കാട്ടുവഴിയിൽക്കൂടി പോകുന്ന വഴിയാത്രക്കാരെ അവർ അറിയാതെ തൽക്ഷണം പൊന്തുകളിൽനിന്നു ചാടിവന്ന് കൊല്ലുന്ന നരികളെപ്പോലെയും, ദൈവഗതിക്കനുസരിച്ച് ചിലരുടെമേൽ വീഴുകയും ചിലരുടെമേൽ വീഴാതിരിക്കുകയും ചെയ്യുന്ന ഇടിമിന്നലിനെപ്പോലെയും, ഈ രോഗങ്ങൾ മനുഷ്യരുടെ കൎമ്മഗതിക്കനുസരിച്ചു ദേഹങ്ങളിൽവന്നു ബാധിക്കുന്നതാകുന്നു."

സിദ്ധാൎത്ഥൻ—"എന്നാൽ ഈ ലോകരെല്ലാം ഈ രോഗങ്ങളെ എപ്പോഴും ഭയപ്പെട്ടുകൊണ്ടുതന്നെയോ ഇരിക്കുന്നത്?"

ഛന്ദകൻ—"അതെ. പ്രഭോ! ലോകരെല്ലാം പേടിച്ചുതന്നെയാണ് വസിക്കുന്നത്."

സിദ്ധാൎത്ഥൻ—"ഇന്നു രാത്രി സുഖമായി കിടന്നുറങ്ങുന്നു; 'നാളെ രാവിലെ സുഖമായി എഴുനീല്ക്കും'—എന്ന് ആൎക്കും ഉറപ്പു പറവാൻ പാടില്ല, അല്ലെ?"

ഛന്ദകൻ—"പ്രഭോ! ഇല്ല. ഉറപ്പുപറവാൻ പാടുള്ളതേ അല്ല."

സിദ്ധാൎത്ഥൻ—"ആരുമറിയാതേയും അതിൻെറ ഇഷ്ടംപോലെയും വരുന്നതായ ഈ രോഗത്തിൻെറ പ്രവൃത്തി ശരീരത്തെ ജീൎണ്ണിപ്പിക്കുകയും മനസ്സിനെ സങ്കടപ്പെടുത്തുകയും ജരാവസ്ഥയിൽ അവസാനിപ്പിക്കയുമാണൊ?"

ഛന്ദകൻ—"മനുഷ്യർ അത്ര കാലം ജീവിച്ചിരിക്കുന്നതായാൽ അങ്ങിനെ തന്നെ."

സിദ്ധാൎത്ഥൻ—"മനുഷ്യൎക്കു ഈ വേദനകളെ സഹിപ്പാൻ കഴിയാതാകയൊ, അതല്ലെങ്കിൽ വേദനകളെ സഹിച്ച് അവർ ഈ കിഴവനെപ്പോലെ വാൎദ്ധക്യപീഡിതരായി ഭവിക്കുകയൊ ചെയ്താൽ, അവസാനമെന്താണ്?"

ഛന്ദകൻ—"പ്രഭോ!അവസാനംഅവർമരിച്ചുപോവുകതന്നെ"

സിദ്ധാൎത്ഥൻ—"മരിച്ചുപോവുകയൊ?"

ഛന്ദകൻ—"അതെ. മനുഷ്യൎക്ക് ഏതെങ്കിലുമൊരു കാരണത്താൽ എപ്പോഴെങ്കിലുമൊരു സമയത്തു മരണം സംഭവിച്ചേതീരു. ചിലർ വളരെക്കാലം ജീവിച്ചിരുന്നു മരിച്ചുവെന്നും വരാം. ചിലർ ചെറുപ്പത്തിൽതന്നെ രോഗമനുഭവിച്ചു മരിച്ചുവെന്നും വരാം—ഇതാ നോക്കു! ഒരു ശവത്തെകൊണ്ടുവരുന്നു. മരണം എന്നുവെച്ചാൽ ഇതാണ്."

സിദ്ധാൎത്ഥൻ തിരിഞ്ഞുനോക്കി ദുഃഖിതരായ ഒരു കൂട്ടം ജനങ്ങൾ നദീതീരത്തേക്കു ബദ്ധപ്പെട്ടു വരുന്നതും മുമ്പിൽ ഒരാൾ തീ കത്തിച്ചിട്ടുള്ള ഒരു മൺചട്ടി കൈയിൽ തൂക്കിക്കൊണ്ടു നടക്കുന്നതും അവൻെറ പിന്നാലെ, "അയ്യോ! എൻെറ ജ്യേഷ്ഠാ! അയ്യോ! രാമ രാമ!" എന്നിങ്ങിനെ പറഞ്ഞു ചിലർ കരഞ്ഞു കണ്ണീർ തൂകുന്നതും അതിൻെറപിന്നാലെ പച്ചമുളകൊണ്ടുണ്ടാ

ക്കിയ ഒരു പാടയിൽ, വിറങ്ങലിച്ച് ദൃഷ്ടിയില്ലാതെ, ഭയങ്കരമായ ഒരു ശവത്തെ എടുത്തുകൊണ്ടു നദീതീരത്തിൽ തയ്യാറാക്കിയിരുന്ന ചിതയിൽ കൊണ്ടുപോയി വെക്കുന്നതും, ആ ശവത്തിന്മേൽ വിറകടുക്കുന്നതും അതിൽ നാലുഭാഗത്തും കൊള്ളിവെക്കുന്നതും, ആ തീ പത്തുക്കെ കത്തിപ്പിടിച്ച് ആ ദേഹം മുഴുവനും ഭസ്മമാക്കുന്നതും കണ്ടു. അതെല്ലാം കണ്ട് സിദ്ധാർത്ഥൻ അസ്വസ്ഥഹൃദയനായി, "അല്ലയോ ഛന്ദകാ! എല്ലാ മനുഷ്യരുടേയും അവസാനം ഇപ്രകാരം തന്നെയോ?"—എന്നു ചോദിച്ചു.

ഛന്ദകൻ—"അതേ പ്രഭോ! എല്ലാവരുടേയും അവസാനം ഇങ്ങിനെതന്നെ. ഇപ്പോൾ ഭസ്മമായിപ്പോയ ഈ മനുഷ്യനും മറ്റുള്ളവരെപ്പോലെ ഭക്ഷണാദികൾ കഴിച്ചിരുന്നു; ഭാര്യാപുത്രാദികളെ സ്നേഹിച്ചു സുഖിച്ചിരുന്നു; ജീവിതത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. ഇവൻ ഇപ്പോൾ മരിച്ചത് വഴിയിൽ ഇടറി വീണിട്ടോ, കുളത്തിൽ വഴുതി വീണിട്ടോ, പാമ്പു മുതലായ ദുഷ്ടജന്തുക്കൾ കടിച്ചിട്ടോ, ആനയോ മറ്റോ തറച്ചിട്ടോ, പനി മുതലായ രോഗങ്ങൾകൊണ്ടോ, ആഹാരാദികളിൽ വല്ലതും തടഞ്ഞിട്ടോ, തലയിൽ ഓടോ മറ്റോ വീണിട്ടോ, ആയിരിക്കാം. ഇപ്പോൾ അവനു വിശപ്പാകട്ടെ, സുഖദുഃഖങ്ങളാകട്ടെ, ഉഷ്ണമോ തണുപ്പോ ആകട്ടെ, ഒന്നുമില്ല. ഇവന്റെ മാംസം വെന്തുപോകുന്നതുകൂടി ഇവൻ അറിയുന്നില്ല. ഇവൻ സ്നേഹിച്ചിരുന്ന ബന്ധുക്കൾ ഇപ്പോൾ കരയുന്നു; കുറേ നേരം കഴിഞ്ഞാൽ അതും നില്ക്കും. ഈ ശവം ചുട്ടു ഭസ്മമാക്കീട്ടില്ലെങ്കിൽ അതിനെ ക്രിമികൾ തിന്നു തീൎക്കും. അല്ലയോ പ്രഭോ! ഇതാണ് എല്ലാ മനുഷ്യരുടേയും ഗതി. ഉന്നതപദവിയിലുള്ളവരും നികൃഷ്ടസ്ഥിതിയിലുള്ളവനും ഉത്തമനും അധമനും മരിക്കാതെ കഴിയുന്നതല്ല, തീർച്ചതന്നെ. എന്നാലോ, പിന്നെയും എവിടെയെങ്കിലും ജനിക്കുക; എങ്ങിനെയെങ്കിലും ഇരിക്കുക; രോഗാദികൾ അ

നഭവിക്കുക; പിന്നെയും ഇങ്ങിനെ ഭസ്മമായി പോവുക. ഇ പ്രകാരമാകുന്നു മനുഷ്യർ സംസാരചക്രത്തിൽ വട്ടം ചുററു ന്നത്."

ഇതെല്ലാം കേട്ട സിദ്ധാൎത്ഥൻ കണ്ണുനീരോടുകൂടി ആകാ ശത്തെക്കു നോക്കി; ഉടൻ, ഏററവും അനുതാപത്തോടുകൂടി ഭൂ മിയെ നോക്കി; ഭൂമിയേയും ആകാശത്തേയും കൂട്ടിച്ചേൎക്കുന്നതാ യ എന്തോ ഒരു സാധനത്തെ തിരയുന്നതുപോലെ പിന്നെയും പിന്നെയും ആകാശത്തെയും ഭൂമിയെയും നോക്കിക്കൊണ്ടു നി ല്ക്കയും ചെയ്തു. അനന്തരം, അതിസ്നേഹത്തെയും അളവററതാ യും അനിൎവ്വചനീയമായുമുള്ള വിശ്വാസത്തെയും പ്രദൎശിപ്പിക്കു ന്ന മുഖഭാവത്തോടുകൂടി ഇപ്രകാരം പറഞ്ഞു:—"ഓ! ദുഃഖത്തി ൽ കിടക്കുന്ന ലോകമെ! ജനനമരണമാകുന്ന വലയിൽ പെട്ട ബുദ്ധിമുട്ടുന്നവരും ഞാൻ അറിയാത്തവരും അറിഞ്ഞവരുമായ എന്നെപ്പോലെയുള്ള മനുഷ്യരെ! ലോകത്തിലുള്ള കഷ്ടാധിക്യ ത്തെയും, സന്തോഷങ്ങളുടെ നിസ്സാരതയെയും, ഭൂമിയിൽ ഏ ററവും ശ്രേഷ്ഠമെന്നു പറയപ്പെടുന്നവയുടെ നിരൎത്ഥതയെയും, അതിലുള്ള കഷ്ടങ്ങളുടെ കാഠിന്യത്തെയും, ഇതാ ഞാൻ കണ്ട റിയുന്നു. സന്തോഷം സങ്കടത്തിലും; സ്നേഹം വിയോഗത്തിലും; യൌവ്വനം വാൎദ്ധക്യത്തിലും; ജീവിതം മരണത്തിലും; മരണം ന മുക്കറിവാൻ കഴിയാത്തതായ പുനൎജ്ജനനത്തിലും, പൎയ്യവസാ നിക്കുന്നു. പുനൎജ്ജനനങ്ങളാകട്ടെ, വ്യാജമായുള്ള സന്തോഷങ്ങ ളെയും, വ്യാജമല്ലാത്ത ദുഃഖങ്ങളെയും, അനുഭവിപ്പിപ്പാൻ വേ ണ്ടി നമ്മളെ ഇടവിടാതെ തിരിയുന്ന ചക്രത്തിൽ തന്നെ കയററുന്നു. ഈ അനിത്യസുഖം എന്നെക്കൂടി ചതിച്ചു ക ളഞ്ഞു. ജീവിതം വളരെ സുഖമുള്ളതാണെന്നും, എപ്പോ ഴും മാററം കൂടാതെ ഒഴുകുന്ന സന്തോഷ നദിയാണെ ന്നും, എനിക്കു തോന്നിപ്പോയി. എന്നാൽ ഈ സന്തോ ഷനദിയിലുള്ള നിൎമ്മല തിരമാലകൾ ഭാൎയ്യാപുത്രാദികളാ

യ ഉദ്യാന മൈതാനങ്ങളിൽ കൂടി തുള്ളിക്കളിച്ച് ഒഴുകി, അവസാനം ദുഃഖമെന്ന ലവണമയമായ സമുദ്രത്തിൽചെന്നു ചാടുന്നു എന്റെ ദൃഷ്ടിയെ മറച്ചിരുന്ന മൂടുപടം ഇതാ കീറി ത്തെറിച്ചു. ദുഃഖനിവൃത്തിക്കായി തങ്ങളുടെ ദൈവങ്ങളെ പ്രാൎത്ഥി ക്കുന്നവരും, എത്രതന്നെ പ്രാൎത്ഥിച്ചാലും ദൈവങ്ങളാൽ ഗണ്യ മാക്കപ്പെടാത്തവരുമായ ഈ മനുഷ്യരെപ്പോലെ തന്നെയാകുന്നു ഞാനും. എങ്കിലും, എനിക്കും ലോകത്തിലുള്ള എല്ലാവൎക്കും ദുഃഖ മോചനത്തിന്ന് ഒരു മാൎഗ്ഗമുണ്ടായിരിക്കണം. ദുഃഖത്തിൽ പെട്ടു കരയുന്ന ജനങ്ങളെ സഹായിപ്പാനുള്ള ശക്തി ദൈവങ്ങൾക്കി ല്ലെന്നു തോന്നുന്നു. പക്ഷെ അവർ മനുഷ്യരെപ്പോലെതന്നെ ത ങ്ങളുടെ സഹായത്തിന്നായി ആരെങ്കിലും പ്രാൎത്ഥിച്ചുകൊണ്ടിരി ക്കുന്നുവെന്നും വരാം. എന്നെക്കൊണ്ടു രക്ഷപ്പെടുത്തുവാൻ കഴി യുന്ന ഒരു ജീവിയെപ്പോലും ദുഃഖിപ്പിപ്പാൻ ഞാൻ സമ്മതിക്ക യില്ല. ബ്രഹ്മാവ് ഈ ലോകത്തെ സൃഷ്ടിച്ചിട്ട് അതിലുള്ള ജീവി കളെ താൻതന്നെ ദുഃഖിപ്പിക്കുന്നു എന്നു വരുമോ? സൃഷ്ടിക്കുവാ ൻ ശക്തനാണെങ്കിൽ രക്ഷിപ്പാനും ശക്തനായിരിക്കില്ലേ? സ ൎവ്വശക്തനായിരുന്നിട്ടും ആ ദൈവം ജനങ്ങളെ ദുഃഖിപ്പിക്കുന്ന തായാൽ, അദ്ദേഹം യോഗ്യനല്ല, തീൎച്ചതന്നെ. സൎവ്വശക്തന ല്ലെങ്കിലൊ, അദ്ദേഹം ദൈവവുമല്ലല്ലൊ."—ഇങ്ങിനെ പറ ഞ്ഞ്, ഛന്ദകനോട്, "ഛന്ദകാ! ഞാൻവേണ്ടതു കണ്ടു; കണ്ടതു മതി. ഇനി മടങ്ങുക"—എന്നു കല്പിച്ചു,

രണ്ടുപേരും വിശ്രമവനത്തിൽ മടങ്ങിയെത്തി. ഈ വൎത്ത മാനമൊക്കെ അറിഞ്ഞ് ശുദ്ധോദനരാജാവ്, ഗുണപ്രദമായി വ രുമെന്നു വിചാരിച്ചിരുന്ന പുത്രന്റെ യാത്ര ദോഷപ്രദമായി ക ലാശിച്ചതിനാൽ ഏററവും ദുഃഖിതനായി; പടിവാതില്ക്കൽ മു മ്പെത്തേക്കാൾ മൂന്നിരട്ടി കാവല്ക്കാരെ വെച്ചു; സ്വപ്നപ്രകാരമു ള്ള ഏഴു ദിവസം കഴിയുന്നതുവരെ വിശ്രമവനത്തിന്റെ അക ത്തേക്കൊ പുറത്തേക്കൊ ആരും കടന്നുപോകരുതെന്നു നിൎബ്ബ ന്ധമായി കല്പിക്കയും ചെയ്തു.

# നാലാമദ്ധ്യായം.

സന്ന്യാസി പറഞ്ഞപ്രകാരം ഏഴാമത്തെ ദിവസം ബുദ്ധൻ സംസാരത്തെ ത്യജിച്ചു പുറപ്പെട്ടു. രാജധാനിയിലെങ്ങും കരച്ചലായി. വിശേഷിച്ചു ശുദ്ധോദനനും പ്രജകൾക്കും വളരെ ദുഃഖമുണ്ടായി. എന്നാൽ, ലോകത്തിലുള്ള ജനങ്ങൾക്കെല്ലാം ദുഃഖനിവൃത്തിയും നിൎവ്വാണമാൎഗ്ഗത്തിലെത്തുന്നതിന്നുള്ള ധൎമ്മതത്വവും ലഭിച്ചു.

നമ്മുടെ നാട്ടിൽ മാങ്ങ പഴുക്കുന്ന കാലവും, അശോകവൃക്ഷം പുഷ്പിക്കുന്ന കാലവും, ശ്രീരാമന്റെ ജന്മനക്ഷത്രം വരുന്ന കാലവുമായ ചൈത്രമാസത്തിൽ പൌൎണ്ണമിദിവസം രാത്രിസമയം എല്ലാവൎക്കും ആഹ്ലാദജനകമായിരിക്കുമല്ലോ. അങ്ങിനെയുള്ള രാത്രിയാകട്ടെ, വസന്തൎത്തുവിലെ പുഷ്പങ്ങളുടെ സൌരഭ്യത്തോടുകൂടിയും, ആകാശത്തിൽ രത്നതുല്യങ്ങളായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രങ്ങളോടുകൂടിയും, ഹിമാലയപൎവ്വതത്തിൽനിന്നു വരുന്ന മന്ദമാരുതനോടുകൂടിയും, വിശ്രമവനത്തിലും വന്നുചേൎന്നു. ചന്ദ്രൻ കിഴക്കുഭാഗത്തുള്ള പൎവ്വതശിഖരങ്ങളിൽ ഉഴിഞ്ഞാലാടി രോഹിണീനദിയിൽ പ്രതിബിംബിച്ചുകൊണ്ടും, കുന്നുകളിലും താഴ്വരകളിലും എന്നുവേണ്ടാ, സകല ദിക്കുകളിലും ശീതരശ്മികളെ വ്യാപിച്ചുകൊണ്ടും, മേലോട്ടു പൊങ്ങി ആകാശമദ്ധ്യത്തിലെത്തിയപ്പോൾ, വിശ്രമ വനത്തിലുള്ള രാജമന്ദിരത്തിന്റെ മേൽപുരകൾ ഹിമരശ്മിയാൽ വെള്ളിപോലെ പ്രകാശിച്ചുകൊണ്ടിരുന്നു. സ്ഫടികക്കല്ലുകൊണ്ടുണ്ടാക്കിയ രാജഗൃഹഭിത്തികളിൽ പ്രതിഫലിക്കുന്ന ശുഭ്രരശ്മികൾ വെണ്ണക്കല്ലുകൊണ്ടുണ്ടാക്കിയ നിലങ്ങളിലും, ആ നിലങ്ങളിൽ കിടന്നുറങ്ങുന്ന സുന്ദരയുവതികളിലും മനോഹരമായി വ്യാപിച്ചുകൊണ്ടിരുന്നു. ആ സമയത്തു പടിവാതില്ക്കൽ അങ്ങുമിങ്ങും നടക്കുന്നവരോടു കാവല്ക്കാർ രാജമുദ്ര ചോദിക്കുന്ന ശബ്ദ

വും അകലെ കാട്ടുകളിൽനിന്നു കുറുനരികളുടെ ശബ്ദവും, ഉദ്യാനത്തിൽനിന്നു ചെറുപക്ഷികളുടെ മധുരസ്വരവും ഒഴികെ മററു യാതൊരു ശബ്ദവും കേൾപ്പാനുണ്ടായിരുന്നില്ല. ലോകം മുഴുവനും നിശ്ശബ്ദമായി ഉറങ്ങിക്കൊണ്ടിരുന്നു. സിദ്ധാൎത്ഥനും യശോധരയും അവരുടെ രമ്യമായ ശയനഗൃഹത്തിൽ ദിവ്യതല്പത്തിൽ കിടന്നുറങ്ങുകയായിരുന്നു. ആ സമയത്ത് യശോധര പെട്ടെന്നുണൎന്ന് സിദ്ധാൎത്ഥനെ വിളിച്ചുണൎത്തി കരഞ്ഞുകൊണ്ട്, "അല്ലയൊ നാഥാ! എഴുനീല്ക്കുക"—എന്നു പറഞ്ഞു. സിദ്ധാൎത്ഥൻ, പരിഭ്രമിച്ച്, "പ്രിയതമെ! നിനക്കെന്താണ്?"—എന്നു ചോദിച്ചു. യശോധര, ഇററിററുവീഴുന്ന കണ്ണുനീരോടെ പറഞ്ഞു: "പ്രാണനാഥാ! ഇന്നു വൈകുന്നേരം എന്റെ ഗൎഭത്തിലുള്ള ശിശു നല്ലവണ്ണം ഇളകുവാൻ തുടങ്ങിയിരുന്നു. ഇനി വേഗം പ്രസവിച്ച് കുട്ടിയെ കാണാമെന്നുള്ള സന്തോഷത്താൽ ഞാൻ മതിമറന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ ഭയങ്കരമായ മൂന്നു സ്വപ്നങ്ങൾ കാണുകയുണ്ടായി. ആ ഭയംകൊണ്ട് എന്റെ ദേഹം ഇപ്പോഴും ഇതാ വിറച്ചുകൊണ്ടിരിക്കുന്നു. ആദ്യത്തെ സ്വപ്നമെന്തെന്നാൽ, വളഞ്ഞ കൊമ്പുള്ളതും ഏറെ വലുതുമായ ഒരു വെളുത്ത കാള അതിന്റെ ശിരസ്സിൽ, ആകാശത്തിൽനിന്നു വീണ നക്ഷത്രമോ എന്നു തോന്നുമാറ്, പാതാളത്തിൽ വെളിച്ചമുണ്ടാക്കുന്ന നാഗരത്നത്തെപ്പോലെ ശോഭയുള്ള ഒരു രത്നം വെച്ചുകൊണ്ട്, രാജവീഥികൾ തോറും പതുക്കെ നടക്കുന്നതു കണ്ടു. ആ സമയത്ത്, ആ കാളയെ പിടിച്ചുനിൎത്തീട്ടില്ലെങ്കിൽ പട്ടണത്തിന്റെ കീൎത്തി നശിച്ചുപോകുമെന്നു ദേവലോകത്തുനിന്ന് ഒരു അശരീരിവാക്കു കേട്ടു. എങ്കിലും അതിനെ പിടിച്ചുനിൎത്തുവാൻ ആരാലും കഴിഞ്ഞില്ല. അപ്പോൾ ഞാൻ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് എന്റെ കൈകളെ അതിന്റെ കഴുത്തിൽ കെട്ടി അമൎത്തി പിടിച്ചു നിൎത്തുവാൻ ശ്രമിക്കുകയും, അടുത്തുണ്ടായിരുന്ന കാവല്ക്കാരോടു ഗോ

പുരവാതിൽ അടെക്കുവാൻ പറയുകയും ചെയ്തു. എന്നാൽ ആ മദിച്ച കാള എന്റെ കൈയിൽനിന്നു ചാടി, പടിവാതിലുകളെ പൊളിച്ച്, കാവല്ക്കാരെ ചവിട്ടിത്തള്ളി പുറത്തേക്കു പോകയും ചെയ്തു. രണ്ടാമത്തെ സ്വപ്നം, മഹാമേരുപർവ്വതത്തിൽ വസിക്കുന്ന ദിക്പാലന്മാരെപ്പോലെ തേജസ്വികളായ നാലു ദിവ്യപുരുഷന്മാർ അവരുടെ പരിവാരങ്ങളോടുകൂടി ആകാശത്തിൽനിന്നിറങ്ങിവന്ന് നമ്മുടെ പട്ടണം മുഴുവൻ നിറയുകയും, ഗോപുരദ്വാരത്തിൽ നില്ക്കുന്ന ഇന്ദ്രന്റെ ധ്വജം അങ്ങോട്ടുമിങ്ങോട്ടുമാടി താഴത്തു വീഴുകയും ചെയ്യുന്നതും, അതിന്നു പകരം വെള്ളക്കമ്പികളിൽ ചുകന്ന രത്നങ്ങൾ കോർത്തുണ്ടാക്കിയ ഒരു ധ്വജം അവിടെ പൊങ്ങിവന്നു നില്ക്കുന്നതും കണ്ടു. രത്നങ്ങളുടെ പ്രഭയാൽ ധ്വജത്തിലുണ്ടായിരുന്ന സർവ്വജനസന്തോഷകരമായ വാചകങ്ങൾ വ്യക്തമായി കാണപ്പെട്ടിരുന്നു. ആ സമയത്ത് ഒരു മന്ദമാരുതൻ വന്ന് കൊടിക്കൂറയുടെ മടക്കുകളെ നല്ലവണ്ണം നിവർത്തിയതിനാൽ അതിലുള്ള വാചകങ്ങളെ സുവ്യക്തമാകുംവണ്ണം വായിക്കാറായി. അപ്പോൾതന്നെ പുഷ്പവൃഷ്ടിയും ഉണ്ടായി. ആ മാതിരി പുഷ്പങ്ങൾ ഭൂലോകത്തിൽ ഏതുദ്യാനത്തിലും കാണുന്നതല്ല."

സിദ്ധാർത്ഥൻ—"പ്രിയെ! ഇതുവരെ പറഞ്ഞതെല്ലാം കാണാൻ ഭംഗിയുള്ളതല്ലെ?"

യശോധര—"പ്രിയതമ! ഇതിന്റെ അവസാനത്തിൽ കാലം അടുത്തു, കാലം അടുത്തു, എന്നുള്ള ശബ്ദം ഇല്ലാതിരുന്നുവെങ്കിൽ, മേല്പറഞ്ഞവയെല്ലാം ഭംഗിയായിതന്നെയായിരുന്നു. ആ ശബ്ദം എനിക്കു മൂന്നാമത്തെ സ്വപ്നത്തെയും ഉണ്ടാക്കി. അതെന്തെന്നാൽ: കാലംഅടുത്തു എന്നുള്ള ശബ്ദത്തെ കേട്ട് ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ, നമ്മുടെ കിടക്കയിൽ അങ്ങയുടെ തലയണയും ഒരു വസ്ത്രവുംമാത്രമല്ലാതെ, എന്റെ ജീവിതസർവ്വസ്വമായ അങ്ങയെ കണ്ടില്ല. ഞാൻ ഭയപ്പെട്ടെ

ഴനീററു നോക്കിയപ്പോൾ അങ്ങയുടെ മുത്തുമാല എൻെറ ക
ഴുത്തിൽ ഒരു പാമ്പിനെപ്പോലെകിടക്കുന്നതും, എൻെറകൈ
യിലുള്ള വളകളും, കാലിലുള്ള തളകളും തലയിലുള്ള പുഷ്പ
ങ്ങളും താഴത്തു വീഴുന്നതും, നമ്മുടെ കട്ടിൽ ഭൂമിയിൽതാണു
പോകുന്നതും, കൊതുവല മുതലായതിനെ ആരോ കീറുന്നതും
കണ്ടു. അപ്പോൾ തന്നെ വളരെ ദൂരത്തുനിന്ന് വെളുത്ത കാള
മുക്കറയിടുന്നതു കേട്ടു. രത്നഖചിതമായ ധ്വജം ആടിക്കളിക്കു
ന്നതും കണ്ടു. തൽക്ഷണംതന്നെ, കാലം അടുത്തു, എന്നുള്ള
ശബ്ദം ഒരിക്കൽ കൂടികേട്ടു എൻെറ ദേഹത്തിൽ ഇപ്പോഴും
വിറയിലുണ്ടാക്കുന്നതായ ആ ശബ്ദംകേട്ടു ഞാൻ ഉണൎന്നു അ
ല്ലയോ നാഥാ! ഈ സ്വപ്നങ്ങളുടെ അൎത്ഥമെന്താണ്? ഒന്നു
കിൽ ഞാൻ മരിക്കുക, അല്ലെങ്കിൽ അതിനേക്കാൾ സങ്കടക
രമായ മറെറാന്നായിരിക്കണം, അതായത്, അങ്ങുന്ന് എ
ന്നെ ഉപേക്ഷിച്ചുപോയ്ക്കളയുക."

അതുകേട്ട്, സിദ്ധാൎത്ഥൻ, സൂൎയ്യാസ്തമയസമയത്തുള്ള അ
വസാനരശ്മിയെപ്പോലെ സൌമ്യമായ ദൃഷ്ടിയാൽ, യശോധര
യെ നോക്കി ഇപ്രകാരം സാന്ത്വനവാക്കുകൾ പറഞ്ഞു:—"പ്രി
യതമേ! നിശ്ചലമായിരിക്കുന്ന എൻെറ സ്നേഹത്തിൽ നിനക്കു
വിശ്വാസമുണ്ടെങ്കിൽ, ദുഃഖത്തെ നീക്കി സമാധാനപ്പെട്ടിരി
ക്കുക. നീ കണ്ട സ്വപ്നങ്ങൾ ഭാവിഫലങ്ങളുടെ സൂചകങ്ങളാ
ണെന്നിരിക്കലും, ദൈവങ്ങൾകൂട തങ്ങളുടെ സ്ഥാനത്തിൽനിന്ന്
ഇളക്കമുണ്ടെന്നിരിക്കിലും, ലോകത്തിന്നു രക്ഷാമാൎഗ്ഗം ലഭിപ്പാ
ൻ ഇടയുണ്ടെന്നിരിക്കിലും, എനിക്കും നിനക്കും എന്തുതന്നെ
സംഭവിച്ചാലും, ഞാൻ നിന്നെ ഇതുവരെ സ്നേഹിച്ചിരുന്നുവെ
ന്നും മേലിലും ഇതുപോലെതന്നെ സ്നേഹിച്ചിരിക്കുമെന്നും ദൃഢ
മായി വിശ്വസിക്കുക. ലോകത്തിലുള്ള ദുഃഖാവസ്ഥകളെ ഞാൻ
കണ്ടറിഞ്ഞതിന്നുശേഷം, ആ ദുഃഖനിവൃത്തിയെക്കുറിച്ചു കുറെ
ദിവസമായി ഞാൻ ആലോചിക്കുന്നതു നിനക്കറിയാമല്ലോ. എ

തേതുകാലങ്ങളിൽ ഏതേതു സംഭവിക്കേണമോ അതാതുകാലങ്ങളിൽ ആ അവസ്ഥകൾ സംഭവിക്കാതെ കഴികയില്ല. ഞാൻ ഇപ്പോൾ ആലോചിച്ചു ബുദ്ധിമുട്ടുന്നത് ഞാനറിയാത്തവരായ ജനങ്ങളുടെ ക്ഷേമമാൎഗ്ഗത്തെ കണ്ടു പിടിപ്പാനാകുന്നു. ഞാൻ സഹിക്കുന്ന ദുഃഖങ്ങൾ ഒന്നും എനിക്കുവേണ്ടിയല്ല; അവരുടെ ദുഃഖനിവൃത്തിയാൽ എന്റെ ജീവിതത്തെ സഫലമാക്കുന്നവരായ ജനങ്ങൾക്കുവേണ്ടിയാകുന്നു എന്റെ ആലോചനകളെല്ലാം. എനിക്ക് ഈ മാതിരി സന്തോഷം ഉണ്ടാവുന്നതായാൽ അതു നിനക്കുള്ളതല്ലേ? അല്ലയോ പ്രിയേ! രാജ്യത്തിൽ പലേടവും സഞ്ചരിച്ചു ലോകസ്ഥിതിയെ അറിഞ്ഞതിനാൽ ജനങ്ങളുടെ ദുഃഖനിവൃത്തിക്കായി ദീൎഘാലോചനകൾചെയ്തു എന്റെ മനസ്സു ബുദ്ധിമുട്ടിയാലും എന്റെ പ്രാണനായിരിക്കുന്ന നിന്റെ അടുക്കൽ വരുമ്പോൾ സന്തോഷമുഖത്തോടുകൂടിയെ വരാറുള്ളൂ. അതുകൊണ്ട്, ഇനി എന്തു സംഭവിച്ചാലും, മുക്കറയിട്ട ആ കാളയേയും, രത്നഖചിതമായ ആ ധ്വജത്തേയും മനസ്സിൽ എപ്പോഴും വിചാരിക്കുക. ഞാൻ ഇതുവരെ നിന്നെ നല്ലവണ്ണം സ്നേഹിച്ചിട്ടുണ്ട്. ഇതുപോലെതന്നെ ഇനിയും സ്നേഹിക്കുമെന്നു നീ നിശ്ചയിച്ചുകൊള്ളുക. ഞാൻ മററുള്ളവരുടെ ക്ഷേമത്തെ അന്വേഷിച്ചു നടക്കുന്നതെല്ലാം മുഖ്യമായും നിനക്കുവേണ്ടിയാകുന്നു. അതുകൊണ്ടു നീ സമാധാനിച്ചിരിക്കുക. ഇനിയും നിനക്കു വ്യസനം തോന്നുന്നതായാൽ, നമ്മുടെ സങ്കടംകൊണ്ടു ലോകത്തിൽ മുഴുവനും ക്ഷേമമുണ്ടാവുന്നുണ്ടെന്നു വിചാരിച്ചാശ്വസിക്കുക. എന്റെ സ്നേഹത്തിന്നു നിനക്ക് എന്തു ആശീൎവ്വാദം തരുവാൻ കഴിയുമോ അതെല്ലാം എന്റെ ഈ ആലിംഗനമുഖേന സ്വീകരിച്ചുകൊള്ളുക. ആരുമറിയാത്തതായ ഒരു സംഗതിയെ എന്റെ ഹൃദയത്തിൽനിന്നു നിന്റെ ഹൃദയത്തിലേക്ക് ഒരു ചുംബനമുഖേന എടുത്തുകൊള്ളുക. അതായത്:—ഞാൻ നിന്നെ ഏററവും സ്നേഹിച്ചുവന്നിരുന്നത് എ

ന്തുകൊണ്ടെന്നാൽ:ലോകത്തിലുള്ള സൎവ്വപ്രാണികളെയും ഞാൻ ഇങ്ങിനെതന്നെ സ്നേഹിച്ചുവന്നിരുന്നതിനാലാകുന്നു. അല്ലയോ പ്രിയതമേ! നീ ഒട്ടും പേടിക്കാതെ ഉറങ്ങുക. ഞാൻ നിന്നെ നോക്കിക്കൊണ്ടിരിക്കാം.”

അതു കേട്ട് യശോധര വ്യസനത്തോടുകൂടിത്തന്നെ ഉറങ്ങി ഉടനെതന്നെ “കാലം അടുത്തു” എന്ന് യശോധര സ്വപ്നത്തിൽ പറകയായി. അതുകേട്ട സിദ്ധാൎത്ഥൻ പുറത്തേക്കു ഒന്നു തിരിഞ്ഞുനോക്കി. ചന്ദ്രൻ നല്ലവണ്ണം പ്രകാശിച്ചുകൊണ്ടിരുന്നു. നക്ഷത്രങ്ങളെല്ലാം വരിവരിയായി നില്ക്കുന്നതു കണ്ടാൽ സിദ്ധാൎത്ഥനോടു, “ചക്രവൎത്തിയായിരുന്നു കീൎത്തി നേടുവാനുള്ള മാൎഗ്ഗത്തെയോ, ലോകരക്ഷക്കായി, കിരീടം മുതലായവയെ ത്യജിച്ച് ഏകാകിയായി സഞ്ചരിക്കുന്ന സത്തായ മാൎഗ്ഗത്തേയോ അംഗീകരിപ്പാനുള്ള രാത്രി ഇതാകുന്നു”--എന്നു ഉപദേശിപ്പാൻ നില്ക്കുകയോ എന്നു തോന്നും. അതിന്നു പുറമെ, മുമ്പൊരിക്കൽ കാററുകൾ വന്നു വീണയിൽ ശബ്ദിച്ചതുപോലെ, കാററിൽകൂടി ചില ദേവവാക്യങ്ങളും കേട്ടു. ആ സമയത്തു നക്ഷത്രങ്ങളെ ഉററു നോക്കിയിരുന്ന ബുദ്ധനെ ദേവന്മാർ നാലുഭാഗത്തുനിന്നും നോക്കിക്കൊണ്ടിരുന്നു.

കുറേനേരം കഴിഞ്ഞതിന്നുശേഷം സിദ്ധാൎത്ഥൻ താനേതന്നെ പറയുവാൻ തുടങ്ങി. “സമയം അടുത്തു ഞാനിതാ പോകുന്നു അല്ലയോ, ഉറങ്ങിക്കിടക്കുന്ന പ്രിയെ! നിന്റെ അധരങ്ങളിൽനിന്നു പുറപ്പെട്ടതായ വാക്കുകൾ നമ്മെ വേർപെടുത്തുന്നതും ലോകത്തെ രക്ഷിക്കുന്നതുമായ മാൎഗ്ഗത്തിലേക്ക് എന്നെ ക്ഷണിക്കുന്നു. ആകാശത്തിന്റെ നിശ്ശബ്ദത എന്റെ കൎത്തവ്യകൎമ്മത്തെ വെളിപ്പെടുത്തുന്നു. ഈ കഴിഞ്ഞ ദിവസങ്ങളിൽ എനിക്കു സിദ്ധിച്ചതായ ലോകപരിജ്ഞാനം എന്നെ ഇതിന്നായി പ്രേരിപ്പിക്കയും ചെയ്യുന്നു. എന്റേതാണെന്നു വെച്ചിട്ടുള്ള കിരീടം എനിക്കുവേണ്ടാ, നിശ്ചയം. എന്റെ ജ്വലിക്കുന്ന വാൾ

കാണ്മവാൻ കാത്തിരിക്കുന്ന രാജ്യങ്ങളെ ഞാനിതാ ത്യജിക്കുന്നു. എന്റെ തേർ രക്തമയങ്ങളായ ചക്രങ്ങളോടുകൂടി ഒരു ജയഭൂമിയിൽനിന്നു മറെറാരു ജയഭൂമിയിലേക്കു പോകുവാനും, എന്റെ കീർത്തിയെ രക്തലിഖിതമാക്കിത്തീർക്കുവാനും ഞാൻ വിചാരിക്കുന്നില്ല. ലോകത്തിൽ വളരെ ക്ഷമയോടുകൂടിയതും കുററമററതുമായ മാർഗ്ഗത്തിൽകൂടി നടക്കുവാനും, നിലത്തുള്ള ധൂളികളെ എന്റെ ശയ്യയാക്കുവാനും, വിജനമായ ഗുഹാദികൾ എന്റെ വാസസ്ഥലമാക്കുവാനും, അതിലുള്ള ഹീനപ്രാണികളെ എന്റെ ചങ്ങാതികളാക്കുവാനും ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഭിക്ഷക്കാർ ധരിക്കുന്നതുപോലെയുള്ള വസ്ത്രം ധരിപ്പാനും, ധർമ്മബുദ്ധിയുള്ളവർ മനസ്സോടുകൂടി തരുന്ന ആഹാരംമാത്രം ഭക്ഷിപ്പാനും, അന്ധകാരമയമായ ഗുഹകളോ കാട്ടിലുള്ള പൊന്തകളോ തരുന്ന നിഴലിൽ വസിപ്പാനും ഞാൻ തീർച്ചയാക്കിയിരിക്കുന്നു. ഞാൻ ഇങ്ങിനെ ഉറച്ചത് എന്തുകൊണ്ടെന്നാൽ: ഈ ലോകത്തിലുള്ള ജീവികളുടെ സങ്കടശബ്ദങ്ങൾ എന്റെ ചെവിയിൽ എപ്പോഴും അലച്ചുകൊണ്ടിരിക്കുന്നു. ഈ കഷ്ടാവസ്ഥയെ കണ്ടും കേട്ടും എന്റെ ഹൃദയം വളരെ ആർദ്രമായി ഭവിച്ചിരിക്കുന്നു. ഈ കഷ്ടാവസ്ഥയെ സർവ്വസംഗപരിത്യാഗംകൊണ്ടും കഠിനമായ കായക്ലേശാദികൾകൊണ്ടും നീക്കുവാൻ കഴിയുമെങ്കിൽ അങ്ങിനെ ചെയ്വാൻ ഞാനിതാ സന്നദ്ധനായിരിക്കുന്നു. ദൈവങ്ങളിൽ ദയയും ശക്തിയും ആർക്കെങ്കിലുമുണ്ടോ? ആ ദൈവങ്ങളെ കണ്ടിട്ടുള്ളവർ ആർ? ദൈവങ്ങളെ ആരാധിക്കുന്ന ജനങ്ങൾക്ക് അവർ എന്തു സഹായം ചെയ്തിരിക്കുന്നു? മനുഷ്യർ ചെയ്യുന്ന പ്രാർത്ഥനകൾ, ഹോമങ്ങൾ, മന്ത്രങ്ങൾ, യാഗങ്ങൾ, ബ്രാഹ്മണഭോജനങ്ങൾ, ഈശ്വരാരാധനകൾ, ഇവക്കെല്ലാം എന്തു പ്രതിഫലമാണ് ലഭിച്ചിട്ടുള്ളത്? മേല്പറഞ്ഞതെല്ലാം ചെയ്യുന്നതുകൊണ്ടു ജീവിതദുഃഖങ്ങളിൽനിന്നോ, നഷ്ടങ്ങളിൽനിന്നോ, രോഗഭയങ്ങളിൽനിന്നോ,

ജരയിൽനിന്നോ, മരണത്തിൽനിന്നോ, പുനർജ്ജനനത്തിൽനിന്നോ ആൎക്കെങ്കിലും വല്ല രക്ഷയും കിട്ടീട്ടുണ്ടോ? വ്രതാനുഷ്ഠാനങ്ങൾകൊണ്ടൊ തുളസീപൂജാദികൾകൊണ്ടൊ ഏതെങ്കിലും ഒരു സഹോദരിക്കെങ്കിലും പ്രസവവേദനാദികൾ അല്പമെങ്കിലും ചുരുങ്ങീട്ടുണ്ടോ? അതു മാത്രമല്ല, ചില ദൈവങ്ങൾ വിശിഷ്ട ദേവന്മാരായിരിക്കും. മററു ചിലർ ദുഷ്ടദേവന്മാരായിരിക്കും എന്നാൽ ഈ രണ്ടു കൂട്ടരും ലോകദുഃഖനിവാരണത്തിൽ അശക്തന്മാർ തന്നെ. അവരും മനുഷ്യരെപ്പോലെതന്നെ ജനനമരണചക്രത്തിൽ ചുററിക്കൊണ്ടിരിക്കുന്നു. നമ്മുടെ ശാസ്ത്രങ്ങളെല്ലാം ഈ പ്രകാരം പറയുന്നതായി കാണുന്നു: അതായത്, ജീവൻ ജീവിതത്തെ പലവിധമായി മാററുന്നു. പുല്ല്, ചെടി, മരം, അണു, കൃമി, പാമ്പ്, പക്ഷി, മൃഗം, മനുഷ്യൻ, അസുരൻ, ദേവൻ, ദൈവം ഇങ്ങിനെ ക്രമത്തിൽ കയറുകയും, അപ്രകാരംതന്നെ ഇറങ്ങുകയും ചെയ്യുന്നുപോൽ. അതുകൊണ്ടു ലോകത്തിൽ കാണുന്ന സകല വസ്തുക്കളും മനുഷ്യരോടു സമത്വമുള്ളവയാകുന്നു. അതിനാൽ മനുഷ്യരുടെ ദുഃഖവിമോചനത്തിന്നായി ചെയ്യുന്ന പ്രവൃത്തികളുടെ ഫലങ്ങൾ മററുള്ള സകല വസ്തുക്കൾക്കും അനുഭവമായി തീരേണ്ടതാണ്. എന്നാൽ, രക്ഷിപ്പാൻ ഒരാൾ ഉണ്ടെങ്കിൽ ദുഃഖവിമോചനത്തിന്നുള്ള മാൎഗ്ഗവും അതിന്നുള്ള സ്ഥാനവും ലോകത്തിൽ ഉണ്ടായിരിക്കണം. ആ മാൎഗ്ഗം കണ്ടുപിടിപ്പാൻ ഒരാൾ ഉത്സാഹിച്ചു പുറപ്പെട്ടാൽമാത്രമെ അതിനെകാണുകയുള്ളു. പുരാതനകാലത്തിൽ, സൂൎയ്യനിൽനിന്നു ലഭിച്ച അഗ്നിയെ തങ്ങളുടെ ശീതളദേഹങ്ങൾക്കുള്ളിൽ വെച്ചിരിക്കുന്ന തീക്കല്ലുകളെ തമ്മിൽ ഉരച്ച് അഗ്നിയെ കണ്ടുപിടിക്കുന്നതുവരെ, അനവധി ജനങ്ങൾ ശീതവാതത്താൽ നശിച്ചിരുന്നു. ദേഹപോഷകങ്ങളായ ധാന്യങ്ങളെ വിതച്ചുണ്ടാക്കുവാൻ കണ്ടുപിടിക്കുന്നതുവരെ, മനുഷ്യർ മാംസം തിന്നു തന്നെ കാലം കഴിച്ചിരുന്നു. അപ്രകാരം തന്നെ, ആരെങ്കിലും ഒരാൾ സംസാരിപ്പാനും എ

ഴുതുവാനും കണ്ടു പിടിക്കുന്നതിന്നുമുമ്പ് ജനങ്ങൾ ആംഗ്യം കാണിച്ചും മുഴറിയും കാലം കഴിച്ചിരുന്നു. അന്വേഷണംകൊണ്ടും പ്രയത്നംകൊണ്ടും സർവ്വത്യാഗംകൊണ്ടും സമ്പാദിച്ചതല്ലാതെ, ലോകത്തിൽ വില പിടിച്ചതായ ഏതൊരു സാധനമാണ് ജനങ്ങൾക്കുള്ളത്? നല്ല യൌവനമുള്ളവനും, ഇഹലോകവിഷയങ്ങളിൽ ആസക്തി അവസാനിച്ചുവനും, എന്നാൽ സൎവ്വഭൂതങ്ങളിലും സ്നേഹമുള്ളവനും, ജരാനര ബാധിച്ചിട്ടില്ലെങ്കിലും ലോകദുഃഖത്തെ ആലോചിക്കുന്നതിനാൽ ക്ഷീണത ബാധിച്ചുവനും, ഭൂലോകസുഖങ്ങളെ ഇഷ്ടംപോലെ അനുഭവിപ്പാൻ സാധിക്കുന്നവനും, മനുഷ്യൎക്കു വേണ്ടിയല്ലാതെ ദുഃഖം, ദാരിദ്ര്യം, വേദന, എന്നിവ അനുഭവിക്കാത്തവനും, അനവധി സമ്പത്തുക്കളെല്ലാം ജനങ്ങളുടെ ക്ഷേമത്തിന്നു വേണ്ടി ത്യജിച്ചുവനുമായ ഒരുവൻ, നരകത്തിൽ ഒളിച്ചിരിക്കുന്നതോ, സ്വൎഗ്ഗത്തിൽ മറഞ്ഞിരിക്കുന്നതോ, ഭൂലോകത്തിൽ ആരും കാണാതെ എല്ലാവരുടേയും മുമ്പിൽ നില്ക്കുന്നതോ ആയ പരമാൎത്ഥതത്വത്തെ അന്വേഷിക്കുന്നതിന്നായി ജീവകാലത്തെ ഉപയോഗപ്പെടുത്തുവാൻ തീൎച്ചയാക്കിയാൽ, അന്വേഷിച്ചു ബുദ്ധിമുട്ടുന്നവന്റെ കണ്ണുകൾക്കുള്ള മറവ് എവിടെയെങ്കിലും എപ്പോഴെങ്കിലും നിശ്ചയമായി നീങ്ങുകയും, നടന്നു ബുദ്ധിമുട്ടുന്നതിനാൽ വേദനയോടുകൂടിയ അവന്റെ കാലുകൾക്ക് എപ്പോഴെങ്കിലും ശരിയായ മാൎഗ്ഗം കാണപ്പെടുകയും, ഏതൊരു വസ്തുവിനെ ഉദ്ദേശിച്ച് ലോകത്തെ മുഴുവനും ത്യജിച്ചുവോ ആ വസ്തുവിനെ താൻ ലഭിക്കുകയും, മരണത്തെ ജയിക്കുകയും ചെയ്യും, നിശ്ചയം. അതിനാൽ ഞാൻ ഇതു ചെയ്യുവാൻ തീൎച്ചയാക്കിയിരിക്കുന്നു. ഇങ്ങിനെ ചെയ്യുന്നതിന്നായി എനിക്കു രാജ്യം ത്യജിക്കേണ്ടിയിരിക്കുന്നു. ത്യജിക്കുന്നത്, രാജ്യവാസികളുടെ പേരിൽ അനുകമ്പയാലാകുന്നു. ആ അനുകമ്പയോ, ഞാനറിയാത്തവരും അറിഞ്ഞവരുമായ ജനങ്ങളുടെ ഹൃദയങ്ങളിലുള്ള വേദനകൾ എ

ന്റെ ഹൃദയത്തിൽ വന്നു തട്ടുകയാലുണ്ടാകുന്നതാകുന്നു. ഇപ്പോ ൾ എന്റേതായിരിക്കുന്നവരും, മേലിൽ എന്റേതാവാൻ പോകുന്നവരുമായ അസംഖ്യം ജനങ്ങൾ ഞാനിതാ ചെയ്യുന്ന സർവ്വത്യാഗത്താൽ രക്ഷപ്രാപിക്കും, തീർച്ചതന്നെ;— എന്നെ ക്ഷണിക്കുന്ന നക്ഷത്രങ്ങളെ! ഞാൻ ഇതാ വരുന്നു—അല്ലയോ ദുഃഖിതയായ ഭൂദേവീ നിനക്കും നിന്റെ നിവാസികൾക്കും വേണ്ടി എന്റെ യൌവനം, സിംഹാസനം, പലവിധ സുഖങ്ങൾ, സന്തോഷകരമായ ജീവിതം, രമ്യമായ രാജധാനി, എന്നിവയെല്ലാം ഞാൻ ഇതാ ത്യജിക്കുന്നു— എന്റെ പ്രാണപ്രിയെ! മേൽപറഞ്ഞവയേക്കാൾ ത്യജിപ്പാൻ അധികം പ്രയാസമുള്ളതായ നിന്നെയും ഇതാ ഞാൻ ത്യജിക്കുന്നു. എന്നാൽ, ഭൂമിയെ രക്ഷിക്കുന്ന കൂട്ടത്തിൽ നിന്നെയും ഞാൻ രക്ഷിക്കാം. അതുമാത്രമല്ല, നിന്റെ ഗർഭത്തിൽ ഇളകിക്കൊണ്ടിരിക്കുന്ന നമ്മുടെ പ്രേമഫലമായ ശിശുവിനെക്കൂടി ഞാനിതാ ത്യജിക്കുന്നു. ഈ ശിശുവിന്റെ ജനനത്തെ കാത്തിരുന്നാൽ എന്റെ മനസ്സു എന്നെ ചതിച്ചുകളയും. അല്ലയോ പ്രിയതമേ! പ്രേമസന്താനമേ! വാത്സല്യമേറിയ പിതാവെ! ക്രൂരമുള്ള പ്രജകളെ ലോകത്തിൽ ജ്ഞാനദീപം പ്രകാശിപ്പാനും ജനങ്ങൾക്കു ധൎമ്മമാൎഗ്ഗം അറിവാനും വേണ്ടി, നിങ്ങൾ എന്റെ വിയോഗത്താലുണ്ടാകുന്ന ദുഃഖത്തെ കുറെ കാലത്തേക്കു സഹിക്കാതെ കഴിയുന്നതല്ല. ഞാൻ ഇതാ ഉറച്ചു, ഇതാ പുറപ്പെടുന്നു, ഏകാഗ്രചിന്തയോടുകൂടിയുള്ള അന്വേഷണംകൊണ്ടും പ്രയത്നംകൊണ്ടും വല്ല പ്രയോജനവുമുണ്ടെങ്കിൽ ഞാൻ അന്വേഷിക്കുന്ന വസ്തുവെ കണ്ടുകിട്ടുംവരെ ഒരിക്കലും മടങ്ങുകയില്ല".—

ഇങ്ങിനെ പറഞ്ഞ്, കണ്ണുനീർകൊണ്ടു മുഖം നനഞ്ഞവിധത്തിൽതന്നെ ഉറങ്ങുന്ന യശോധരയെ അനിൎവ്വചനീയമായ വാത്സല്യത്തോടെ ഒന്നു കടാക്ഷിച്ചു. പിന്നെ കട്ടിൽ നോക്കി, "ഞാൻ ഇനി ഒരിക്കലും ഇതിൽ കിടക്കുകയില്ലല്ലോ" എന്നുപ

റഞ്ഞുകൊണ്ട്, യാഗവേദിയെ പ്രദക്ഷിണം ചെയ്യുംപോലെ, ഭക്തിയോടെ മാറിൽ കൈവെച്ചുകൊണ്ടു, മൂന്നുപ്രാവശ്യം പ്രദക്ഷിണംവെച്ചു. അനന്തരം പുറപ്പെട്ടു, നാലഞ്ചടി നടന്നു; പിന്നോക്കം തന്നെ മടങ്ങിവന്നു. ഇങ്ങിനെ മൂന്നുപ്രാവശ്യം ചെയ്തു. എന്തുകൊണ്ടെന്നാൽ;--സിദ്ധാൎത്ഥന്ന് യശോധരയിൽ അത്രയേറെ പ്രേമമുണ്ടായിരുന്നു; യശോധരയുടെ സൌന്ദൎയ്യത്തിന്ന് അത്ര ആകൎഷണശക്തിയുമുണ്ടായിരുന്നു. പിന്നെ സിദ്ധാൎത്ഥൻ മറനീക്കി, താഴത്തുകിടന്നുറങ്ങുന്ന ഗംഗ, ചിത്ര, മുതലായ ദാസികളെ നോക്കി, പറഞ്ഞു:- "അല്ലയോ സഖികളെ; നിങ്ങൾഎനിക്കു വളരെ സന്തോഷമുണ്ടാക്കുന്നവരും വിട്ടുപിരിവാൻ പാടില്ലാത്തവരുമാകുന്നു. എന്നാൽ ഞാൻ നിങ്ങളെ ഉപേക്ഷിച്ചില്ലെങ്കിൽ, നമുക്കെല്ലാവൎക്കും അവസാനമില്ലാത്തതായ ദുഃഖവും നിഷ്പ്രയോജനമായ മരണവും സംഭവിക്കയെല്ലാതെമററന്താണ്. കഷ്ടം! നിങ്ങൾ ഇപ്പോൾ ഉറങ്ങിക്കിടക്കുന്നതുപോലെ തന്നെമരിച്ചുകിടക്കേണ്ടിവരുമല്ലൊ. പനിനീർപുഷ്പം വാടിഉണങ്ങിപ്പോയാൽ പിന്നെ അതിന്റെസൌരഭ്യവും, ഭാഗിയും, എവിടെ? വിളക്കിൽ എണ്ണ തീൎന്നുപോയാൽ അതിന്റെ ജ്വാല എവിടെ? അല്ലയോ രജനി! ഇവരുടെ കണ്ണുനീരോ പ്രലാപമൊ എന്നെ തടഞ്ഞു നിൎത്താതിരിപ്പാനായി ഇവൎക്കു ഗാഢനിദ്ര കൊടുക്കണേ. ഇവർ എത്രത്തോളം എന്റെ ജീവകാലത്തെ സുഖകരമാക്കിത്തീൎക്കുവാൻ ശ്രമിക്കുന്നുവോ, അത്രത്തോളം ഞാനും ഇവരും മററെല്ലാവരും മരങ്ങളെപ്പോലെ കാലാനുസൃതമായ സമവിഷമാവസ്ഥകളെയാണ് അനുഭവിക്കുന്നത്. ഈ വിശ്രമവനത്തിന്നുള്ളിൽ ഞാൻ ഈശ്വരനെപ്പോലെ ഇരുന്നു കാലം കഴിക്കുന്നു. ഇനി അതിന്ന് ഒരിക്കലും ഞാൻ സമ്മതിക്കുകയില്ല. എല്ലാ മനുഷ്യരും അജ്ഞാന ദുഃഖിതന്മാരായിരിക്കുമ്പോൾ, എനിക്കുമാത്രം ദൈവത്തെപ്പോലെ സുഖജീവിതം കിട്ടിയതുകൊണ്ടു, ഞാൻ ഒരിക്കലും തൃപ്തിപ്പെട്ടിരിക്കുകയില്ല. അതിനാ

ൽ എല്ലാവരോടും ഞാനിതാ യാത്ര പറയുന്നു. ആൎക്കുമറിയാത്തതായ ജ്ഞാനമാൎഗ്ഗത്തേയും ദുഃഖരഹിതമായ നിൎവ്വാണത്തേയും കണ്ടുപിടിപ്പാനായി അതിന്നു യോഗ്യതയുള്ള എന്റെ ജീവിതത്തെ ഇതാ അൎപ്പണം ചെയ്യുന്നു."

ഇങ്ങിനെ പറഞ്ഞ്, സിദ്ധാൎത്ഥൻ, അവരെല്ലാവരും കിടക്കുന്നതിന്റെ മദ്ധ്യത്തിൽ കൂടി, നിശ്ശബ്ദമായ രാത്രിസമയത്തു പുറത്തേക്കിറങ്ങി. അപ്പോൾ രാത്രിയുടെ നേത്രങ്ങളായ നക്ഷത്രങ്ങൾ സിദ്ധാൎത്ഥനെ വളരെ സ്നേഹപൂൎവ്വം കടാക്ഷിച്ചു. രാത്രിയുടെ ശ്വാസമായ കാററ് സിദ്ധാൎത്ഥന്റെ വസ്ത്രാഞ്ചലങ്ങളെ ഏററവും ആദരത്തോടെ ചുംബനം ചെയ്തു. പ്രഭാതസമയത്തെ കാത്തുകൊണ്ടിരിക്കുന്ന പലവിധ കസുമങ്ങൾ സിദ്ധാൎത്ഥന്റെ മേൽ പരിമളം വീശുവാനായി ആ രാത്രിതന്നെ വികസിച്ചു. ഭൂദേവിക്കു പെട്ടെന്നു മനസ്സിൽ ആഹ്ലാദമുണ്ടായതൊ എന്നു തോന്നിക്കും വിധത്തിൽ, ഹിമവൽ സേതു പൎയ്യന്തം ഭൂമി ഒന്നു ഞെട്ടി. ദേവന്മാർ നാലു ഭാഗങ്ങളിൽനിന്നും സംഗീതവാദ്യഘോഷങ്ങൾ മുഴക്കി. ലോകരക്ഷക്കായി പുറപ്പെട്ടവനും, ബാഷ്പപൂൎണ്ണമായ നേത്രങ്ങളാൽ ആകാശത്തെ നോക്കി നില്ക്കുന്നവനുമായ സിദ്ധാൎത്ഥനെ, ദിക്പാലന്മാർ പരിവാരങ്ങളോടെ വന്നു നോക്കിക്കൊണ്ടു നിന്നു.

സിദ്ധാൎത്ഥനാവട്ടെ, ഇരുട്ടിൽകൂടി ഛന്ദകൻ കിടക്കുന്ന സ്ഥലത്തുചെന്ന്, അവനെ വിളിച്ചുണൎത്തി, കണ്ടകമെന്ന അശ്വരത്നത്തെ കൊണ്ടുവരുവാൻ കല്പിച്ചു.

ഛന്ദകൻ—(പതുക്കെ എഴുനീററ്) "പ്രഭോ! ഇതെന്താണ്? ഈ ക്രൂരിരുട്ടത്തു സവാരി ചെയ്യുകയൊ?"

സിദ്ധാൎത്ഥൻ—"പതുക്കെ സംസാരിക്ക്, കുതിരയെകൊണ്ടുവാ. എന്റെ മനസ്സിനെ കെട്ടിയിട്ടിരിക്കുന്ന ഈ സ്വപ്നമയമായ കാരാഗൃഹത്തിൽ നിന്നു തത്വത്തെ കണ്ടുപിടിപ്പാൻ പുറപ്പെട്ടു പോകേണ്ടതായ സമയം എത്തിക്കഴിഞ്ഞു. ജനങ്ങ

റംക്കവേണ്ടി ആ തപത്തെ കാണുന്നതുവരെ നിശ്ചയമായും ഞാൻ തിരഞ്ഞുനടക്കും.

ഛന്ദകൻ—"പ്രഭോ! കഷ്ടം! കഷ്ടം! ശുദ്ധോദനരാജാവിൻെറ പ്രിയ പുത്രനായ അങ്ങുന്ന് സർവ്വ രാജ്യങ്ങൾക്കധിപതിയായ ചക്രവൎത്തിയായി ഭവിക്കുമെന്നു ജ്യോതിസാദി ശാസ്ത്രങ്ങളിൽ നിപുണന്മാരായവർ പറഞ്ഞതെല്ലാം അസത്യംതന്നെയൊ? എൻെറ പ്രഭോ! അങ്ങുന്ന് സർവ്വസമ്പൽ സമൃദ്ധമായ രാജ്യശ്രീയെ വെടിഞ്ഞ് ഭിക്ഷാപാത്രവും കൈയിലേന്തി നടപ്പാനോ പോകുന്നത്? സൎവ്വ സുഖങ്ങൾക്കും ഇരിപ്പിടമായിസ്വൎഗ്ഗതുല്യമായ രാജധാനിയെ ത്യജിച്ച് നിസ്സഹായമായ വിജനപ്രദേശങ്ങളിലേക്കൊ അങ്ങുന്ന് പോകുന്നത്?"

സിദ്ധാൎത്ഥൻ—"ഞാൻ ഇതിന്നായിട്ടാണ് ഇവിടെ ജനിച്ചത്; സിംഹാസനത്തിലിരിപ്പാനും മററുമല്ല ഞാൻ അന്വേഷിച്ചു പോകുന്ന സാമ്രാജ്യം ഈ വക രാജ്യങ്ങളെക്കാൾ എത്രയോ വില പിടിച്ചതാകുന്നു. കണ്ടകത്തെ കൊണ്ടുവാ."

ഛന്ദകൻ—"അല്ലയോ ബഹുമാനപ്പെട്ട പ്രഭോ! എൻെറയജമാനനായ അങ്ങയുടെ അച്ഛൻെറ വ്യസനത്തെക്കുറിച്ച് അല്പമെങ്കിലും ആലോചിച്ചുവോ? അങ്ങയുടെ മേൽ തന്നെ ജീവനെ വെച്ചുകൊണ്ടിരിക്കുന്നവരുടെ കഷ്ടത്തെക്കുറിച്ചു വല്ലതുംആലോചിക്കുകയുണ്ടായോ? അങ്ങയുടെ ആത്യത്തെ ഈ പ്രവൃത്തിതന്നെ അവൎക്ക മരണകാരണമായി ഭവിക്കുമല്ലൊ. അങ്ങിനെയിരിക്കെ, പിന്നെ അവരെ എങ്ങിനെയാണ് അങ്ങുന്ന്രക്ഷിപ്പാൻ പോകുന്നത്?

സിദ്ധാൎത്ഥൻ—"സ്വാൎത്ഥത്തെ ഉദ്ദേശിച്ചുള്ളതായ സ്നേഹം വാസ്തവത്തിൽ സ്നേഹമാകുന്നതല്ല. എന്നെക്കാൾ മററുള്ളവരെ സ്നേഹിക്കുന്നവനായ ഞാൻ മററുള്ളവൎക്ക് സ്നേഹത്താൽ എന്തെല്ലാം ഗുണങ്ങൾ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യാനായിട്ടാണ് പോകുന്നത്. വേഗം പോയി കുതിരയെ കൊണ്ടുവാ.

ഛന്ദകൻ—"പ്രഭോ! ഇതാ കുതിരയെ കൊണ്ടുവരാം."

എന്നു പറഞ്ഞ് വ്യസനത്തോടുകൂടി ഛന്ദകൻ കുതിരപ്പന്തിയിൽ പോയി, കണ്ടകത്തെ അഴിച്ചു തുടച്ച്, സ്വർണ്ണജീനിയും കടിഞ്ഞാണും മററും ഇട്ട്; കൊണ്ടുവന്നു. കണ്ടകമാവട്ടെ, തൻെറ യജമാനനെ കണ്ടപ്പോൾ സന്തോഷത്തോടുകൂടി ശബ്ദിച്ചു. ആ സമയത്ത്, ഉറങ്ങിക്കിടക്കുന്നവരുടേയും ഉറങ്ങാതിരിക്കുന്നവരുടേയും ചെവികളിൽ കുതിരയുടെ ഹേഷാരവങ്ങളും കാലടിശബ്ദങ്ങളും കേൾക്കാതിരിക്കത്തക്കവണ്ണം ദേവന്മാർ അവയെ അടച്ചു കളഞ്ഞു.

അനന്തരം, സിദ്ധാർത്ഥൻ വളരെ വാത്സല്യത്തോടുകൂടികുതിരയുടെ തലപിടിച്ചു താഴ്ത്തി കഴുത്തിൽ തട്ടിയുംകൊണ്ട് പറഞ്ഞു:—"കണ്ടകാ! ഇതുവരെ ആരും പോയിട്ടില്ലാത്തതായ അതി ദൂരപ്രദേശങ്ങളിലേക്ക് നീ ഏററവും ക്ഷമയോടുകൂടിഎന്നെ വഹിച്ചുകൊണ്ടു പോവുക. ഞാൻ ഇപ്പോൾ പരമാത്ഥതത്വത്തെ കണ്ടുപിടിപ്പാനാണ് പുറപ്പെടുന്നത്. എൻെറ അന്വേഷണം എവിടെ ചെന്ന് അവസാനിക്കുമെന്ന് എനിക്കു നിശ്ചയമില്ല. എന്നാൽ, ഒന്നു നിശ്ചയമുണ്ട്. ആ തത്വത്തെ കണ്ടുപിടിച്ചല്ലാതെ എൻെറ അന്വേഷണം അവസാനിക്കുന്നതല്ല. അതുകൊണ്ട്, എൻെറ പ്രിയാശ്വരത്നമെ! ഇന്നു രാത്രി നീ വളരെ ധൈര്യവും ശൌര്യവുമുള്ളതായിരിക്കുക. ആയിരം ജനങ്ങൾ ഖഡ്ഗപാണികളായി മാർഗ്ഗത്തെ തടുത്തു നിന്നാലും, നീ പിൻതിരിയരുത്. വഴിയിൽ വല്ല മതിലുകളൊ കിടങ്ങുകളൊ നമ്മുടെ ഗതിക്ക് ഒരിക്കലും തടസ്ഥമായി ഭവിക്കരുത്. ഞാൻ നിൻെറ രണ്ടു ഭാഗത്തും കാൽകൊണ്ടു ചവിട്ടി, 'കണ്ടകാ!' എന്നു വിളിച്ചാൽ, ചുഴലിക്കാററിനെ കൂടി തോല്പിക്കുന്നതായ വേഗത്തിൽ നീ ഓടിക്കളയണം. നീ ഇന്നു നിൻെറ യജമാനനുവേണ്ടി അനിലാനലന്മാരെപ്പോലെ ശീഘ്രഗതിയായും തേജസ്വിയുമായിരിക്കുക.

നീ ഇങ്ങിനെ ചെയ്താൽ ലോകത്തെ മുഴുവനും രക്ഷിപ്പാൻ പോകുന്ന ഈ ഉത്തമപ്രവൃത്തിയുടെ ഫലത്തിൽ ഒരുഭാഗം നിനക്കും ലഭിക്കുന്നതാണ്. ഞാൻ ഇപ്പോൾ ചെയ്യാൻ പോകുന്ന പ്രവൃത്തി മനുഷ്യർക്ക മാത്രമല്ല, സംസാരിപ്പാൻ കഴിയാത്തവയും, മനുഷ്യരെപ്പോലെ വേദന അറിയുന്നവയും, യാതൊരു ഗതിയില്ലാത്തവയും, ഗതിയെക്കുറിച്ച് ആലോചിപ്പാൻ ബുദ്ധിയില്ലാവയുമായ സർവ്വ പ്രാണികൾക്കും വേണ്ടിയാകുന്നു. അതുകൊണ്ടു നീ ഇപ്പോൾ നിന്റെ യജമാനനെ വളരെ ധൈര്യത്തോടുകൂടി വഹിച്ചുകൊണ്ടു പോവുക.

എന്നിങ്ങിനെ പറഞ്ഞ് സിദ്ധാൎത്ഥൻ കുതിരപ്പുറത്തുകയറി അതിന്റെ ശിരസ്സിൽ ഒന്നു തൊട്ടപ്പോൾ കണ്ടകം കുതിച്ചുതുടങ്ങി. അതിന്റെ കുളമ്പുകൾ കല്ലിന്മേൽ തട്ടുമ്പോൾ മിന്നിക്കൊണ്ടും, കടിഞ്ഞാൺ വലിച്ചു വിടുമ്പോൾ വായിൽനിന്നു ശബ്ദം പുറപ്പെട്ടുകൊണ്ടുമായിരുന്നു അതു ചാടിച്ചാടിപ്പോയതു. കുതിരയുടെ കാലടിശബ്ദങ്ങൾ കേൾക്കാതിരിപ്പാൻ വേണ്ടി ശുദ്ധാവാസദേവന്മാർ പലവിധ പുഷ്പങ്ങളെ കുതിര നടക്കുന്ന മാൎഗ്ഗങ്ങളിൽ വിതറിക്കൊടുത്തു. ആ കുതിര കല്ലുകൾ പതിച്ച മുററങ്ങളിലെത്തിയപ്പോൾ യക്ഷന്മാർ ഇന്ദ്രജാലവിദ്യകൊണ്ടു കുതിരയുടെ കാലടിശബ്ദങ്ങളെ മറച്ചുകളഞ്ഞു. അതുകൊണ്ടു കുതിരയുടെ ശബ്ദം ആൎക്കും കേൾപ്പാനിടവന്നില്ല.

സിദ്ധാൎത്ഥൻ പടിവാതില്ക്കൽ എത്തിയസമയം, നൂറാളുകൾ കൂടിയാൽ കഷ്ടിച്ചു തുറക്കുവാൻ കഴിയുന്നതും തുറക്കുമ്പോൾ നാലു യോജനദൂരം ശബ്ദം കേൾക്കുന്നതുമായ പിച്ചളവാതിൽ നിശ്ശബ്ദമായി താനേ തുറന്നു. അതുപോലെ മററുള്ള രണ്ടു വാതിലുകളും അവർ എത്തിയപ്പോൾ നിശ്ശബ്ദമായി തന്നേ തുറന്നുനിന്നു. വാതില്ക്കലുള്ള കാവല്ക്കാരാവട്ടെ, സിദ്ധാൎത്ഥനുവേണ്ടി ആ സമയം വീശിത്തുടങ്ങിയിരുന്ന ആനന്ദകരമായ കാററ് ഏല്ക്കയാൽ, കൈയിൽനിന്നു ആയുധങ്ങൾ താഴത്തു വീണതുകൂടി

അറിയാതെ, ഗാഢനിദ്ര പ്രാപിച്ച്, മരിച്ചുകിടക്കുന്നവരെപ്പോലെ കിടന്നിരുന്നു. ഇപ്രകാരം, സിദ്ധാൎത്ഥൻ രാജധാനിയിൽനിന്ന് ആരുമറിയാതെ ഇഷ്ടംപോലെ പുറത്തേക്കുപോയി. ഇങ്ങിനെ വളരെ ദൂരം സഞ്ചരിച്ച് സൂൎയ്യോദയസമയം അനോമാ പുഴക്കരയിൽ എത്തി. ഉടനെതന്നെ കുതിരപ്പുറത്തു നിന്നിറങ്ങി കുതിരയെ തട്ടിത്തലോടി, വാത്സല്യത്തോടെ ചുംബിച്ച്, ഛന്ദകനോടു പറഞ്ഞു:—"നീ ചെയ്തതായ ഈ ഉപകാരം നിനക്കും സർവ്വപ്രാണികൾക്കും ഗുണപ്രദമായി ഭവിക്കും. നിനക്കു എന്നിലുള്ള സ്നേഹത്തെപ്പോലെ എനിക്കു നിന്നിലും ഉണ്ട്. നീ എന്റെ കുതിരയേയും, കിരീടരത്നത്തെയും, എനിക്കുപയോഗമില്ലാത്തതായ രാജവസ്ത്രങ്ങളേയും, രത്നഖചിതമായ ഉറയോടുകൂടിയ വാളിനേയും, കൊണ്ടുപോയി എന്റെ അച്ഛൻ തിരുമേനിയുടെ വക്കൽ കൊടുക്കുക. എനിക്കു ദുഃഖസാഗരത്തെ കടക്കുവാൻ ജ്ഞാനമാകുന്ന കപ്പൽ ലഭിക്കായ്കയാൽ അച്ഛനെ വിട്ടുപിരിയേണ്ടിവന്നതാണെന്നും, ഏകാന്താന്വേഷണങ്ങളാലും കായക്ലേശാദികളാലും യഥാൎത്ഥജ്ഞാനം കണ്ടുപിടിച്ച് ഇപ്പോഴുള്ളതിൽ എത്രയോ അധികം യോഗ്യതയോടുകൂടി ഞാൻ പ്രത്യേകം അപേക്ഷിക്കുന്നുവെന്നും അച്ഛനോടു പറയുക. ഞാൻ ഇതിൽ ജയിച്ചാൽ ഭൂലോകം മുഴുവനും സ്നേഹംവഴിക്ക് എന്റേതായിത്തീരുമെന്നും പറയുക. കാരണം കേട്ടാലും: മനുഷ്യനുള്ള ദുഃഖമോചനമാൎഗ്ഗം മനുഷ്യനിൽതന്നെ ഒളിച്ചിരിക്കുന്നു, അതിനെ അന്വേഷിപ്പാൻ ഞാൻ ഇപ്പോൾ പുറപ്പെട്ടതുപോലെ, ലോകത്തിന്നുവേണ്ടി ലോകത്തെ ത്യജിച്ച്, മററാരും പുറപ്പെട്ടിട്ടില്ലാ."

# അഞ്ചാമദ്ധ്യായം.

പ്രഭാതത്തിൽ, സിദ്ധാൎത്ഥൻ, പുഴക്കരയിൽനിന്നു, ബിംബസാരനെന്ന രാജാവ് അപ്പോഠം ഭരിച്ചിരുന്ന മഗധരാജ്യത്തിന്റെ തലസ്ഥാനമായ രാജഗൃഹനഗരത്തിലേക്കു നടന്നുചെന്നു. ആ നഗരമാവട്ടെ, ശത്രുക്കളുടെ ആക്രമത്തിൽനിന്നു രക്ഷിക്കുവാനുള്ള കോട്ടമതിലുകളെപ്പോലെ അഞ്ചു കുന്നുകളാൽ ചുററപ്പെട്ടിരുന്നു. ചെങ്ങണപ്പുല്ലുകളെക്കൊണ്ടും പനമരങ്ങളെക്കൊണ്ടും പച്ചവൎണ്ണമായിരിക്കുന്ന വൈഭാരവും; താഴ്വരയിൽക്കൂടി സരസ്വതീനദി ഒഴുകിക്കൊണ്ടിരിക്കുന്ന വൈപുലവും, കന്മദം ചുരത്തിക്കൊണ്ടിരിക്കുന്ന കരിമ്പാറകളെ നാലുഭാഗത്തും പ്രതിഫലിക്കുന്നതായുള്ള സ്വച്ഛജലതടാകങ്ങളോടുകൂടിയ തപോവനവും; അതിന്നു തെക്കു കിഴക്ക് ഗൃദ്ധ്രാകൃതിയിലുള്ള ശൈലഗിരിയും; അതിന്നും കിഴക്ക് രത്നസമ്പൂൎണ്ണമായ രത്നഗിരിയും ആകുന്നു ആ കുന്നുകഠം. രത്നഗിരിയുടെ പടിഞ്ഞാറെച്ചരിവിൽ അത്തിമരങ്ങഠം നിറഞ്ഞ ഒരു ചെറിയ കാടും, അതിൽ ഒരു ഗുഹയും ഉണ്ടായിരുന്നു. ഗുഹയിലേക്കുള്ള വഴിയിൽ പടുത്തിരുന്ന കല്ലുകഠം മനുഷ്യരുടെ കാലടികഠം തട്ടി തേഞ്ഞിട്ടുണ്ടായിരുന്നു. വഴിയുടെ ഇരുഭാഗത്തും മാവ്, ഞാവൽ മുതലായ വൃക്ഷങ്ങളും, പലവിധം കാട്ടുപുഷ്പങ്ങളും, പാറകളും നിറഞ്ഞിരുന്നു.

അല്ലയോ മഹാജനങ്ങളെ! അവിടെ ചെന്നാൽ ആ ഗുഹയെ നമസ്കരിക്കുവിൻ. ഭൂലോകത്തിൽ ആ ഗുഹയെക്കാഠം പാവനമായ സ്ഥലം മറെറാന്നുമില്ല. ബുദ്ധദേവൻ ചുട്ടുപൊരിയുന്ന വേനൽക്കാലങ്ങളിലും, അസഹ്യമായ വൎഷകാലങ്ങളിലും അതിശൈത്യമുള്ള മഞ്ഞുകാലങ്ങളിലും ജീവിതം കഴിച്ചുകൂട്ടിയതു ആ ഗുഹയിലായിരുന്നു. ലോകൎക്കുവേണ്ടി സന്യാസാശ്രമത്തെ സ്വീകരിച്ച്, ധൎമ്മിഷ്ഠന്മാരാൽ കൊടുക്കപ്പെട്ട സ്വല്പാഹാരത്തെ ഭക്ഷിച്ചും, ഏകാകിയായി രാത്രി മുഴുവനും കല്ലിലും മണ്ണിലും കി

ടന്നും, കുറുനരികളുടേയും മററു കാട്ടുമൃഗങ്ങളുടെയും ശബ്ദങ്ങളാൽ ഉറക്കം പററാതേയും കാലം കഴിച്ചിരുന്നത് ആ ഗുഹയിലായിരുന്നു. അതിസൌഖ്യാനുഭവത്തിന്നായി സൃഷ്ടമായ ദേഹത്തെ ഉപവസിച്ചും, ഉറക്കൊഴിച്ചും, ഉഗ്രമായധ്യാനംകൊണ്ടും കീഴടക്കിയതും ആ ഗുഹയിലായിരുന്നു. ആ മഹാത്മാവ് ധ്യാനനിഷ്ഠയിൽ താൻ ഇരിക്കുന്ന പാറപോലെ നിശ്ചലനായും, തന്റെ പാദങ്ങളിൽ അണ്ണൻ മുതലായ ചെറുപ്രാണികൾ വന്നു കളിക്കുന്നതും അരികിൽവെച്ച ഭിക്ഷാപാത്രത്തിൽനിന്നു പ്രാവുകൾ അരിമണികൊത്തിത്തിന്നുന്നതുംകൂടി ഒട്ടും അറിയാതേയും വസിച്ചിരുന്നതും ആ ഗുഹയിലായിരുന്നു.

ബുദ്ധൻ മെല്ലടി ഗുഹകണ്ടെത്തിയതിനുശേഷം, അത് ഉത്തമമായ വിജനസ്ഥലമാണെന്നുറച്ച്, അതിൽ അത്യുഗ്രമായ വേനൽകാലത്ത് വെയിലിന്റെ തീക്ഷ്ണതയെ കൂട്ടാക്കാതേയും, സൂര്യൻ അസ്തമിച്ചു രാത്രി വരുന്നതറിയാതെയും, ആകാശത്തിൽ നക്ഷത്രങ്ങൾ ഉദിക്കുന്നതറിയാതെയും, പട്ടണത്തിൽ നടക്കുന്ന പല വാദ്യഘോഷങ്ങളെ അറിയാതേയും, ക്രൌഞ്ചൻ മുതലായ പക്ഷികൾ ശബ്ദിക്കുന്നതറിയാതേയും, ഏകാഗ്രചിത്തനായി സമാധിസ്ഥനായിരുന്നു. എന്നാൽ, മനുഷ്യരുടെ അജ്ഞാനാവൃതമായ വനത്തിൽ കാമ, ക്രോധ, ലോഭ, മോഹ, മദ, മത്സര്യാദികളായ തമോഗുണങ്ങൾ ഗർജ്ജിക്കുന്നതുപോലെ, ആ ഗുഹയുടെ നാലുഭാഗവുമുള്ള വനത്തിൽ വ്യാഘ്രാദിദുഷ്ടമൃഗങ്ങൾ ശബ്ദിക്കുന്നതൊഴികെ മറെറാരു ശബ്ദവുമില്ലാത്തതായ അർദ്ധരാത്രംവരെ ബുദ്ധൻ ഇപ്രകാരം സമാധിയിലിരിക്കുകയും, അതിന്റെശേഷം ഏകദേശം മൂന്നുനാഴികനേരം ഉറങ്ങുകയും, മൂന്നാംയാമത്തിൽതന്നെ ഉണരുകയും പതിവായിരുന്നു. ഉണൎന്നതിന്നുശേഷം, കുന്നിന്മേൽനിന്നു, നിശ്ശബ്ദമായി ഉറങ്ങിക്കിടക്കുന്ന ലോകത്തെനോക്കി അതിലുള്ള ജനങ്ങളുടെ കഷ്ടാവസ്ഥയെക്കുറിച്ചു ചിന്തതുടങ്ങും. അപ്പോഴേക്കു പ്രഭാതാഗമനത്തെ സൂചി

പ്പിക്കുന്നതായ പലവിധ ചിഹ്നങ്ങളും കണ്ടുതുടങ്ങും. ഈ ഇരു ട്ടു നീങ്ങി ഇനി ഒരു വെളിച്ചം കാണുമോ, എന്നു സംശയിക്കു മാറ് അന്ധകാരമഗ്നമായ ലോകത്തിൽ പ്രഭാതം ഇതാ വന്നു; എന്നു കൂകുന്ന കാട്ടുകോഴികളുടെ ശബ്ദങ്ങൾ കേൾക്കുകയും, ആ ശബ്ദങ്ങളുടെ പിന്നാലെ ആദ്യം രക്തവർണ്ണത്തിലും അനന്തരം ശ്യാമളവർണ്ണത്തിലും തദനന്തരം ശുഭ്രവർണ്ണത്തിലുമുള്ള രശ്മിക ളോടുകൂടി സർവ്വചരാചരങ്ങൾക്കും ജീവധാരമായ ആദിത്യഭ ഗവാൻ ഉദിക്കുകയും ചെയ്യും. ആ സമയം ബുദ്ധൻ ഋഷീശ്വ രന്മാരെപ്പോലെ പ്രാതഃസ്നാനാദികളും ആദിത്യന്നു ആൎഘ്യദാ നം മുതലായ കൎമ്മാനുഷ്ഠാനങ്ങളുമെല്ലാം ചെയ്തു് ഭിക്ഷാപാത്ര വും കൈയിലെടുത്തു അതാതു ദിവസത്തേക്കു വേണ്ടുന്ന ആഹാ രം സമ്പാദിപ്പാനായി വളഞ്ഞുതിരിഞ്ഞ വഴികളിൽക്കൂടി പട്ട ണത്തിലേക്കു പോവുക പതിവായിരുന്നു. അദ്ദേഹത്തിൻെറ കൈയിലുള്ള ഭിക്ഷാപാത്രമാവട്ടെ, ക്ഷണനേരംകൊണ്ടു നിറയു കയും ചെയ്യും. എന്തുകൊണ്ടെന്നാൽ: എല്ലാം ജനങ്ങളും അദ്ദേ ഹത്തിൻെറ മുഖത്തു പ്രകാശിക്കുന്ന സത്വഗുണവിശേഷത്തേ യും, തത്വചിന്തയെസൂചിപ്പിക്കുന്നതും ജീവകാരുണ്യം പ്രവഹി ക്കുന്നതുമായ നേത്രങ്ങളെയും കണ്ടു്, ഭക്തിശ്രദ്ധയോടുകൂടി, "അല്ലയോ മഹാത്മാവെ! എൻെറ ഭിക്ഷ സ്വീകരിക്കണം, എൻെറ ഭിക്ഷ സ്വീകരിക്കണം" എന്നു പറഞ്ഞ് വേഗം വേ ഗം കൊണ്ടുവന്നു കൊടുക്കും. അദ്ദേഹം തെരുവീഥികളിൽക്കൂ ടി വരുന്നതു കണ്ടാൽ, അമ്മമാർ കുട്ടികളോടു "അതാ മഹാ ത്മാവു വരുന്നു, പോയി നമസ്കരിക്കുവിൻ"—എന്നു പറയും. ചിലർ അദ്ദേഹത്തിൻെറ നിലത്തിഴയുന്ന വസ്ത്രത്തെ തൂക്കിപ്പി ടിച്ച് നെററിയിൽ സ്പർശിക്കും; ചിലർ അദ്ദേഹത്തിൻെറ കൈ യിലുള്ള ജലപാത്രം വാങ്ങി ആദരവോടെ ജലം കൊണ്ടുവന്നു കൊടുക്കും; മററു ചിലർ വീട്ടിലേക്ക് ഓടിപ്പോയി അപ്പവും പാലും മററും കൊണ്ടുവന്നു കൊടുക്കും! ലോകവാസികളുടെ

മേലുള്ള അനുകമ്പയാൽ ജ്വലിക്കുന്ന ശാന്തമുഖത്തോടുകൂടി അദ്ദേഹം സാവധാനമായി നടന്നു പോകുമ്പോൾ, വല്ല യുവതികളും അദ്ദേഹത്തെ കണ്ടാൽ, തങ്ങൾ മനസ്സിൽ ധ്യാനിച്ചിരുന്ന ദിവ്യരൂപം അതുതന്നെയോ എന്നു സംശയിച്ചുകൊണ്ട്, പ്രേമത്തോടെ അദ്ദേഹത്തെത്തന്നെ നോക്കിനില്ക്കും. എന്നാൽ ആ മഹാനുഭാവനാവട്ടെ, ആ യുവതികളോടു ശാന്തവാക്കുകൾ പറഞ്ഞുകൊണ്ട്, മഹർഷിമാരിൽനിന്ന് ജ്ഞാനസമ്പാദനത്തിന്നായി താൻ വസിക്കുന്ന വിജനസ്ഥലത്തേക്കു മടങ്ങിപോവുകയും ചെയ്യും.

ഇങ്ങിനെ കഴിഞ്ഞുവരുന്ന കാലത്ത്, പട്ടണത്തിന്റെ കുറെ അകലെ രത്നഗിരിയുടെ മദ്ധ്യത്തിലുള്ള നിശ്ശബ്ദമായ ഗുഹകൾക്കുള്ളിൽ യോഗികൾ, ബ്രഹ്മചാരികൾ, ഭിക്ഷുക്കൾ, എന്നിങ്ങിനെ ഒരു കൂട്ടം ജനങ്ങൾ വസിച്ചിരുന്നു. ദേഹം ആത്മാവിന്നു ശത്രുവാണെന്നും, അങ്ങിനെയുള്ള ദേഹത്തെ ഉപദ്രവിക്കേണമെന്നും, ആ ഉപദ്രവങ്ങൾ സഹിച്ചു സഹിച്ച് വേദനതന്നേ അറിയാതാകേണമെന്നും, അങ്ങിനെ ചെയ്യുന്നവന്ന് ദേഹനാഡികൾ വഴിയായി യാതൊരു വേദനയും ഉണ്ടാകരുതെന്നുമായിരുന്നു അവരുടെ ഉദ്ദേശം. അവരിൽ ചിലർ കൈകൾ പൊന്തിച്ചുകൊണ്ട് ഒരേനിലയിൽതന്നെ നില്ക്കുകയായിരുന്നു. അതു നിമിത്തം അവരുടെ ദേഹത്തിലുള്ള രക്തമാംസങ്ങൾ ശോഷിച്ചുപോകയും, മരങ്ങളിൽ ഉണങ്ങിനില്ക്കുന്ന കൊമ്പുകളെപ്പോലെ യാതൊരാധാരവുമില്ലാതെ കൈകൾ തോളുകളിൽനിന്നു തള്ളിനില്ക്കുകയും ചെയ്തിരുന്നു. ചിലർ കരതലങ്ങൾ മുറുക്കെ മടക്കി പിടിച്ചുകൊണ്ട് വളരെക്കാലം യോഗാഭ്യാസത്തിൽ ഇരിക്കുകയാൽ, നഖങ്ങൾ കരതലങ്ങൾ തുളച്ച് പുറങ്കൈ വഴിയായി പുറത്തേക്കു വന്നിരുന്നു. മററുചിലർ ഇരുമ്പാണികൾ തറച്ച മെതിയടികൾ കാലുകളിൽ ഇ

ട്ടുകൊണ്ടു നടന്നിരുന്നു. വേറെ ചിലർ മൂച്ച്യുള്ള കല്ലുകളെക്കൊണ്ടു നെററിത്തടം, മാറിടം, തുട മുതലായവ കുത്തിത്തുറന്ന് ചോരവെച്ചും, ദേഹത്തിൽ മററുസ്ഥലങ്ങളിലെല്ലാം മുള്ളുകളാലും മററും മുറിയേല്പിച്ചും, മണ്ണ്, ചാരം, മുതലായവ ദേഹത്തിലെല്ലാം പൂശിയും കീറവസ്ത്രങ്ങൾ ധരിച്ചും വസിച്ചിരുന്നു. മററു ചിലർ ശ്മശാനംതന്നെ അവരുടെ വാസസ്ഥലമാക്കി, അവിടെയുള്ള ശവശരീരങ്ങളെയും, അവ ഭക്ഷിപ്പാൻവേണ്ടി പറന്നു നടക്കുന്ന പരുന്ത്, കഴു മുതലായ പക്ഷികളെയും ചങ്ങാതികളാക്കിത്തീർത്തിരുന്നു. ചിലർ ഊതുന്ന സർപ്പങ്ങളെ മാലപോലെ കഴുത്തിലിട്ടുകൊണ്ട് ഒററക്കാലിൽനിന്ന് 'ശിവ ശിവ' എന്നു സദാ ജപിച്ചിരുന്നു. ആ കൂട്ടരുടെ ശിരസ്സുകൾ ഉഷ്ണത്താൻ പഴുത്തു പൊട്ടിയിരുന്നു. അവരുടെ കണ്ണുകൾ രക്തമില്ലാതെ വിളത്തിരുന്നു. നാഡിഞരമ്പുകളെല്ലാം ഒട്ടി ഉണങ്ങിപ്പോയിരുന്നു. അവരുടെ മുഖം കണ്ടാൽ, മരിച്ച് നാലഞ്ചു ദിവസമായ ശവശരീരമോ എന്നു തോന്നും. എന്തിന്നു വളരെ പറയുന്നു? ആകപ്പാടെ അവരുടെ കാഴ്ച ഏററവും സങ്കടപ്രദം തന്നെയായിരുന്നു. വേറെയൊരു ഭാഗത്ത് ചിലർ ആയിരം തിനമണി എണ്ണി ഭക്ഷിച്ച്, അടങ്ങാത്ത വിശപ്പോടുകൂടി മണ്ണിൽ കിടന്നിരുന്നു. മറെറാരേടത്തു ചിലർ ഉഴുന്ന്, പയറ് മുതലായവ നാവിന്നു രുചിതോന്നാതിരിപ്പാൻ വേണ്ടി, കയ്പുള്ള ഇലകളോടുകൂടി ഭക്ഷിച്ചുകൊണ്ടിരുന്നു. മറെറാരേടത്തു ചിലർ കണ്ണു കുത്തിപ്പൊട്ടിച്ച്, നാവ് അറുത്ത്, കാലുകൾ മുറിച്ച്, എന്നുവേണ്ട എല്ലാ അവയവങ്ങളേയും മുടക്കിക്കൊണ്ട്, വസിച്ചിരുന്നു. ഇപ്രകാരം ദേഹേന്ദ്രിയാദികളെ കഷ്ടപ്പെടുത്തുന്നതിനാൽ മോക്ഷം ലഭിക്കുമെന്നുള്ള ദൃഢവിശ്വാസം അവൎക്കു നരകത്തിൽകൂടി ഇല്ലാത്തതായ കഷ്ടങ്ങളെ അനുഭവിപ്പാൻ ശക്തി നൽകിയിരുന്നു.

ഇങ്ങിനെ കഷ്ടങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നവരിൽ പ്രധാനനായ ഒരാളുടെ അടുക്കൽ ചെന്ന് ബുദ്ധൻ ചോദിച്ചു:—"ഏററവും കഷ്ടപ്പെടുന്ന യോഗികളെ! പരമാത്മതത്വാന്വേഷണത്തിന്നായി ഈ കുന്നിന്മേൽ വളരെ ദിവസമായി വസിക്കുന്ന ഞാൻ നിങ്ങളും നിങ്ങളുടെ സഹോദരന്മാരും നിർദ്ദയമാകുംവണ്ണം ദേഹത്തെ ഹിംസിക്കുന്നതു പലപ്പോഴും കാണാറുണ്ട്. എന്നാൽ സ്വതേതന്നെ കഷ്ടതരമായ ഈ ജീവിതത്തെ നിങ്ങൾ പിന്നെയും കഷ്ടപ്പെടുത്തുന്നതെന്തിനാണ്?"

യോഗി—"ഒരു മനുഷ്യൻ ഇപ്രകാരം ദേഹത്തെ കഷ്ടപ്പെടുത്തി വേദനകൊണ്ടു ദേഹത്തെ നശിപ്പിച്ചാൽ അവൻ ചെയ്ത പാപങ്ങൾ നശിക്കുകയും, അവൻെറ ആത്മാവു സങ്കടകോശത്തിൽ നിന്നു രക്ഷപ്പെട്ട് മുക്തനായി പ്രകാശമുള്ള ലോകത്തേക്കു പോവുകയും ചെയ്യുമെന്നു പ്രമാണങ്ങൾ പറയുന്നു"

ബുദ്ധൻ—"അല്ലയോ സഹോദരന്മാരെ! ഇന്ദ്രൻെറ സിംഹാസനത്തിന്നു നാലു ഭാഗവും സ്വർണ്ണവസ്ത്രങ്ങളാൽ അലംകൃതങ്ങളെന്നപോലെ മിന്നലോടുകൂടിയ മേഘങ്ങൾ സമുദ്രത്തിൽനിന്നു കൊടുങ്കാററുകളാൽ അടിച്ചുകൊണ്ടുവന്നു നിറക്കപ്പെട്ടവയാകുന്നു. അവ ഓരോ തുള്ളിയായി അവയുടെ ഉല്പത്തിസ്ഥാനങ്ങളായ സമുദ്രം, നദി മുതലായ സ്ഥലങ്ങളിലേക്കുതന്നെ കുന്നു മുതലായ ദുർഗ്ഗമമാർഗ്ഗങ്ങളിൽക്കൂടി ചെന്നു ചേരുന്നു. യോഗാഭ്യാസത്തിൽ പുണ്യലോകപ്രാപ്തി ലഭിക്കുന്ന യോഗികളുടെ അവസ്ഥയും ഇപ്രകാരമാണെന്നു നിങ്ങൾ അറികയില്ലയോ? മേല്പട്ടു പോയതു കീഴ്പട്ടു വരാതെ കഴികയില്ല. നമ്മൾ വിലകൊടുത്തു വാങ്ങുന്നതു ചെലവായിത്തന്നെ പോകുന്നു. അതുപോലെ നിങ്ങൾ നരകമാകുന്ന ചന്തയിൽനിന്നു കായക്ലേശംകൊണ്ടു പുണ്യം വാങ്ങി

യാൽ ആ പുണ്യം ചെലവായി പോകുമ്പോൾ പിന്നെയും കഷ്ടം തുടങ്ങുകയില്ലേ?"

യോഗി—"അങ്ങിനെയായിരിക്കാം. എന്നാൽ അതൊന്നും ഞങ്ങൾക്കറിവില്ല. രാത്രി കഴിഞ്ഞാൽ പകൽ വരുന്നതു പോലെ, ദുഃഖം കഴിഞ്ഞാൽ സുഖമാണെന്നറിയാം. അതുകൊണ്ട് എപ്പോഴും ആത്മാവിന്റെ ഊർദ്ധ്വഗതിയെ തടയുന്നതായ ഈ ദേഹത്തെ ഞങ്ങൾ വെറുക്കുന്നു. ആത്മാവിന്ന് അധിക സന്തോഷത്തെ ലഭിപ്പാനായി ഞങ്ങൾ ചെറിയ വേദന അനുഭവിക്കുന്നു."

ബുദ്ധൻ—"ആ സന്തോഷം വളകൊലത്തെക്കുണ്ടായിരുന്നാലും അതിന്ന് ഒരിക്കൽ നാശമുണ്ടല്ലൊ. അങ്ങിനെ നശിക്കാത്തതായ ഒരു സുഖജീവിതം ത്രിലോകങ്ങളിൽ എങ്ങാനുമുണ്ടോ? നിങ്ങളുടെ ദൈവങ്ങൾകൂടി എന്നും ഒരേ സ്ഥിതിയിൽ ഇരിക്കുന്നുണ്ടോ?"

യോഗി—"ഇല്ല. പരബ്രഹ്മം മാത്രമെ ശാശ്വതമായിട്ടുള്ളൂ. ദൈവങ്ങളെല്ലാം ജീവിക്കുന്നവെന്നേയുള്ളൂ."

ബുദ്ധൻ—"അല്ലയോ സഹോദരന്മാരെ! വളരെ ദൈവവിശ്വാസമുള്ളവരും, ദൃഢചിത്തന്മാരും, അറിവുള്ളവരുമായനിങ്ങൾ സങ്കടം, വേദന എന്നിങ്ങിനെയുള്ള പകിടകൾ ഉരുട്ടിക്കളിച്ച് സ്വപ്നതുല്യങ്ങളും നശ്വരങ്ങളുമായ സുഖഫലങ്ങളെ നേടുന്നത് ഉചിതംതന്നെയൊ? നമ്മുടെ ആത്മാവിന്റെ ജനനസ്ഥലത്തെ അന്വേഷിപ്പാൻ പുറപ്പെട്ടവരായ നാം, ആത്മാവിന്നുവാഹനമായി ഭവിച്ചിരിക്കുന്ന ദേഹത്തെ, ആത്മാവിനെപ്പററിയുള്ള സ്നേഹംകൊണ്ടാണെന്നുംപറഞ്ഞ്, കുത്തിമുറിച്ച് ഉപദ്രവിച്ചാൽ, ഒരു കുതിരപ്പുറത്തു കയറി വീട്ടിലേക്കുപൊകുമ്പോൾ, മാർഗ്ഗമദ്ധ്യത്തിൽ കുതിരനമ്മൾ എന്തുചെ

യ്യാലും സാധിക്കുമെന്നുവെച്ചു അതിനെ അടിച്ച് കൈകാലു കൾ മുറിച്ചിട്ടാൽ, ആ കുതിര നമ്മുടെ യാത്രയ്ക്കുപയോഗ മില്ലാതായി തീരുന്നതുപോലെ, നമ്മുടെ ആത്മാവിന്നു മോ ക്ഷഗൃഹത്തിലേക്കു പോകുവാൻ ദേഹമാകുന്ന വാഹനം ഉ പയോഗമില്ലാതായി ഭവിക്കില്ലെ? പൂർവ്വജന്മങ്ങളിൽ എത്ര യോ കഷ്ടപ്പെട്ടുലഭിച്ച ഈ ദേഹമായ ഗൃഹത്തെഅടിച്ചുപൊ ളിച്ചു കേടുവരുത്തുന്നത് ഉചിതമൊ? ഈ ദേഹത്തിലുള്ള വാ തിലുകളിൽ കൂടി മാത്രമല്ല, ജ്ഞാനപ്രകാശം അല്പമെങ്കിലും ലഭിപ്പാനോ, അതിലേക്കുള്ള വളഞ്ഞുതിരിഞ്ഞു കിടക്കുന്ന മാ ൎഗ്ഗം കാണ്മാനോ, സാധിക്കുകയുള്ളു?"

യോഗി—"ഞങ്ങൾ ഈ മാൎഗ്ഗത്തെയാണ് അവലംബിച്ചിട്ടുള്ള ത. ഈ മാൎഗ്ഗത്തിലുള്ള കല്ലുകൾ തീക്കട്ടകളായാൽ കൂടി ഈ വഴിക്കുതന്നെ അവസാനംവരെ പോകുവാൻ തീൎച്ചയാക്കിയി രിക്കുന്നു. ഇതിലധികം നല്ല മാൎഗ്ഗം നിനക്കു അറിയുമെങ്കിൽ പറയുക. ഇല്ലെങ്കിൽ മിണ്ടാതെ പോയ്ക്കൊള്ളുക."

അതു കേട്ടു ബുദ്ധൻ വ്യസനത്തോടെ ചിന്തിച്ചുകൊണ്ടു പോയി. "മനുഷ്യർ മരണത്തെ ഭയപ്പെടുന്നു; എന്നാൽ ഭയ പ്പെടുന്നതു ഉചിതമല്ലെന്നുള്ള ഭയവുമുണ്ട്. അതുപോലെതന്നെ, അവർക്ക് ജീവിച്ചിരിക്കേണമെന്നു വളരെ ആഗ്രഹമുണ്ടു; എങ്കി ലും ജീവനെ സ്നേഹിപ്പാൻ ധൈൎയ്യവുമില്ല. എന്നാൽ അവർക്ക് സന്തോഷം കൊടുപ്പാൻ ഒട്ടും ഇഷ്ടമില്ലാത്ത ദൈവങ്ങളെ സ ന്തോഷിപ്പിക്കുവാൻവേണ്ടിയും, തങ്ങളാൽതന്നെ നിൎമ്മിതങ്ങളാ യ നരകങ്ങളെക്കൊണ്ടു വാസ്തവത്തിലുള്ള നരകങ്ങളെ തോല്പി ക്കുവാൻവേണ്ടിയും, ജീൎണ്ണിപ്പിച്ച ദേഹത്തിൽനിന്നു ആത്മാവ് എളുപ്പത്തിൽ മുക്തനായി ഭവിക്കുമെന്നുള്ള മൂഢവിശ്വാസം ഹേ തുവാൽ കായക്ലേശാദികളെകൊണ്ട് ജീവനെ കഷ്ടപ്പെടുത്തുന്നു" ഇങ്ങിനെ വിചാരിച്ചുകൊണ്ട് ബുദ്ധൻ പുഷ്പങ്ങളെ നോക്കി പറ

ഞ്ഞു:—“അല്ലയോ പുഷ്പങ്ങളേ! നിങ്ങൾക്കു സൌരഭ്യവും വിചിത്രവൎണ്ണങ്ങളും തന്നിട്ടുള്ളതിന്നു കൃതജ്ഞതയോടുകൂടിയും, സൂൎയ്യപ്രകാശം കണ്ട സന്തോഷത്തോടെ മുഖങ്ങളെ സൂൎയ്യന്നഭിമുഖമായി കാണിച്ചുകൊണ്ടുമിരിക്കുന്ന നിങ്ങൾ നിങ്ങൾക്കു കിട്ടീട്ടുള്ള ഭംഗിയെ ഒട്ടും കേടുവരുത്തീട്ടില്ല; കേടുവരുത്താത്തതിനാൽ നിങ്ങൾക്ക് ആനന്ദ ജീവിതത്തിന്ന് ഒട്ടും കുറവുമില്ല.”—പിന്നെ വൃക്ഷങ്ങളെ നോക്കി പറഞ്ഞു:—“ആകാശത്തെ ഭേദിപ്പാനും മലയപൎവ്വതത്തിൽനിന്നും സമുദ്രത്തിൽനിന്നും വരുന്ന കാററിനെ ഭുജിപ്പാനുമായി ഉയരുന്ന പന മരങ്ങളെ! ആദ്യകാലംമുതൽ ഫലിക്കുന്ന കാലംവരെ തുഷ്ടിയോടുകൂടിയും സന്തോഷത്താൽ ഓലകളെക്കൊണ്ടു പാട്ടുപാടിയും കഴിഞ്ഞുവരുന്ന നിങ്ങൾക്ക്, മററാൎക്കും ലഭിച്ചിട്ടില്ലാത്തതായ എന്തറിവുണ്ടായിട്ടാണ് ഇങ്ങിനെ സംതൃപ്തരായി നില്ക്കുന്നത്?” പിന്നെ പക്ഷികളെ നോക്കി പറഞ്ഞു:—“ഈ മരങ്ങളിൽ ഉല്ലാസത്തോടെ വസിക്കുന്ന തത്ത മുതലായ പക്ഷികളെ! നിങ്ങളുടെ ജീവിതത്തെ നിങ്ങളാരും വെറുക്കുന്നില്ല. ആവശ്യങ്ങളെ ഉപേക്ഷിച്ചിട്ടെങ്കിലും ഉന്നതപദവി ലഭിക്കേണമെന്ന് ആഗ്രഹിക്കുന്നതുമില്ല. എന്നാൽ, നിങ്ങളുടെ നാഥന്മാരും നിങ്ങളെ ഹിംസിക്കുന്നവരുമായ മനുഷ്യരാകട്ടെ, വിശേഷജ്ഞാനമുള്ളവരാകുന്നു. അവർ ഇതുവരെ പരഹിംസക്കായി ഉപയോഗിച്ചിരുന്ന വിശേഷജ്ഞാനത്തെ ഇപ്പോൾ ആത്മഹിംസക്കായിട്ടാണ് ഉപയോഗിക്കുന്നത്.”

ബുദ്ധൻ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മലയുടെ മുകളിൽനിന്നു ധൂളി ഉയൎന്നുവരുന്നതു കണ്ടു. അതെന്താണെന്നു നോക്കി; വെളുത്തതും കറുത്തതുമായ ഒരു കൂട്ടം ആടുകൾ മാൎഗ്ഗത്തിലുള്ള പുല്ലും, പഴവും മററും അങ്ങോട്ടുമിങ്ങോട്ടും ചാടിച്ചാടി തിന്നുകൊണ്ടു വരികയായിരുന്നു. വഴിവിട്ടു പോകുന്ന കുട്ടികളെ, ആട്ടിടയൻ നിലവിളിച്ചോ, കല്ലെറിഞ്ഞോ, വഴി

യിൽക്കൂടിത്തന്നെ നടത്തിവന്നിരുന്നു. അവയുടെ കൂട്ടത്തിൽ രണ്ടു കുട്ടികളുള്ള രണ്ടു പെണ്ണാടുകളുമായിരുന്നു; ഒരു കുട്ടിക്കു കാലിൽ ഒരു മുറിതട്ടി നടക്കാൻ വഹിയാതെ ഞൊണ്ടിക്കൊണ്ടു പിന്നാലെ പതുക്കെപ്പതുക്കെ നടന്നിരുന്നു. മറേറകുട്ടി ഓടിച്ചാടി മുമ്പിൽ പോയിരുന്നു. രണ്ടു കുട്ടികളെയും വിട്ടു പിരിവാൻ വഹിയാതെ കുഴങ്ങുന്ന തള്ളയാട് അങ്ങോട്ടുമിങ്ങോട്ടും ഓടി നടന്നിരുന്നു. അതുകണ്ടു ബുദ്ധൻ കാരുണ്യപരവശനായി, ഞൊണ്ടിയായ ആട്ടിൻകുട്ടിയെ എടുത്തു തന്റെ ചുമലിൽവെച്ച്, അതിന്റെ തള്ളയോടു ഇപ്രകാരം പറഞ്ഞു; "നീ സമാധാനപ്പെട്ടിരിക്കു. നീ പോകുന്ന ദിക്കിലേക്കു ഞാൻ ഈ കുട്ടിയെ കൊണ്ടുവന്നുതരാം. ആ ഗുഹയിൽ യോഗികളുടെ കൂട്ടത്തിലിരുന്നു ലോകസങ്കടങ്ങളെക്കുറിച്ച് ആലോചിക്കുന്നതും സങ്കടാവസ്ഥയിലിരിക്കുന്ന ഒരു മൃഗത്തെ ആശ്വസിപ്പിക്കുന്നതും തുല്യമാകുന്നു." ഉടനെതന്നെ ആട്ടിടയന്മാരോടു ഇപ്രകാരം ചോദിച്ചു:—"ചങ്ങാതികളെ! ആട്ടിൻകൂട്ടത്തെ അതിന്റെ ആലയിലേക്കു വൈകുന്നേരമല്ലേ ആട്ടിക്കൊണ്ടു പോവുക? നിങ്ങൾ ഈ ഉച്ചസമയത്തു ആട്ടിക്കൊണ്ടു പോകുന്നതെന്താണ്?" അതിന്നു ആട്ടിടയന്മാർ മറുവടി പറഞ്ഞു:—"ഇന്നു രാത്രി ഞങ്ങളുടെ രാജാവു ദൈവങ്ങൾക്കായി ഒരു യാഗം ചെയ്വാൻ പോകുന്നു; അതിന്നു നൂറു കോലാടുകളേയും നൂറു ചെമ്മരിയാടുകളേയും കൊണ്ടുവരുവാൻ കല്പിച്ചപ്രകാരം ഞങ്ങൾ കൊണ്ടുപോവുകയാണ്." അപ്പോൾ, "എന്നാൽ ഞാനും നിങ്ങളോടുകൂടി വരാമെന്നു പറഞ്ഞ് ബുദ്ധൻ ആ വെയിലിൽ, കല്ലിലും, മണ്ണിലും, ആട്ടിൻകുട്ടിയെ ചുമന്നുകൊണ്ട്, അവരോടൊപ്പം പോയി. വഴിയിലെല്ലാം തള്ളയാടു ബുദ്ധന്റെ കാല്ക്കൽപററി കരഞ്ഞുകൊണ്ടു നടന്നു.

ഇങ്ങിനെ അവർ നടന്നുനടന്നു ഒരു നദീതീരത്തിലെത്തി. ആ സമയത്തു സുന്ദരിയായ ഒരു യുവതി നേത്രങ്ങളിൽനിന്നു ഇ

ററിററു വീഴുന്ന കണ്ണുനീരോടുകൂടി ബുദ്ധനെ തൊഴുതുകൊണ്ടു പറഞ്ഞു;—"അല്ലയോ മഹാത്മാവെ! ഇന്നലെ അങ്ങുന്നു ദയാദൃഷ്ടിയോടുകൂടി കടാക്ഷിച്ചവളാകുന്നു ഞാൻ. ഞാൻ ആ അത്തിമരക്കാട്ടിൽ പാൎക്കുന്നു. എന്റെ കുട്ടിയെ ശുശ്രൂഷിച്ചു പാൎത്തു വരുന്നു. ആ കുട്ടി ഇന്നലെ പൂച്ചെടികളുടെ ഇടയിൽ നടക്കുമ്പോൾ ഒരു സൎപ്പം കുട്ടിയുടെ കൈയിൽ ചുററുകയും, കുട്ടി ചിരിച്ചുകൊണ്ടു സൎപ്പത്തെ വളരെ ഉപദ്രവിക്കയും, സൎപ്പം കുട്ടിയെ കടിക്കുകയും ചെയ്തു. കുറച്ചുനേരംകൊണ്ട് കുട്ടി മുഖംവിളൎത്ത് മിണ്ടാതെ കിടന്നു. അപ്പോൾ ചിലർ കുട്ടിക്കു വിഷമാണെന്നു പറഞ്ഞു; മററു ചിലർ കുട്ടി ഉടനെ മരിച്ചുപോകുമെന്നു പറഞ്ഞു അതിന്നു വല്ല മരുന്നും തരേണമെന്നു ഞാൻ അവരോട് അപേക്ഷിച്ചപ്പോൾ ഈ കുന്നിന്മേൽ ഒരു മഹൎഷിയുണ്ടെന്നും, അദ്ദേഹത്തോടു ചോദിക്കയാണ് നല്ലതെന്നും പറഞ്ഞു. അതുകേട്ട് ഞാൻ ഭയപ്പെട്ടു വിറച്ചുകൊണ്ടു കുട്ടിയെ എടുത്തു ഈശ്വരചൈതന്യമുള്ള അങ്ങയുടെ അടുക്കൽവന്നു കുട്ടിയെ കാണിക്കുകയും, അങ്ങുന്ന് ദയയോടുകൂടി കുട്ടിയെ നോക്കുകയും, ഉടനെ തന്നെ, ആരും മരിച്ചിട്ടില്ലാത്തതായ ഒരു ഗൃഹത്തിൽനിന്നു ഒരു പിടി കടുക് വാങ്ങിക്കൊണ്ടുവരുവാൻ എന്നോടു കല്പിക്കുകയും ചെയ്തിരുന്നു."

ബുദ്ധൻ—"ശരി! ശരി! ഞാൻ ഓൎക്കുന്നുണ്ടു."

സ്ത്രീ—"ഞാൻ അതുപ്രകാരം കുട്ടിയെ എടുത്തുകൊണ്ടു പട്ടണത്തിലേക്കു പോയി. ഗൃഹങ്ങൾതോറും ചെന്നു, കടുകുവേണമെന്നു ചോദിച്ചു. എന്നാൽ ആരും മരിക്കാത്തതായ ഒരുഗൃഹമെങ്കിലും കാണാത്തതിനാൽ ആ കടുക് എവിടെ കിട്ടുമെന്നു ചോദിപ്പാനായി മടങ്ങി വന്നിരിക്കയാണ്."

ബുദ്ധൻ—അല്ലയോ സഹോദരീ! നീ ആൎക്കും കിട്ടാത്തതായ സാധനത്തെ തിരഞ്ഞു നടന്നതിനാൽ ഞാൻ തരേണ്ടമെന്നു

വിചാരിച്ച സിദ്ധൌഷധം നിനക്കു കിട്ടിക്കഴിഞ്ഞു. നീ ഇന്നലെവരെ അതിസ്നേഹത്തോടെ വളൎത്തി വന്നിരുന്ന കുട്ടി നീ കാണ്കെ തന്നെ മരിച്ചുപോയി. നിനക്കു വന്നിട്ടുള്ള സങ്കടത്തെക്കുറിച്ചു് അതു കണ്ടവരെല്ലാം സങ്കടപ്പെടുന്നുണ്ടു. ഒരാൾക്കു വന്നിട്ടുള്ള സങ്കടത്തെക്കുറിച്ചു് പലരും ദുഃഖിക്കുന്നതായാൽ, ദുഃഖം വന്നവനു കുറെ ആശ്വാസമുണ്ടാകും. എന്റെ ജീവനെ ത്യജിച്ചിട്ടെങ്കിലും നിന്റെ ദുഃഖത്തെ തീൎപ്പാൻ കഴിയുന്നതായിരുന്നാൽ ഞാൻ അതു ചെയ്യുമായിരുന്നു. എന്നാൽ ലോകത്തിൽ അതിസ്നേഹത്തെ ദുഃഖമായി പരിണമിപ്പിക്കുന്നതായ ഒരു ശാപമുണ്ടു. മിണ്ടുവാൻ വഹിയാത്ത ഈ ആടുകളെ യാഗത്തിൽ ഹിംസിപ്പാനായി ആട്ടിടയൻ ആട്ടിക്കൊണ്ടു പോകുന്നതുപോലെ, ആ ശാപം മനുഷ്യരെ ദുഃഖത്തിലേക്കു് ആട്ടിക്കൊണ്ടു പോകുന്നു. ആ ശാപത്തിനു നിവൃത്തി ലഭിക്കുമെങ്കിൽ എന്റെ ജീവനെക്കൂടി കൊടുപ്പാൻ ഞാൻ ഒരുക്കമാണ്. ഇതിനുള്ള രഹസ്യമാൎഗ്ഗത്തെ കണ്ടുപിടിപ്പാനാകുന്നു ഞാൻ ഇപ്പോൾ അന്വേഷിച്ചു നടക്കുന്നത്. അതുകൊണ്ടു്, അസാദ്ധ്യമായ കാൎയ്യത്തിൽ നീ വെറുതെ സങ്കടപ്പെടാതെ നിന്റെ കുട്ടിയുടെ ശവം കൊണ്ടുപോയി മറ ചെയ്യുക."

ബുദ്ധൻ ആട്ടിടയന്മാരോടുകൂടി അവിടെനിന്നു പുറപ്പെട്ടു സൂൎയ്യാസ്തമയത്തിൽ ബിംബിസാരരാജാവിന്റെ പട്ടണദ്വാരത്തിലെത്തി. അവിടെ കാത്തുനില്ക്കുന്ന രാജഭടന്മാർ, ആട്ടിൻകുട്ടിയെ ചുമലിലെടുത്തുകൊണ്ടു ചെല്ലുന്ന ബുദ്ധനെ കണ്ടു് ബഹുമാനത്തോടെ മാറിനിന്നു. ബുദ്ധനും ആട്ടിടയന്മാരും ആടുകളും പട്ടണത്തിന്റെ അകത്തേക്കു കടന്നുപോയി. ചന്തസ്ഥലത്തു കൂടിയിരുന്ന ജനങ്ങൾ ആ മഹാനെ കണ്ടു് ആശ്ചൎയ്യത്തോടെ സാമാനങ്ങളെ ഒഴിച്ചു് വഴിയൊതുക്കിക്കൊടുത്തു. അങ്ങാ

ടിയിൽ സാമാനംവില്ക്കുവാനും വാങ്ങുവാനും വന്നവരെല്ലാം ആ മഹാത്മാവിന്റെ ശാന്തമുഖത്തെ കാണുവാനായി തങ്ങളുടെ പ്രവൃത്തികളെ നിർത്തിവെച്ച് പുറത്തെക്ക നോക്കി. കൊല്ലൻ ഉയർത്തി പിടിച്ചിരുന്ന ചുററികയെ, ആ മഹാത്മാവിനെ നോക്കിക്കൊണ്ടു നിന്നതിനാൽ, താഴ്ത്തുവാൻ മറന്നുപോയി നെയ്ത്തുകാർ, കണക്കെഴുത്തുകാർ, എന്നുവേണ്ട സവ്വ ജനങ്ങളും അവരവരുടെ പ്രവൃത്തിവിട്ട് ബുദ്ധന്റെ ശാന്തമുഖത്തെത്തന്നെനോക്കിക്കൊണ്ടുനിന്നു. പണം എണ്ണുന്നവൎക്ക എണ്ണം തെററിപ്പോയി. നെല്ല് ഉണക്കാൻ ഇട്ടിരുന്നവർ സ്തബ്ധരായി നിന്നതിനാൽ നെല്ലെല്ലാം ശിവക്ഷേത്രത്തിലെ വൃഷഭം വന്നു തിന്നിരുന്നു. പശുവിനെ കറക്കുന്നവർ ബുദ്ധനെത്തന്നെ നോക്കിക്കൊണ്ടിരുന്നതിനാൽ, പാത്രം നിറഞ്ഞു കവിഞ്ഞ് പാൽ പുറത്തേക്ക പോയത് അറിഞ്ഞില്ല. സ്ത്രീകളെല്ലാം വാതില്ക്കൽ വന്നുനിന്നു, "ഇത്ര ശാന്തതയോടുകൂടി യാഗത്തിന്നു ആടുകളെ കൊണ്ടുപോകുന്ന ഇദ്ദേഹം ആരാണ്? എന്തു ജാതിയാണ്? നേത്രങ്ങൾ എത്ര മനോഹരം? ഇദ്ദേഹം ഇന്ദ്രനോ ചന്ദ്രനോ?"—എന്നിങ്ങിനെ തമ്മിൽതമ്മിൽ ചോദിച്ചു. അപ്പോൾ ചിലർ, "ഇദ്ദേഹം കുന്നിന്മേൽ വസിക്കുന്ന മഹർഷികളുടെ കൂട്ടത്തിൽ ഒരാളാണ" എന്നുപറഞ്ഞു. ബുദ്ധൻ അതൊന്നും നോക്കാതെയും കേൾക്കാതെയും, ചിന്താമഗ്നനായിത്തന്നേ നടന്നു:-"കഷ്ടമേ! ഈ ആടുകൾക്കെങ്കിലും രക്ഷക്ക ആട്ടിടയനുണ്ടു. ലോകവാസികളായ എന്റെആടുകൾക്ക ആരുംഉടമസ്ഥനില്ലല്ലോ. അവർ അജ്ഞാനമാകുന്നരാത്രിയിൽ നിസ്സഹായന്മാരായിത്തന്നെ നടക്കുന്നു. അവർഅവരുടെ സമസൃഷ്ടികളായ ഈ ആടുകളെപ്പോലെ അറിവില്ലാതെ മരണമാകുന്ന ശസ്ത്രത്തിന്റെ മുമ്പിലേക്ക കരഞ്ഞുകൊണ്ടു പോകുന്നു."

ഇങ്ങിനെ ചിന്തിച്ചുകൊണ്ടു ബുദ്ധൻരാജധാനിയിലെത്തി. അപ്പോൾ രാജഭടന്മാർ രാജാവിന്റെ അടുക്കൽ ചെന്ന്, "യാ

ഗത്തിന്നേല്പിച്ച ആളുകളെ കൊണ്ടുവന്നിരിക്കുന്നു അവരോടുകൂടി ഒരു സന്യാസിയും വന്നിട്ടുണ്ടു" എന്നു പറഞ്ഞു. ആ സമയത്ത്, രാജാവ് യാഗശാലയിൽ, വെളുത്ത വസ്ത്രം ധരിച്ചവരായും, മന്ത്രോച്ചാരണം ചെയ്യുന്നവരായും, യാഗകുണ്ഡത്തിൽ അഗ്നിയെ ജ്വലിപ്പിച്ചു കൊണ്ടിരുന്നവരായുമുള്ള ബ്രാഹ്മണരാൽ പരിവൃതനായിരുന്നു. ആ യാഗകുണ്ഡത്തിലുള്ള അഗ്നിയാവട്ടെ, ഇതുന്ന് ഏററവും പ്രിയകരമായ സോമനീർ, നെയ്യ്, മുതലായ ഹോമദ്രവ്യങ്ങൾ ഭുജിക്കുവാനായി ചുററം ജ്വാലയാകുന്ന രസനയെ നീട്ടിക്കൊണ്ടിരുന്നു. വേദിക്കരികെ, ഹിംസിക്കപ്പെട്ട യാഗപശുക്കളുടെ രക്തം ഒരു ചെറിയതോടുപോലെ ഒഴുകിക്കൊണ്ടിരുന്നു. നീണ്ട കൊമ്പുകളും വെളുത്ത പുള്ളിയുമുള്ള ഒരു കോലാടു അവിടെ കിടന്നിരുന്നു. അതിൻെറ തല മുഞ്ഞപ്പുല്ലുകൊണ്ടു കെട്ടിയിരുന്നു. നിവർത്തിപ്പിടിച്ചുകൊണ്ടിരുന്ന അതിൻെറ കഴുത്തിന്നു നേരെ കത്തിയും പിടിച്ചുകൊണ്ടു ഒരു വൈദികബ്രാഹ്മണൻ നിന്നിരുന്നു. അദ്ദേഹം ഇങ്ങിനെ പറഞ്ഞുകൊണ്ടിരുന്നു:—"അല്ലയോ ദേവന്മാരെ! ബിംബിസാരൻ ചെയ്തതായ അനേകയജ്ഞങ്ങളിൽ വെച്ച് ഈ യജ്ഞം ഏററവും ശ്രേഷ്ഠമാകുന്നു. ഇപ്പോൾ വീഴുവാൻ പോകുന്ന രക്തത്തെ കണ്ടും, പാകം ചെയ്വാൻ പോകുന്ന മാംസത്തിൻെറ സുഗന്ധത്തെ ഘ്രാണിച്ചും നിങ്ങൾ സന്തുഷ്ടരായി ഭവിക്കുവിൻ. രാജാവു ചെയ്തിട്ടുള്ള സകലപാപങ്ങളെയും ഈ കോലാട്ടിൽ ആവാഹിക്കുന്നു. ഇതിനെ ദഹിപ്പിക്കുന്നതോടുകൂടി അഗ്നി ആ പാപങ്ങളെയും ഭസ്മമാക്കട്ടെ. ഇതാ ഞാൻ വെട്ടുന്നു." അതു കേട്ട ക്ഷണത്തിൽ, ബുദ്ധൻ, "മഹാരാജാവെ! അതിനെ വെട്ടാനനുവദിക്കരുതെ"—എന്നു പറഞ്ഞു. ആട്ടിൻെറ അടുക്കൽ ചെന്ന്, അതിൻെറ ബന്ധനങ്ങളെല്ലാം അഴിച്ചുവിട്ടു. അദ്ദേഹം അങ്ങിനെ ചെയ്യുമ്പോൾ ആരും തടുത്തില്ല. അദ്ദേഹത്തിൻെറ മുഖത്തു വിളങ്ങിയ ചൈതന്യം അത്ര . മഹത്തായിരുന്നു.

അനന്തരം ബുദ്ധൻ ജീവന്റെ മാഹാത്മ്യത്തെക്കുറിച്ചു അവരോട് ഇങ്ങിനെ പ്രസംഗിച്ചു:—"അല്ലയോ സദസ്യന്മാരെ! എനിക്ക് അല്പം പറവാനുണ്ടു. എല്ലാവരാലും നശിപ്പിക്കുവാൻ കഴിയുന്നതും, ആരാലും കൊടുപ്പാൻ കഴിയാത്തതുമായ ജീവനെ സർവ്വപ്രാണികളും ഏററവും സ്നേഹിക്കുകയും, എന്നും ചെയ്യും രക്ഷിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള ജീവൻ ഏററവും നിസ്സാരജീവികൾക്കു കൂടി അത്ഭുതകരവും സന്തോഷപ്രദവും ആകുന്നു, ആ ജീവൻ സർവ്വപ്രാണികൾക്കും അത്യന്തം പ്രിയകരമാകുന്നു. ആ ജീവൻ ദയയുള്ളവർക്കു വളരെ വിലപിടിച്ച വസ്തുവുമാകുന്നു. ദയയാകട്ടെ, ലോകത്തിൽ ബലവാന്മാൎക്കും ബലഹീനന്മാൎക്കും ഒരുപോലെ ഗുണപ്രദമാകുന്നു. ബലഹീനന്മാരിൽ ദയ കാണിക്കുന്നതിനാൽ അവർ ലോകം വളരെ മാർദ്ദവമുള്ളതെന്നു വിചാരിക്കുന്നു. ബലവാന്മാൎക്കു ദയ ഉത്തമഗുണമാണെന്നു തോന്നിക്കുന്നു. മററുള്ള ജീവികൾക്കെല്ലാം ഈശ്വരന്മാരായ മനുഷ്യർ തങ്ങൾക്കു ദയ ചെയ്യുന്നതിന്നായി ദൈവങ്ങളെ പ്രാൎത്ഥിച്ചുകൊണ്ടിരിക്കെ, ആ മനുഷ്യൻ തന്നെ, മിണ്ടുവാൻ വഹിയാത്ത പ്രാണികളെ നിർദ്ദയമായി ഹിംസിക്കുന്നത് അതികഷ്ടമല്ലേ? പ്രത്യേകിച്ചും, ഈ ആടുകൾ തങ്ങളാൽ കഴിയുന്നപോലെ, രോമങ്ങളും മററും കപ്പംപോലെ ഇതുവരെയും തന്നുവന്നിരുന്നുവല്ലോ. അവയെ കൊല്ലുവാൻ വിചാരിക്കുന്ന നമ്മളെ അവ പൂൎണ്ണമായി വിശ്വസിച്ചുവരുന്നുവല്ലോ. അവയുടെ ജീവനും നമ്മുടെ ജീവനും ഒന്നാകുന്നു. ചിലർ മരണശേഷം പക്ഷിമൃഗാദികളായി ജനിക്കുന്നുവെന്നും, നമ്മുടെ ശാസ്ത്രങ്ങൾ പറയുന്നു. അങ്ങിനെയിരിക്കെ, നമ്മൾ യാഗത്തിന്നായി ഒരു പ്രാണിയെ ഹിംസിക്കുന്നത്, ഉന്നതപദവിയിലേക്കു പോകുന്ന . ഒരു ആത്മാവിനെ തടസ്ഥപ്പെടുത്തുകയല്ലേ? അത് ഒരു വലുതായ പാപവുമല്ലേ? ലോകത്തിൻ . യാതൊരുത്തനും പ്രാണിഹിംസയാലുണ്ടാ

വുന്ന രക്തത്താൽ ആത്മാവിനെ ശുദ്ധീകരിപ്പാൻ കഴിയുന്നതല്ല. യാഗാദികളെ സ്വീകരിക്കുന്ന ദൈവങ്ങൾ സത്തുക്കളാണെങ്കിൽ അവർ ഈ രക്തത്താൽ സന്തുഷ്ടന്മാരാകയില്ല. ദുഷ്ടദേവതകളാണെങ്കിൽ, അവരെ ഈ കൈക്കൂലികൊണ്ടു കൈവശപ്പെടുത്തീട്ട് യാതൊരു പ്രയോജനവുമില്ല. മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ, നമ്മൾ ചെയ്യുന്നതായ കർമ്മങ്ങൾക്കു ശരാശരി ഗുണമോ ദോഷമോ കിട്ടുമെന്നുള്ള ലോകനിയതിക്കനുസരിച്ച് അവനവൻ ചെയ്യുന്ന കർമ്മങ്ങൾക്ക് അവനവൻതന്നെ സമാധാനം പറയേണമെന്നുണ്ടല്ലോ. ഈ മഹാരാജാവ് ചെയ്തതായ പാപകർമ്മത്തിനുള്ള സമാധാനലേശമെങ്കിലും ഈ ജന്തുഹിംസയിലുണ്ടോ? എന്നാൽ മനുഷ്യരുടെ കർമ്മമോ? അതിജാഗ്രതയുള്ളതും ദൃഢനിശ്ചയമുള്ളതും ആരാലും തോല്പിക്കുവാൻ കഴിയാത്തതും ഒട്ടും ചലനമില്ലാത്തതും ഭൂതകാലകർമ്മഫലങ്ങളാൽ ഭാവികാലാനുഭവങ്ങളെ ഉണ്ടാക്കിത്തീക്കുന്നതുമാകുന്നു."

ഇങ്ങിനെ ബുദ്ധൻ പറയുന്നതു കേട്ടപ്പോൾ, യാഗശാലയിലുള്ള വൈദികബ്രാഹ്മണരെല്ലാം, രക്തത്താൽ നനഞ്ഞതായ അവരുടെ കൈകളെ വസ്ത്രങ്ങൾകൊണ്ടു ലജ്ജയോടെ മറച്ചു; ബിംബിസാരരാജാവു ബുദ്ധന്റെ അരികിൽ ചെന്നു കൈകൂപ്പി തൊഴുതുകൊണ്ടു നില്ക്കുകയും ചെയ്തു. എന്നാൽ ബുദ്ധൻ പ്രസംഗിച്ചുകൊണ്ടുതന്നെയിരുന്നു:—"ഈ ലോകത്തിലുള്ള സകല ജീവികളും രക്തസംബന്ധമില്ലാത്തതായുള്ള ധാന്യങ്ങൾ, സസ്യാദികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുകൾ, ജലം മുതലായ ശുദ്ധമായ ആഹാരത്തെ അന്യോന്യസ്നേഹത്തോടുകൂടി സാധാരണയായി ഉപയോഗിച്ചുവന്നാൽ ഈ ഭൂലോകം എത്രയോ ആനന്ദകരമായിരിക്കും!" ഇപ്രകാരം അമൃതവർഷംപോലെ പ്രസംഗിക്കുന്നതു കേട്ട്, ബിംബിസാരരാജാവിന്റേയും, ഋത്വിക്സദസ്യന്മാരുടേയും ഹൃദയങ്ങൾ അനുഗ്രഹത്തിന്റെ ശാന്തതയുടെ പ്രഭാവത്തിനു കീ

ഴടങ്ങി; അവൻ തന്നെ യാഗാഗ്നിയെ കൊട്ടുകകയും, യാഗായു ധങ്ങളെല്ലാം ദൂരത്ത് എറിഞ്ഞുകളകയും ചെയ്തു.

അനന്തരം ബിംബിസാരരാജാവ് തന്റെ രാജ്യം മുഴവനും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതിങ്ങിനെയായിരുന്നു:— "ഇതുവരെ യാഗാദികർമ്മങ്ങൾക്കായിട്ടും മാംസഭോജനത്തിന്നായിട്ടും അനവധി ജീവികളെ കൊന്നിരിക്കുന്നു. ഇനിമേലിൽ യാതൊരുത്തനും യാതൊരു കർമ്മങ്ങൾക്കും ജീവികളെ കൊല്ലുകയോ തിന്നുകയോ ചെയ്യരുത്. എന്തുകൊണ്ടെന്നാൽ; ജീവികളിലുള്ള ജീവൻ എല്ലാം ഒന്നുതന്നെയാകുന്നു. ദയയുള്ളവരിൽ മാത്രമെ ദൈവവും ദയകാണിക്കുകയുള്ളു"— ഇപ്രകാരം വിളംബരം പ്രസിദ്ധപ്പെടുത്തിയതിന്നു പുറമെ, വിളംബരവാചകം ശിലകളിലെഴുതി അവിടെ സ്ഥാപിക്കയും ചെയ്തു.

ആ കാലം മുതൽ ബുദ്ധൻ ഗംഗാതീരവാസികൾക്കു ദയയെയും ശാന്തതയെയും പഠിപ്പിച്ചതിനാൽ, ആ പ്രദേശത്തു മനുഷ്യരും, മൃഗങ്ങളും, പക്ഷികളും, അന്യോന്യസ്നേഹത്തോടെ ക്ഷേമമായി കാലം കഴിച്ചുതുടങ്ങി എന്നാൽ ബുദ്ധൻ പ്രസംഗിച്ചതായ സർവ്വഭൂതദയ അദ്ദേഹം പൂർവ്വജന്മങ്ങളിൽ തന്നെ അഭ്യസിച്ചുവന്നിരുന്നതാണെന്നുള്ളതിന്നു ദൃഷ്ടാന്തമായി ഒരു കഥ അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ പറയുന്നു. മുമ്പൊരു ജന്മത്തിൽ, ബുദ്ധൻ, ദാലിദ് എന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണനായി ജനിച്ച് വസിക്കുന്ന കാലത്ത്, ഒരിക്കൽ, രാജ്യമെങ്ങും മഴയില്ലാതെ ദുർഭിക്ഷമുണ്ടായി, സകല ധാന്യങ്ങളും സസ്യാദികളും നശിച്ചുപോയി വനങ്ങളിലുള്ള തടാകങ്ങളിലെ ജലം കൂടി വററിപ്പോയി. വനവാസികളായ ജന്തുക്കൾ കാടുവിട്ടു നാട്ടിലേക്ക് ഓടിത്തുടങ്ങി. ആ സമയത്ത്, ഒരു പുലി വലുതായ ഒരു ചുരത്തിലുള്ള പാറമേൽ കിടക്കുന്നത് ആ ബ്രാഹ്മണൻ കണ്ടു. വിശപ്പുകൊണ്ട് അതിന്റെ വയറ് ഒട്ടിക്കിടന്നിരുന്നു. ഉന്നങ്ങിക്കിടന്ന അതിന്റെ നാവ് ഒരു ചാൺ

നീളം പുറത്തേക്കു വന്നിരുന്നു. പുള്ളികളോടുകൂടിയ അതിൻെറ തോൽ വാരിയെല്ലുകളുടെ ഇടയിൽ തൂങ്ങിക്കിടന്നിരുന്നു. അതിൻെറ അകിട്ടിൽ രണ്ടു നരിക്കുട്ടികൾ അല്പമെങ്കിലും പാലില്ലാത്ത മുലകളെ നക്കിക്കൊണ്ടു ക്ഷീണത്തോടെ നിന്നിരുന്നു. കരയുന്ന ആ കുട്ടികളെ പുലി ദാരിദ്ര്യത്തേക്കാൾ അധികം ബലമുള്ളതായ പുത്രവാത്സല്യത്താൽ നക്കിക്കൊണ്ടിരുന്നു. ആ പുലി തൻെറ കഷ്ടാവസ്ഥയെ ഓൎത്ത് മുഖം നിലത്തു പതിച്ച് സങ്കടത്തോടെ ഗൎജ്ജനം ചെയ്തു. അതു കേട്ട ഉടനെ ആൎദ്രചിത്തനായ ബ്രാഹ്മണൻ ഇങ്ങിനെ വിചാരിച്ചു. "ഈ മൃഗങ്ങൾ ആഹാരമില്ലാത്തതിനാൽ ഇന്ന് അസ്തമയത്തിന്നു മുമ്പെ മരിച്ചുപോകും, നിശ്ചയം. ഈ മൃഗം ഇതുവരെക്കും എല്ലാവരേയും ഹിംസിച്ചിരുന്നതിനാൽ ഇതിനോട് ആൎക്കും ദയയുണ്ടാവുന്നതല്ല. എന്നാൽ ഇവയെ സഹായിപ്പാൻ ഒരു മാൎഗ്ഗമേ ഉള്ളൂ. ഞാൻ ഇവക്ക് ആഹാരമായി ഭവിക്കുകതന്നെ. ഇങ്ങിനെ ചെയ്യുന്നതിനാൽ എനിക്കല്ലാതെ മററാൎക്കാണ് നഷ്ടം? എന്നാൽ എനിക്കും എങ്ങിനെ നഷ്ടമുണ്ടാവും? എൻെറ സ്നേഹം മററുള്ളവയെ സ്നേഹിക്കുന്നതിനാൽ വൎദ്ധിക്കുകയല്ലാതെ നശിക്കുകയില്ലല്ലൊ"—എന്നു നിശ്ചയിച്ച്, ആ ബ്രാഹ്മണൻ, കാലിലുള്ള മെതിയടി, കൈയിലുള്ള വടി, തലയിലുള്ള വസ്ത്രം ദേഹത്തിലുള്ള പൂണുനൂൽ മുതലായവ എടുത്തെറിഞ്ഞിട്ട്, പുലിയുടെ മുമ്പിൽ ചെന്ന്, "ഇതാ നിനക്ക് ആഹാരം." എന്നു പറഞ്ഞുനിന്നു. ആസന്നമൃത്യുവായ ആ പുലി, കണ്ട ഉടനെ, ഗൎജ്ജിച്ചുകൊണ്ട്, കുട്ടികളെ വിട്ട്, ചാടി വീണ് താഴത്തു തള്ളിയിട്ട്, മനസ്സോടുകൂടി ആഹാരമായിത്തീൎന്ന ആ ദേഹത്തെ നഖങ്ങൾകൊണ്ടു മാന്തിപ്പൊളിച്ചു തിന്നുകയും ചെയ്തു.

ബിംബിസാരരാജാവാകട്ടെ, യാഗശാലയിൽവെച്ചു പ്രസംഗിച്ച ബുദ്ധൻ രാജവംശത്തിൽ ജനിച്ചവനാണെന്നും പരമാൎത്ഥതത്വത്തെ അന്വേഷിച്ചു നടക്കുകയാണെന്നും അറിഞ്ഞ

പ്പോൾ, അദ്ദേഹത്തോടു പറഞ്ഞു:—"അല്ലയോ രാജപുത്രാ! രാജവംശത്തിൽ ജനിച്ചു വളൎന്ന അങ്ങുന്ന് ഈ വിധത്തിലുള്ള കായക്ലേശങ്ങൾക്കു ശക്തനല്ല. ഈശ്വരൻ അങ്ങേക്കു കൈകകൾ തന്നിട്ടുള്ളതു ചെങ്കോൽ ധരിപ്പാനാകുന്നു; ഭിക്ഷാടനത്തിനല്ല. അതുകൊണ്ട്, പുത്രനില്ലാത്ത എന്നോടൊന്നിച്ച്, ഈ രാജധാനിയിൽ, സുന്ദരിയായ ഒരു സ്ത്രീയെ കല്യാണവും കഴിച്ച്, എന്റെ രാജ്യവാസികൾക്കെല്ലാം ജ്ഞാനത്തെ ഉപദേശിച്ചു കൊണ്ടു സുഖമായി വസിക്കുക."

ബിംബിസാരൻ ഇങ്ങിനെ പലപ്രാവശ്യവും അപേക്ഷിച്ചു. അതിനെല്ലാം ബുദ്ധൻ ഇപ്രകാരമാണ് മറുവടി പറഞ്ഞത്: "അല്ലയോ മഹാരാജാവേ! അങ്ങുന്ന് പറഞ്ഞ സകല പദവികളും എനിക്കുണ്ടായിരുന്നു. പരമാൎത്ഥതത്വത്തെ അന്വേഷിച്ചറിവാൻ വേണ്ടി അവയെല്ലാം ഞാൻ ത്യജിച്ചതാകുന്നു. ഞാൻ ഇപ്പോഴും അതിനെ തിരഞ്ഞുകൊണ്ടുതന്നെ നടക്കുന്നു. ഇനിമേലും, അതിനെ കണ്ടുകിട്ടുന്നതുവരെ, തിരഞ്ഞുകൊണ്ടുതന്നെ നടക്കും. ദേവലോകത്തിലുള്ള മണിമയഗോപുരങ്ങളെ തുറന്ന് ദേവസ്ത്രീകൾ തന്നെ എന്നെ ഭൎത്താവായി വിളിച്ചാലും, ഞാൻ ഈ തത്വാന്വേഷണത്തിൽനിന്ന് ഒരിക്കലും പിൻമാറുകയില്ല. ധൎമ്മമാകുന്ന രാജ്യത്തെ സ്ഥാപിക്കുവാൻ വേണ്ടി ഞാൻ, ഗയ മുതലായ വനപ്രദേശങ്ങളിലേക്കു പോകയാണ്. അവിടെ എനിക്കു ജ്ഞാനോദയമുണ്ടാവുമെന്നു തോന്നുന്നു. മഹൎഷികൾ മൂലമായൊ, ശാസ്ത്രങ്ങൾ മൂലമായൊ, ദേഹത്തെ ശോഷിപ്പിക്കുന്നതായ വ്രതാനുഷ്ഠാനങ്ങൾ മൂലമായൊ, ജ്ഞാനോദയമുണ്ടാകയില്ല. എന്നാലും നമ്മൾ കാണേണ്ടതായ ഒരു വെളിച്ചമുണ്ട്! നമ്മൾക്കു ലഭിക്കേണ്ടതായ ഒരു തത്വവുമുണ്ടു. അല്ലയോസ്നേഹിതാ! ഞാൻ അതിനെ കണ്ടുപിടിച്ചാൽ ഇവിടെ വന്ന് അങ്ങുന്ന് കാണിച്ച സ്നേഹത്തിന്നു പ്രതിഫലം ചെയ്യാം"— ഇതു കേട്ടു ഉടനെ ബിംബിസാരൻ ബുദ്ധനെ പ്രദക്ഷിണം

വെച്ച് പാദങ്ങളിൽ വീണു സാഷ്ടാംഗമായി നമസ്കരിച്ച്, "അങ്ങയുടെ ഇഷ്ടംപോലെ പോയ്ക്കൊള്ളുക"– എന്നു പറഞ്ഞയച്ചു.

ആറു സംവത്സരം അന്വേഷിച്ചു നടന്നിട്ടും പരമാൎത്ഥ തത്വം ലഭിക്കാഞ്ഞതിനാൽ, ബുദ്ധന് ഒട്ടും മനസ്സമാധാനമില്ലാതെയായി; അങ്ങിനെ ഖിന്നനായിട്ട് ഉരുവേലവനത്തിലേക്കു പോയി. അവിടെ മലമുകളിലും കാട്ടിലും വസിച്ചിരുന്ന അഞ്ചു വാനപ്രസ്ഥാശ്രമികളെ കണ്ടു; അവരോടു താൻ ജ്ഞാനമാൎഗ്ഗത്തെ അന്വേഷിച്ചു നടക്കുകയാണെന്നു പറഞ്ഞപ്പോൾ, അവർ, ശ്രുതിസ്മൃതികളിൽ ജ്ഞാനമാൎഗ്ഗത്തെക്കുറിച്ചു വിവരമായി പറഞ്ഞിട്ടുണ്ടെന്നും, അതിലധികം വ്യക്തമായി ഏതു മഹൎഷിക്കും കാണിക്കുവാൻ സാധിക്കുന്നതല്ലെന്നും പറഞ്ഞു. അവർ പറഞ്ഞതാവിതു: "പരബ്രഹ്മം ദേഹരഹിതനെന്നും, കൎമ്മരഹിതനെന്നും, നിർവ്വികാരനെന്നും, നിശ്ചലനെന്നും, ശാന്തനെന്നും, നിൎഗ്ഗുണനെന്നും, നിഷ്കളങ്കനെന്നും, പരമാനന്ദസ്വരൂപനെന്നും, മാറ്റമില്ലാത്തവനെന്നും, പരമാത്മാവെന്നും ജ്ഞാനകാണ്ഡം പറയുന്നതിനേക്കാൾ അധികം ഏതു മനുഷ്യനെക്കൊണ്ടാണ് പറവാൻ കഴിയുന്നത്? കാമക്രോധാദികളായ ദുൎവ്വികാരങ്ങളിൽനിന്നും അവയാൽ പ്രേരിതങ്ങളായ കൎമ്മങ്ങളിൽനിന്നും രക്ഷപ്പെടുവാനും, പഞ്ചേന്ദ്രിയങ്ങളുടെ യുദ്ധത്തിൽനിന്നു ശാശ്വത സുഖത്തിലേക്കു പോകുവാനും, മിത്ഥ്യയിൽനിന്നു പരമാൎത്ഥത്തിലേക്കു പോകുവാനും, അഹങ്കാരമാകുന്ന പാശത്തിൽനിന്നു മോചിക്കപ്പെടുവാനും, ആ ബന്ധവിമോചനത്താൽ ദൈവമായി ഭവിച്ച് വിശാലമായ ബ്രഹ്മതത്വത്തിൽ ലയിപ്പാനുമുള്ള മാൎഗ്ഗത്തെ കൎമ്മകാണ്ഡം വിസ്തരിച്ചു പറയുന്നു; അതിനേക്കാൾ ഏതു മനുഷ്യനാണ് അധികം പറവാനുള്ളതു?"

ഇങ്ങിനെ അവർ പറഞ്ഞതെല്ലാം ബുദ്ധൻ ക്ഷമയോടെ കേട്ടിരുന്നുവെങ്കിലും, അദ്ദേഹത്തിന്ന് അത് ഒട്ടും തൃപ്തികരമായി ഭവിച്ചില്ല.

# ആറാമദ്ധ്യായം.

വായനക്കാരെ! ബുദ്ധന്നു ജ്ഞാനോദയമുണ്ടായ പുണ്യഭൂമി നിങ്ങൾക്കു കാണേണമെന്നുണ്ടെങ്കിൽ, സഹസ്രോദ്യാനത്തിൽനിന്നു വടക്കുപടിഞ്ഞാറായി ഗംഗാതീരത്തിൽക്കൂടി നടന്നാലും. ആ വഴിക്ക് നൈരാഞ്ജനം, മോഹനം എന്നീ നദികളുടെ ഉല്പത്തി സ്ഥാനമായ മലയിലെത്താം. പലവിധ വൃക്ഷങ്ങൾ നിറഞ്ഞ ആ നദീതീരങ്ങളിൽക്കൂടി പോയാൽ ആ നദികൾ ഫൽഗുനീ നദിയിൽ ചെന്നു ചേരുന്നതായ സ്ഥലത്തെത്താം. അവിടെനിന്നു, ദുർഗ്ഗമമാർഗ്ഗത്തിൽ ഒഴുകുന്ന ഫൽഗുനിയുടെ തീരത്തിൽക്കൂടി നടന്നാൽ, ഗയ, ബറാബർ എന്ന മലപ്പുറങ്ങളിൽ ചെന്നുചേരാം. ആ കുന്നുകൾക്കരികെ, പുരാതനകാലംമുതല്ക്ക് ഉരുവേലവനം എന്നു പ്രസിദ്ധപ്പെട്ടതായ ഒരു മുള്ളുമരക്കാടുണ്ട്. ബുദ്ധന്നു ജ്ഞാനോദയമുണ്ടായ സ്ഥലം ആ പുണ്യവനം തന്നെയാണ്. ഇടക്കിടെ മണൽക്കുന്നുകളെ കൊണ്ടു വിശേഷിക്കപ്പെട്ടതായ ആ വനത്തിന്റെ അതൃത്തിയിൽ പച്ചിലമരങ്ങൾ നിറഞ്ഞ ഒരു കാടുണ്ട്; ആ കാട്ടിൽ, മത്സ്യങ്ങളും ആമകളും നിറഞ്ഞതായ ഒരു താമരപ്പൊയ്കയുമുണ്ടു. അതിന്നരികിലായി സേനാനി എന്നു പേരായ ഒരു ഗ്രാമമുണ്ടു. അക്കാലത്ത്, അവിടെ പനമരക്കൂട്ടങ്ങളുടെ ഇടക്ക്, പുല്ലു മേഞ്ഞ പുരകളിൽ പാർത്തിരുന്ന ജനങ്ങൾ ആടുമാടുകളെ വളർത്തി വന്ന സാധുക്കളായ ഇടയന്മാരായിരുന്നു.

ആ വനത്തിലെ വൃക്ഷവിഭൂഷിതങ്ങളായ വിജനങ്ങളിലായിരുന്നു, ബുദ്ധൻ, മനുഷ്യരുടെ കഷ്ടാവസ്ഥയെക്കുറിച്ചും, ദൈവ വിധിയെ കുറിച്ചും, ശ്രുതിസ്മൃതി വാക്യങ്ങളെക്കുറിച്ചും, ജീവകാലങ്ങളിൽ നിന്നു പഠിക്കാവുന്ന തത്വങ്ങളെക്കുറിച്ചും, സർവ്വ ചരാചരങ്ങളുടെയും ഉല്പത്തി ലയങ്ങളുടെ ഗൂഢ തത്വത്തെക്കുറിച്ചും, ആ ഉല്പത്തി ലയങ്ങളു

ടെ മദ്ധ്യത്തിൽ, ആകാശത്തിൽ മേഘങ്ങൾക്കിടയിൽ ഇന്ദ്രചാപമെന്നപോലെ, കൌതുകകരമായിരിക്കുന്ന ജീവകാലത്തെക്കുറിച്ചും, ചിന്തിച്ചുകൊണ്ടിരുന്നത്. ഇങ്ങിനെ ധ്യാനനിഷ്ഠനായിരുന്ന് ആഹാരം കഴിക്കാതെയും, ആഹാരം അന്വേഷിപ്പാനുള്ള ആലോചനകൂടി ഇല്ലാതെയും, അനേകപക്ഷങ്ങൾ കഴിയുമ്പോൾ, ഒരു ദിവസം കണ്ണുമിഴിച്ചുനോക്കി എന്നു വരും. ആ സമയം ഭിക്ഷാപാത്രത്തിൽ ഒന്നും കാണാഞ്ഞ്, തന്റെ തലക്കുമീതെ നിന്നിരുന്ന വൃക്ഷങ്ങളിൽ നിന്നു കുരങ്ങന്മാരൊ പക്ഷികളൊ താഴത്തു വീഴ്ത്തിയതായ വല്ല ഫലങ്ങളേയും ഭക്ഷിക്കും. അങ്ങിനെ ആഹാരമില്ലാതിരുന്നതിനാൽ കാലക്രമത്തിൽ ബുദ്ധന്റെ അംഗങ്ങൾക്കു കുറവു വന്നു; ദേഹം ശോഷിച്ചതിനാൽ ബുദ്ധചിഹ്നങ്ങളായ മുപ്പത്തിരണ്ടു ലക്ഷണങ്ങളും മാഞ്ഞുപോകയും ചെയ്തു. തന്റെ കാല്ക്കൽ പഴുത്തുണങ്ങി വീണു കിടന്നിരുന്ന സാലവൃക്ഷപത്രങ്ങൾക്കും വസന്തത്തുവിലെ പച്ചത്തളിരുകൾക്കും തമ്മിൽ എന്തെങ്കിലും സാദൃശ്യം ഉണ്ടായിരുന്നെങ്കിൽ, ബുദ്ധന്റെ അപ്പോഴത്തെ അവസ്ഥക്കും രാജ്യത്തിനെല്ലാം അലങ്കാരഭൂതനായിരുന്ന മുമ്പെത്തെ അവസ്ഥക്കും തമ്മിൽ അത്രതന്നെ സാദൃശ്യമുണ്ടായിരുന്നില്ല.

ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം, ബുദ്ധൻ കഠിനതപസ്സുകൊണ്ടു ക്ഷീണിച്ച് മോഹാലസ്യപ്പെട്ടു ഭൂമിയിൽ വീഴുകയും ദേഹത്തിൽ രക്തം ഓട്ടന്നതു നിന്ന് ശ്വാസമില്ലാതെ മരിച്ചതുപോലെ കിടക്കുകയും ചെയ്തിരുന്നു. ആ സമയത്തു ഒരു ഇടയകുട്ടി ആ വഴിക്കു പോകുന്നുണ്ടായിരുന്നു. അതിസങ്കടത്തെ സൂചിപ്പിക്കുന്ന മുഖഭാവത്തോടെ കണ്ണടച്ച് മദ്ധ്യാഹ്നസമയത്തു വെയിലിൽകിടന്നു പൊരിഞ്ഞിരുന്ന ബുദ്ധനെ കണ്ടു ഉടനെ തന്നെ, ആ കുട്ടി, അടുത്തുണ്ടായിരുന്ന ജംബുവൃക്ഷത്തിന്റെ കൊമ്പുകൾ മുറിച്ചുകൊണ്ടുവന്നു, ബുദ്ധൻ കിടക്കുന്നതിന്നു മുകളിലായി ഒരു പന്തലിട്ടു. താൻ ഹീനജാതിയിൽ ജനിച്ചു

വന്നാണല്ലോ എന്ന വിചാരത്താൽ, ആ ഇടയൻ, കുലീനനും ദിവ്യതേജസ്വിയുമായ അദ്ദേഹത്തെ തൊടുന്നതു് അപരാധമായി ഭവിക്കുമോ എന്നു ശങ്കിച്ചു്, ഒരു ആട്ടിനെ കൊണ്ടുവന്നു അതിന്റെ മുലയിൽനിന്നു അദ്ദേഹത്തിന്റെ വായിലേക്കുതന്നെ പാൽ കറന്നുകൊടുത്തു ബുദ്ധന്റെ മുകളിൽ മറവിന്നായി വെച്ചിരുന്ന മരക്കൊമ്പുകളെല്ലാം തളിർത്തു് പൂക്കുകയും ആ പന്തൽ രാജാക്കന്മാർ നായാട്ടിന്നുവരുമ്പോൾ കാട്ടിലുണ്ടാക്കുന്ന പട്ടുകൂടാരംപോലെ ശോഭിക്കുകയും ചെയ്തുവെന്നും ചില ഗ്രന്ഥങ്ങളിൽ പറയുന്നുണ്ടു്. ഇതെല്ലാം കണ്ടപ്പോൾ, ആട്ടിടയൻ ബുദ്ധനെ ദൈവമെന്നു വിചാരിച്ചു ആരാധിച്ചപ്പോൾ, ബുദ്ധൻ ഉടനെ തന്നെ മോഹാലസ്യത്തിൽനിന്നുണർന്നു് ആട്ടിടയന്റെ കൈയിലുള്ള പാത്രത്തിൽതന്നെ ഉണ്ടായിരുന്ന പാൽ കൊടുപ്പാൻ ആവശ്യപ്പെട്ടു. അപ്പോൾ അവൻ, "അല്ലയോ പ്രഭോ! ഇതു തരുവാൻ പാടില്ലല്ലോ. അങ്ങുന്നു് നോക്കു. ഞാൻ ശൂദ്രനല്ലേ? ഞാൻ തൊട്ടതു് അശുദ്ധമല്ലേ?"— എന്നു മറുപടി പറഞ്ഞു. അതുകേട്ടു സർവ്വലോകവന്ദ്യനായ ബുദ്ധൻ സമാധാനം പറഞ്ഞു: "ലോകത്തിൽ ദയകൊണ്ടും, ഓരോ ആവശ്യംകൊണ്ടും, മനുഷ്യർ അന്യോന്യബന്ധുക്കളായി ഭവിക്കുന്നു. ഒരേ നിറത്തിൽ ഒഴുകുന്ന രക്തത്തിന്നുണ്ടോ ജാതിഭേദം? ഇല്ല തന്നെ. ഉപ്പുരസമായ കണ്ണുനീരിലും ജാതിവ്യത്യാസമില്ല. മനുഷ്യർ, ജനനത്തിൽതന്നെ, നെററിത്തടത്തിൽ ജാതിഭേദസൂചകമായ തിലകങ്ങളോടുകൂടിയോ കഴുത്തിൽ പൂണുനൂലോടുകൂടിയോ വരുന്നില്ല. മനുഷ്യരുടെ ജാതിക്കു വ്യത്യാസമുണ്ടാകുന്നതു് അവരുടെ പ്രവൃത്തികളാലാണു്. സൽപ്രവൃത്തി ചെയ്യുന്നവൻ ദ്വിജനാകുന്നു; ദുഷ്പ്രവൃത്തി ചെയ്യുന്നവൻ ഹീനനാകുന്നു. അല്ലയോ സഹോദരാ! അതുകൊണ്ടു ആ പാൽ എനിക്കുതരു. എന്റെ അന്വേഷണത്തിന്റെ അവസാനം കണ്ടെത്തിയാൽ നിനക്കും ഗുണമുണ്ടാവും" ഇടയൻ അതുകേട്ടു്, വളരെ സന്തോഷത്തോടുകൂടി പാൽപാത്രം ബുദ്ധന്റെ കൈക്കൽ കൊടുത്തു തൃപ്തനാകയും ചെയ്തു.

പിന്നെ ഒരു ദിവസം, ബുദ്ധൻ ഇരിക്കുന്ന സ്ഥലത്തിനരികിലുള്ള കാട്ടുവഴിയിൽ കൂടി ഇന്ദ്രക്ഷേത്രത്തിലെ നൎത്തകികളായ ഒരു കൂട്ടം ദാസികൾ, നാഗസ്വരം മൃദംഗം സിത്താർ മുതലായവയോടുകൂടി പോകയായിരുന്നു. അവർ നൎത്തനം ചെയ്തുകൊണ്ടും, വിശ്രമിക്കുന്ന സ്ഥലങ്ങളിലെല്ലാം നിന്നുകൊണ്ടും പാട്ടുകൾ പാടിയിരുന്നു. അവരുടെ കാലുകളിൽ കെട്ടിയിരുന്ന കിങ്കിണികളുടെ മധുരധ്വനികൾ, അവരുടെ കൈയിലുള്ള കങ്കണശബ്ദത്തിന്റെ പ്രതിധ്വനിയോ എന്നു തോന്നിച്ചിരുന്നു. സിത്താർ വാദ്യക്കാരൻ അതു വായിക്കുമ്പോൾ, അതിനരികിലുള്ള ഒരു ദാസി ഇപ്രകാരം പാടിയിരുന്നു:—"സിത്താർവാദ്യവാദനത്തിൽ എത്രയോ സുഖമായി നൎത്തനം ചെയ്യാം! ആ വാദ്യം ഉച്ചസ്വരത്തിലല്ലാതെയും താണസ്വരത്തിലല്ലാതെയും വായിക്കുക; ഞങ്ങൾ മനുഷ്യരുടെ ഹൃദയത്തെ ഹരിക്കത്തക്കവിധത്തിൽ നൎത്തനം ചെയ്തു കാണിക്കാം. ഉച്ചസ്വരത്തിലാക്കുവാൻ വേണ്ടി കമ്പി അധികം മുറുക്കിയാൽ അതു പൊട്ടിപ്പോകും; പാട്ടിന്നു വിഘ്നം വരികയും ചെയ്യും. കമ്പി അയച്ചു വിട്ടു താണസ്വരത്തിലാക്കിയാൽ പാട്ടു കേൾക്കുകതന്നെയില്ല. അതുകൊണ്ടു മദ്ധ്യമസ്വരത്തിൽ വായിക്കുക." ഇങ്ങിനെ വാദ്യങ്ങൾക്കൊപ്പം പാടിയും ആടിയും ആ ദാസികൾ വനത്തിൽകൂടി പൊയ്ക്കൊണ്ടിരുന്നു. എന്നാൽ ആ വഴിയുടെ സമീപമുള്ള അത്തിമരച്ചുവട്ടിൽ ഇരിക്കുന്ന ബുദ്ധന്റെ ചെവികളിൽ ആ പാട്ടു കേൾക്കുമെന്ന് അവർ സ്വപ്നേപി വിചാരിച്ചില്ല. ബുദ്ധനാവട്ടെ, ആ ദാസികൾ പോകുമ്പോൾ പുരികക്കൊടി ഉയൎത്തി അവരെ നോക്കി, ഇങ്ങിനെ വിചാരിച്ചു: "അറിവുള്ളവർ ചിലപ്പോൾ മൂഢജനങ്ങളിൽനിന്ന് അറിവുനേടേണ്ടിയിരിക്കുന്നു. ലോകത്തെ രക്ഷിക്കത്തക്കതായ ഒരു പാട്ടുണ്ടാക്കുവാൻവേണ്ടി ഞാൻ എന്റെ ജീവനായ കമ്പിയെ വേണ്ടതിലധികം മുറുക്കുന്നു. പരമാൎത്ഥത്തെ കാണുമാറാകുവാൻ ഇതുകാ

ലത്തു എന്റെ കാഴ്ച മങ്ങിയിരിക്കുന്നു. ശക്തി അത്യാവശ്യമായി വേണ്ടുന്ന ഈ കാലത്ത് എനിക്ക് ശക്തി ക്ഷയിക്കുകയാണ് ചെയ്തിരിക്കുന്നത്. മനുഷ്യരുടെ സർവ്വാവയവങ്ങളാലും ഉണ്ടാകേണ്ടുന്ന എല്ലാ സഹായങ്ങളും എനിക്കു ഇപ്പോൾ ഉണ്ടായെങ്കിലോ, എത്ര ആശ്വാസമായി! അതില്ലെങ്കിൽ ഞാൻ ഇപ്പോൾ മരിച്ചുപോകും. ഞാൻ മരിച്ചുപോയാൽ എല്ലാ ജനങ്ങളും എന്നിൽ വിചാരിച്ചിരിക്കുന്ന നിവൃത്തി മാർഗ്ഗവും ഇല്ലാതാവും" ഇങ്ങിനെ ചിന്തിച്ചുകൊണ്ടു ബുദ്ധൻ പിന്നെയും അവിടെത്തന്നെ ഇരുന്നു.

അക്കാലത്തു ഫൽഗ്ഗുനീനദിക്കരികിലുള്ള സേനാനിയെന്ന ഗ്രാമത്തിൽ വളരെ ആട്ടുകൾക്കധിപതിയും, ദരിദ്രന്മാർക്കു ബന്ധുവും സദാചാരതല്പരനുമായി, സേനാനിയെന്നു പേരായ ഒരു ഇടയപ്രധാനിയുണ്ടായിരുന്നു. ആ ഗ്രാമത്തിന്നു സേനാനിയെന്നു പേർ സിദ്ധിച്ചതു തന്നെയും അവന്റെ കീർത്തികൊണ്ടായിരുന്നു. അവൻ ആ ഗ്രാമത്തിലുള്ള സ്ത്രീജനങ്ങളിൽ ഏററവും സുന്ദരിയായ സുജാത എന്നു പേരായ ഒരുവളെ വിവാഹം ചെയ്തു വളരെ സുഖമായും ക്ഷേമമായും വസിച്ചിരുന്നു. വളരെ ശാന്തയും, സത്യവതിയും, സാധ്വിയും, ദയാലുവും, സൽസ്വഭാവയും, പ്രിയഭാഷിണിയും ആയ ആ സ്ത്രീരത്നം ഭർത്തൃശുശ്രൂഷ ചെയ്തു ദാമ്പത്യസുഖം നല്ലവണ്ണം അനുഭവിച്ചു കൊണ്ടിരുന്നു. എന്നാൽ, ആ ദമ്പതികൾക്കു പുത്രഭാഗ്യമുണ്ടായിരുന്നില്ല. അവർ, സന്താന ലാഭത്തിന്നായി ലക്ഷ്മീദേവിയെ പലകുറി പ്രാർത്ഥിച്ച് ആരാധിച്ചുവന്നിരുന്നു. പൌർണ്ണിമ ദിവസം പായസം മുതലായ നിവേദ്യങ്ങളാലും, സുഗന്ധ ചന്ദന ലേപനങ്ങളാലും, മല്ലിക മുതലായ പുഷ്പമാലകളാലും ലക്ഷ്മീദേവിയെ പൂജിക്കുകയും ദേവിയുടെ വിഗ്രഹത്തെ നൂറെറാന്നു പ്രദക്ഷിണം വെക്കുകയും പതിവായിരുന്നു. അതു മാത്രമല്ല, സന്താനമുണ്ടായാൽ ദേവന്മാർക്കു

കൂടി അതിരുചി തോന്നത്തക്കവണ്ണം മധുരമായ പാൽപായസം ധാരാളമുണ്ടാക്കി സ്വർണ്ണപാത്രത്തിൽ നിറച്ച്, വനദേവതക്കായി മരച്ചുവട്ടിൽ നൈവേദ്യം വെച്ചുകൊടുക്കാമെന്നും പ്രാത്ഥിച്ചിരുന്നു. സുജാതയുടെ പ്രാത്ഥനപോലെ ഏറെ താമസിയാതെ, അവൾക്ക് ഒരു പുത്രൻ ഉണ്ടായി. ആ കുട്ടിക്കു മൂന്നുമാസമായപ്പോൾ, സുജാത, കുട്ടിയേയുമെടുത്ത് വനദേവതക്കു പൂജ ചെയ്വാനായി പതുക്കെ പുറപ്പെട്ടു.

അവൾ ഒരു കൈകൊണ്ടു കസവു സാരിയാൽ കുട്ടിയെ പുതപ്പിച്ചു പിടിച്ചുകൊണ്ടും, മറേറ കൈകൊണ്ടു തലയിൽ വെച്ചിരിക്കുന്ന പായസപാത്രം മറിഞ്ഞുപോകാതെ ചന്തമായി പിടിച്ചുകൊണ്ടും പോകുമ്പോൾ, ആ പ്രദേശം അടിച്ചുതളിച്ച് അലങ്കരിപ്പാനായി മുമ്പെ അയച്ചിരുന്ന ദാസിയായ രാധ മടങ്ങിവന്ന് ഇങ്ങിനെ പറഞ്ഞു:—"അമ്മെ! നോക്കു! ആ സ്ഥലത്ത് അതാ വനദേവത വന്നിരിക്കുന്നു. രണ്ടു കൈകളും മുട്ടിന്മേൽ മടക്കിവെച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിൻെറ ദിവ്യതേജസ്സ് നാലു ഭാഗത്തും പ്രകാശിക്കുന്നതു നോക്കു. അദ്ദേഹത്തിൻെറ ദിവ്യദൃഷ്ടികൾ കണ്ടാൽ, വളരെ ശാന്തനും മഹാനും ആണെന്നും നിശ്ചയിക്കാം. ദൈവങ്ങളെ ഇങ്ങിനെ പ്രത്യക്ഷമായി കാണ്മാൻ കിട്ടുന്നത് എത്രയോ ഭാഗ്യമാണ്."

സുജാതയാവട്ടെ, അദ്ദേഹം വനദേവതയാണെന്നു തന്നെ വിശ്വസിച്ച്, വളരെ ഭക്തിശ്രദ്ധയോടുകൂടി ബുദ്ധൻെറ അരികിൽ ചെന്നു നമസ്കരിച്ച് താഴ്മയോടെ പറഞ്ഞു:—"അല്ലയോ, ഈ വനത്തിൽ വസിച്ച് എല്ലാവക്കും ഗുണം ചെയ്യുന്ന വനദൈവമെ! ദാസിയായ എൻെറ മേലുള്ള കാരുണ്യത്താൽ ഇപ്പോൾ ഇവിടെ പ്രത്യക്ഷമായിരിക്കുന്നൊ അങ്ങുന്ന്, നിസ്സാരമാണെങ്കിലും ഞാൻ ഭക്തിയോടെ തരുന്ന ഈ പദാത്ഥത്തെ സ്വീകരിക്കേണമെ."—എന്നു പറഞ്ഞ്, അതിമധുരമായ പാലും മഞ്ഞുകട്ടയ്ക്കു തുല്യമായ തൈർകട്ടയും പൊൻകിണ്ണങ്ങളിൽ പ

കൻവെച്ചു കൊടുത്തു; അദ്ദേഹത്തിൻെറ കൈയിൽ അന്തരും പകൻ.

ബുദ്ധനാവട്ടെ, ഒന്നും സംസാരിക്കാതെ അതെല്ലാം ഭക്ഷിച്ചുതുടങ്ങി. ആ സമയത്ത് സുജാത ഭക്തിയോടുകൂടി കുറെ ദൂരെ പോയി നിന്നു. അതെല്ലാം ഭക്ഷിച്ച ഉടനെ ബുദ്ധന്ന് അത്ഭുതകരമാകുംവണ്ണം ആരോഗ്യവും ശക്തിയുമുണ്ടായി. താൻ അതുവരെ ഊണും ഉറക്കവുമില്ലാതെയിരുന്ന അവസ്ഥ സ്വപ്നംപോലെ തോന്നി. പക്ഷികൾ വലുതായ മരുഭൂമിയിൽകൂടി സഞ്ചരിച്ചു ക്ഷീണിച്ചതിന്നുശേഷം ജലാശയങ്ങളിൽ എത്തി അവയുടെ ചിറകുകൾ നനക്കുമ്പോൾ അവക്ക് ആഹ്ലാദമുണ്ടാകുംപോലെ ബുദ്ധന്ന് ആഹാരം കഴിച്ചപ്പോൾ ദേഹത്തിന്നുമാത്രമല്ല, മനസ്സിന്നും വളരെ ആഹ്ലാദമുണ്ടായി. ബുദ്ധൻെറ മുഖശോഭയും ദേഹകാന്തിയും വർദ്ധിക്കുന്തോറും, സുജാതക്ക് ഭക്തിയും വർദ്ധിപ്പാൻ തുടങ്ങി. കുറെ നേരം കഴിഞ്ഞാറെ സുജാത താണു തൊഴുതുകൊണ്ട്, "അങ്ങുന്ന് തന്നെയോ വനദേവത? ഞാൻ തന്നതുകൊണ്ടു തൃപ്തിപ്പെട്ടുവോ?"—എന്നു ചോദിച്ചു.

ബുദ്ധൻ—"നീ എനിക്ക് എന്താണ് കൊണ്ടുവന്നിരിക്കുന്നത്?"

സുജാത—(സന്തോഷത്തോടുകൂടി) "അല്ലയൊ ഭഗവാനെ! കടിഞ്ഞൂൽ പ്രസവിച്ച നൂറു പശുക്കളുടെ പാൽ കറന്നു വേറെ അമ്പതു പശുക്കൾക്കു കൊടുത്തു വളർത്തി; ഈ അമ്പതിൻെറ പാൽ വേറെ ഇരുപത്തഞ്ചിന്നു കൊടുത്തു; ഈ ഇരുപത്തഞ്ചിൻെറതു വേറെ പന്ത്രണ്ടിന്നും; ഈ പന്ത്രണ്ടിൻെറതു വിശേഷപ്പെട്ട പ്രത്യേകം ആറു പശുക്കൾക്കും കൊടുത്തു പോററി. ഈ ആറു പശുക്കളുടെ പാൽ കറന്നെടുത്തു മുത്തുപോലെയുള്ള അരിയുംകൂടി വെള്ളിപ്പാത്രത്തിൽ കുറുക്കി പായസംവെച്ചു ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇത് ഞാൻ വളരെ താല്പര്യപ്പെട്ട് ഉണ്ടാക്കിയതാണ്. എനിക്ക് ഒരു പുത്രനുണ്ടായാൽ

അങ്ങെക്ക് ഇങ്ങിനെ ചെയ്യാമെന്ന് ഈ മരച്ചുവട്ടിൽവെച്ചാണ് ഞാൻ പ്രതിജ്ഞചെയ്തിരുന്നത്. ഇപ്പോൾ എൻെറ ജീവിതത്തെ ആനന്ദകരമാക്കിത്തീക്കുന്ന ഒരു പുത്രൻ എനിക്കുണ്ടായി, അതുകൊണ്ടു ഞാൻ പ്രതിജ്ഞ ചെയ്തപ്രകാരം ഇതാ തരുന്നു."

ബുദ്ധൻ ആ പായസം വാങ്ങി സുഖമായി ഭക്ഷിക്കുകയും, കുട്ടിയെ പുതച്ചിരുന്ന വസ്ത്രം നീക്കി, തലയിൽ കൈവെച്ച് അനുഗ്രഹിക്കയും ചെയ്തു.

ബുദ്ധൻ—"നിൻെറ പുത്രൻ ദീൎഘായുഷ്മനായി ഭവിക്കട്ടെ. ഇവന്നു ജീവകാലത്തിലുണ്ടായിരുന്ന സംസാരഭാരങ്ങൾ അല്പമായി ഭവിക്കട്ടെ. നീ തന്നതെല്ലാം ഞാൻ തൃപ്തിയായി ഭക്ഷിച്ചു. എന്നാൽ, ഞാൻ വനദേവതയല്ല; നിൻെറ ഒരു സഹോദരൻ മാത്രമാകുന്നു. ആറു കൊല്ലമായിട്ട് ജനങ്ങളുടെ അജ്ഞാനാന്ധകാരത്തെ നശിപ്പിക്കുന്നതായും എവിടെയൊ പ്രകാശിക്കുന്നതായുമുള്ള ജ്ഞാനവെളിച്ചത്തെ അന്വേഷിച്ചു നടക്കുകയാണ്. ആറുകൊല്ലം മുമ്പു, ഞാൻ ഒരു രാജകുമാരനായിരുന്നു. ഞാൻ അന്വേഷിക്കുന്ന ആ വെളിച്ചം നിശ്ചയമായും ഞാൻ കണ്ടുപിടിക്കും. എന്നുമാത്രമല്ല, ക്ഷീണിച്ചിരുന്ന എൻെറ ശരീരത്തിന്ന് നീ തന്നൊ ആഹാരം കഴിച്ച് ശക്തിയുണ്ടായപ്പോൾ, ആ വെളിച്ചം ഉദിക്കയും ചെയ്തിരിക്കുന്നു. ജീവൻ അനേക ജന്മങ്ങളെടുത്ത് പാപരഹിതനായി, ഉൽകൃഷ്ടപദവിയിലെത്തുന്നതിനൊപ്പം ആ വെളിച്ചവും ഓരോ ജന്മങ്ങളിലും കുറച്ചുകുറച്ചായി ക്രമേണ പ്രകാശിച്ചു വർദ്ധിച്ചിരുന്നു. നീയാവട്ടെ, മററുള്ളവരെ സ്നേഹിച്ചുകൊണ്ടു ജീവകാലം കഴിക്കുന്നതിനാൽ മാത്രം തൃപ്തിപ്പെടുന്നുണ്ടോ?"

സുജാത—"അല്ലയോ ദേവ! എൻെറ ഹൃദയം എത്രയൊ ചെറിയതാകുന്നു; അതു നിറയുവാൻ ഏറ്റവും പ്രയാസമില്ല. ആ

മ്പൽപ്പൂവിൻെറ ഇതളുകൾ നനയേണമെങ്കിൽ, വയലുകളും മററും നനയുവാൻ തക്കതായ വലിയ മഴ വേണമല്ലോ. എൻെറ ഭർത്താവുംകൂട്ടിയും യോഗ്യതയോടും സന്തോഷത്തോടുംകൂടി ഞങ്ങളുടെ ഗൃഹത്തിൽ വസിക്കുന്നതുകൊണ്ടു മാത്രം ഞാൻ സന്തുഷ്ടയാകും. എൻെറ ജീവകാലം ഗൃഹസ്ഥാശ്രമകൃത്യം ചെയ്തുതന്നെ കഴിയുന്നു. ഞാൻ പ്രഭാതത്തിൽ ഉണൎന്ന്, ആദ്യം ദൈവങ്ങളെ സ്തുതിക്കും; പിന്നെ, വന്നവൎക്കു ഭിക്ഷകൊടുക്കും. പിന്നെ, തുളസി ശുശ്രൂഷചെയ്യും; പിന്നെ, ദാസിമാൎക്ക് അതാതു പണികൾ തിരിച്ചുകൊടുക്കും. ഇതു കഴിയുമ്പോഴെക്കു നേരം ഉച്ചയാവും. പിന്നെ, ഭൎത്താവിന്ന് ആഹാരങ്ങളും മററും കൊടുത്ത്, ഭൎത്താവിനെ എൻെറ മടിയിൽ കിടത്തി വീശി ഉറക്കുകയും ചെയ്യും. ഭൎത്താവ് ഉണരുമ്പോഴെക്കും വൈകുന്നേരമാകും. പിന്നെ, ഞാൻ ക്ഷേത്രത്തിൽ പോകും. അവിടെ ചങ്ങാതികളെകണ്ടാൽ അവരോട് അല്പം സംസാരിച്ചു, മടങ്ങിവന്ന്, ഭൎത്താവിന്നു രാത്രിക്കുള്ള ആഹാരങ്ങൾ കൊടുത്ത് ഉറങ്ങുകയും ചെയ്യും. ഇതൊന്നും കൂടാതെ, എൻെറ ഭൎത്താവിന്നു സ്വൎഗ്ഗപ്രാപ്തിക്കു സഹായത്തിന്നായി ഒരു പുത്രനെയും കൊടുത്തിട്ടുണ്ട്. ഇങ്ങിനെയെല്ലാമിരിക്കുമ്പോൾ എനിക്കു സുഖത്തിനെന്തു കുറവ്? വഴിയാത്രക്കാൎക്കു തണലിന്നായി മരങ്ങൾ വെച്ചുകൊടുക്കുക, പരോപകാരമായി കിണറുകൾ കുഴിക്കുക, പുത്രനുണ്ടാക, ഈ മൂന്നിനാലും മനുഷ്യർ മരണശേഷം സൽഗതിപ്രാപിക്കുമെന്ന് ഋഷിപ്രോക്തങ്ങളായ ശാസ്ത്രങ്ങൾ പറയുന്നു. ആ ശാസ്ത്രങ്ങളെ ഞാൻ പൂൎണ്ണമായും വിശ്വസിക്കുന്നു. ദൈവതുല്യന്മാരും മന്ത്രജ്ഞന്മാരും സന്മാൎഗ്ഗത്തേയും ക്ഷേമമാൎഗ്ഗത്തേയും അറിയുന്നവരുമായ ആ ഋഷികളെക്കാൾ ഞാൻ അറിവുള്ളവളല്ല. സൽബീജങ്ങളിൽനിന്നു സൽഫലങ്ങളും, ദുർബ്ബീജങ്ങളിൽനിന്നു ദുഷ്ഫലങ്ങളും

ഉണ്ടാവുന്നതുപോലെ, നന്മയിൽനിന്നു നന്മയും, തിന്മയിൽ നിന്നു തിന്മയും നിശ്ചയമായുംഉണ്ടാകുന്നു. എന്നു മാത്രമല്ല, നാം ജീവിച്ചിരിക്കുമ്പോൾ തന്നെദ്വേഷത്താൽ ശത്രുക്കളും, ദയയാൽ സ്നേഹിതന്മാരും, ക്ഷമയാൽ ക്ഷേമവും, ഉണ്ടാവുമെന്നു നമ്മൾ അറിയുന്നു. നമുക്ക് ഇപ്പോഴുള്ള സുഖജീവിതംപോലെതന്നെ അവശ്യം ഭാവിയായ മരണത്തിനുശേഷവും സുഖജീവിതം ലഭിച്ചുകൂടെ? ഭാഗ്യംകൊണ്ട് ഇതിലധികം നല്ലജീവിതം കിട്ടിയെന്നു വരാം. ഒരു നെല്ലിൽനിന്ന് അനവധി നെല്ലുണ്ടാകുന്നതുപോലെ, ഒരു ഗുണത്തിൽനിന്ന് അനവധി ഗുണങ്ങളുണ്ടാവാം. എന്നാൽ, എത്രയോ ക്ഷമയുള്ളവനെക്കൂടി തലതാഴ്ത്തിക്കുന്ന ചില സങ്കടങ്ങളുണ്ടെന്ന് എനിക്കറിയാം. എന്റെ കുട്ടി എനിക്കുമുമ്പെ മരിക്കുന്നതായാൽ, നിശ്ചയമായും എന്റെ ഹൃദയംപിളൎന്നുപോകുമെന്ന് എനിക്കറിയാം. എന്നാലും, കുട്ടി മരിച്ചുപോയ സങ്കടത്തെ ഹൃദയത്തിൽ വെച്ചുകൊണ്ടെങ്കിലും ഭൎത്താവിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നാൽ മതിയെന്നാണ് എന്റെ വിചാരം. എന്റെഭൎത്താവു മരിച്ചുപോകുന്നതാണെങ്കിൽ ഭൎത്താവിനെ ദഹിപ്പിക്കുന്ന ചിതയിൽ ഞാനും കയറിയിരുന്ന്, പതിവുപോലെ ഭൎത്താവിന്റെശിരസ്സിനെ മടയിൽവെച്ച്, ഏറവും സന്തോഷത്തോടുകൂടി ഭൎത്താവൊന്നിച്ചു ദഹിച്ചുപോകേണമെന്നാണ് എന്റെ നിശ്ചയം. എന്തുകൊണ്ടെന്നാൽ; ഭൎത്താവോടുകൂടെ ഭാൎയ്യ ഇപ്രകാരം മരിച്ചാൽ, ഭാൎയ്യയുടെ ഓരോ തലനാരിന്നും ഓരോ കോടി സംവത്സരം സ്വൎഗ്ഗവാസം ഭൎത്താവിന്നു ലഭിക്കുമെന്നു ശാസ്ത്രങ്ങൾ പറയുന്നു. അതുകൊണ്ട്, എനിക്ക് ഒരു പേടിയുമില്ല. വളരെ സുഖമായിത്തന്നെ ഞാൻ ജീവകാലം കഴിക്കുന്നു. എന്നാൽ സങ്കടപ്പെട്ടവരെയും ദരിദ്രന്മാരെയും ദുഷ്ടന്മാരെയും നിൎഗ്ഗതിയായവരെയും ഞാൻ മറക്കുന്നില്ല. അവൎക്കു ദൈവംതന്നെ ദയചെയ്യട്ടെ. ഞാൻ

എന്നാൽ കഴിയുന്നേടത്തോളം ഗുണംചെയ്യാൻ ശ്രമിക്കുകയും, വരാതെ കഴിയാത്തതായ ഭവിഷ്യത്തുകൾ യഥേഷ്ടം വന്നുകൊള്ളട്ടെ എന്നു വിചാരിച്ചുകൊണ്ടും ധമ്മത്തെ അനുസരിച്ചുകൊണ്ടും ജീവകാലം സുഖമായി കഴിക്കുകയും ചെയ്യുന്നു.

ബുദ്ധൻ:—"ജനങ്ങളെ പഠിപ്പിക്കുന്ന ആചായ്യന്മാക്ക നീ ഒരു ഗുരുവായി ഭവിക്കുന്നു. നിനക്കുള്ള അല്പമായ ജ്ഞാനത്താൽ ജ്ഞാനികളെക്കാരം നീ അറിവുള്ളതായും ഭവിക്കുന്നു. ഗൃഹസ്ഥാശ്രമത്തിൽ നിന്റെ കത്തവ്യകമ്മത്തെയും അതിൽനിന്നുണ്ടാകുന്ന സുഖത്തെയും നിനക്കു നല്ലവണ്ണം അറിയാം. അതുകൊണ്ടു നീ തൃപ്തിപ്പെട്ടിരിക്കുകയല്ലാതെ, അതിലധികം ആഗ്രഹിക്കേണ്ടതില്ല. അല്ലയോ മൃദുപുഷ്പമാകുന്ന സ്ത്രീരത്നമേ! പുഷ്പത്തെപ്പോലെ നീയും ഗൃഹസ്ഥാശ്രമമാകുന്ന നിലയിൽതന്നെ വികസിച്ചുകൊണ്ടിരിക്കുക. നട്ടുച്ചവെയിലാകുന്ന പരമാത്ഥജ്ഞാനം മൃദുപല്ലവങ്ങളായ നിങ്ങൾക്കു പററുന്നതല്ല. എന്നാൽ, നിങ്ങൾ ഈ വെയിൽ കൊള്ളാതെതന്നെ വളന്നുവന്ന അനേകജന്മങ്ങൾ കൊണ്ട് ഈ ജ്ഞാനത്തിന്ന് അഹതയുള്ളവരായി ഭവിക്കും. എന്നെ ആരാധിച്ച നിന്നെത്തന്നെ ഞാനിതാ ആരാധിക്കുന്നു. സ്നേഹത്താൽ തന്റെ കൂട്ടിലേക്കു പറന്നു പോകുന്ന പ്രാവിനെപ്പോലെ, നീ അറിയാതെതന്നെ, നീ അറിവുള്ളവളായി ഭവിച്ചിരിക്കുന്നു. കാലചക്രത്തെ നമ്മുടെ ഇഷ്ടംപോലെ ഒരു ദിക്കിൽ തടുത്തുനിത്താമെന്നും, മനുഷ്യക്ക് ഒരു നിവ്വാണമാഗ്ഗമുണ്ടെന്നും നിന്റെ ജീവിതത്തിൽനിന്ന് എല്ലാവക്കും ഗ്രഹിക്കാവുന്നതാണ്. നീ സൌഖ്യമായി ജീവകാലം കഴിക്കുക. നിനക്കു സാധിക്കുന്നതുപോലെ എനിക്കും സാധിച്ചുവെങ്കിലോ, എന്നു ഞാൻ ഉൽക്കണ്ഠിതനായിരിക്കുന്നു. ദൈവമെന്നു എന്നെ വിചാരിച്ചു നിന്നെ ഞാനിതാ അനുഗ്രഹിക്കുന്നു."

അതുകേട്ട് സുജാത, "അങ്ങേക്ക് അഭീഷ്ടസിദ്ധി ഉണ്ടാവട്ടെ" എന്നു പറയുന്നതിനിടയിൽ, തന്റെ കുട്ടിയെ വളരെ താല്പര്യത്തോടെ നോക്കി. അപ്പോൾ ആ കുട്ടി ബുദ്ധനെ ദൈവമെന്നറിഞ്ഞതുപോലെ, ബുദ്ധന്റെനേരെ കൈനീട്ടി.

അനന്തരം, ബുദ്ധൻ അവിടെനിന്നൊഴനീററു്, ശുദ്ധഭക്ഷണത്താലുണ്ടായ ശക്തിയോടുകൂടി, വലുതായ ഒരു വടവൃക്ഷത്തിന്നരികിലേക്കപോയി. അന്നുമുതല്ക്കു ലോകത്തിൽ ബോധിവൃക്ഷമെന്നു ശ്രുതിപ്പെട്ടതും, ഒരിക്കലും മറക്കുവാനിടയില്ലാത്തതും ലോകരാൽ വന്ദിക്കപ്പെട്ടതുമായ ആ വൃക്ഷത്തിന്നടിയിൽവെച്ചു ബുദ്ധന്നു് ജ്ഞാനോദയമുണ്ടാകേണമെന്നായിരുന്നു ദൈവനിയതി. അതു് ബുദ്ധന്നു മനസ്സിലാകയാലായിരുന്നു. അദ്ദേഹം ആ വൃക്ഷത്തിന്നരികിലേക്കു ഗാംഭീര്യഭാവത്തോടെ സാവധാനമായി നടന്നുചെന്നതു.

ബുദ്ധനാകട്ടെ, കൊമ്പുകൾ വളഞ്ഞു് പുരപോലെ നില്ക്കുന്ന വൃക്ഷങ്ങളുടെ നിഴലിൽകൂടി പോകുമ്പോൾ, ഭൂമിദേവി പുല്ലൊടികൾ ഇളക്കി വീശുകയും അദ്ദേഹത്തിന്റെ പാദങ്ങളിൽ പുഷ്പങ്ങൾ അപ്പിക്കയും ചെയ്തു. നദികളിൽനിന്നു താമരപ്പൂക്കളുടെ സുഗന്ധത്തെ വഹിച്ചുകൊണ്ടു തണുത്ത കാററു വീശിത്തുടങ്ങി. നരി, പന്നി, മാൻ മുതലായ വന്യ മൃഗങ്ങൾ അന്യോന്യവൈരം വെടിഞ്ഞു് ബുദ്ധന്റെ ശാന്തമുഖത്തെത്തന്നെ നോക്കിക്കൊണ്ടിരുന്നു. വലുതായ പാറപ്പിളപ്പുകളിൽനിന്നു സപ്പങ്ങൾ ബുദ്ധനെ നോക്കി പടം വിരുത്തി ആടിക്കൊണ്ടിരുന്നു, മിന്നുന്ന ചിത്രശലഭങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറന്നു ബുദ്ധന്നു വിചിത്രവണ്ണങ്ങളായ വിശറികൾപോലെ ശോഭിച്ചുകൊണ്ടിരുന്നു. ക്രൂരന്മാരായ പരുന്തുകൾ അവയുടെ കൊക്കിലുള്ള ആഹാരത്തെയും ത്യജിച്ചു് ബുദ്ധനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അണ്ണുകൾ ബുദ്ധനെ കാണുവാൻവേണ്ടി ഒരു ശാഖയിൽനിന്നു മ

ററൊരു ശാഖയിലെക്കു ചാടിക്കൊണ്ടിരുന്നു. പ്രാവുകൾ നാലു ഭാഗവും വന്നു നിറഞ്ഞു. ഇഴജന്തുക്കൾകൂടി ബുദ്ധാഗമനത്തെ അറിഞ്ഞു സന്തോഷിച്ചു, ഭൂമിയിലും ആകാശത്തിലുമുള്ള ശബ്ദങ്ങൾ ഒരേസ്വരത്തിൽ ഇങ്ങിനെ പാടിക്കൊണ്ടിരുന്നു:—"ദേവ! സ്നേഹിതാ! രക്ഷാകൎത്താവെ! കാമം ,ക്രോധം, അഹംകാരം, ഭയം, സംശയം എന്നിവയെ ജയിച്ചവനും മററുള്ളവൎക്കുവേണ്ടി തന്നെത്താൻ അൎപ്പണം ചെയ്യുവനുമായ മഹാത്മാവെ! ആ വൃക്ഷത്തിൻചുവട്ടിലേക്കു പോയാലും. ദുഃഖപ്പെട്ടിരിക്കുന്ന ലോകത്തിന്നു ദുഃഖനിവൃത്തി വരുത്തുന്ന അങ്ങയെ ഇതാ അനുഗ്രഹിക്കുന്നു. കീൎത്തനീയനും പൂജനീയനുമായ പ്രഭോ! ആ മരച്ചുവട്ടിലേക്കു പോയാലും. രാജാവെ! അതിപരാക്രമിയായ അങ്ങുന്ന് ഞങ്ങൾക്കുവേണ്ടി ചെയ്യുന്ന ശ്രമങ്ങളിൽ അവസാനത്തേതു ചെയ്യാലും. അങ്ങേക്ക് അതിന്നുള്ള സമയം എത്തി. കാലങ്ങൾ കാത്തിരുന്ന രാത്രി ഇതാകുന്നു"—ഇങ്ങിനെ പാടിക്കഴിഞ്ഞപ്പോൾ നേരം രാത്രിയായി. ബുദ്ധൻ ആ മരച്ചുവട്ടിൽ ചെന്നിരിക്കുകയും ചെയ്തു.

ആ സമയം,അജ്ഞാനത്തിന്നധിപതിയായ മാരനാകട്ടെ, പരമാൎത്ഥജ്ഞാനത്തെ കണ്ടുപിടിച്ച് ലോകത്തെ രക്ഷിപ്പാൻ പോകുന്ന ബുദ്ധനാണ് അവിടെ ചെന്നിരിക്കുന്നതെന്നും, അതിന്നുള്ള സമയം അടുത്തുപോയി എന്നും അറിഞ്ഞ്, ദുൎഗ്ഗുണങ്ങളാകുന്ന തൻെറ പരിവാരങ്ങളെ ബുദ്ധൻെറ അടുക്കലേക്കയച്ചു. ജ്ഞാനവൈരികളായ രതി, രാഗം, തൃഷ്ണ മുതലായ ദുൎദ്ദേവതകൾ അവരവരുടെ വാസസ്ഥലത്തുവന്നു ബുദ്ധൻെറ മനസ്സിനെ ഇളക്കുവാൻ ശ്രമിച്ചു. ബുദ്ധനു പരമാൎത്ഥജ്ഞാനമുണ്ടാകാതിരിപ്പാൻ വേണ്ടി അന്നു രാത്രി അവർ ബുദ്ധിമുട്ടിയത് ആദിശേഷനാൽകൂടി പറവാൻ പ്രയാസം. അവർ അന്നുരാത്രി ഭൂത,-പ്രേത,-പിശാചാദി സൈന്യങ്ങളെക്കൊണ്ടും ഘോരമായ കൊടുങ്കാററുകൊണ്ടും, ആകാശം

ഭേദിക്കത്തക്കതായ ഇടിമിന്നൽ മുതലായവയെകൊണ്ടും ബുദ്ധനെ പേടിപ്പിച്ചുനോക്കി. സുന്ദരികളായ യക്ഷികളുടെ രൂപങ്ങൾ ധരിച്ച് മനോഹരമായ പാട്ടുകൾ പാടികൊണ്ട് ബുദ്ധന്റെ അടുക്കൽ ചെന്ന് മധുരവാക്കുകളാലും വേശ്യാജനകൌശലങ്ങളാലും ബുദ്ധന്റെ മനസ്സിനെ അപഹരിക്കുവാൻ നോക്കി. പിന്നെ അവർ വലുതായ രാജ്യഭാരവും മററും തരാമെന്നു ബുദ്ധനെ പ്രലോഭിപ്പിച്ചുനോക്കി.' നീ അന്വേഷിക്കുന്നതായ പരമാത്ഥജ്ഞാനം എന്നൊരു സാധനമുണ്ടോ ? ഇല്ലാത്ത കാൎയ്യത്തിന്നു നീ വ്യത്ഥമായി പ്രയത്നിക്കുന്നതെന്താണ്?—എന്നും മററും പറഞ്ഞ് അധൈൎയ്യപ്പെടുത്തിനോക്കി. എന്നാൽ, ഇതെല്ലാം ബുദ്ധന്റെ കണ്ണിൽ കാണത്തക്കവണ്ണം ബഹിർഭാഗത്തിൽ നടന്നുവോ, അതല്ലാ, ബുദ്ധന്റെ ഹൃദയത്തിന്നുള്ളിൽ നടന്നുവോ എന്നു വായനക്കാരെ നിങ്ങൾ തന്നെ തീൎച്ചയാക്കുവിൻ; പുരാതനഗ്രന്ഥങ്ങളിൽ ഇങ്ങിനെയൊക്കെ പറഞ്ഞിട്ടുള്ളതനുസരിച്ച് ഇവിടെ എടുത്തുപറയുന്നതാണ്.

മാരന്റെ പരിവാരങ്ങളിൽ പ്രബലന്മാരായ പത്തു ദേവതകൾ ഓരോരുത്തരായി ബുദ്ധന്റെ അടുക്കൽ വരുവാൻതുടങ്ങി. ആദ്യം വന്നത് അഹങ്കാരമെന്ന ദേവതയായിരുന്നു. ആ ദേവത, കണ്ണാടിയിലെന്നപോലെ, ലോകത്തിൽ മുഴുവനും പ്രതിബിംബിച്ചുകൊണ്ട് 'ഞാൻ' എന്നു ഉറക്കെ പറകയും, അതേപ്രകാരം ലോകമൊക്കെ 'ഞാൻ' എന്നു പറഞ്ഞുകേൾപ്പാൻ ആഗ്രഹിക്കയും ചെയ്യും, എന്നു മാത്രമല്ല, താൻ മാത്രം നിത്യമാണെന്നു തോന്നുമാറ് മററുള്ളതെല്ലാം അസത്യമാണെന്നു പറയുകയും ചെയ്തിരുന്നു. ആ ദേവത വന്ന്, "അല്ലയോ ബുദ്ധാ! നീ ബുദ്ധനാണെങ്കിൽ നിന്നെപ്പോലെ മററാരുമില്ലെന്നുവെച്ച് എന്നെന്നും അങ്ങിനെതന്നെ ഇരുന്നുകൊള്ളുക. മററുള്ളവർ അജ്ഞാനാന്ധകാരത്തിൽ കിടന്നു ബുദ്ധിമുട്ടിക്കൊ

ള്ളട്ടെ. നിത്ര്യന്മാരായ ദൈവങ്ങളുടെ അനുഗ്രഹവും വാങ്ങിനീ രാജ്യത്തിൽ പോയി സുഖമായിരിക്കുക"—എന്നു പറഞ്ഞു. അതിന്നു മറുവടിയായി, ബുദ്ധൻ, ആ ദേവതയോട്, "നീ പറയുന്നതിൽ വല്ലതും ന്യായമായുള്ളതു നിന്ദ്യമാണ്; ന്യായമല്ലാത്തതോ തിരസ്കരിക്കത്തക്കതുമാണല്ലോ. നീ പോയി, തന്നെത്താൻ സ്നേഹിക്കുന്നവരെ വഞ്ചിച്ചുകൊള്ളുക; എന്നോടു വേണ്ടാ."—എന്നു പറഞ്ഞയച്ചു. അനന്തരം ഉള്ളിതിനെ ഇല്ലെന്നു പറയുന്ന ഹാസ്യദേവതയായ വിചികിത്സ വന്ന്, "അല്ലയോ ബുദ്ധാ! ലോകത്തിലുള്ള എല്ലാ അവസ്ഥകളും ഒരു കാഴ്ച മാത്രമാണ്; അവയെ മിത്ഥ്യയെന്നറിയുന്ന ജ്ഞാനവും മിത്ഥ്യതന്നെയാകുന്നു. നീ ഇപ്പോൾ ശ്രമിക്കുന്നതു നിന്റെ നിഴലിനെ പിടിക്കുവാനാണ്. എല്ലാം മിത്ഥ്യയെന്നു തള്ളിക്കളയേണ്ടതല്ലാതെ, മനുഷ്യർക്കു സഹായിയായൊ കാലചക്രത്തെ പിടിച്ചുനിർത്തുവാനുള്ളതായൊ ലോകത്തിൽ യാതൊന്നുമില്ല. അതുകൊണ്ടു നീ വെറുതെ ബുദ്ധിമുട്ടേണ്ട. എഴുനീററു രാജ്യത്തേക്കു പോക"—എന്നു ബുദ്ധന്റെ ചെവികളിൽ ഓതി. അപ്പോൾ, ബുദ്ധൻ, അതിനോട് "മനുഷ്യരുടെ ശത്രുക്കളിൽവെച്ചു പ്രഭാവമേറിയ വിചികിത്സേ! വ്യാജരൂപിണിയായ നിന്നെക്കൊണ്ട് എന്റെ അടുക്കൽ ഒന്നും സാധിക്കയില്ല. വന്ന വഴിക്കുതന്നെ പോയ്ക്കൊള്ളുക"—എന്നു മറുപടി പറഞ്ഞു. മൂന്നാമതായി, ദുർവ്വിശ്വാസങ്ങൾക്കു ശക്തിയെ കൊടുക്കുന്നതും പ്രാർത്ഥനകൾകൊണ്ടും പൂജകൾകൊണ്ടും നരകദ്വാരങ്ങൾ അടക്കും, സ്വർഗ്ഗദ്വാരങ്ങൾ തുറക്കും, എന്നും മററും പറയുന്നതുമായ മൂഢവിശ്വാസമെന്ന ദുർദ്ദേവത വന്ന്, "ബുദ്ധാ! നീ വേദശാസ്ത്രാദികളേയും ദൈവങ്ങളേയും ഇല്ലെന്നാക്കുവാനും, ബ്രാഹ്മണർക്കു ഭോജനം നല്കുന്നതായും രാജ്യത്തെ രക്ഷിക്കുന്നതായുമുള്ള ധർമ്മത്തെ മുടക്കുവാനും തുടങ്ങുന്നുവോ?"—എന്നു ചോദിച്ചു. അതിന്നു മറുവടിയായി, ബുദ്ധൻ, "നീ എ

ന്നോട്ട നശിപ്പിക്കാതിരിക്കേണമെന്നു പറയുന്ന സാധന ങ്ങളെല്ലാം വെറും രൂപങ്ങൾ മാത്രമാകുന്നു; അവയിൽ സ ത്യം ലേശംപോലുമില്ല; സത്യം വേറെ നില്ക്കുന്നു. അതുകൊണ്ടു നീ അധികമൊന്നും പറയേണ്ടാ. നിൻെറ വാസസ്ഥലമാ യ അജ്ഞാനാന്ധകാരത്തിലേക്കുതന്നെ പോയ്ക്കൊള്ളുക"— എന്നു പറഞ്ഞു. നാലാമത്, അതിധീരനും, ദൈവങ്ങളെക്കൂ ടി ഇളക്കുവാൻ സാമർത്ഥ്യമുള്ളവനും, സകല വികാരങ്ങ ൾക്കും രാജാവും, പലവിധ സന്തോഷങ്ങൾക്കും സുഖങ്ങൾക്കും അധിപനുമായ കാമദേവൻ, ചുകന്ന പുഷ്പമാലകൾ ചുററി ക്കെട്ടിയ സ്വർണ്ണവില്ലും കയ്യിൽപിടിച്ചു വിഷമുനയുള്ള ശരങ്ങ ളെക്കാൾ അധികം തീക്ഷ്ണമായ മോഹശരങ്ങളുമേന്തി, ബോധി വൃക്ഷത്തിന്നരികിൽ മന്ദഹാസത്തോടെ വന്നുനിന്നു. അവന്നു ചുററും ദിവ്യസ്വരൂപിണികളായ പരിവാരങ്ങൾ കാമസുഖങ്ങ ളെ വർണ്ണിച്ചു പാടിക്കൊണ്ടു വന്നിരുന്നു. ആ പാട്ടുകൾ കേട്ടു ലയിച്ചിട്ടോ എന്നു തോന്നും, രാത്രികൂടി നിശ്ശബ്ദമായിരുന്നു. ചന്ദ്രനും നക്ഷത്രങ്ങളും ആ പാട്ടുകൾ കേട്ടുകൊണ്ട് അവരുടെ ഗതിക്കനുസരിച്ച് പതുക്കെ പോയിരുന്നു. ആ സമയത്തു കാമ ദേവതയുടെ പരിവാരങ്ങൾ ബുദ്ധൻ ത്യജിച്ചുവന്നിട്ടുള്ളതായ സുഖങ്ങളെപ്പററി ഇപ്രകാരം പാടി:—"ത്രൈലോക്യം മുഴുവനും തിരഞ്ഞുനടന്നാലും സുന്ദരികളായ സ്ത്രീകളാൽ ലഭിക്കുന്ന സു ഖത്തെക്കാൾ അധികമായ സുഖം മററു വല്ലതുമുണ്ടൊ? ആ സൌന്ദര്യത്തെ ആരാലും വിവരിപ്പാൻ കഴിയുന്നതല്ല. ഒരാ ത്മാവിന്ന് മറെറാരാത്മാവിനോട് അനിർവ്വചനീയമായ ഐ ക്യത്തെ ഉണ്ടാക്കുന്നത് ഈ സൌന്ദര്യമാണ്. ഇതാണ് എല്ലാ ററിലുംവെച്ച് ഉൽകൃഷ്ടമെന്നും മനുഷ്യർ ദേവതുല്യന്മാരായി അനുഭവിക്കുന്ന ആനന്ദം ഇതാണെന്നും അറിഞ്ഞ് മനുഷ്യർ സ്വേച്ഛയായി ഇതിനെ ആരാധിക്കുന്നു. ഈ സുഖം എത്ര കഷ്ട പ്പെട്ടിട്ടെങ്കിലും അനുഭവിക്കേണ്ടതും അനുഭവിക്കുന്തോറും പുതി

യതായി തോന്നുന്നതുമാകുന്നു."—ഇപ്രകാരം അവർ നൎത്തനം ചെയ്തും കടാക്ഷിച്ചും, സൎവ്വവശ്യമായ പുഞ്ചിരിയിട്ടു പാടിക്കൊണ്ടും, "അല്ലയോ സിദ്ധാൎത്ഥാ! ഞാൻ നിനക്കു ചേൎന്നവളാകുന്നു"—എന്നു പറഞ്ഞുകൊണ്ടും അണിയണിയായി ബുദ്ധന്നരികിൽ ചെന്നുനിന്നു. എന്നാൽ ഇതുകൊണ്ടൊന്നും ബുദ്ധന്റെ മനസ്സിളകിയില്ലെന്നു കണ്ടപ്പോൾ, കാമൻ തന്റെ വില്ലെടുത്തു ഒന്നിളക്കി. അപ്പോൾ അവിടെയുള്ള നൎത്തകികളെല്ലാം മാറിനില്ക്കുകയും, യശോധരയുടെ രൂപത്തിൽ ഒരു സ്ത്രീയെ അവിടെ കാണുകയും ചെയ്തു. കണ്ണിൽ കണ്ണുനീർ നിറഞ്ഞും, കൈരണ്ടും നീട്ടിപ്പിടിച്ചും, മധുരസ്വരത്തിൽ കരഞ്ഞുകൊണ്ടും, ആ സ്വരൂപം ബുദ്ധനോട്, "എന്റെ രാജകുമാരാ!, നീയില്ലാതെ ഞാൻ മരിക്കാറായല്ലൊ. രോഹിണീനദീതീരത്തിലുള്ള വിശ്രമവനത്തിൽ നമ്മൾ അനുഭവിച്ച സ്വൎഗ്ഗസുഖം ഇവിടെയുണ്ടോ? അവിടെ ഞാൻ എത്ര കൊല്ലമായി നിന്നെ വിചാരിച്ചു കരഞ്ഞുകൊണ്ടു കാലം കഴിക്കുന്നു. ഇനി നമ്മൾക്കു രാജ്യത്തേക്കു പോവുക. അല്ലയോ രാജകുമാരാ! എന്നോടൊന്നിച്ചു സുഖിച്ചാലും. എന്നാൽ സ്വപ്നപ്രായമായും നിഷ്പ്രയോജനമായുമിരിക്കുന്ന ഈ ചിന്തകൾ എല്ലാം തീരും. നീ വളരെക്കാലം സ്നേഹിച്ചിരുന്ന ഭാൎയ്യയല്ലെ ഞാൻ? നോക്കു"—എന്നു പറഞ്ഞു. അതു കേട്ടു ബുദ്ധൻ പറഞ്ഞു:—"സൌന്ദൎയ്യമുള്ള കള്ളനിഴലേ! നീ ആരുടെ രൂപത്തെ ധരിച്ചു വന്നിരുന്നുവോ, അവളാണെന്നു നടിച്ചു നീ ഇപ്രകാരം ചെയ്യുന്നതെല്ലാം വൃഥാവിലാണ്. എനിക്ക് ഏററവും പ്രിയകരമായ ഈ സ്വരൂപത്തെ ധരിച്ചു നീ വന്നതിനാൽ, ഞാൻ നിന്നെ ശപിക്കുന്നില്ല. ലോകത്തിലുള്ള എല്ലാ കാഴ്ചകളും നിന്നെപ്പോലെയുള്ള വ്യാജനിഴലുകളാണ്. അതുകൊണ്ടു നീ വന്നവഴിക്കുതന്നെ പോയ്ക്കൊള്ളുക." അതു കേട്ട ഉടനെ അവിടെ വന്ന സകല രൂപങ്ങളും, അഗ്നിജ്വാല മഞ്ഞുപ്പോകംപോലെ, പ്രകാശം കുറഞ്ഞും, വന്നം

മുഴവനും ഇളക്കമാറു കരഞ്ഞും, വനത്തിൽ മറഞ്ഞുപോക യും ചെയ്തു.

അനന്തരം ക്രൂരിരുട്ടും കൊടുങ്കാററും നിമിത്തം ഭയങ്കരമാ യിത്തീൎന്ന രണ്ടാം യാമത്തിൽ ക്രൂരദേവതകളിൽവെച്ച് അഗ്ര ഗണ്യയായ ദ്വേഷമെന്ന ദേവത വന്നു ഭയപ്പെടുത്തുവാൻ തുട ങ്ങി. അവളുടെ അരയിൽ ക്രൂരസൎപ്പങ്ങൾ ചുററിക്കിടന്നിരുന്നു; സൎപ്പങ്ങൾ അവളുടെ സ്തനങ്ങളിൽ നിന്നൊഴുകുന്ന വിഷമാകു ന്ന പാൽ കുടിച്ചുകൊണ്ടിരുന്നു. ആ ദേവത ദ്വേഷ്യപ്പെടുമ്പോ ൾ അവയും ചീറുവാൻ തുടങ്ങും. അങ്ങിനെയുള്ള ക്രൂരദേവത വ ന്നിട്ടും, ബുദ്ധനോട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. എന്നു മാത്ര മല്ല, അദ്ദേഹത്തിന്റെ ശാന്തനോട്ടത്താൽ ആ ദേവതയുടെ ദ്വേഷ്യവചനങ്ങളും സൎപ്പങ്ങളുടെ ചീററലും അടങ്ങുകയും ചെ യ്തു. അതിന്നുശേഷം ലോഭം, മോഹം, മദം, ഡംഭം, അവിദ്യ എന്നീ ദേവകളെല്ലാം ഓരോരുത്തരായി വന്നു. ഇവർ വന്ന പ്പോൾ, മുമ്പുതന്നെ ഇരുട്ടായിരുന്ന രാത്രി അധികം ക്രൂരിരുട്ടാ യി; വൃക്ഷങ്ങൾ, പൎവ്വതങ്ങൾ മുതലായവയെല്ലാം ഇളകി; കൊ ടുങ്കാററു ഭയങ്കരമായി ഇരമ്പിത്തുടങ്ങി; ഘോരമായ വൎഷവും ഉ ണ്ടായി; നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു തീക്കട്ടകൾപോ ലെ താഴത്തുവീണു. പിന്നെയും, അനേകം ദുൎദ്ദേവതകൾ വായു വിൽ നിന്നുകൊണ്ടു ബുദ്ധന്റെ മനസ്സിളക്കുവാൻ പലവിധ പ്ര യത്നങ്ങളും ചെയ്തു. എന്നാൽ ബുദ്ധൻ അതൊന്നും കൂട്ടാക്കിയി ല്ല; കിടങ്ങുകളും മതിലുകളും എങ്ങിനെ കോട്ടക്ക് രക്ഷയായി രിക്കുന്നുവോ അങ്ങിനെ അദ്ദേഹത്തിന്റെ ധൎമ്മബോധം മന സ്സിന്നു രക്ഷയായിരുന്നു. ആ ബോധവൃക്ഷത്തിന്നു കൂടി ഈവക ലഹളയിൽ ഒട്ടും ഇളക്കമുണ്ടായില്ല! അതിന്റെ ഇലകളാവട്ടെ, മഞ്ഞുകാലങ്ങളിൽ ചന്ദ്രരശ്മി തട്ടുമ്പോൾ ശോഭിക്കുന്നതുപോ ലെ, ആ രാത്രിയിൽ ശോഭിച്ചു.

ഇപ്രകാരം ദുർദ്ദേവതകളെല്ലാം അടങ്ങിയതിൻെറ ശേഷം ബുദ്ധൻ സമാധിയിലിരുന്നു. മൂന്നാം യാമമായപ്പോൾ ബുദ്ധന്ന് സമ്യക്സംബോധമുണ്ടായി. അദ്ദേഹം മാനുഷികദൃഷ്ടിക്കു അഗോചരമായിരിക്കുന്ന വെളിച്ചത്തിൻെറ സഹായത്താൽ ലോകത്തിൽ തനിക്കുണ്ടായ ജന്മങ്ങളെ ഓരോന്നായി കണ്ടറിഞ്ഞു കഴിഞ്ഞുപോയതായ തൻെറ അഞ്ഞൂററമ്പതു ജന്മങ്ങളെയും ഇങ്ങിനെ ഒന്നായി കണ്ടു. തൻെറ ജീവൻ നിമ്നോന്നതദുർഗ്ഗമമാർഗ്ഗങ്ങളിൽകൂടി ഏററവും താണ സ്ഥിതിയിൽനിന്ന് ക്രമേണ ഉയൎന്ന് വന്ന് സൽഗ്ഗുണപരിവൃതമായ ഇപ്പോഴത്തെ ഉന്നതസ്ഥിതിയിയിൽ എത്തിയതായും കണ്ടു. അതുകൂടാതെ, പൂൎവ്വജന്മങ്ങളിൽ ചെയ്ത കൎമ്മങ്ങളുടെ ഫലങ്ങൾ ഈ ജന്മത്തിൽ അനുഭവിക്കേണമെന്നും, ജീവൻെറ യാത്രാവസാനം പിന്നെയും അതിൻെറ യാത്രാരംഭമാണെന്നും, അവർ ചെയ്യുന്ന പുണ്യകൎമ്മങ്ങളെ അവരവൎക്കനുഭവിക്കാമെന്നും, പാപകൎമ്മങ്ങൾക്ക് ഉത്തരം പറയേണമെന്നും, ഓരോ ജന്മത്തിലും നന്മയിൽനിന്നു നന്മയും തിന്മയിൽനിന്നു തിന്മയും ഉണ്ടാകുമെന്നും, മരണശേഷം പുണ്യപാപങ്ങളുടെ ഏററത്തുക്കം കൃത്യമായി ഗണിക്കപ്പെടുമെന്നും, പിന്നെത്തെ ജന്മത്തിൽ കൎമ്മശേഷത്തെ വിചാരങ്ങളിലും ഉദ്യമങ്ങളിലും കൎമ്മങ്ങളിലും മററും സൂചിപ്പിക്കുന്നതാണെന്നും കണ്ടറിഞ്ഞു.

അനന്തരം, മൂന്നാംയാമത്തിൻെറ അവസാനത്തിൽ, ബുദ്ധൻ സകല ലോകവൃത്താന്തങ്ങളെയും അറിയുന്നതായ ജ്ഞാനത്തെ പ്രാപിച്ചു. ഈ ലോകത്തിന്നു പുറമെയുള്ളതും വെവ്വേറെയാണെന്നു തോന്നുന്നതുമായ സകല ലോകങ്ങളെയും ആദിത്യാദിമണ്ഡലങ്ങളെയും ഒന്നായും, അഗാധവും കരകാണാത്തതും മാറിമാറിക്കൊണ്ടിരിക്കുന്ന അലകളോടു കൂടിയതുമായ ഒരു സമുദ്രമദ്ധ്യത്തിൽ കിടക്കുന്നതായും കണ്ടു. അദൃശ്യശക്തികളാൽ ലോകത്തെ ബന്ധിച്ചു നിൎത്തിയ സൂൎയ്യചന്ദ്രന്മാർ മുതലായ പ്രകാശഗ്ര

ഹങ്ങളെയും, അവക്ക് ആ പ്രകാശം ആരിൽനിന്നു ലഭിക്കുന്നു വോ ആ ജ്യോതിസ്സ്വരൂപികളെയും, അവക്ക് ആ ജ്യോതിസ്സ് ഏതിൽനിന്നു ലഭിച്ചുവോ ആ ഏകജ്യോതിസ്സ്വരൂപത്തെയും ക ണ്ടു. എന്നാൽ ഇവയെല്ലാം ഒട്ടും മറവുകൂടാതെ വ്യക്തമായി ത ന്നെ കണ്ടു. അതിന്നു പുറമെ, അനേകം സൂൎയ്യചന്ദ്രനക്ഷത്രാദി കരം ഉണ്ടായി നശിച്ചിട്ടുള്ളതും ഗണിക്കപ്പെട്ടുവാൻ കഴിയാത്ത തുമായ അനവധി മഹാകല്പങ്ങളിലുണ്ടായ ലോകങ്ങളെയും അ വയുടെ ചരിത്രങ്ങളെയും കണ്ടു. ആ ലോകങ്ങൾക്കപ്പുറമായിആ ദ്യന്തരഹിതമായ ശൂന്യാകാശത്തെയും കണ്ടു. ആ ശൂന്യാകാശ ത്തിലാവട്ടെ, ഇരുട്ടുള്ളവയെ വെളിച്ചമുണ്ടാക്കുന്നതും, മരിച്ചവ യെ ജീവിപ്പിക്കുന്നതും, ഒഴിഞ്ഞതിനെ നിറക്കുന്നതും, രൂപമി ല്ലാത്തവക്കു രൂപമുണ്ടാക്കുന്നതും, നല്ലവയെ അധികം നല്ലതാ ക്കുന്നതുമായ പലവിധ സൃഷ്ടിക്രമങ്ങളെ കണ്ടു. ആ സ്ഥലത്തു പ്ര വൃത്തി ചെയ്യിപ്പാനോ ചെയ്യുന്നതു നിൎത്തൽ ചെയ്വാനൊ ആ രും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ. ആ ശൂന്യാകാശം എല്ലാ ദൈവലോകങ്ങൾക്കും മീതെയായിരുന്നു. അവിടെ ദൈ വങ്ങൾക്കാൎക്കും യാതൊരധികാരവുമില്ല. എന്നാൽഅവിടെ ഒരു ശക്തിയുണ്ട്. ആ ശക്തി സൎവ്വത്തെയും സൃഷ്ടിക്കുകയും നശിപ്പി ക്കുകയും, പിന്നെയും സൃഷ്ടിക്കുകയും ചെയ്യുന്നു. ആ ലോകങ്ങ ളെ സൃഷ്ടിച്ചതിന്നുശേഷം, നശിപ്പിക്കുന്നതിന്നു മുമ്പെ, സത്യം സൌന്ദൎയ്യം, പ്രയോജനം മുതലായ ധൎമ്മനിയമങ്ങൾക്കനുസരി ച്ച് പരിപാലിക്കയും ചെയ്യുന്നു. ശക്തികല്പികങ്ങളായ നിയമ ങ്ങളെ അനുസരിക്കേണ്ടത് ശക്തിസൃഷ്ടങ്ങളായ സകല ചരാച രങ്ങളുടെയും ബാദ്ധ്യതയുമാണ്. അതുകൊണ്ടു, ഏതേതു സാധ നങ്ങൾ ധൎമ്മത്തിന്നനുസരിച്ച് പ്രവൃത്തിക്കുന്നുവോ അതെല്ലാം ശക്തിയെ സഹായിക്കുന്നവയാകുന്നു; ധൎമ്മാനുസൃതമല്ലാതെ പ്ര വൎത്തിക്കുന്നവയെല്ലാം ശക്തിക്കു വിരോധം ചെയ്യുന്നവയാകുന്നു പുഴുക്കൾ മുതലായ ജന്തുക്കൾ താന്താങ്ങളുടെ പ്രകൃതിക്കനുസരി

ച്ചു പ്രവൃത്തിക്കുന്നതെല്ലാം ആ ശക്തിയെ സഹായിക്കുന്നു. അതുപോലെ, പരുന്തു മുതലായ അവയുടെ കുഞ്ഞുകൾക്കായി മററു ജന്തുക്കളെ പിടിച്ചു കൊല്ലുന്നതും ധമ്മാനുസൃതമാകുന്നു. അങ്ങിനെതന്നെ, മരിപ്പാനായി ജീവിച്ചിരിക്കുന്ന മനുഷ്യർ തങ്ങളുടെ ബാദ്ധ്യതക്കനുസരിച്ച് ചെറിയതും വലിയതുമായ എല്ലാ ജീവികളേയും അവരുടെ ഗതിക്കു തടസ്ഥം വരുത്താതെ സഹായിച്ച് കുററമററവരായി തീരുന്നതിനാൽ ഉത്തമജന്മം ലഭിക്കത്തക്കവണ്ണം മരിക്കുന്നു. ഇവയെല്ലാമാണ് ബുദ്ധൻ മൂന്നാംയാമാവസാനത്തിൽ കണ്ടറിഞ്ഞതു.

നാലാം യാമമായപ്പോൾ, ബുദ്ധൻ, ശൈത്യം മുതലായവ അഗ്നിക്കു പ്രതിബന്ധമാകുന്നതുപോലെ ധമ്മത്തിന്നു പ്രതിബന്ധമായിരിക്കുന്ന ദുഷ്കമ്മസഹിതമായ ദുഃഖത്തിന്റെ തത്വത്തെ കണ്ടു. വിശിഷ്ടങ്ങളായ പരമാത്ഥ തത്വങ്ങളിൽ ആദ്യത്തേതായ ദുഃഖസത്യമെന്ന തത്വം ഇപ്പോഴാണ് ബുദ്ധന്നു വെളിവായത്. ജീവൻ പോകുന്ന വഴിക്കെല്ലാം പൊയ്ക്കൊണ്ടിരിക്കുന്ന ദുഃഖം ജീവന്റെ നിഴലാണെന്ന അദ്ദേഹം കണ്ടറിഞ്ഞു. ജീവിതത്തെയും അതിന്റെ മാറി മാറിക്കൊണ്ടിരിക്കുന്ന ജനനം, സ്ഥിതി, മരണം, സ്നേഹം, ദ്വേഷം, സുഖം, ദുഃഖംകമ്മം, കത്തൃത്വം മുതലായ അവസ്ഥകളെയും ത്യജിച്ചാലല്ലാതെ ദുഃഖത്തെയും ത്യജിപ്പാൻ കഴിയുന്നതല്ലെന്നും മേൽപറഞ്ഞവയെല്ലാം ജീവനെ അകപ്പെടുത്തുവാനുള്ള വലയാണെന്നറിയാത്തവക്ക് സങ്കടപ്രദങ്ങളായ സന്തോഷങ്ങളെയും സന്തോഷപ്രദങ്ങളായ സങ്കടങ്ങളെയും ത്യജിപ്പാൻ കഴികയില്ലെന്നും കണ്ടറിഞ്ഞു. എന്നാൽ അവിദ്യ അല്ലെങ്കിൽ മായ എന്നുള്ളതിനെ അറിഞ്ഞവർ മേൽപറഞ്ഞവ ജീവന്റെ വലയെന്നറിയുമെന്നും, അതുകൊണ്ടു, ജീവിതത്തെ സ്നേഹിക്കാതിരുന്നാൽ ആ വലകളിൽനിന്നു രക്ഷപ്പെട്ടുമെന്നും ബുദ്ധൻ കണ്ടറിഞ്ഞു. അങ്ങിനെ രക്ഷപ്പെടുന്നവന്റെ

പ്രജ്ഞാദൃഷ്ടി ഏററവും വിശാലമാകുന്നു. എന്നാൽ, മായയിൽനിന്നു അവിദ്യയുംവിദ്യയിൽനിന്നു സംസ്കാരവും, സംസ്കാരത്തിൽനിന്നു വേദനയും, വേദനത്തിൽനിന്നു നാമരൂപവും ഉണ്ടാകുന്നു. ഇങ്ങിനെ ജീവന്നു നാമരൂപം വന്നാൽ ഹൃദയത്തിൽ നടക്കുന്ന സംഗതികൾക്കെല്ലാം മനുഷ്യൻ ഒരു കണ്ണാടിയായി തീരുന്നു. അനന്തരം ഇന്ദ്രിയജ്ഞാനം ഉത്ഭവിക്കുന്നു. ആ ജ്ഞാനത്തിൽനിന്നു തൃഷ്ണയുണ്ടാകുന്നു. ആ തൃഷ്ണാസമുദ്രമാകട്ടെ തന്നുള്ളിലുള്ള തിരമാലകളാകുന്ന സുഖം, മോഹം, ധനം, കീൎത്തി, ആഭിജാത്യം, യോഗ്യത, ജയം, സ്നേഹം, വിശേഷാഹാരവസ്ത്രങ്ങൾ, ദീൎഘജീവിതം, മാത്സൎയ്യം, അതിൽനിന്നുണ്ടാകുന്ന ഗുണദോഷങ്ങൾ എന്നിവയിൽ കിടന്നുരുളുന്ന മനുഷ്യരെ, സാഗരജലത്തെതന്നെ യഥേഷ്ടം പാനം ചെയ്യിക്കുന്നു. ആ ഉപ്പുവെള്ളംതന്നെ കുടിക്കുന്നതിനാൽ, ജീവന്നു പിന്നെയും ദാഹം വൎദ്ധിക്കുന്നതല്ലാതെ ഒരിക്കലും ദാഹം ശമിക്കുന്നില്ല. എന്നാൽ അറിവുള്ളവൻ തന്റെ ആത്മാവിനെ തൃഷ്ണയിൽനിന്നു വേർപെടുത്തുകയും, തൃഷ്ണയിൽനിന്നുണ്ടാകുന്നതായി മേൽപറഞ്ഞവയൊന്നും തനിക്കുണ്ടാകാതിരിപ്പാൻ വേണ്ടി പ്രയത്നിക്കാതിരിക്കുകയും, വ്യാജങ്ങളുടെ കാഴ്ചകളെകൊണ്ടു തന്റെ ആത്മാവിനെ സന്തോഷിപ്പിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ളവൻ താൻ മുമ്പു ചെയ്തിട്ടുള്ള തെററുകളിൽനിന്നുണ്ടാകുന്ന ദോഷാനുഭവങ്ങളെ ക്ഷമയോടുകൂടി സഹിക്കുന്നു; മനസ്സിൽ ഉണ്ടാകുന്ന ദുർവ്വികാരങ്ങളെ, അവ താനേതന്നെ ബുദ്ധിമുട്ടി നശിക്കത്തക്കവണ്ണം, നിരോധിക്കുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യുന്നവന്റെ ജീവാവസാനത്തിൽ, താൻമുമ്പു ചെയ്തതായ പ്രവൃത്തികളുടേയും വിചാരിച്ച വിചാരങ്ങളുടേയും കാലകൎമ്മങ്ങളാകുന്ന ഊടുപാവുകളാൽ നെയ്തുണ്ടാക്കപ്പെട്ട ഉപാധിയുടേയും ആകെ തുകയായ കൎമ്മം പാപരഹിതമായും പരിശുദ്ധമായും ഭവിക്കുന്നു. കൎമ്മം പരിശുദ്ധമായി ഭ

വിക്കുമ്പോൾ ആത്മാവിന്ന് ഒന്നുകിലോ വാസസ്ഥലവും ദേഹവും ആവശ്യമില്ലാതെ വരും; അഥവാ മററുള്ള ദേഹങ്ങൾ കൈക്കൊണ്ടുവെന്നു വന്നാലും, ആ ജന്മങ്ങളിലുള്ള കൎമ്മങ്ങൾ ചുരുങ്ങിവരികയും ക്രമേണ സകല കൎമ്മങ്ങളും നശിച്ച് ഭൂലോകമായ കളിയിൽനിന്നു വിമുക്തനായി സംസാരമാൎഗ്ഗാവസാനത്തെ കണ്ടുപിടിക്കുകയും ചെയ്യും. ആത്മാവ് ഈ സ്ഥിതിയിലാകുമ്പോൾ, ഭയങ്കരങ്ങളായ സ്വപ്നങ്ങളിനിന്നുണൎന്നവനെപോലെ ദേഹബന്ധങ്ങളിൽനിന്നും കാലചക്രച്ചുററലിൽനിന്നും വിമുക്തനായി ഭവിക്കുന്നു. ആ വിമുക്താവസ്ഥയുടെ അവസാനത്തിൽ, ആ ആത്മാവ് ജീവിച്ചിരിപ്പാനുള്ള മോഹം അവസാനിക്കുകയും; രാജാക്കന്മാരെക്കാൾ അധികം മഹത്വമുള്ളതായും ദൈവങ്ങളെക്കാൾ അധികം സന്തോഷമുള്ളതായും ഭവിച്ച്, അനിൎവ്വചനീയമായ ശാന്തതയോടും ആനന്ദത്തോടുംകൂടിയതായി, പാപരഹിതമായി, ഇളക്കമില്ലാത്ത വിശ്രമസ്ഥലമായി, ഒരിക്കലും മാററമില്ലാത്തതായി, പുനരാവൃത്തിരഹിതമായി ശോഭിക്കുന്ന നിൎവ്വാണാവസ്ഥയെ പ്രാപിക്കുകയും ചെയ്യുന്നു.

ഇപ്രകാരമാണ് ബുദ്ധൻെറ തത്വാന്വേഷണം അവസാനിച്ചതു. അപ്പോൾ നാലാം യാമവും അവസാനിച്ചു. ബുദ്ധദേവന്ന് ഇപ്രകാരം ബുദ്ധത്വം ലഭിച്ചപ്പോൾ, രാത്രിയിലുണ്ടായിരുന്ന അന്ധകാരത്തെ നശിപ്പിച്ചുകൊണ്ട് സൂൎയ്യൻെറ രശ്മികൾ കിഴക്കെ ദിക്കിൽ കാണുവാൻ തുടങ്ങി. ആകാശത്തിൽ ആദിത്യൻെറ പ്രഭ അധികമാകുന്തോറും, ശുക്രൻെറ പ്രഭ ചുരുങ്ങിത്തുടങ്ങി. ആദിത്യരശ്മികൾ മററുള്ള സ്ഥലങ്ങളിൽ തട്ടുന്നതിന്നു മുമ്പായി, ദൂരത്തിലുള്ള പൎവ്വതശിഖരങ്ങളിൽ തട്ടി ശിഖരങ്ങളെ ചുകപ്പിച്ചു. ഓരോ പുഷ്പങ്ങൾ പ്രഭാതഗമനത്തെ അറിഞ്ഞു വികസിക്കുവാൻ തുടങ്ങി. സൂൎയ്യരശ്മികൾ പുല്ലുള്ള

മൈതാനങ്ങളിൽതട്ടി അവയെ പച്ചപ്പട്ടുകൾപോലെ ശോഭി പ്പിച്ചു; വൃക്ഷലതാദികളുടെ ഇലകളിൽ തട്ടി അവയെ സ്വർണ്ണവ ർണ്ണങ്ങളാക്കി പ്രകാശിപ്പിച്ചു; നദികളിലുള്ള ജലപ്രവാഹങ്ങളിൽ തട്ടി അവയെ ചുകപ്പുരത്നങ്ങളെപ്പോലെ ശോഭിപ്പിച്ചു; കാക്കമുത ലായ പക്ഷികൾ ഉത്സാഹത്തോടെ പ്രഭാതാഗമനത്തെ സൂചി പ്പിച്ചു ശബ്ദിച്ചുതുടങ്ങി. വിശേഷിച്ചും, അന്നു പ്രഭാതമായപ്പോ ൾ എല്ലാരാജ്യങ്ങളിലും, എല്ലാ ഗൃഹങ്ങളിലും, എല്ലാ ജനങ്ങൾ ക്കും, എന്തെന്നറിവാൻ പാടില്ലാത്തതായ ഒരു ക്ഷേമമുണ്ടായി. പ്രാണിഘാതകന്മാർ തങ്ങളുടെ പ്രവൃത്തികളിൽനിന്നു ലജ്ജിച്ചു വരെന്നപോലെ ആയുധങ്ങളെ ഒളിച്ചുവെച്ചു. മോഷണംചെയ്യാ ൻ പോയവർ, അങ്ങിനെതന്നെ മോഷണംചെയ്ത ദ്രവ്യത്തെ എ ടുത്തുകൊണ്ടുവരുവാൻ ലജ്ജിതരായിഅവിടെത്തന്നെവെടിഞ്ഞു. എന്തിനു വളരെ പറയുന്നു? സകലദുഷ്ടഹൃദയങ്ങൾക്കും ഒരു ശാ ന്തതഭവിച്ചു. സ്വതേതന്നെ ദയയുള്ളവർ അധികം ശാന്തന്മാരാ യിഭവിക്കുകയുംചെയ്തു. ഘോരയുദ്ധത്തിലേപ്പെട്ടിരുന്നരാജാക്കന്മാ ർ തല്ക്കാലം സമാധാനിച്ച് യുദ്ധം നിൎത്തി. വളരെ വേദനയോ ടുകൂടി കിടന്നു ബുദ്ധിമുട്ടുന്ന ദീനക്കാർ ചിരിച്ചുകൊണ്ട് എഴുനീ റ്റു. മരിക്കാറായിക്കിടക്കുന്നവർ കൂടി അന്നത്തെ അസാധാര ണമായ സുപ്രഭാതത്തെ കണ്ട്, ഇത് ഇന്നുമാത്രം എവിടെനി ന്നു വന്നു, എന്നു വിസ്മയിച്ചു. സിദ്ധാൎത്ഥന്റെ വിശ്രമവനത്തി ൽ ഏകാകിയായിരുന്നു കാലം കഴിക്കുന്ന യശോധരയുടെ ഹൃദ യത്തിൽകൂടി, സ്നേഹം ഒരിക്കലും നിഷ്ഫലമല്ലാതെ വരികയി ല്ലെന്നും, അതിസങ്കടം സന്തോഷത്തിൽ പൎയ്യവസാനിക്കുമെന്നും തോന്നുമാറ് പൊടുന്നനവെ ഒരു സന്തോഷമുണ്ടായി. വിജനവാ സികളായ ഭൂതപ്രേതങ്ങളും കൂടി, എന്തുകൊണ്ടെന്നറിയാത്ത ഒരു സന്തോഷത്താൽ, കേട്ടവർ മോഹാലസ്യപ്പെടത്തക്കവണ്ണം, രമ്യമായ പാട്ടുകൾ പാടി. ലോകം മുഴുവനും ഇതു സന്തുഷ്ടമാ യിരുന്നു. ആകാശത്തിലാകട്ടെ, ദേവന്മാർ, ലോകം രക്ഷപ്പെട്ടു,

എന്നു പറഞ്ഞുകൊണ്ടിരുന്നു. ബ്രാഹ്മണർ തെരുവീഥികളിൽ മററുള്ള ജാതിക്കാരുടെ കൂട്ടത്തിൻ ആകാശത്തിലുള്ള അത്ഭുതങ്ങളെ നോക്കി, ഇന്നു എന്തോ ഒരു വിശേഷസംഗതി സംഭവിച്ചിട്ടുണ്ട്, എന്നു പറഞ്ഞുകൊണ്ടിരുന്നു. കാടുകളിലും മലകളിലുമുള്ള ജന്മനാ വൈരികളായ മൃഗങ്ങൾ ജാത്യാദി വൈരം വെടിഞ്ഞു സഞ്ചരിച്ചു. പുലികൾ അവയുടെ കുട്ടികൾക്കു മുല കൊടുക്കുന്ന ദിക്കിൽ മാൻ നിർഭയമായി പുല്ലു തിന്നുകൊണ്ടിരുന്നു. രാജാളിക്കഴുകൾ ഇരിക്കുന്ന സ്ഥലത്തിന്നരികെ മുയലുകൾ നടന്നുകൊണ്ടിരിക്കുമ്പോൾ, കഴുകൾ അവയെ കണ്ടു ഒന്നും ചെയ്യാതെ കൊക്കുകൊണ്ടു ചിറകു നന്നാക്കിക്കൊണ്ടിരുന്നു. സപ്പങ്ങൾ തങ്ങളുടെ വിഷപ്പല്ലുകളും നാവും അകത്താക്കി നാഗരത്നങ്ങൾ പുറമെ കാണിച്ചുകൊണ്ട് വെയിലിൽ കിടന്നു. മീൻകൊത്തിപ്പക്ഷികൾ മത്സ്യങ്ങൾ കളിക്കുന്നതിനെ നോക്കി രസിച്ചുകൊണ്ടിരുന്നു. ബുദ്ധദേവനാകട്ടെ, ബോധിവൃക്ഷത്തിൻകീഴിലിരുന്നു എല്ലാവൎക്കുംവേണ്ടി താൻ സമ്പാദിച്ച ജയത്തെക്കുറിച്ചും, സൂൎയ്യപ്രകാശത്തെക്കാൾ കാന്തിയേറിയ ഒരു വെളിച്ചത്താൽ അജ്ഞാനാന്ധകാരം നശിച്ചതിനെക്കുറിച്ചും, സന്തോഷത്തോടെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ, അദ്ദേഹത്തിൻെറ ആനന്ദചൈതന്യം മനുഷ്യരുടേയും പക്ഷിമൃഗാദികളുടേയും ഹൃദയങ്ങളിലെല്ലാം വ്യാപിച്ചു.

അനന്തരം ബുദ്ധദേവൻ അതി തേജസ്സോടുകൂടിയും ശക്തിയോടുകൂടിയും സന്തോഷത്തോടുകൂടിയും, അവിടെനിന്നെഴുനീററ്, എല്ലാ ലോകങ്ങളും കാലങ്ങളും കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ പറഞ്ഞു:—"ഇന്ദ്രിയങ്ങളാകുന്ന ദുഃഖസമ്പൂൎണ്ണമായ കാരാഗൃഹങ്ങളെ നിൎമ്മിച്ച ആ പുരുഷനെ അന്വേഷിച്ചുകൊണ്ടു എൻെറ ആത്മാവ് എത്രയോ ദേഹത്തിൽ പ്രവേശിച്ചിട്ടുണ്ട്; എൻെറ അനവരതമായ പരിശ്രമം വളരെ ദുഃഖക

രമായിരുന്നു. അല്ലയോ ദുഃഖഗോപുരകത്താവേ! നിന്നെ ഞാൻ നല്ലവണ്ണം അറിഞ്ഞുപോയി. ഈ വേദനകളാകുന്ന ഭിത്തികളെ നീ ഇനി കെട്ടുകയുണ്ടാകയില്ല; ചതിയാകുന്ന മേൽപ്പുരയും അതിന്നു വേണ്ടുന്ന കഴിക്കോലുകളും നീ ഉണ്ടാക്കുകയില്ല. നിന്റെ വീടു പൊളിഞ്ഞുപോയി. അതിന്റെ മോന്തായം, ഉത്തരം മുതലായവ പൊട്ടിപ്പോയി. അവയെ ഉണ്ടാക്കിനിൎത്തിയിരുന്നതു മായയാണെന്നു ഞാൻ അറിഞ്ഞു. എനിക്ക് ഇനി ഒരു പേടിയുമില്ല. ആ വീട്ടിൽനിന്നു പുറപ്പെട്ട് ഞാനിതാ നിൎവ്വാണത്തിലേക്കു പോകുന്നു.

## ഏഴാമദ്ധ്യായം.

ഈ കാലമൊക്കെ കപിലവസ്തുവിലെ കഥ എന്തായിരുന്നു? ശുദ്ധോദനൻ പുത്രന്റെ വേൎപ്പാടു നിമിത്തം അനിൎവ്വചനീയമായ ദുഃഖം അനുഭവിച്ചുകൊണ്ടുതന്നെ ഈ സംവത്സരങ്ങളെല്ലാം കഴിച്ചു. യശോധരയും ഭൎത്തൃവിയോഗത്താൽ സുഖം എന്തെന്നറിയാതെ ദുഃഖിതയായിതന്നെ കാലം കഴിച്ചുവന്നു. സിദ്ധാൎത്ഥൻ പോയതിന്നുശേഷം, ശുദ്ധോദനൻ, സിദ്ധാൎത്ഥനെ അന്വേഷിപ്പാൻ പല ദിക്കുകളിലേക്കും ആളുകളെ അയച്ചിരുന്നു അവർ വിജനങ്ങളിൽ സഞ്ചരിക്കുന്ന ഉഷ്ട്രപാലന്മാരോടും ഏകാന്തസ്ഥലങ്ങളിൽ തപസ്സു ചെയ്യുന്ന യോഗികളോടും ദൂരദേശത്തിൽ പോയിവരുന്ന കച്ചവടക്കാരോടും അന്വേഷിച്ചതിൽ, പലേ സ്ഥലങ്ങളിലും ഇരിക്കുന്ന ഓരോ സന്യാസികളുടെ വൃത്താന്തങ്ങൾ രാജാവിനോടു വന്നു പറഞ്ഞതല്ലാതെ, ശാക്യവംശത്തിന്നു ശിരോഭൂഷണവും ശുദ്ധോദനന്റെ ജീവൈകാധാരവും, യശോധരയുടെ പ്രേമഭാജനവും, എത്രയോ ദൂരെ സഞ്ചരിക്കുന്നവനും, ഇവരെയെല്ലാം മറന്നുപോയ്യ

വന്നും, മരിച്ചുപോയിരിക്കുമോ എന്നു അവർ വിചാരിച്ചിരുന്ന വനമായ സിദ്ധാൎത്ഥനെപ്പററി മാത്രം രാജദൂതന്മാർ യാതൊരു വൃത്താന്തവും കൊണ്ടുവന്നില്ല.

അങ്ങിനെയിരിക്കുമ്പോഠം, എല്ലാ വൃക്ഷങ്ങളും പുതിയതായി തളിൎക്കുന്നതും തേന്മാവുകളിൽ ചെറുപക്ഷികഠം ഉല്ലാസത്തോടെ കളിക്കുന്നതുമായ വസന്തകാലത്ത് ഒരു ദിവസം, യശോധര, മുമ്പു താനും ഭൎത്താവും കൂടിയുള്ള ക്രീഡാവിനോദങ്ങളെല്ലാം പ്രതിബിംബിച്ചിരുന്നതായ ഒരു ചെറിയ നദീതീരത്തിൽ ഇരിക്കുകയായിരുന്നു. അവളുടെ കണ്ണുകഠം കരഞ്ഞുകരഞ്ഞ് ചുങ്ങിപ്പോയിരുന്നു; കവിഠംത്തടങ്ങഠം ഒട്ടി ഉണങ്ങിയിരുന്നു; വ്യസനത്താൽ അധരങ്ങളുടെ ശോഭ ഇല്ലാതായിരുന്നു; തലമുടിയുടെ ഭംഗി മങ്ങിപ്പോയിരുന്നു; അവഠം വിശേഷമായ ആഭരണങ്ങളോ വസ്ത്രങ്ങളോ ധരിച്ചിരുന്നില്ല. വ്യസനത്താൽ ക്ഷീണിച്ചതുകൊണ്ട് അവഠംക്കു നടക്കാനുംകൂടി കഴിയാതിരുന്നു. മുമ്പെല്ലാം രാത്രിയിൽകൂടി പകൽപോലെ തെളിഞ്ഞു കണ്ടിരുന്ന അവളുടെ കണ്ണുകഠംക്കു കാഴ്ച കുറഞ്ഞതിനാൽ, വസന്തകാലം വന്നതുകൂടി അറിഞ്ഞിരുന്നില്ല. സിദ്ധാൎത്ഥൻ പോയതിന്നുശേഷം നിധിപോലെ സൂക്ഷിച്ചുവെച്ചിരുന്ന രത്നഖചിതമായ ഒരു അരഞ്ഞാൺ ഒരു കൈയിലും; ദിവ്യതേജസ്സിയും സിദ്ധാൎത്ഥൻെറ സ്മാരകരൂപവും വസന്തശോഭ കണ്ടുകൊണ്ടു കളിച്ചുനടക്കുന്നവനമായ ഏഴുവയസ്സു പ്രായമുള്ള രാഹുലനെന്ന പുത്രനെ മററെ കൈയിലും പിടിച്ചുകൊണ്ട്, യശോധര, താമരപ്പൊയ്കയുടെ തീരത്തു നടന്നുചെന്നപ്പോഠം, രാഹുലൻ, വിചിത്രവൎണ്ണങ്ങളായ മത്സ്യങ്ങഠംക്ക് ഒരു പിടി അരിഎറിഞ്ഞുകൊടുത്തു, ആ മത്സ്യങ്ങഠം കളിക്കുന്നതു നോക്കി രസിച്ചുകൊണ്ടിരുന്നു.

ആ സമയത്ത് യശോധര, വേഗത്തിൽ പറന്നുപോകുന്ന കൊററികളെകണ്ട്, ദുഃഖത്തോടെ ഇപ്രകാരംപറഞ്ഞു:—"നി

ങ്ങൾ എന്റെ ഭർത്താവുള്ളേടത്തെങ്ങാനും പോയാൽ, അദ്ദേഹത്തിന്റെ മധുരവാക്ക കേൾക്കാതെയും ദേഹസ്പർശം ലഭിക്കാതെയും ഞാൻ മരിക്കാറായിരിക്കുന്നുവെന്നു പറയുവിൻ"—ഇങ്ങിനെ അമ്മ കരഞ്ഞുകൊണ്ടും, കുട്ടി കളിച്ചുകൊണ്ടുമിരിക്കുമ്പോൾ രാജധാനിയിൽനിന്നു ചില ദാസികൾവന്നു യശോധരയോടു പറഞ്ഞു:—"റാണീ! ഹസ്തിനപുരത്തിൽനിന്നു ത്രിപുരുഷനെന്നും ഭല്ലുകനെന്നും പേരായ രണ്ടു യോഗ്യന്മാർ വന്നിരിക്കുന്നു; അവർ ദ്വീപാന്തരങ്ങളിലെല്ലാം സഞ്ചരിച്ച കച്ചവടക്കാരാണ്: അവർ സ്വർണ്ണക്കസവിട്ട അത്ഭുതകരമായ വസ്ത്രങ്ങളും, സ്വർണ്ണപ്പിടികളുള്ള ഇരുമ്പുകത്തികളും, പിച്ചളപാത്രങ്ങളും, ദന്തത്താൽ ഉണ്ടാക്കിയ സാമാനങ്ങളും, സുഗന്ധദ്രവ്യങ്ങളും, നമ്മുടെ നാട്ടിൽ കാണാത്തതായ പലവിധപക്ഷികളെയും കൊണ്ടുവന്നിരിക്കുന്നു. എന്നാൽ ഇവയെയെല്ലാം നിസ്സാരമാക്കിത്തീക്കുന്ന ഒരു വൎത്തമാനംകൂടി അവർ കൊണ്ടുവന്നിട്ടുണ്ട്: അവർ അദ്ദേഹത്തെ കണ്ടുപോൽ. നിങ്ങളുടെ ഭർത്താവും ഞങ്ങളുടെ രാജാവുമായ സിദ്ധാൎത്ഥനെ അവർ കണ്ടു, എന്നു മാത്രമല്ല, അദ്ദേഹത്തെ നമസ്കരിച്ച് ആരാധിച്ചുവെന്നും, അദ്ദേഹം മുമ്പ് ഇവിടെ പലവിധ പ്രവൃത്തികളാലും സൂചിപ്പിച്ചിരുന്നതുപോലെ ലോകവന്ദ്യനായ ഒരു ജ്ഞാനാചാൎയ്യനായി തീൎന്നിരിക്കുന്നുപോൽ. അദ്ദേഹം മധുരവാക്കുകളാലും വിശാലമായ അനുകമ്പയാലും എല്ലാവരെയും രക്ഷിക്കുന്ന ബുദ്ധനായി തീൎന്നിരിക്കുന്നുപോൽ. അദ്ദേഹം ഇങ്ങോട്ടു സഞ്ചരിച്ചു വരുന്നുണ്ടെന്നു ഇതാ അവർ പറയുന്നു."

ഈ വൎത്തമാനം കേട്ട ഉടനെ, ഗംഗാനദിയുടെ ഉല്പത്തിസ്ഥാനങ്ങളിൽ മഞ്ഞ് ഉരുകുമ്പോൾ ചാടിച്ചാടി പ്രവഹിക്കുന്ന ഗംഗാജലംപോലെ, യശോധരയുടെ ദേഹത്തിലുള്ള രക്തം ചാടുവാൻ തുടങ്ങി. യശോധര ഇരുന്ന ദിക്കിൽ നിന്നെഴുനീററു, കൈകൊട്ടി, നേത്രങ്ങൾക്കു ഹാരമായി നിറഞ്ഞ ആനന്ദാശ്രുക

ണങ്ങളോടെ, ഇപ്രകാരം പറഞ്ഞു:—"അല്ലയോ സഖികളെ! ആ കച്ചവടക്കാരനെ നിങ്ങൾ വിശ്രമവനത്തിലേക്ക വേഗം കൂട്ടിക്കൊണ്ടു വരുവിൻ. ദാഹത്താൽ ഉണങ്ങിയ തൊണ്ട ജലത്തെ ആഗ്രഹിക്കുന്നതുപോലെ, എന്റെ ചെവികൾ അവർ പറവാൻ പോകുന്ന വൎത്തമാനങ്ങൾ കേൾപ്പാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവരെ വേഗം കൂട്ടിക്കൊണ്ടുവരുവിൻ. അവർ പറയുന്നതു സത്യമാണെങ്കിൽ അവൎക്ക വിലപിടിച്ച രത്നങ്ങളും ധനവും കൊടുക്കാമെന്നു പറയുവിൻ. നിങ്ങളും വരുവിൻ. ഈ വൎത്തമാനം വന്നു പറഞ്ഞതിന്നു നിങ്ങൾക്കും സമ്മാനം തരാം."

അതുകേട്ടു ദാസികൾ പോയി, കച്ചവടക്കാരോടു വിശ്രമവനത്തിലേക്ക വരുവാൻ റാണി കല്പിച്ചതായി പറഞ്ഞു. അവർ ആ ദാസികളോടുകൂടി വിശ്രമവനത്തിലുള്ള അത്ഭുതകാഴ്ചകളെ കണ്ടു വിസ്മയിച്ചുകൊണ്ടു സ്വൎണ്ണമയമായ വഴികളിൽകൂടി പോയി. അവർ യശോധര ഇരിക്കുന്ന മറയുടെ പുറത്തുചെന്നു നിന്നപ്പോൾ, യശോധര വണക്കത്തോടുകൂടി, മധുരസ്വരത്തിൽ അവരോടു പറഞ്ഞു:—"അല്ലയോ യോഗ്യന്മാരെ! നിങ്ങൾ വളരെ ദൂരത്തുനിന്നു വന്നവരാണെന്നും, എന്റെ ഭൎത്താവിനെ നിങ്ങൾ കണ്ടു വന്ദിച്ചിട്ടുണ്ടെന്നും, അദ്ദേഹം സൎവ്വലോകവന്ദ്യനും അതിപാവനനും ലോകങ്ങൾക്ക രക്ഷാകൎത്താവുമായ ബുദ്ധനായി തീൎന്നിരിക്കുന്നുവെന്നും, നിങ്ങൾ പറഞ്ഞതായി കേട്ടു. അതു സത്യംതന്നെയോ? സത്യമാണെങ്കിൽ നിങ്ങൾ ഈ വംശത്തിന്നു ബന്ധുക്കളും അതിപ്രിയന്മാരുമാണ്."

അതുകേട്ടു, ത്രിപുരുഷൻ പറഞ്ഞു:—"അല്ലയോ രാജകുമാരി! ഞങ്ങൾ ആ പുണ്യവാനായ ലോകഗുരുവിനെ കണ്ടിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു നമസ്കരിക്കയും ചെയ്തിരിക്കുന്നു. അദ്ദേഹം ഒരു രാജകുമാരന്റെ നിലയിലാണ് ഇവിടെനിന്നു പോയതെങ്കിലും, ഇപ്പോൾ രാജാധിരാജന്മാരെ

ക്കാഠം മാന്യനായി ഭവിച്ചിരിക്കുന്നു. അദ്ദേഹം ഫൽഗുനീനദീതീരത്തുള്ള ബോധിവൃക്ഷത്തിൻകീഴിലിരുന്നു ലോകരക്ഷക്കുള്ള മാൎഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. അദ്ദേഹം യാതൊരു വ്യാധിയും കൂടാതെ സുഖമായിരിക്കുന്നു; സകല ദുഃഖങ്ങളിൽനിന്നും വിമുക്തനായി, ദൈവത്തെപ്പോലെ ആയിത്തീൎന്നിരിക്കുന്നു; പുതിയതായി കണ്ടുപിടിച്ചിട്ടുള്ള പരമാൎത്ഥതത്വജ്ഞാനത്താൽ പ്രകാശിച്ചുകൊണ്ടുമിരിക്കുന്നു. എന്നു മാത്രമല്ല, അദ്ദേഹം ശ്ലാഘനീയമായ ക്ഷേമമാൎഗ്ഗങ്ങളെ മധുരമായി പ്രസംഗിച്ചുകൊണ്ടു പട്ടണങ്ങഠംതോറും സഞ്ചരിക്കുകയും ചെയ്യുന്നു. കാററടിക്കുമ്പോഠം ഇലകളും മററും കാററിൻെറ കൂടെ പോകുന്നതുപോലെയും, ഒരാട്ടിൻെറ പിന്നാലെ മററുള്ള ആടുകഠം പോകുന്നതുപോലെയും, മനുഷ്യരുടെ ഹൃദയങ്ങഠം അദ്ദേഹത്തിൻെറ വഴിക്കുതന്നെ പോകുന്നു. ഗയക്കു സമീപമുള്ള ഉദ്യാനത്തിൽവെച്ചു ഞങ്ങളും അദ്ദേഹത്തിൻെറ പ്രസംഗം കേഠംക്കുകയും, അദ്ദേഹത്തിന്നു വേണ്ടുന്ന ബഹുമാനങ്ങഠം ചെയ്യുകയുമുണ്ടായി. വൎഷകാലാരംഭത്തിന്നു മുമ്പായി അദ്ദേഹം ഇവിടേക്കു വരുന്നുണ്ട്."

യശോധര സന്തോഷത്താൽ ഗൽഗദാക്ഷരമായി പറഞ്ഞു:—"അല്ലയോ യോഗ്യന്മാരായ ചങ്ങാതികളെ! ഈ സന്തോഷവൎത്തമാനം കൊണ്ടുവന്ന നിങ്ങഠംക്ക് എന്നെക്കും ക്ഷേമം ഭവിക്കട്ടെ. ഈ മഹത്തായ ജ്ഞാനോദയം അദ്ദേഹത്തിന്ന് എങ്ങിനെയാണ് ലഭിച്ചതെന്നു നിങ്ങഠംക്കറിയാമൊ?"

അതുകേട്ടു, ഭല്ലുകൻ, ബുദ്ധന് ജ്ഞാനോദയമുണ്ടായ ദിവസം രാത്രി ആ ബോധി വൃക്ഷത്തിൻെറ സമീപത്തിൽ മാരൻെറ പരിവാരങ്ങഠം ലഹളയുണ്ടാക്കിയതും, വായുവിൽ പലവിധ ഭൂതഗണങ്ങഠം വന്നു ഉപദ്രവിച്ചതും, ഭൂമി തന്നെ ഇളകിയതും, സമുദ്രത്തിൽ വെള്ളം പൊങ്ങിയതും, പിറേറദിവസം ലോകങ്ങഠംക്കെല്ലാം അഭ്യുദയ സൂചകമായ സുപ്രഭാതമായതും

നമ്മുടെ രാജകുമാരൻ ബുദ്ധനായി സന്തോഷിച്ചുകൊണ്ടിരുന്നതും, ആ താഴ്വരയിലുള്ള ജനങ്ങൾ പറഞ്ഞുകേട്ടതുപോലെ, വിവരമായി പറഞ്ഞു. "എന്നാൽ അദ്ദേഹം ഇങ്ങിനെ ബുദ്ധനാകുന്നതിന്നു മുമ്പേ, വളരെ ദിവസം സർവ്വസംശയനിവൃത്തകമായ പരമാത്ഥതത്വാന്വേഷണഭാരത്തെ വഹിച്ചുകൊണ്ടും, 'പാപങ്ങളെ ഇഷ്ടപ്പെട്ടുന്നവരും ഇന്ദ്രിയങ്ങളുടെ വഞ്ചനയിൽപെട്ടുന്നവരും പലവിധ കുററങ്ങൾ ചെയ്യുന്നവരും അതിനെ കണ്ടറിവാൻ ശ്രദ്ധയില്ലാത്തവരും ദേഹാഭിമാനമായ വല അറുക്കുവാൻ ശക്തിയില്ലാത്തവരുമായ ഈ മനുഷ്യൎക്കു സർവ്വപാപഹാരമായതും, അനുഷ്ഠിച്ചാൽ വളരെ ഗുണപ്രദമായതുമായ * ദ്വാദശനിദാനങ്ങളും ധമ്മവും എങ്ങിനെയാണ് ലഭിക്കുന്നതെന്ന് ആലോചിച്ചുകൊണ്ടുമിരുന്നു. യാതൊരു രക്ഷയുമില്ലാത്തതായ ഈ ലോകത്തിൽ, ബുദ്ധൻ ജ്ഞാനമാൎഗ്ഗത്തെ കണ്ടുപിടിച്ചു, അതു ഉത്തമമാണെന്നു വിചാരിച്ച് മററുള്ളവരെ അറിയിക്കാതെ, താൻ മാത്രം ആ വഴിക്കു പോയിരുന്നാൽ അദ്ദേഹത്തിന്റെ ആ ജയഫലത്തെ നമ്മൾ അനുഭവിക്കുമായിരുന്നില്ല. അദ്ദേഹം തന്റെ ഹൃദയത്തിൽ നിറഞ്ഞുകിടക്കുന്നതായ അനുകമ്പയാൽ ആലോചിച്ചു. ആ സമയത്തിൽ ഭൂമിദേവി പ്രസവവേദനകൊണ്ടു കരയുന്നുവോ എന്നു തോന്നുമാറ് ഒരു ശബ്ദം കേട്ടു. അതു, 'ഞാനും എന്റെ ജീവികളും ഇതാ നശിച്ചുപോയി'—എന്നായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വായുവിൽകൂടി മറെറാരു ശബ്ദംകേട്ടു; അത്, 'അല്ലയോസവ്വോത്തമാ! നിന്റെ മഹത്തായ ധമ്മമാൎഗ്ഗം പുറത്തു വരട്ടെ'—എന്നായിരുന്നു. ആദിത്യൻ തന്റെ ആകാശസഞ്ചാരത്താൽ ഏതേതു താമര

* 1. അവിദ്യ, 2. സംസ്കാരം, 3. വിജ്ഞാനം, 4. നാമരൂപങ്ങൾ, 5. ഷഡായതനങ്ങൾ, 6. സ്പർശം, 7. വേദന, 8. തൃഷ്ണ, 9. ഉപാദാനം, 10. ഭാവം, 11. ജനനം, 12. ജരാമരണങ്ങൾ ഇവയാകുന്നു ജനനമരണങ്ങൾക്കുള്ള ദ്വാദശനിദാനങ്ങൾ.

മൊട്ടുകളാണ് വികസിക്കാറായതെന്നും ഏതേതു മൊട്ടുകൾ വികസിക്കാറായിട്ടില്ലെന്നും തിരിച്ചറിയുന്നുവോ, അതുപോലെ, ബുദ്ധൻ തൻെറ ജ്ഞാനദൃഷ്ടിയാൽ ധമ്മോപദേശം കൊടുപ്പാൻ ആക്കു കാലമായിട്ടുണ്ടെന്നും ആക്കു കാലമായിട്ടില്ലെന്നും അപ്പോൾ തിരിച്ചറിഞ്ഞു. അനന്തരം, ദിവ്യമന്ദഹാസത്തോടുകൂടി, 'ഞാൻ ധമ്മത്തെ പ്രസംഗിക്കാം; കേൾക്കുന്നവരെല്ലാം പഠിച്ചുകൊള്ളട്ടെ'—എന്നു അദ്ദേഹം പറഞ്ഞു. അനന്തരം, അദ്ദേഹം ദുഗ്ഗമമാഗ്ഗങ്ങളിൽകൂടി കാശിക്കു പോകയും, അവിടെ മൃഗധാവവനത്തിൽവെച്ച് പണ്ടത്തെ പരിചയക്കാരായ അഞ്ചുതാപസന്മാക്ക് ജനനമരണങ്ങളെ എങ്ങിനെ നശിപ്പിക്കാമെന്നും, മനുഷ്യക്കു പൂവ്വാജ്ജിതകമ്മങ്ങളല്ലാതെ ശിരസ്സിലെഴുത്തും മററുമില്ലെന്നും, താന്താങ്ങളുണ്ടാക്കുന്ന നരകമല്ലാതെ മനുഷ്യക്കു വേറെ നരകമില്ലെന്നും വികാരങ്ങളെല്ലാം അടക്കിയവക്ക് എത്തുവാൻ കഴിയാത്ത സ്വഗ്ഗമില്ലെന്നും പഠിപ്പിക്കയും ചെയ്തു. അതു വൈശാഖമാസത്തിലെ പൌണ്ണിമദിവസം മദ്ധ്യാഹ്ന സമയത്തായിരുന്നു. ആ അഞ്ചു താപസന്മാരുടെ കൂട്ടത്തിൽ കൌണ്ഡിന്യനെന്ന ഒരു താപസൻ ബുദ്ധൻെറ നാലു തത്വങ്ങളെ സമ്മതിച്ച് ആദ്യം ബുദ്ധൻെറ ധമ്മമാഗ്ഗത്തെ അംഗീകരിച്ചു ശിഷ്യനായി ഭവിച്ചു. പിന്നെ ഭദ്രകൻ, അശ്വജിത്ത്, വാസവൻ, മഹാനാമൻ എന്നവരും ബുദ്ധമാഗ്ഗത്തെ അംഗീകരിച്ചു. ആ മൃഗധാവവനത്തിൽ വെച്ചുതന്നെ യശദനെന്ന ഒരു രാജകുമാരനും അദ്ദേഹത്തിൻെറ കീഴിലുള്ള അമ്പത്തുനാലു പ്രഭുക്കളും ബുദ്ധൻെറ പ്രസംഗം കേട്ടു ഭക്തിയോടെ ആരാധിച്ചു അദ്ദേഹത്തിൻെറ ധമ്മമാഗ്ഗത്തെ അംഗീകരിച്ചു ശിഷ്യരായിത്തീരുകയും ചെയ്തു. മണൽപ്രദേശങ്ങളിൽ ജലപ്രവാഹമുണ്ടായാൽ, വൃക്ഷലതാദികൾ മുളച്ചുണ്ടാകുന്നതുപോലെ, മനുഷ്യരുടെ ഹൃദയങ്ങളിൽ ബുദ്ധൻെറ ജ്ഞാനാമൃതപ്രവാഹം നിമിത്തം എല്ലാവക്കും ക്ഷേമമുണ്ടായി; കാലംതന്നെ

ഒന്നു മാറി പുതിയതായതുപോലെ തോന്നി. അനന്തരം, ബുദ്ധൻ ഇന്ദ്രിയനിഗ്രഹത്താൽ പൂൎണ്ണയോഗ്യതയുള്ളവരും വികാരങ്ങളിൽനിന്നു വിമുക്തന്മാരുമായ മേല്പറഞ്ഞ അറുപതു ശിഷ്യന്മാരെയും, ലോകത്തിലെല്ലാം തന്റെ ധൎമ്മമാൎഗ്ഗം പരത്തുവാനായി അയച്ചു. പിന്നെ, മൃഗധാവവനത്തിൽനിന്നു പുറപ്പെട്ട്, ഇസിപട്ടണം, യഷ്ടിവനം മുതലായ പ്രദേശങ്ങളിൽക്കൂടി ബിംബിസാരന്റെ രാജഗൃഹനഗരത്തിലെത്തി. അവിടെ കുറച്ചുദിവസം പാൎത്തു, രാജാവിന്നും പ്രജകൾക്കും തന്റെ ധൎമ്മമാൎഗ്ഗങ്ങളെ ഉപദേശിച്ചു. ബിംബിസാരനും പ്രജകളും ബുദ്ധന്റെ ധൎമ്മമാൎഗ്ഗത്തെ വിശ്വസിച്ചു അംഗീകരിച്ചു സ്നേഹനീതിയേയും ജീവിതക്രമത്തെയും പഠിച്ചു. ഇതിന്നു പുറമെ, ബിംബിസാരൻ, അനവധി തോട്ടകളും ഗുഹകളും താഴ്വരകളുമുള്ളതായ വേണുവനത്തെ ബുദ്ധന്നായി ഉദകദാനം ചെയ്തു. അവിടെ രാജാവ് ഇപ്രകാരം എഴുതിയ ഒരു ശിലയും സ്ഥാപിച്ചു. തഥാഗതൻ ജീവിതകാരണത്തെയും ജീവിതമാൎഗ്ഗത്തെയും കുറിച്ചു വിവരിച്ചു പറയുന്നു. ജീവിത ദുഃഖത്തിൽനിന്നു രക്ഷപ്പെടുവാനുള്ള മാൎഗ്ഗത്തെ മഹാത്മാവായ ബുദ്ധൻ നമുക്കു വെളിപ്പെടുത്തിത്തന്നിരിക്കുന്നു.' ഇങ്ങിനെ ശിലാസ്ഥാപനം ചെയ്തതിന്നുശേഷം ആ വേണുവനത്തിൽവെച്ചു വലുതായ ഒരു സഭകൂട്ടുകയും, ആ സഭയിൽവെച്ചു ലോകഗുരുവായ ബുദ്ധൻ ജ്ഞാനശക്തിയെക്കുറിച്ചു വിശദമായി പ്രസംഗിക്കുകയും, അതു കേട്ടവരെല്ലാം അദ്ദേഹത്തിന്റെ ധൎമ്മമാൎഗ്ഗത്തെ അംഗീകരിക്കുകയും ചെയ്തു. ഇപ്രകാരം തൊള്ളായിരം ജനങ്ങൾ, ബുദ്ധൻ ധരിച്ചിരുന്നതുപോലെ പീതവസ്ത്രം ധരിക്കുകയും, ബുദ്ധന്റെ ധൎമ്മമാൎഗ്ഗത്തെ എല്ലാടവും പ്രസംഗിച്ചു പരത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഗാഥ അവസാനിച്ചത് ഇപ്രകാരമാകുന്നു:—

'നമ്മൾ വീട്ടുവാനുള്ള കടങ്ങളെ ദുഷ്കൎമ്മങ്ങൾ വൎദ്ധിപ്പിക്കുന്നു സൽകൎമ്മങ്ങൾ നമ്മളുടെ കടങ്ങളെ തീൎത്തു രക്ഷിക്കുന്നു; അതു

കൊണ്ടു ദുൎമ്മാൎഗ്ഗത്തെ വിട്ട് സന്മാൎഗ്ഗം അവലംബിക്കുകയാണ് ആത്മോദ്ധാരണത്തിന്നുള്ള ഉത്തമമാൎഗ്ഗം."

ഇപ്രകാരം ഭല്ലുകൻ പറഞ്ഞു കഴിഞ്ഞപ്പോൾ, ഏററവും സന്തുഷ്ടയായ യശോധര, രത്നങ്ങൾ മുതലായ സമ്മാനങ്ങൾ കൊടുത്തതിന്നു പുറമെ, പ്രിയവചനങ്ങളാൽ തന്റെ കൃതജ്ഞത അറിയിച്ചു. പിന്നെ ഇങ്ങിനെ ചോദിച്ചു:—"ഭൎത്താവ് ഏതു വഴിക്കാണ് ഇങ്ങോട്ടു വരുന്നത്? ഇവിടെ എത്തുവാൻ എത്ര ദിവസം വേണ്ടിവരും?"

അതുകേട്ടു അവർ പറഞ്ഞു:—"ഈ പട്ടണത്തിൽനിന്നു രാജഗൃഹനഗരത്തിലേക്കു അറുപതുയോജന ദൂരമുണ്ട്. അവിടെ നിന്നുള്ള വഴി ശോണാനദീതീരത്തിൽകൂടിയും കുന്നുകളിൽ കൂടിയുമാണ്. അവിടെനിന്നു അവിടേക്ക് എത്തുവാൻ ഞങ്ങളുടെ കാളകൾക്ക് ഒരു മാസം വേണ്ടിവന്നു." ഇങ്ങിനെ പറഞ്ഞു കച്ചവടക്കാർ സന്തോഷത്തോടുകൂടി മടങ്ങിപ്പോയി.

ശുദ്ധോദനൻ ഈ വൃത്താന്തമെല്ലാം കേട്ട ഉടനെ ശാക്യപ്രഭുക്കളിൽ ഒമ്പതുപേരെ കുതിരപ്പുറത്തു കയററി പുത്രന്റെ അടുക്കലേക്കയച്ചു. പുത്രനോടു പറവാനുള്ള സന്ദേശവാക്കുകളും അവരോടു പറഞ്ഞു; "അല്ലയോ പ്രിയപുത്രാ! ഏഴുകൊല്ലമായി എത്രയോ തിരഞ്ഞിട്ടും നിന്നെ കാണാതെ ദുഃഖിച്ചു ഞാൻ മരിക്കാറായിരിക്കുന്നു; സ്വരാജ്യത്തിൽവന്നു നിന്നെ കാണുവാനാഗ്രഹിച്ചിരിക്കുന്ന പ്രജകളെ ഭരിച്ചു രാജാവായിരിപ്പാനും, എനിക്കു മരിക്കുംമുമ്പു പുത്രമുഖം കാണ്മാനും സംഗതിയാകേണ്ടതിന്നു നീ ഇങ്ങോട്ടു വരേണമെന്നു ഞാൻ ആവശ്യപ്പെടുന്നു." ഇതുപോലെതന്നെ യശോധരയും, വേറെ ഒമ്പതു ദൂതന്മാരെ വിളിച്ചു സന്ദേശവാക്യങ്ങൾ പറഞ്ഞയച്ചു: "അങ്ങയുടെ ഭാൎയ്യയും, രാഹുലന്റെ അമ്മയുമായ ഞാൻ, ആമ്പൽപൂ ചന്ദ്രാഗമനത്തെ കാത്തിരിക്കുന്നതു പോലെയും, അശോകവൃക്ഷം സുന്ദരാംഗികളുടെ പാദങ്ങളെ കാത്തിരിക്കുന്നതുപോലെയും,

അങ്ങയുടെ മുഖം കാണ്മാനായി കാത്തിരിക്കുന്നു. ഇവിടെനിന്നു പോയതിനാൽ അങ്ങേക്കുണ്ടായിട്ടുള്ള നഷ്ടങ്ങളെക്കാൾ അധികം ലാഭം അവിടെ സിദ്ധിച്ചിട്ടുണ്ടെങ്കിൽ, ആ ലാഭത്തിന്നു കാരണം മിക്കവാറും അങ്ങുന്ന് തന്നെയാണെങ്കിലും, ഞാനും രാഹുലനും അല്പാല്പം ഭാഗാവകാശികളാണ്." ഇപ്രകാരമായിരുന്നു യശോധരയുടെ സന്ദേശം അവരോടുകൂടി, ശാക്യപ്രഭുക്കൾ, വേണുവനത്തിലേക്കു പോയി. അവർ ഓരോരുത്തരായി വേണുവനത്തിലേക്കു പോയി. അവർ ഓരോരുത്തരായി വേണുവനത്തിൽ പ്രവേശിച്ച സമയമെല്ലാം ബുദ്ധഭഗവാൻ ധൎമ്മമാൎഗ്ഗത്തെക്കുറിച്ചു പ്രസംഗിക്കുകയായിരുന്നു. അവരെല്ലാവരും ആനന്ദകരമായ ആ പ്രസംഗത്തെ കേട്ട്, ബുദ്ധനോടു പറവാനുള്ള സന്ദേശങ്ങളെയും രാജാവിനെയും ദുഃഖിതയായ യശോധരയെയുംകൂടി മറന്നു, ബദ്ധദൃഷ്ടികളായി ബുദ്ധനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. കാരുണ്യപൂൎണ്ണമായും ഗാംഭീൎയ്യസഹിതമായും ദോഷരഹിതമായും പരിശുദ്ധമായും സൎവ്വജനങ്ങൾക്കും അജ്ഞാനനാശനമായും ദൈവചൈതന്യത്തോടെ ബുദ്ധന്റെ വക്ത്രപത്മത്തിൽനിന്നു പ്രവഹിക്കുന്നതായുമുള്ള ആ പ്രസംഗാമൃതത്തിൽ ലയിച്ചിരുന്നതിനാൽ, അവർ കപിലവസ്തുവിലേക്കു മടങ്ങിപ്പോയതേയില്ല. ഈ വൎത്തമാനം രാജാവു കേട്ടപ്പോൾ, തന്റെ രാജധാനിയിലുള്ളവരിൽ പ്രധാനനും, സ്വാമിഭക്തനും, ചെറുപ്പകാലത്തിൽ സിദ്ധാൎത്ഥന്റെ ചങ്ങാതിയുമായ ഉദയിയെ ബുദ്ധൻ അടുക്കലേക്കയച്ചു. അവൻ വേണുവനത്തിന്നു സമീപമെത്തി, ബുദ്ധന്റെ പ്രസംഗം കേൾക്കാതിരിപ്പാൻവേണ്ടി ചെവികൾക്കകം പഞ്ഞി കുത്തിനിറച്ച്, ബുദ്ധൻ പ്രസംഗിക്കുന്ന ദിക്കിൽ ചെന്നുനിന്നു രാജാവിന്റേയും യശോധരയുടേയും സന്ദേശവാക്യങ്ങൾ കപറഞ്ഞു.

ബുദ്ധൻ വണക്കത്തോടെ തലതാഴ്ത്തി ഇപ്രകാരം പറഞ്ഞു:—"ഞാൻ നിശ്ചയമായും അങ്ങോട്ടു വരാം. എന്റെ ആഗ്ര

ഹവും അതായിരുന്നു; എൻെറ മുറയും അതാണ്. ധൎമ്മമാൎഗ്ഗത്തെ അനുസരിച്ച് പൂർവ്വജന്മങ്ങളിൽ ചെയ്ത പാപകൎമ്മങ്ങളെ നശിപ്പിക്കുകയും മററുള്ളവരെ സ്നേഹിക്കുകയും അവൎക്ക പലവിധ ധൎമ്മോപകാരങ്ങൾ ചെയ്യുകയും ചെയ്ത ആ വഴിക്ക് ശാശ്വതമായ നിർവ്വാണത്തെ പ്രാപിച്ചു ജനനമരണരഹിതനായി ഭവിക്കത്തക്കവിധത്തിൽ തനിക്കു ജന്മദന്മാരായി തീൎന്നിട്ടുള്ളവരെ ബഹുമാനിപ്പാൻ യാതൊരുവനും ഉപേക്ഷവരുത്തരുതു. ഇതാ ഞാൻ അങ്ങോട്ടു പുറപ്പെട്ടുന്നു, എന്നു രാജാവിനെയും യശോധരയേയും അറിയിക്കുവിൻ."

ഈ വൃത്താന്തം കപിലവസ്തുവിലുള്ള ജനങ്ങൾ കേട്ടപ്പോൾ, ബുദ്ധാഗമനത്തിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. തെക്കെ ഗോപുരദ്വാരത്തിൽ, പുഷ്പമാലകളാലും മററും അലംകൃതമായ വിചിത്രസ്തംഭങ്ങൾ നാട്ടി, സ്വൎണ്ണക്കസവിട്ട പട്ടുകൾ കൊണ്ടു നിൎമ്മിച്ചതായ ഒരു കൂടാരം അടിച്ചു; നിരത്തുകളെല്ലാം അടിച്ചു പനിനീർ മുതലായ സുഗന്ധദ്രവ്യങ്ങൾ തളിച്ചു; എല്ലാ സ്ഥലങ്ങളിലും കൊടികൾ നിൎത്തി. എന്നു മാത്രമല്ല, ബുദ്ധൻ വരുന്ന ദിവസം അദ്ദേഹത്തെ എതിരേല്പാനായി സ്വൎണ്ണപ്പട്ടങ്ങളും വെള്ളി അമ്പാരികളും കെട്ടിയ ആനകളെ നദിക്കക്കരെ കൊണ്ടുപോയി നിൎത്തേണമെന്നും, "സിദ്ധാൎത്ഥൻ വരുന്നു"വെന്നും ഭേരികൾ മുഴക്കണമെന്നും, സിദ്ധാൎത്ഥൻ വരുമ്പോൾ പ്രഭുക്കൾ ഇറങ്ങി അഭിവാദ്യം ചെയ്യേണമെന്നും, ബുദ്ധൻെറ കുതിരയുടെ മുട്ടുകൾ മൂടത്തക്കവണ്ണം ദാസിമാർ പാട്ടുകൾ പാടിക്കൊണ്ടു പുഷ്പവൎഷം ചെയ്യേണമെന്നും, സംഗീതം കൊണ്ടും മററു പലവിധ വാദ്യഘോഷങ്ങൾകൊണ്ടും പട്ടണം മുഴുവനും മുഴക്കേണമെന്നും അവർ തീൎച്ചയാക്കിയിരുന്നു. ബുദ്ധൻ വരുന്നുവെന്നുള്ള ഭേരിശബ്ദം കേൾപ്പാൻ എല്ലാ ജനങ്ങളും എപ്പോഴും ചെവിയോൎത്തിരുന്നു. യശോധരയാകട്ടെ, എല്ലാവ

ക്കും മുമ്പെ ബുദ്ധനെ കാണേണമെന്നുള്ള ആഗ്രഹത്തോടുകൂടി പട്ടണദ്വാരത്തിലുള്ള കൂടാരത്തിൽ ചെന്നിരുന്നു; ആ കൂടാരത്തിൻെറ നാലുഭാഗവും ന്യഗ്രോധമെന്ന പേരായ രമ്യോദ്യാനമായിരുന്നു. നിരത്തിന്നങ്ങേപ്പുറം ഒരു ഭാഗത്തു പലവിധ മരങ്ങളും ചെടികളും, മറേറഭാഗത്തു ബ്രാഹ്മണക്ഷത്രിയന്മാർക്കു തീണ്ടൽകൊണ്ടു അശുദ്ധിയുണ്ടാക്കുന്ന കീഴ്ജാതിക്കാർ വസിക്കുന്ന കുടിലുകളും ആയിരുന്നു. ആ സാധുക്കൾകൂടി, ആനകൾ വരുന്നതോ ക്ഷേത്രങ്ങളിലും മററും കൊട്ടുന്നതോ ആയ വല്ല ശബ്ദങ്ങളും കേട്ടാൽ, മരങ്ങളിൽ കയറി ബുദ്ധൻ വരുന്നുണ്ടോ എന്നു നോക്കും. ആരും വരുന്നതു കണ്ടില്ലെങ്കിൽ താഴത്തിറങ്ങിവന്നു അവരുടെ കുടിലുകളുടെ ഉമ്മറങ്ങൾ അടിച്ചു വൃത്തിയാക്കുകയും, കൊടികൾ നാട്ടുകയും, ആലിലകൾകൊണ്ടു തോരണം കെട്ടുകയും, തലേദിവസം വെച്ചിരുന്ന മരക്കൊമ്പുകമാനങ്ങളെ മാററിവെക്കുകയും, വഴിയാത്രക്കാരോടു 'ബുദ്ധൻ വരുന്നുണ്ടോ' എന്നു ചോദിക്കുകയും ചെയ്യും. ഇവയെല്ലാം യശോധര കണ്ടു മനസ്സിലാക്കി; അവരെപ്പോലെ, യശോധരയും, വഴിയാത്രക്കാരോടു, ബുദ്ധൻ വരുന്നുണ്ടോ എന്നു അന്വേഷിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം മുണ്ഡിതശിരസ്കനായ ഒരു സന്യാസി പതുക്കെ വരുന്നതുകണ്ടു. അദ്ദേഹം കാഷായവസ്ത്രം, ധരിച്ചിരുന്നു. അദ്ദേഹത്തിൻെറ കയ്യിൽ മണ്ണുകൊണ്ടുള്ള ഒരു ഭിക്ഷാപാത്രമുണ്ടായിരുന്നു. ആ ഭിക്ഷാപാത്രത്തെ ഗൃഹങ്ങളുടെ ഉമ്മറങ്ങളിലെല്ലാം നീട്ടി കാണിച്ചും ആരെങ്കിലും വല്ലതും കൊടുത്താൽ അവരോടു കൃതജ്ഞത കാട്ടിക്കൊണ്ടും, ഒന്നും കൊടുക്കാത്തവരോട് ഒന്നും പറയാതെയും, നടന്നുവന്നിരുന്നു. അദ്ദേഹത്തിൻെറ പിന്നാലെ കാഷായവസ്ത്രധാരികളായ രണ്ടു പേർ ഉണ്ടായിരുന്നു. എന്നാൽ ഭിക്ഷാപാത്രം കയ്യിലെടുത്തിരുന്ന ആൾ, ഭിക്ഷ കൊടുപ്പാൻ വരുന്നവരുടെ മനസ്സിൽ ആശ്ചര്യബഹുമാനങ്ങളെ ജനി

പ്പിച്ചു, അവർ അദ്ദേഹത്തെത്തന്നെ നോക്കി ആരാധിക്കത്തക്ക വണ്ണം, അത്ര ശാന്തവും ഗംഭീരവുമായ മുഖഭാവത്തോടുകൂടിയ വനായിരുന്നു. സ്ത്രീകളും പുരുഷന്മാരും കുട്ടികളും കൂട്ടംകൂട്ടമായി അദ്ദേഹത്തിന്റെ പിന്നാലെകൂടി, വായപൊത്തിക്കൊണ്ട്, "ഇതാർ? ഇത്ര ശാന്തനായ ഋഷിയെ ഇതുവരെ കണ്ടിട്ടില്ലല്ലൊ?" എന്നു പറഞ്ഞുകൊണ്ടുപോയിരുന്നു. ആ സന്ന്യാസിയാകട്ടെ, പതുക്കെപ്പതുക്കെ നടന്നു കൂടാരത്തിന്നരികിൽ വന്നപ്പോൾ, കൂടാരത്തിന്റെ വാതിലിലുള്ള പട്ടുശീല പൊങ്ങി; യശോധര, "എന്റെ സ്വാമീ!" എന്നു കരഞ്ഞുകൊണ്ട് വഴിയിൽനിന്ന് അദ്ദേഹത്തെ ഗാഢാശ്ലേഷം ചെയ്കയും, അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണു നമസ്കരിക്കയും ചെയ്തു.

കുറേക്കാലം കഴിഞ്ഞു, യശോധര ഉത്തമമാർഗ്ഗത്തെ പ്രാപിച്ചതിന്നുശേഷം, ബുദ്ധനോട് ഒരു ശിഷ്യൻ ഇങ്ങിനെ ചോദിച്ചു:—"ഇഹലോകവ്യാപാരങ്ങളേയും ഇന്ദ്രിയവികാരങ്ങളേയും ത്യജിച്ചവനായ അങ്ങുന്ന് എന്തുകൊണ്ടായിരുന്നു അങ്ങയെ ആലിംഗനം ചെയ്വാൻ യശോധരയെ അനുവദിച്ചതു"— അതിന്നുത്തരമായി ബുദ്ധൻ പറഞ്ഞു:—"തന്നെപ്പോലെ സർവ്വഭൂതങ്ങളേയും സ്നേഹിക്കുന്നതായ സ്നേഹം ഭാര്യാഭർത്താക്കന്മാർക്കുള്ള അല്പസ്നേഹത്തെക്കാൾ എത്രയോ വലിയതാകുന്നു. എങ്കിലും ചെറിയതായ സ്നേഹം ക്രമേണ വളൎന്നു വലുതായിവരുന്നതു കാണ്മാൻ വലിയ സ്നേഹമുള്ളവൎക്ക് ആഗ്രഹമുണ്ടാകും. എന്നാൽ സർവ്വബന്ധങ്ങളിൽനിന്നും മുക്തരായവർ ബദ്ധന്മാരോടു സ്വാതന്ത്ര്യത്തെ നടിക്കുകയില്ലെന്നറിയുക. ക്ഷമയോടുകൂടിയ ഉത്സാഹത്താലും വിവേകത്തോടുകൂടിയ സാമൎത്ഥ്യത്താലും ഉള്ള സ്വാതന്ത്ര്യോദ്യമംതന്നെ സ്വാതന്ത്ര്യാവസ്ഥയാകുന്നു. അന്ധകാരം നിറഞ്ഞ ഈ ലോകത്തിന്നു രക്ഷാകൎത്താക്കന്മാരാകുന്നവർ മൂന്നുവിധത്തിലുള്ള കാലഘട്ടങ്ങളെ കടന്നതിന്നു ശേഷമേ ബോധിസത്വന്മാരാകുന്നുള്ളൂ. ആ ഘട്ടങ്ങളിൽ

ആദ്യത്തേതു ദൃഢനിശ്ചയം; രണ്ടാമത്തേതു പരിശ്രമം; മൂന്നാമത്തേതു ബോധിസത്വനെന്ന് നാമകരണം. ഞാൻ വളരെ ജന്മങ്ങൾക്കു മുമ്പ് ദൃഢനിശ്ചയഘട്ടത്തിൽ ഇരിക്കുന്ന കാലത്ത്, നന്മയെ കാംക്ഷിച്ച ജ്ഞാനം അന്വേഷിച്ചുകൊണ്ടിരുന്നു. അക്കാലത്ത് എൻെറ ദൃഷ്ടികൾക്കു മറവുണ്ടായിരുന്നു. അന്നു ഞാൻ ലങ്കാദ്വീപിന്നഭിമുഖമായി രത്നാകരമായിരിക്കുന്ന തെക്കെ സമുദ്രതീരത്തിൽ രാമനെന്ന പേരിൽ ഒരു കച്ചവടക്കാരനായിരുന്നു. അക്കാലത്ത്, യശോധര, ആ കടല്പുറയിലുള്ള ഗ്രാമത്തിൽ ജനിച്ച ലക്ഷ്മിയെന്ന പേരോടുകൂടി, ഇപ്പോഴത്തെപ്പോലെ തന്നെ വളരെ സുശീലയായി, എൻെറ സഹചാരിണിയായി വസിച്ചിരുന്നു. ഞങ്ങളുടെ കുഡുംബം വളരെ താണതും ധനപുഷ്ടിയില്ലാത്തതുമായിരുന്നതുകൊണ്ടു, ഞാൻ ധനസമ്പാദനത്തിന്നായി അന്യരാജ്യങ്ങളിലേക്കു പുറപ്പെട്ടു. അപ്പോൾ ലക്ഷ്മി കരഞ്ഞുകൊണ്ട്, 'നിങ്ങൾ എന്നെ വിട്ടുപോകരുതു; കരയിലും വെള്ളത്തിലുമുള്ള ആപത്തുകൾക്കു പാത്രമായി ഭവിക്കരുതു, സ്നേഹിച്ചിരുന്ന സാധനത്തെ വിട്ടു പിരിയുന്നതു സ്നേഹത്തിന്നു ധർമ്മമല്ല.' എന്നും മററും വളരെ പറഞ്ഞു; എങ്കിലും ഞാൻ അതൊന്നും കൂട്ടാക്കാതെ, ധൈര്യത്തോടെ കടലിടുക്കുകളിലേക്കു പോയി ബുദ്ധിമുട്ടി സമുദ്രവാസികളായ ജന്തുക്കളോടു ശണ്ഠചെയ്തു, രാജാക്കന്മാർ അവരുടെ ഭണ്ഡാരത്തിലുള്ള പണം മുഴുവനും കൊടുത്തു വാങ്ങത്തക്കതും ചന്ദ്രനെപ്പോലെ പ്രകാശിക്കുന്നതുമായ ഒരു മുത്തുരത്നത്തെ, സമുദ്രത്തിൽനിന്നു ഞാൻ സമ്പാദിച്ചു. അതുംകൊണ്ടു വളരെ വിശപ്പോടുകൂടി ഞാൻ എൻെറ വീട്ടിലേക്കു വന്നപ്പോൾ, അവിടെ യാതൊരാഹാരവുമുണ്ടായിരുന്നില്ല. എന്നുമാത്രമല്ല, ഞാൻ ആർക്കുവേണ്ടി ഇത്രത്തോളം ബുദ്ധിമുട്ടിയൊ, ആ ലക്ഷ്മി യാതൊരു ഭക്ഷണപദാർത്ഥവുമില്ലാതെ മരിക്കാറായി കിടക്കുകയുമായിരുന്നു. അതുകണ്ടു, "ഞാൻ എൻെറ ലക്ഷ്മിക്ക് അല്പം ആഹാ

രം കൊടുക്കുന്നവക്ക് ചന്ദ്രശോഭയുള്ള ഈ രത്നത്തെ കൊടുത്തു കളയാം"—എന്നു പറഞ്ഞു. ഉടനെ ഒരുവൻ തന്റെ കൈയിലുണ്ടായിരുന്ന മൂന്നുസേർ ധാന്യം കൊണ്ടുവന്നു തരികയും, ആ തേജോമയമായ രത്നം എന്റെ കൈയിൽനിന്നു വാങ്ങികൊണ്ടുപോകയും ചെയ്തു. ഭക്ഷണം കിട്ടിയതിനാൽ ലക്ഷ്മി ജീവിച്ചെഴുന്നീറ്റു, "നിങ്ങൾ എന്നെ യഥാൎത്ഥമായി സ്നേഹിച്ചു" എന്നു അവൾ ദീനസ്വരത്തിൽ പറഞ്ഞു. അന്നു വേറെവിധത്തിൽ സമാധാനിപ്പിപ്പാൻ നിവൃത്തിയില്ലാത്ത മനസ്സിനെ സമാധാനപ്പെടുത്തുവാൻവേണ്ടി ഞാൻ എന്റെ രത്നം ചെലവഴിച്ചു. എന്നാൽ ഞാൻ ഇപ്പോൾ എത്രയോ ആഴമുള്ള സമുദ്രത്തിൽ നിന്ന് അവസാനം സമ്പാദിച്ചിട്ടുള്ള ധൎമ്മനീതിയും ദ്വാദശനിദാനങ്ങളും ആയ പരിശുദ്ധരത്നങ്ങളെ ചിലവഴിപ്പാനോ, പ്രകാശമില്ലാത്തവയാക്കുവാനൊ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ: ഇവ എത്രത്തോളം ധാരാളമായി കൊടുക്കുന്നുവോ, അത്രത്തോളം അധികം പ്രകാശമുള്ളതായി ഭവിക്കും. എന്നാൽ ഇവയാണ് യശോധരക്കു ഇപ്പോൾ ഞാൻ കൊടുപ്പാൻ പോകുന്നത്. അന്നു ലക്ഷ്മിക്കു ചെയ്ത ദാനത്തിന്നും ഇന്നു യശോധരക്കു ചെയ്യാൻ പോകുന്ന ദാനത്തിന്നും ഉള്ള വ്യത്യാസം, ഉറുമ്പുകൾ ഉണ്ടാക്കീട്ടുള്ള പുററിന്നും മേരുപൎവ്വതത്തിന്നും തമ്മിലുള്ളതുപോലെയും, ചാടിയോടുന്ന മാൻകുട്ടിയുടെ കാലടയാളത്തിലുള്ള മഞ്ഞുവെള്ളത്തിന്നും കരയില്ലാത്തതായ സമുദ്രത്തിന്നും തമ്മിലുള്ളതുപോലെയും ആകുന്നു. ഇന്ദ്രിയാക്രമങ്ങളിൽനിന്നു മോചിക്കപ്പെട്ടതിനാൽ അതിവിശാലമായിരിക്കുന്ന എന്റെ വലിയ സ്നേഹം അബലയായ അവളുടെ ചെറിയ സ്നേഹത്തോളം താഴെണ്ടതു വിവേകിയായ എന്റെ മുറയല്ലെ? അതുകൊണ്ടാണ് യശോധര ഉത്തമമാൎഗ്ഗത്തെ പ്രാപിച്ചതു."

ശുദ്ധോദനരാജാവാകട്ടെ, തന്റെ പുത്രൻ മുണ്ഡിതശിരസ്സായും കാഷായവസ്ത്രധാരിയായും ഭിക്ഷാപാത്രം കൈയിലേട്ട

ത്ത് ഹീനജാതിക്കാരോടു ഭിക്ഷവാങ്ങിക്കൊണ്ടുമാണ് വരുന്നതെന്നു കേട്ടപ്പോൾ വ്യസനസഹിതമായ ദ്വേഷ്യം അദ്ദേഹത്തിന്നു സിദ്ധാൎത്ഥന്റെമേലുള്ള സ്നേഹത്തെ ഹൃദയത്തിൽനിന്നു അടിച്ചു പുറത്താക്കി. ദ്വേഷ്യംകൊണ്ടു നിലത്തു തുപ്പുകയും, നരച്ച താടിപിടിച്ചു വലിക്കുകയും ചെയ്തു; ഇതുകണ്ടു പേടിച്ചുവിറക്കുന്ന പ്രഭുക്കൾ അദ്ദേഹത്തെ പിൻതുടൎന്നു. രാജാവു കുതിരപ്പുറത്തു കയറി കോപാക്രാന്തനായി പോകുന്നതിന്നു കാരണമെന്തെന്നറിയാതെ അന്ധാളിച്ചുനില്ക്കുന്ന നഗരവാസികൾക്ക്, "ഇതാ രാജാവു വരുന്നു. നമസ്കരിക്കുവിൻ"—എന്നു പറവാൻകൂടി സമയം കൊടുക്കാതെ അതിവേഗത്തിൽ പോയി. ഇങ്ങിനെ, ക്ഷേത്രമതിലുകൾക്കരികെ എത്തിയപ്പോൾ തെക്കെ ഗോപുരദ്വാരം കാണുമാറായി. ഗോപുരദ്വാരത്തിന്നരികെ വലുതായ ഒരു ജനസംഘം കൂടിയിരിക്കുന്നതു കണ്ടു. ആ ജനസംഘത്തിൽ പിന്നെയും പിന്നെയും ജനങ്ങൾ വന്നുചേരുന്നതുകൊണ്ടു വഴികൾകൂടി കാണാതായി. അപ്പോൾ ആ ജനസംഘത്താൽ തുടരപ്പെട്ടുകൊണ്ടു വന്നിരുന്ന ആ മഹാത്മാവിന്റെ ശാന്തദൃഷ്ടിയും കോപാക്രാന്തനായ രാജാവിന്റെ കുപിതദൃഷ്ടിയും തമ്മിൽ കൂടിക്കാഴ്ച കഴിഞ്ഞു. തൽക്ഷണംതന്നെ അത്ഭുതമാകുംവണ്ണം രാജാവ് ബുദ്ധിക്ഷയത്തോടുകൂടി ഭൂമിയിൽ വീണു നമസ്കരിച്ചു. ബുദ്ധന്റെ ശാന്തദൃഷ്ടി ഇങ്ങിനെ ചെയ്യത്തക്കവണ്ണം അത്ര ഗാംഭീൎയ്യമുള്ളതും, സൎവ്വജനഹൃദയങ്ങളിലും ബഹുമാനത്തെ ഉണ്ടാക്കുന്നതും, കാണുന്നവരെ വശീകരിക്കുന്നതുമായിരുന്നു അനന്തരം രാജാവ് പുത്രനോട് വളരെ സങ്കടത്തിൽ ഇപ്രകാരം ചോദിച്ചു:—"അല്ലയോ പ്രിയപുത്രാ" നീ ദൈവത്തെപ്പോലെ ജീവിതം കഴിച്ചു വരുന്നുവെന്നാണല്ലൊ സകലജനങ്ങളും പറഞ്ഞിരുന്നത്? നിന്റെ ആ പരിശ്രമങ്ങളെല്ലാം കാഷായവസ്ത്രത്തോടുകൂടിയും മുണ്ഡിതശിരസ്സോടുകൂടിയും ഹീനജാതിക്കാരിൽനിന്നു യാചിച്ചു മേടിച്ചു ഭക്ഷണം കഴിച്ചുകൊണ്ടും സ്വരാജ്യത്തേക്കു വരത്തക്ക

സ്ഥിതിയിലാണോ പര്യവസാനിച്ചത്? എന്റെ മകനേ! വലുതായ ഈ രാജ്യാധികാരത്തിന്നു അവകാശി നീയാണല്ലോ. അങ്ങിനെയിരിക്കെ, നിന്റെ അവസ്ഥക്കനുസരിച്ച വസ്ത്രാദികൾ ധരിച്ചും ആയുധധാരികളായ കാലാൾ മുതലായ പട്ടാളങ്ങളോടു കൂടിയുമല്ലെ നിന്റെ രാജ്യത്തിലേക്കു വരേണ്ടത്? നിന്റെ ഭടന്മാരെല്ലാം നിലത്തിൽ കൂടാരമടിച്ചതാ കിടക്കുന്നു. നഗരവാസികളെല്ലാം ഗോപുരദ്വാരത്തിലതാ നില്ക്കുന്നതു നോക്കു. കിരീടധാരിയായ നിന്റെ അച്ഛൻ ഇങ്ങിനെ വ്യസനിച്ചു കൊണ്ടിരിക്കെ കഴിഞ്ഞ ദുഷ്കാലങ്ങളിലെല്ലാം നീ എവിടെയായിരുന്നു വസിച്ചിരുന്നത്? അതാ അവിടെയിരിക്കുന്ന അവളും നല്ല വസ്ത്രങ്ങൾ ധരിക്കാതെയും സംഗീതാദികൾ കേൾക്കാതേയും വിധവകളെപ്പോലെ സകല സന്തോഷങ്ങളും ത്യജിച്ചുമല്ലെ വസിക്കുന്നത്? കാഷായവസ്ത്രം ധരിച്ച ഭിക്ഷുവായ ഭർത്താവിന്നു സ്വാഗതം പറവാൻവേണ്ടി മാത്രമല്ലെ അവൾ വിശേഷവസ്ത്രങ്ങൾ ധരിച്ചു വന്നിട്ടുള്ളത്? എന്റെ മകനേ! നീ എന്തുകൊണ്ടാണ് ഇങ്ങിനേയിരിക്കുന്നത്?"

ബുദ്ധൻ—"അച്ഛാ! എന്റെ വംശക്കാരുടെ സമ്പ്രദായം ഇങ്ങിനെയാകുന്നു.

രാജാവ്—"നിന്റെ വംശത്തിൽ മഹാ സമ്മതനെന്ന രാജാവു തുടങ്ങി ഇതുവരെ നൂറു രാജാക്കന്മാർ വാണിട്ടുണ്ട്; അവരാരും ഇങ്ങിനെ ചെയ്തിട്ടില്ലല്ലൊ.

ബുദ്ധൻ—"അച്ഛാ! ഞാൻ മനുഷ്യവംശത്തെക്കുറിച്ചല്ല പറഞ്ഞത്; ആദ്യശ്യന്മാരായ ബുദ്ധന്മാരുടെ വംശത്തെക്കുറിച്ചാണ്. ആ ബുദ്ധന്മാർ ഭൂതഭാവികാലങ്ങളിലും ഉള്ളവരാണ്. ഞാൻ അവരിൽ ഒരുവനാകുന്നു. അവർ ചെയ്തതാകുന്നു ഞാൻ ഇപ്പോൾ ചെയ്യുന്നത്. ഇപ്പോൾ നടക്കുന്നതായ ഈ സംഭവംപോലെ മുമ്പൊരിക്കലും ഉണ്ടായിട്ടുണ്ട്. പണ്ടൊരിക്കൽ

ഒരു രാജാവ് ഇതുപോലെ, ഒരു യുദ്ധവീരൻെറ വേഷത്തോടു കൂടി, ഗോപുരദ്വാരത്തിൽവെച്ച്, സന്ന്യാസിവേഷധരനായ പുത്രനെ കാണുകയുണ്ടായി. ആ പുത്രൻ സവ്വഭൂതസ്നേഹം കൊണ്ടും ഇന്ദ്രിയനിഗ്രഹംകൊണ്ടും ഭൂലോകത്തിലുള്ള രാജാക്കന്മാരെക്കാളൊക്കെ ബലവാനായും സവ്വലോകവന്ദ്യനായും ലോകരക്ഷാകത്താവായും ഭവിച്ചിരുന്നവനാണെങ്കിലും, ഞാനിപ്പോൾ ചെയ്യുന്നതുപോലെ, താഴ്മയുള്ള സ്നേഹത്തോടുകൂടി, പിതാവിൻെറ വാത്സല്യപൂരങ്ങളായ കടങ്ങളെ വീട്ടുവാനായി താൻ കൊണ്ടുവന്നതായ നിധി ആ പിതാവിന്നു സമപ്പിച്ചു. അതുപോലെ അങ്ങയുടെ നിധിയെ അങ്ങേക്കായി ഇതാ തരുന്നു:"

ശുദ്ധോദനൻ—(പുത്രവാക്യംകേട്ട് അത്ഭുതപ്പെട്ടുകൊണ്ട്) "അതെന്തു നിധിയാണ്?"

അപ്പോൾ, ലോകഗുരുവായ ബുദ്ധൻ രാജാവിൻെറ കൈ പിടിച്ചു നടന്നുതുടങ്ങി. വഴിനീളെ ജനങ്ങൾ അവരെ വന്ദിച്ചു, ഒരു ഭാഗത്തു രാജാവും മറേറഭാഗത്തു യശോധരയും നടക്കുമ്പോൾ, ബുദ്ധഭഗവാൻ, ജീവന്നു പരിശുദ്ധിയേയും പരമാനന്ദത്തേയും വരുത്തുന്നതായും കരകൾ സമുദ്രത്തെയെന്നപോലെ ജ്ഞാനത്തെ ബന്ധിക്കുന്നതായുമുള്ള നാലു സത്യങ്ങളെക്കുറിച്ചു; രാജാവിനെയും ഭൃത്യനേയും ബലവാനെയും ബലഹീനനെയും. വിദ്വാനെയും മൂർഖനെയും, പുരുഷനെയും, സ്ത്രീയെയും, ബാലനെയും, വൃദ്ധനെയും ഒരുപോലെ, ഇന്നല്ലെങ്കിൽ നാളെ, അവരുടെ ജീവചക്രത്തെ അടിച്ചുടച്ച് ഉത്തമനിവ്വാണ പദവിയിൽ കൊണ്ടുപോയി ചേക്കുന്ന നിഷ്കളങ്കമായ ഏകമാഗ്ഗത്തിൽക്കൂടി നടക്കുവാൻ സാധിപ്പിക്കുന്ന അഷ്ടാംഗമായ സദാചാരമാഗ്ഗത്തെക്കുറിച്ചും ആ സദാചാരത്തിന്നുള്ള നാലു പദ്ധതികളെക്കുറിച്ചും സംസാരിച്ചു. ഇപ്രകാരം അവർ

രാജധാനിയുടെ ഉമ്മരത്തെത്തി. ശുദ്ധോദനനാകട്ടെ, ബുദ്ധഭഗവാൻ അരുളിയ ജ്ഞാനഗർഭങ്ങളായ വാക്കുകളെക്കുറിച്ചു ചിന്തിച്ചുകൊണ്ടും ബുദ്ധൻെറ ഭിക്ഷാപാത്രത്തെ താൻ തന്നെ വാങ്ങി കൈയിൽ പിടിച്ചുകൊണ്ടുമാണ് നടന്നതു. ആ സമയത്തു, സുന്ദരിയായ യശോധരയുടെ കണ്ണുകളിൽ നിറഞ്ഞിരുന്ന കണ്ണുനീരെല്ലാം വററിപ്പോയിരുന്നു; അവളുടെ കണ്ണുകൾക്ക് അതുവരെ ഇല്ലാത്തതായ ഒരു പുതിയ ശോഭയും വിളങ്ങിക്കണ്ടു. എന്തിനു വളരെ പറയുന്നു? അന്നു രാത്രി, ശുദ്ധോദനനും യശോധരയും അത്യുത്തമമായ ആനന്ദമാർഗ്ഗത്തിൽ പ്രവേശിച്ചു എന്നേ വേണ്ടു.

# എട്ടാമദ്ധ്യായം.

കോഹനാനദീതീരത്തിലുള്ള നാഗര എന്ന പ്രദേശത്തിൽ ഒരു വലിയ മൈതാനമുണ്ട്. കാശിയിൽ നിന്നു കിഴക്കോട്ടും പിന്നെ വടക്കോട്ടുമായി കാളവണ്ടിയേറി യാത്രചെയ്താൽ, ആ മൈതാനത്തിലെത്തുവാൻ അഞ്ചുദിവസം വേണം. ആ മൈതാനത്തിൽനിന്നു നോക്കിയാൽ, ഹിമാലയപർവ്വതത്തിൻെറ വെളുത്ത ശിഖരങ്ങൾ വെള്ളിക്കൊമ്പുകൾപോലെ കാണാം. എല്ലാ ഋതുക്കളിലും പുഷ്പങ്ങൾ ധാരാളമുണ്ടായിരിക്കുന്ന ആ മൈതാനത്തിൻെറ നാലുഭാഗങ്ങളിലും, കോഹനാനദിയാൽ പുഷ്ടിയാക്കപ്പെട്ട വിചിത്രോദ്യാനങ്ങളുണ്ട്. അവിടെയുള്ള താഴ്വരകളെല്ലാം സുഗമവും, ചോലകളെല്ലാം സൌരഭ്യസഹിതവും, ആ പ്രദേശം മുഴുവനും ഇപ്പോഴും ദിവ്യക്ഷേത്രങ്ങളെപ്പോലെ സാന്നിദ്ധ്യമുള്ളതുമാകുന്നു. അങ്ങിനെയുള്ള പ്രദേശത്തിൽ ഇക്കാലത്ത് ശാഖോപശാഖകളായി വ്യാപിച്ചിരിക്കുന്ന ആൽമരങ്ങളുടെ വേരുകളാലും കൊമ്പുകളാലും ഭേദിക്കപ്പെട്ടതും കൊത്തുപണി ചെയ്തിട്ടുള്ളതുമായ കല്ലുകൾ നിറ

ഞ്ഞുകിടക്കുന്നു. ഇപ്പോൾ വിജനമായ ആ പ്രദേശത്ത് മരക്കൂട്ടങ്ങളാൽ മന്ദവായുവിനുകൂടി സ്വച്ഛസഞ്ചാരം ദുസ്സാധമായി തീൎന്നിരിക്കുന്നു. അവിടെ ജീൎണ്ണിച്ചുപോയ മരപ്പണിത്തരങ്ങളിൽനിന്നു പാമ്പുകൾ പുറത്തുവന്നു തണുപ്പുള്ള കല്ലുകളിന്മേൽ കിടക്കുന്നു. അക്കാലത്തു രാജാക്കന്മാർ നടന്നുകൊണ്ടിരുന്ന കുളിർമുക്കൽത്തറകളിൽ ഇപ്പോൾ പല്ലി മുതലായവ യഥേഷ്ടം സഞ്ചരിക്കുന്നു. പൊളിഞ്ഞു കിടക്കുന്ന സിംഹാസനങ്ങളുടെ ഇടയിൽ കുറുക്കന്മാർ സുഖമായി വസിക്കുന്നു. വളരെ പറയുന്നതെന്തിനു ? അന്നത്തെ പൎവ്വതശിഖരങ്ങളും താഴ്വരകളും മന്ദവായുവും മാത്രം ഇന്നും മാററംകൂടാതിരിക്കുന്നുണ്ട്. ജീവകാലങ്ങളിലുള്ള അത്ഭുത കാഴ്ചകൾപോലെ, മററുള്ളതെല്ലാം മറഞ്ഞുപോയി.

ഈ പ്രദേശത്തായിരുന്നു ശുദ്ധോദനരാജാവിന്റെ തലസ്ഥാനനഗരം; ബുദ്ധഭഗവാൻ സ്വജനങ്ങൾക്കു ധൎമ്മനീതിയെ ഉപദേശിച്ചതും ഇവിടെവെച്ചുതന്നെയായിരുന്നു. ഈ പ്രദേശത്തിലുണ്ടായിരുന്ന ഒരു വിനോദമണ്ഡപത്തിൽ ഉയൎന്ന സിംഹാസനത്തിന്മേൽ ഇരുന്നുകൊണ്ടായിരുന്നു, ബുദ്ധൻ, ഏഷ്യാഖണ്ഡം മുഴുവനും ശാന്തമാക്കിത്തീൎത്ത ജ്ഞാനത്തെ, ഗ്രഹിപ്പാനായി കൌതുകത്തോടുകൂടി കാത്തുകൊണ്ടിരുന്ന ജനസംഘത്തിന്നു, ഉപദേശിച്ചതു. അന്നു ബുദ്ധൻ ഉപദേശിച്ചതായ ധൎമ്മനീതിയെ അനുസരിച്ചു നടക്കുന്ന ജനങ്ങൾ ഇന്നും നാലായിരം ലക്ഷമുണ്ട്.

ആ ഉപദേശസമയം ബുദ്ധന്റെ ഇടത്തുഭാഗത്ത് ശുദ്ധോദനരാജാവ് ഇരുന്നിരുന്നു; ആനന്ദൻ, ദേവദത്തൻ മുതലായ ശാക്യപ്രഭുക്കൾ വട്ടത്തിൽ ബുദ്ധന്റെ മുമ്പിലും; ബുദ്ധനോടൊന്നിച്ചു കാശിയിൽ നിന്നു വന്ന സാരീപുത്രൻ, മൌൽഗല്യൻ എന്ന രണ്ടു പ്രധാനശിഷ്യന്മാർ ബുദ്ധന്റെ പിൻഭാഗത്തും; രാഹുലൻ അച്ഛന്റെ ഗംഭീരമുഖംനോക്കി ചിരിച്ചു

കൊണ്ടു ബുദ്ധൻെറ മടിയിലും; മനോവ്യസനങ്ങളെല്ലാം തീൎന്നു നശ്വരമായ ഇന്ദ്രിയസുഖങ്ങളെ അതിക്രമിച്ചതായ സ്നേഹത്തെ ആഗ്രഹിക്കുന്നവളായും മരണംതന്നേ മരിച്ചുപോകുന്ന അവസാനത്തെ മരണാവസ്ഥയെ കാംക്ഷിക്കുന്നവളായും ബുദ്ധൻ സമ്പാദിച്ചതും തനിക്കു ചേൎന്നതുമായ ജയത്തെ കാംക്ഷിക്കുന്നവളായുമുള്ള സുന്ദരിയായ യശോധര ബുദ്ധൻെറ കാല്ക്കലും, ഇരിക്കുകയായിരുന്നു.

ബുദ്ധൻ അന്നു ചെയ്തതായ ഉപന്യാസം കേട്ടവർ എത്രയോ കോടി ജനങ്ങൾ ഉണ്ടായിരുന്നുവെന്നു അദ്ദേഹത്തിൻെറ ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു. മേൽലോകങ്ങളിലുള്ള സൎവ്വദേവാദികളും കീഴ്ലോകങ്ങളിലുള്ള അസുര, രാക്ഷസ, ഭൂത, പ്രേത, പിശാചാദികളും ആ ഉപന്യാസം കേൾപ്പാൻ വന്നിരുന്നുപോൽ. അന്നു സൂൎയ്യരശ്മികൾ പൎവ്വതശിഖരങ്ങളിലിരുന്നുകൊണ്ടും, അന്ധകാരം താഴ്വരകളിലിരുന്നുകൊണ്ടും, ആ ഉപന്യാസം കേട്ടുപോൽ. അതുകൂടാതെ, ഇരുണ്ടുചുരുണ്ട മേഘങ്ങളായ തലമുടിയോട്ടും നക്ഷത്രങ്ങളാകുന്ന ശിരോലങ്കാരങ്ങളോട്ടും ചന്ദ്രനാകുന്ന തിലകത്തോട്ടും ഇരുട്ടാകുന്ന വസ്ത്രത്തോട്ടുംകൂടിയ സന്ധ്യാദേവി പ്രേമവിവശയായി ആ ഉപന്യാസം കേട്ടുകൊണ്ടിരുന്നുപോൽ. ആ സന്ധ്യാദേവിയുടെ ശ്വാസമാകുന്നമന്ദമാരുതനായിരുന്നു ബുദ്ധഭഗവാൻ പ്രസംഗിക്കുമ്പോൾ വീശിക്കൊണ്ടിരുന്നതു. ബുദ്ധൻെറ അന്നത്തെ മഹത്തായ ഉപന്യാസം അന്യദേശക്കാരാകട്ടെ ഉൽകൃഷ്ടജാതിക്കാരാകട്ടെ ആൎയ്യവംശക്കാരാകട്ടെ മ്ലേച്ഛവംശക്കാരാകട്ടെ ,എന്നുവേണ്ട, സൎവ്വജനങ്ങൾക്കും, അവരവരുടെ സ്വന്തഭാഷയിൽ പ്രസംഗിക്കുന്നതുപോലെ തോന്നി. ഇതിന്നെല്ലാം പുറമെ, ചെറിയതും വലിയതുമായ പക്ഷിമൃഗാദികളും കൂടി ബുദ്ധൻെറ വിശാലമായ കാരുണ്യത്തെ മനസ്സിലാക്കി. ബുദ്ധൻ അന്നു സഹിംഹാതത്വത്തെക്കുറിച്ചു പ്രസംഗിക്കുവാൻ പോകുന്നുവെന്നറിഞ്ഞു സ്ഥല

ചരങ്ങളും ജലചരങ്ങളുമായ ജന്തുക്കൾകൂടി തങ്ങളേക്കാൾ അഹിംസാബുദ്ധി ചുരുങ്ങിയ മനുഷ്യരുടെ കൂട്ടത്തിൽ ചെന്നിരുന്നു, തങ്ങൾ സർവ്വബന്ധനങ്ങളിൽനിന്നു മുക്തരാവുമെന്നുള്ള അനിർവ്വാച്യസന്തോഷത്തോടെ പ്രസംഗം കേട്ടുകൊണ്ടിരുന്നപോൽ. അങ്ങിനെയുള്ള സഭയിൽവെച്ചു ബുദ്ധഭഗവാൻ താഴെ പറയുംപ്രകാരം ഉപദേശിച്ചു:—

"അപരിമേയമായതിനെ വാക്കുകൊണ്ടു അളക്കുവാൻ ശ്രമിക്കേണ്ട—അഗാധമായതിനെ ആലോചനയാകുന്ന കയറുകൊണ്ടു ആഴം നോക്കേണ്ട—ഇവയെക്കുറിച്ചു ചോദിക്കുന്നവനും ഉത്തരം പറയുന്നവനും തെററുകാരാണ്. ഇവയെക്കുറിച്ചു ഒന്നും പറയേണ്ട. ലോകം സൃഷ്ടിച്ചുകൂടുമ്പോൾ അന്ധകാരമായിരുന്നു എന്നു വേദശാസ്ത്രാദിഗ്രന്ഥങ്ങൾ പറയുന്നു. ആ അന്ധകാരത്തിൽ ബ്രഹ്മം മാത്രമെ ഉണ്ടായിരുന്നുള്ളുപോൽ. ആ ബ്രഹ്മം ധ്യാനത്തിലായിരുന്നുപോൽ. ആ ലോകത്തിൻെറ ആദിയേയും ബ്രഹ്മത്തെയും ആ അന്ധകാരത്തിൽ തിരിയുവാൻ നിങ്ങൾ പുറപ്പെടേണ്ട; ആ അന്ധകാരത്തെ നശിപ്പിക്കുന്ന വെളിച്ചത്തെയോ ആ ബ്രഹ്മത്തെയൊ യാതൊരുത്തനും മാനുഷികമായ ദൃഷ്ടികൊണ്ടോ മനസ്സുകൊണ്ടൊ കാണ്മാൻ കഴികയില്ല. അതിനെ അന്വേഷിക്കുന്തോറും അനവധി മൂട്ടുപടങ്ങൾ ഓരോന്നോരോന്നായി തുറക്കുന്നതു കാണും. എന്നാലും പിന്നേയും അധവധി മൂട്ടുപടങ്ങൾ തുറക്കുവാനുണ്ടായിരിക്കും. നക്ഷത്രങ്ങൾ ആകാശമാർഗ്ഗത്തിൽ എപ്പോഴും സഞ്ചരിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അവകൂടി ലോകസൃഷ്ടിയെക്കുറിച്ചൊ ബ്രഹ്മത്തെക്കുറിച്ചൊ അന്വേഷിക്കാറില്ല. ലോകത്തിൽ ജനനം, മരണം, സുഖം, ദുഃഖം, കാരണം, കാർയ്യം കാലഗതി, കാണുന്നവക്ക് അവസാനരഹിതമായതും എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നതും എത്രയോ ദൂരത്തിലുള്ള ഉത്ഭവസ്ഥാനം

മുതൽ സമുദ്രംവരെ ഇടവിടാതെ ഒഴുകിക്കൊണ്ടിരിക്കുന്ന നദി പോലെയിരിക്കുന്നതുമായ ജീവിതത്തിൻെറ തിരമാലകളാകുന്ന കമ്മങ്ങൾ,—എന്നിവയൊക്കെ ഭൂലോകത്തിൽ സ്ഥിരമായി ഉണ്ടെന്നു മാത്രം ഗ്രഹിച്ചാൽ മതി; അതിലധികമുള്ള അന്വേഷണം നമുക്കാവശ്യമില്ല. എന്നാൽ തിരമാലകളെങ്ങിനെയാണൊ ആവിരൂപേണ മേല്പൊട്ടുപോയി മേഘങ്ങളായിത്തീൎന്നു, പിന്നെ മഴത്തുള്ളികളായി വീണു കുന്നുകൾ വഴിക്കും കരവഴിക്കും സമുദ്രത്തിൽതന്നെ ചെന്നുചേൎന്നു വീണ്ടും തിരമാലകളാകുന്നു, അതുപോലെ കമ്മങ്ങളും പല രൂപങ്ങളിൽ മാറിമാറിവന്നു പിറക്കുന്നു; ഈ ഗതിക്കു മുടക്കമോ ഒടുക്കമോ ഇല്ല. സ്വൎഗ്ഗം, ഭൂമി, മററുള്ള ലോകങ്ങൾ, അവക്കുണ്ടാവുന്ന മാററങ്ങൾ ഇവയെല്ലാം സ്വപ്നതുല്യങ്ങളായ കാഴ്ചകൾ മാത്രമാകുന്നുവെന്നും, ആരാലും നിൎത്തൽ ചെയ്വാനൊ ചാടിക്കടന്നു പോവാനോ കഴിയാത്തതായി ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന മഹത്തായ ഒരു ചക്രമാണെന്നും ഗ്രഹിക്കേണ്ടതാണ്. പ്രാൎത്ഥനകൊണ്ട് അന്ധകാരം നീങ്ങി വെളിച്ചമുണ്ടാവുകയില്ല. മൌനസ്വരൂപത്തോട് ഒന്നും ചോദിക്കേണ്ടാ; അതിന്നു സംസാരിപ്പാൻ കഴിയില്ല. ദുഃഖാകുലങ്ങളായ മനസ്സുകളെ ദൈവഭക്തിക്കാണെന്നു പറഞ്ഞ് പലവിധ വേദനകളാൽ ഉപദ്രവിക്കേണ്ടാ—അല്ലയോ സഹോദരീസഹോദരന്മാരെ! നേൎച്ചകൾകൊണ്ടോ, മന്ത്രങ്ങൾകൊണ്ടോ, യാഗാദികളായ കൈക്കൂലികൾകൊണ്ടോ, പഴം മുതലായ നിവേദ്യാദികൾകൊണ്ടോ നിസ്സഹായന്മാരായദൈവങ്ങളിൽനിന്നും, യാതൊന്നും ലഭിപ്പാനാഗ്രഹിക്കേണ്ടാ—മനുഷ്യർ അവരവർതന്നെ അവരവൎക്കുള്ള കാരാഗൃഹങ്ങളെ നിൎമ്മിച്ചുകൊള്ളുന്നു. ഏററവും ഉൽകൃഷ്ടപദവിയിലിരിക്കുന്നവൎക്കു മററുള്ളവരുടെ മേൽ ഉള്ളതുപോലെ, ഓരോരുത്തനും അവനവൻെറ മേൽ ആധിപത്യമുണ്ട്. എന്നുമാത്രമല്ല, സ്വൎഗ്ഗലോകവാസികൾക്കും പാതാളലോകവാ

സികൾക്കും എന്നപോലെ, ഭൂലോകവാസികളായ സകല ജീവജാലങ്ങൾക്കും തങ്ങളുടെ പ്രവൃത്തികളാകുന്നു സുഖദുഃഖങ്ങൾക്കു കാരണം. കഴിഞ്ഞ കമ്മങ്ങൾ വരുവാൻപോകുന്ന കമ്മങ്ങൾക്കു ഹേതുവായിരിക്കുന്നു. ഓരോ ജന്മങ്ങളിൽ ചെയ്യുന്നതായ കമ്മങ്ങളുടെ ഫലങ്ങൾ ആ കമ്മങ്ങളുടെ ഗുണദോഷങ്ങളെ അനുസരിച്ചിരിക്കും. ദേവന്മാർ പൂവ്വജന്മങ്ങളിൽ ചെയ്ത സുകൃതങ്ങളുടെ ഫലമായിട്ടു സ്വഗ്ഗം അനുഭവിക്കുന്നു. അതുപോലെ, നരകവാസികൾ പൂവ്വജന്മങ്ങളിൽ ചെയ്ത ദുഷ്കമ്മങ്ങളുടെ ഫലമായി നരകം അനുഭവിക്കുന്നു. എന്നാൽ ഇവയൊന്നും എന്നെന്നേക്കും നില്ക്കുന്നതുമല്ല. പുണ്യകമ്മങ്ങൾ കാലാന്തരംകൊണ്ടു കഴിഞ്ഞുപോകുന്നു. അതുപോലെ പാപകമ്മങ്ങളും കാലാന്തരംകൊണ്ടു അനുഭവിച്ചുതീരുന്നു. അടിമയായി ബുദ്ധിമുട്ടി കാലം കഴിച്ചവൻ തന്റെ സൽക്കമ്മങ്ങളാൽ സമ്പാദിച്ച യോഗ്യതകൊണ്ടു് ഒരു രാജകുമാരനായി തീരാം. രാജാവായിരുന്നു കാലം കഴിച്ചവൻ ദുഷ്കമ്മങ്ങൾ ചെയ്തതിനാലും സല്ക്കമ്മങ്ങൾ ചെയ്യാത്തതിനാലും ജീണ്ണവസ്ത്രങ്ങൾ ധരിച്ചു ഭൂമിയിൽ അലഞ്ഞു നടന്നുവെന്നും വരാം. അല്ലയോ സഹോദരീസഹോദരന്മാരെ! നിങ്ങൾ വിചാരിച്ചാൽ നിങ്ങളുടെ ജീവിതത്തെ ഇന്ദ്രന്റെ ജീവിതത്തെക്കാൾ ഉൽകൃഷ്ടതരമൊ, അല്ലെങ്കിൽ കൃമിയെക്കാൾ നികൃഷ്ടതരമോ ആക്കിത്തീക്കാം. അനേകജന്മങ്ങളുടെ അവസാനം ഉൽകൃഷ്ടമായെന്നും വരാം, നികൃഷ്ടമായെന്നും വരാം. ജനനമരണചക്രം ചുററിക്കൊണ്ടിരിക്കുമ്പോൾ അതിൽ അല്പമെങ്കിലും വിളംബഗതിയോ സമാധാനമോ വിശ്രമിപ്പാനുള്ള സ്ഥലമോ ഉണ്ടാവുന്നതല്ല. ആ ചക്രത്തിൽ മേല്പെട്ടു കയറുന്നവൻ കീഴ്പെട്ടു പോന്നുവെന്നും വരാം; കീഴ്പെട്ടു പോന്നവൻ മേല്പെട്ടു കയറിയെന്നും വരാം. ആ ചക്രത്തിന്റെ അഴികൾ ഇടവിടാതെ ചുററിക്കൊണ്ടുതന്നെയിരിക്കുന്നു. അങ്ങിനെ ചുററിക്കൊണ്ടിരിക്കുന്ന ചക്രത്തിൽ ബ

ദ്ധന്മാരായിത്തീൎന്നു, ആ ബന്ധനത്തിൽനിന്നു വിമുക്തരാകുവാൻ മാൎഗ്ഗമില്ലാതെയിരുന്നാൽ, അതിരില്ലാത്ത ആ ജീവിതത്തിന്റെ സാരം ശാപപ്രായമായും ലോകത്തിൽ കാണുന്ന വസ്തുക്കളൊക്കെ സന്താപപ്രദമായുംഭവിക്കും. ബദ്ധന്മാരല്ലെങ്കിലൊ, ലോകം സന്തോഷകരമായും, ജീവിതം സ്വൎഗ്ഗവാസമായും അനുഭവപ്പെടും. ക്ലേശങ്ങളെ ജയിപ്പാൻതക്ക ബലാധിക്യം മനസ്സുകൾക്കുള്ളതാണല്ലൊ; അതിനാൽ മുമ്പുതന്നേ ഗുണമുള്ള പദാൎത്ഥം അധികമധികം ഗുണമുള്ളതായി തീരുന്നതാണ്. സഹോദരന്മാരുടെ കരച്ചൽകണ്ടു കരഞ്ഞവനും, ലോകത്തിലുള്ളവരുടെ സങ്കടംകണ്ടുഹൃദയം പൊട്ടിത്തകൎന്നവനുമായ ഞാൻ ഇപ്പോൾ ഇതാ ചിരിക്കുന്നു;സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ: ലോകൎക്കു ദുഃഖനിവൃത്തിയുണ്ടെന്നു ഞാൻകണ്ടിരിക്കുന്നു. അല്ലയോ ദുഃഖപ്പെടുന്ന ജനങ്ങളെ! നിങ്ങളുടെ ദുഃഖത്തിന്നു കാരണം നിങ്ങൾ തന്നെയാകുന്നു. ജനിച്ചും മരിച്ചും കാലചക്രത്തിൽ ചുററിത്തിരിഞ്ഞും, പലവിധദുഃഖരൂപങ്ങളായ ചക്രത്തിന്റെ അഴികളേയും ബാഷ്പധാരയാകുന്ന പട്ടാവിനേയും ശൂന്യമാകുന്ന കുംഭത്തേയും കെട്ടിപ്പുണൎന്നു ചുംബിച്ചുകൊണ്ടു കാലംകഴിക്കണമെന്നു നിങ്ങളെ ആരും നിൎബ്ബന്ധിക്കുന്നില്ല. അല്ലയോ ജനങ്ങളെ! നോക്കുവിൻ. നിങ്ങൾക്കു ഞാൻ തത്വം കാണിച്ചുതരാം. നരകത്തിന്നു താഴെയും, സ്വൎഗ്ഗത്തിന്നു മേലെയും, നക്ഷത്രമണ്ഡലങ്ങൾക്കു പുറമെയും, ബ്രഹ്മത്തിൽനിന്നു അകലെയും, ആദ്യന്തരഹിതമായും, ആകാശത്തെപ്പോലെ ശാശ്വതമായും, നിശ്ചയത്തെപ്പോലെ ധ്രുവമായും ഇരിക്കുന്ന ഒരു ദൈവികശക്തിയുണ്ട്. ആ ശക്തിയാണ് ലോകത്തിൽ ഗുണം ചെയ്യുന്നത്; അതിന്റെ നീതികൾമാത്രം എന്നെന്നേക്കും നിലനില്ക്കുന്നു. മനോഹരമായ പനിനീർപുഷ്പം വികസിക്കുന്നതു ആ ശക്തിയുടെ സ്പൎശത്താലാണ്. നേത്രാനന്ദകരമായ താമരപ്പൂവിനെ ആ ആകൃതിയിൽ ചമച്ചതു ആ ശക്തിയുടെ കരകൌശലമാണ്. ഭൂമിയിൽ വിതച്ച വി

ത്തുകളെകൊണ്ടു വസന്തകാലത്തിന്റെ വസ്ത്രങ്ങളായ ഇലകളെ
നെയ്യുന്നതും ആ ശക്തിയാണ്. അത്ഭുതകരമായ മേഘങ്ങളിൽ
കാണുന്ന ചിത്രവേലയും ആ ശക്തിയുടേതാണ്. മയിൽപ്പക്ഷി
കളുടെ ചിറകുകളിൽ കാണുന്ന മരതകപ്പച്ചവൎണ്ണങ്ങളും ആ ശ
ക്തിയാൽ സൃഷ്ടങ്ങളാണ്. നക്ഷത്രങ്ങളിൽ കാണുന്ന ശോഭയും
ആ ശക്തിയാൽ സൃഷ്ടിക്കപ്പെട്ടതാണ്. മിന്നൽ, കാറ്, മഴ എ
ന്നിങ്ങിനെയുള്ളവയിലും ആ ശക്തിതന്നെയാണ്. മനുഷ്യരുടെ
ഹൃദയങ്ങളെ അന്ധകാരംകൊണ്ടു മൂടുന്നതും ആ ശക്തിയാണ്.
എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ആ ശക്തി, പഴകിയ
തും, കേടുവന്നതുമായ സാധനങ്ങളെ പുതിയതും ഭംഗിയുള്ളതു
മാക്കിത്തീൎക്കുന്നു. സ്വൎണ്ണക്കിളിയുടെ കൂട്ടിൽവെച്ചു കാണുന്ന വെ
ളുത്ത മുട്ടകൾ ആ ശക്തിയുടെ നിധിയാകുന്നു. തേനീച്ചകൾ
അവയുടെ കൂടുകളിലുള്ള അറകളെ തേൻപാത്രമാക്കുന്നതും ആ
ശക്തിയുടെ പ്രവൃത്തിയാകുന്നു. പക്ഷികൾക്കു ചിറകുകളെ വി
ടൎത്തിക്കൊടുക്കുകയും ആ ശക്തിയാണ്. ചെന്നായ മുതലായ
ക്രൂരജന്തുക്കൾക്കു കുട്ടികളെ സ്നേഹിച്ചു വളൎത്താനുള്ള ബുദ്ധിയെ
കൊടുക്കുന്നതും ആ ശക്തിയാണ്. ആരും സ്നേഹിക്കാത്ത ജന്തു
ക്കൾക്ക് ആഹാരം കൊടുക്കുന്നതും ആ ശക്തിയാണ്. ശിശു
ക്കൾക്കു സ്തന്യപാനത്തിന്നായി തള്ളക്കു പാലുണ്ടാക്കുന്നതും ആ
ശക്തിയാണ്. പാമ്പുകൾക്കു വിഷമുണ്ടാക്കുന്നതും ആ ശക്തി
യാണ്. സൂൎയ്യാദിഗ്രഹങ്ങളെ ആകാശത്തിൽ ക്രമമായി സഞ്ച
രിപ്പാൻ നിയമിച്ചിട്ടുള്ളതും ആ ശക്തിയാണ്. ഭൂമിയുടെ അ
ന്തൎഭാഗത്തിൽ പലവിധ രത്നങ്ങൾ, സ്വൎണ്ണം, ഇവയെ ശേഖ
രിച്ച് ഒളിച്ചുവെച്ചിട്ടുള്ളതും ആ ശക്തിയാണ്. രഹസ്യകാൎയ്യ
ങ്ങളെ പുറത്താക്കി, മരങ്ങളുടെ അകത്തിരുന്ന് ഇല, പൂ, കാ
യ പഴം എന്നിതുകളെ പലവിധത്തിലും സൃഷ്ടിച്ചുംകൊണ്ട്,
വനങ്ങളിൽ ഇരിക്കുന്നതും ആ ശക്തിയാണ്. എല്ലാററിനേയും
രക്ഷിക്കുന്നതും ഒട്ടും പശ്ചാത്താപമില്ലാതെ വിധിക്കനുസരിച്ചു

സംഹരിക്കുന്നതും ആ ശക്തിതന്നെ. ആ ശക്തി, ഉപയോഗിക്കു ന്തോറും കേടുവരികയൊ നശിക്കയൊ ചെയ്യുന്നില്ല. എല്ലാവരും ആശക്തിയെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ആ ശക്തി നെയ്യുണ്ടാക്കുന്നതായ വസ്ത്രത്തിന്നു നൂലുകൾ സ്നേഹവും ജീവനുമാകുന്നു, നെയ്ത്തുതറയിലെ നൂലോടമൊ മരണവും ദുഃഖവുമാകുന്നു. ആ ശക്തി ഉള്ളതിനെ ഇല്ലാതാക്കുകയും ഇല്ലാത്തതിനെ ഉള്ളതാക്കുകയും ചെയ്തുകൊണ്ടു എല്ലാററിനെയും ഭരിച്ചുകൊണ്ടിരിക്കുന്നു. ആ ശക്തി സൃഷ്ടിക്കുന്ന സാധനങ്ങൾ ക്രമേണ അധികം നല്ലതായി തീരുന്നു. ഇപ്പോൾ ലോകത്തിൽ കാണപ്പെടുന്ന സൃഷ്ടികൾ മുമ്പേത്തേതിനെക്കാൾ നല്ലവയാകുന്നു. ലോകത്തിൽ കാണുന്ന സകല വസ്തുക്കളും ആ ശക്തിയുടെ പ്രവൃത്തിയാലുണ്ടായതാകുന്നു. നിങ്ങൾ കാണാത്തതായ സാധനങ്ങൾ നിങ്ങൾകണ്ടതിനെക്കാൾ എത്രയോ അധികമുണ്ട്. അല്ലയോ സഹോദരന്മാരെ! മനുഷ്യരുടെ മനസ്സുകളെല്ലാം ആലോചനകളെയും നടവടികളെയും മനോ നിശ്ചയങ്ങളേയും കൂടി ആ ശക്തിയാണ് ഭരിക്കുന്നത്. ആ മഹത്തായ ധൎമ്മനീതി നിങ്ങളുടെ ദൃഷ്ടിക്ക് അഗോചരമായിരുന്നുകൊണ്ടു നിങ്ങളെ സഹായിക്കുന്നു. ആ ധൎമ്മനീതി കൊടുങ്കാററിനേക്കാൾ അധികം ഒച്ചയോടെ നിങ്ങളോടു സംസാരിക്കുന്നു. എന്നാൽ നിങ്ങൾക്ക് അതിനെ കേൾക്കുവാൻ കഴിയുന്നില്ല. അനുകമ്പയും സ്നേഹവും മനുഷ്യൎക്കു സഹജമായ ഗുണങ്ങളാണ്. എന്തുകൊണ്ടെന്നാൽ: വളരെ ബുദ്ധിമുട്ടാണ് നിരാകാരമായ പിണ്ഡത്തെ ആകൃതിയുള്ളതാക്കി ചമച്ചതു. ആ ശക്തിയെ ആരെക്കൊണ്ടും നിന്ദിപ്പാൻ കഴിയുന്നതല്ല. ആ ധൎമ്മനീതിയെ തോല്പിക്കുവാൻ വിചാരിക്കുന്നവൻ നഷ്ടം അനുഭവിക്കുന്നു. സഹായിക്കുവാൻ വിചാരിക്കുന്നവന്നു പുഷ്ടി അനുഭവമാകുന്നു. മറച്ചുവെച്ചിരിക്കുന്ന ഗുണകൎമ്മങ്ങൾക്കു പ്രതിഫലമായി ക്ഷേമത്തെയും അനുഗ്രഹത്തെയും തരുന്നതുപോലെ, മറച്ചുവെച്ചിരിക്കുന്ന ദോഷങ്ങൾക്കു വേദനയെയും സങ്കടത്തെയും

ആ ശക്തി തരുന്നു. ആ ശക്തിയുടെ ദൃഷ്ടി എല്ലാ സ്ഥലങ്ങളിലുമുണ്ട്. ആ ശക്തി എല്ലാവരെയും നോക്കിക്കണ്ടു ഓൎമ്മ വെക്കുന്നതുമുണ്ട്. നന്മചെയ്താലും തിന്മചെയ്താലും അതിന്നു പ്രതിഫലമുണ്ട്. പക്ഷെ പ്രതിഫലം ലഭിപ്പാൻ കുറെ താമസമായെന്നു വരാം. ആ ശക്തിക്കു ദ്വേഷ്യമില്ല; എന്നാൽ ഒരു തെററിന്നും മാപ്പുകൊടുക്കുകയുമില്ല. ആ ശക്തി ഗുണദോഷങ്ങളെ വളരെ കൃത്യമായി തൂക്കി കണക്കാക്കും. അങ്ങിനെ കണക്കാക്കുന്നത് അപ്പോൾ ചെയ്യുവെന്നും വരാം; വളരെ ദിവസം കഴിഞ്ഞു ചെയ്യുവെന്നും വരാം; ഇന്നസമയമാണെന്നു നിശ്ചയമില്ല. അന്യജന്തുക്കളെ കൊല്ലുന്ന ഘാതകൻ ധൎമ്മനീതിയുടെ ശക്തിയാൽ തന്നെത്താൻ ഹനിച്ചുകൊള്ളുന്നു. നീതിരഹിതനായ ന്യായാധിപതിയും ധൎമ്മനീതിയുടെ ശക്തിയാൽ നിസ്സഹായനായി തീരുന്നു. അതിന്റെ ശക്തിയാൽ, അസത്യം പറയുന്നവന്നു ശിക്ഷ കിട്ടുന്നു. കള്ളന്മാരുംപിടിച്ചുപറിക്കാരും കളവുചെയ്തുംകൊള്ളയിട്ടും സമ്പാദിക്കുന്നവ എപ്പോഴെങ്കിലും മടക്കികൊടുക്കേണ്ടിവരുന്നതു ധൎമ്മനീതിയുടെ ശക്തിയാലാണ് മനുഷ്യരെ സൽഗ്ഗുണത്തിൽ കൊണ്ടുപോയി ചേൎക്കുന്ന ആ നമ്മനീതി ഇപ്രകാരമെല്ലാമുള്ളതാകുന്നു. അതിനെ നിൎത്തൽചെയ്വാനൊ അന്യഥാകരിപ്പാനൊ ആരാലും കഴിയുന്നതല്ല. ആ ധൎമ്മനീതിയുടെ ഹൃദയം സ്നേഹമാകുന്നു. ആ ധൎമ്മനീതിയുടെ പൎയ്യവസാനം ക്ഷേമവും നിത്യസുഖവുമാകുന്നു. അതുകൊണ്ടു, അല്ലയോ സഹോദരീസഹോദരന്മാരെ! നിങ്ങൾ ആ ധൎമ്മനീതിയെ അനുസരിച്ചു നടക്കുവിൻ."

"ഓരോരുത്തരുടേയും ജന്മങ്ങൾഅവരവരുടെ പൂൎവ്വജന്മകൎമ്മങ്ങളുടെ ഫലാനുഭവങ്ങളാകുന്നുവെന്നു പ്രമാണങ്ങൾ പറയുന്നു. പൂൎവ്വജന്മങ്ങളിൽ ചെയ്ത ദുഷ്കൎമ്മങ്ങൾ ഈ ജന്മത്തിൽ ദുഃഖങ്ങളെയും കഷ്ടങ്ങളേയും കൊണ്ടുവരുന്നു. അതുപോലെ തന്നെ, പൂൎവ്വജന്മാൎജ്ജിതസൽകൎമ്മങ്ങൾ ഈ ജന്മത്തിൽ സുഖത്തെയും

സന്തോഷത്തെയും തരുന്നു. അല്ലയൊ ജനങ്ങളെ! നിങ്ങൾ വിതക്കുന്നതിനെ നിങ്ങൾ തന്നെ കൊയ്യണം. അതാ ആ വയലുകളെ നോക്കുവിൻ. കൊയ്യുവാൻ നില്ക്കുന്ന ആ എള്ള് വിതക്കുമ്പോഴും എള്ളായിരുന്നു; കൊയ്യുമ്പോഴും അത് എള്ളുതന്നെ. അതുപോലെയാകുന്നു മനുഷ്യന്നുള്ള വിധിയും. മനുഷ്യൻ കഴിഞ്ഞ ജന്മത്തിൽ വിതച്ചിട്ടുള്ളതായ ധാന്യത്തെ കൊയ്യുവാനായി ഈ ജന്മത്തിൽ വരുന്നു. ധാന്യങ്ങളുടെ വളൎച്ചക്കു ഉപദ്രവം ചെയ്യുന്നതായ കളകൾ മുതലായവയെപ്പോലെ, മനുഷ്യന്റെ ജീവിതത്തെ ഉപദ്രവിപ്പാനായും പലവിധ സാധനങ്ങൾ വന്നുകൂടുന്നു. എന്നാൽ മനുഷ്യൻ ഉപദ്രവകരങ്ങളായ കളകളെ വേരോടെ പറിച്ചു കളഞ്ഞ് ആ സ്ഥലങ്ങളിൽ നല്ല ഞാറുകൾ നട്ടാൽ അവസാനം അവന്റെ കൊയ്ത്തു വളരെ ഗുണകരമായി തീരുന്നതാണ്. മനുഷ്യനാകട്ടെ, ദുഃഖം എവിടെനിന്നുത്ഭവിച്ചുവെന്ന് അന്വേഷിച്ചറിഞ്ഞു ആ ദുഃഖത്തെ ക്ഷമയോടുകൂടി സഹിച്ചുകൊണ്ടും, താൻ പൂൎവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള ദോഷങ്ങളായ കടങ്ങളെ സത്യമായും സ്നേഹമായും വീട്ടുവാൻ ശ്രമിച്ചുകൊണ്ടും, താൻ ഭരിക്കേണ്ടുന്നവരെ ഭരിച്ചുകൊണ്ടും, തന്നെ ഉപദ്രവിച്ചവരിൽകൂടി ദയ കാണിച്ചുകൊണ്ടും, തന്റെ നടവടികളാൽ കാമാദിവികാരങ്ങളെ ത്യജിച്ചുകൊണ്ടും, ദയാലുവായും ഭക്തിമാനായും നീതിമാനായും സത്യവാനായും സകല ആഗ്രഹങ്ങളിൽനിന്നും നിവൃത്തനായും സ്വാൎത്ഥസ്നേഹം നശിച്ചവനായും മരിക്കുന്നതായാൽ, അവന്റെ ജീവിതകാലത്തെ ലാഭനഷ്ടക്കണക്കിൽ തന്റെ സകല പാപങ്ങളും ശൂന്യമായിരിക്കുന്നുവെന്നും പുണ്യം ബലവത്തായിരിക്കുന്നുവെന്നും കാണുന്നതാണ്. ആ കണക്കുപ്രകാരമുള്ള ഫലങ്ങൾ അവന്നു സിദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ അവന്നു നിങ്ങൾകാണുന്നവിധത്തിലുള്ള ജീവകാലം വേണ്ടിവരികയില്ല. അവന്റെ ആദ്യത്തെ ജനനത്തിൽ ആരംഭിച്ചത് അവസാനിച്ചു കഴിഞ്ഞു.

അവൻ ഏതു കാൎയ്യത്തിനായി മനുഷ്യജന്മമെടുത്തുവോ ആ കാൎയ്യം അവൻ ചെയ്തുകഴിഞ്ഞു. പലവിധത്തിലുള്ള ആഗ്രഹങ്ങൾ അവനെ ഇനിയൊരിക്കലും ഉപദ്രവിക്കുകയില്ല. പാപങ്ങൾ ഇനി അവനെ ബാധിക്കുകയില്ല. അവന്റെ നിത്യസുഖത്തെ ഭൂലോകത്തിലുള്ള സുഖദുഃഖങ്ങൾ ആക്രമിക്കുകയില്ല. അവന്നു ഇനി ജനനമരണങ്ങൾ ഉണ്ടാകയില്ല. അവൻ പുനരാവൎത്തിരഹിതമായ നിർവ്വാണത്തെ പ്രാപിക്കുന്നു. അവൻ ജീവസായുജ്യം ഭവിച്ചവനായി; എന്നാലും ജീവിച്ചിരിക്കുന്നില്ല. അവൻ ജനനരഹിതനായി പരമാനന്ദസ്വരൂപനായി തീരുന്നു. പ്രകാശിക്കുന്ന സമുദ്രത്തിൽ വീഴുന്ന ഒരു മഞ്ഞുതുള്ളിപോലെ, അവൻ ലോകൈകചൈതന്യത്തിൽ ലയിച്ചുപോകുന്നു. ഇതാകുന്നു കൎമ്മതത്വം. അല്ലയോ സഹോദരീസഹോദരന്മാരെ! നിങ്ങൾ ഇതു പഠിച്ചുകൊള്ളുവിൻ. സകല പാപങ്ങളും ഒരണുമാത്രംകൂടി ഇല്ലാതെ നശിച്ചതിന്നു ശേഷമേ, വെള്ളത്ത ജ്വാലയോടെ കത്തുന്ന ദീപത്തെപ്പോലെ ജീവൻ നിൎമ്മലപ്രകാശനായി മരിക്കുമ്പോൾ മാത്രമെ,—അതോടുകൂടി മരണവും അവസാനിക്കയുള്ളൂ. 'ഞാൻ ഇപ്പോൾ ജന്മമെടുത്തിരിക്കുന്നു', 'ഞാൻ മുമ്പു ജന്മമെടുത്തിരുന്നു', ഞാൻ ഇനിയും ജന്മമെടുക്കും' എന്നു പറയരുതു. വഴിയാത്രക്കാർ വഴികളിൽ വല്ല വീട്ടിലും തങ്ങി വിശ്രമിച്ചതിനെ കുറെക്കാലം ഓൎമ്മവെക്കയും പിന്നെ മറക്കുകയും ചെയ്യുന്നതുപോലെയാകുന്നു നിങ്ങൾ മാംസമയങ്ങളായ വീടുകളിൽ തങ്ങി വരുന്നതെന്നു വിചാരിക്കേണ്ടാ. മുജ്ജന്മകൎമ്മസമൂഹം പ്രപഞ്ചത്തിൽ വീണ്ടും വന്നു പിറക്കുന്നു എന്നു അറിയുവിൻ. പട്ടുനൂൽപ്പുഴ തന്റെ ഉള്ളിൽനിന്നു തന്നെ നൂലു പിരിച്ചു കൂടുണ്ടാക്കി അതിന്നുള്ളിൽ വസിക്കുന്നതു പോലെയാകുന്നു കൎമ്മസമൂഹവും വീടുണ്ടാക്കി പാൎക്കുന്നതു. സൎപ്പത്തിന്റെ മുട്ടകൾ വിരിഞ്ഞു അതാതിന്നു വിഷപ്പല്ലും മററും ലഭിക്കുന്നതുപോലെയും, ചെടിക

ളിൽനിന്ന വിത്തുകഠം പൊട്ടിത്തെറിച്ചു പറന്നുപോയി അതാതിന്നു ഹിതമായ മണ്ണിൽ മുളച്ചു പെരുകുംപോലെയും ആകുന്നു കർമ്മസമൂഹം പ്രവൎത്തിക്കുന്നതു. ആ കൎമ്മസമൂഹം മററുള്ളവരെ സഹായിക്കുവാനോ ഉപദ്രവിക്കുവാനോ ഭവിക്കയും ചെയ്യുന്നു. ഒരു ഘാതകൻ മരിക്കുമ്പോഠം അവന്റെ പരിശുദ്ധമാകാത്ത കൎമ്മങ്ങഠം നാശകാരണങ്ങളായ വിഷക്കാററുകളായി വീശുന്നു. എന്നാൽ, ശാന്തന്മാരും നീതിമാന്മാരും മരിക്കുമ്പോഠം, കൎമ്മങ്ങഠം പരിശുദ്ധമായതുകൊണ്ടു, സുഗന്ധവായുക്കഠം വീശുന്നു; മരുഭൂമിയിലുള്ള നദി ഭൂമിയുടെ കീഴിൽക്കൂടി പോയി മറെറാരു സ്ഥലത്തു ചെന്നു ലോകോപകാരപ്രദമായ വലിയ നദിയായി പൊന്തിവരുന്നതുപോലെ, അവർ മരിച്ചാലും, അവരുടെ കൎമ്മസമൂഹം പിന്നെയും ലോകത്തിന്നു അധികം ഗുണപ്രദമായി വന്നു പിറക്കുന്നു. പുണ്യവാന്മാൎക്കു മാത്രമേ മേൽപറഞ്ഞ യോഗ്യത സിദ്ധിക്കുകയുള്ളു. കല്പാവസാനം വരെക്കും ഈ സ്നേഹനീതി എല്ലാററിന്നും രാജാവായിത്തന്നെ വാണുകൊണ്ടിരിക്കും. അല്ലയോ ജനങ്ങളെ! നിങ്ങഠം ഇങ്ങിനെ ജീവകാലം കഴിക്കുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലായോ? അന്ധകാരമാകുന്ന അവിദ്യയാലാകുന്നു. ആ അവിദ്യയാൽ നിങ്ങഠം ഈ കാണുന്നതെല്ലാം സത്യമാണെന്നു വിചാരിച്ചു, അവയെ ലഭിപ്പാൻ തൃഷ്ണയും ലഭിച്ചാൽ അവയിൽ ഏററവും ആസക്തിയും ഉള്ളവരായിത്തീരുന്നു. അതു നിമിത്തം നിങ്ങഠംക്കു പലവിധ കഷ്ടങ്ങളും സംഭവിക്കുന്നു. വിശദയുക്തിശക്തിയാൽ വെട്ടിയുണ്ടാക്കപ്പെട്ടതും മൃദുശാന്തതയാൽ മിനുസമാക്കപ്പെട്ടതുമായ മദ്ധ്യമപഥത്തിൽ കൂടി നടപ്പാനും നിൎവ്വാണമാൎഗ്ഗത്തെ പ്രാപിപ്പാനും ആഗ്രഹമുള്ള ജനങ്ങളെ! ആൎയ്യസത്യങ്ങഠം നാലും കേഠംക്കുവിൻ."

"ഒന്നാമത്തെ സത്യമോ, ജീവിതം ദുഃഖമയമെന്നതാകുന്നു. അല്ലയോ സഹോദരീസഹോദരന്മാരെ! നിങ്ങഠം പരിഹാ

സപാത്രങ്ങളായി ഭവിക്കേണ്ടാ. വളരെ വിലപിടിച്ചതാണെന്നു നിങ്ങൾ വിചാരിക്കുന്ന ജീവിതം ദീൎഘകാലത്തേക്കു നില്ക്കുന്നതായ ദുഃഖാവസ്ഥ മാത്രമാകുന്നു. അതിലുള്ള പീഡകൾ മാത്രമേ നിലനില്ക്കുന്നുള്ളു. സുഖങ്ങളാകട്ടെ, താഴത്തിറങ്ങിയ ഉടനെ മേല്പെട്ടു പറന്നു പോകുന്ന പക്ഷികളെപ്പോലെയാകുന്നു. ജനനപീഡ, ശൈശവപീഡ, യൌവനപീഡ, വാൎദ്ധക്യപീഡ, മരണപീഡ, എന്നിവയാൽതന്നെ നിങ്ങളുടെജീവകാലംകഴിയുന്നു. ഭാൎയ്യാഭൎത്തൃസ്നേഹം എത്രയോ മധുരമാണെങ്കിലും, ഉപധാനമായിരുന്ന ആ മാറിടവും, ദമ്പതികളെ തമ്മിൽ കോൎത്തുപിടിച്ചിരുന്ന ആ അധരവും അഗ്നിജ്വാലയുടെ ചുംബനത്തെ സഹിക്കേണ്ടി വരുന്നു. രണശൂരത എത്രയോ ഗൌരവമുള്ളതാണെങ്കിലും, രണശൂരന്മാരായ രാജാക്കന്മാരുടെയും പ്രധാനികളുടെയും ശരീരങ്ങളെ കഴുക്കൾ മുതലായവ കൊത്തിവലിക്കുന്നു. ഭൂമി കാഴ്ചക്ക് എത്രയോ വിശേഷമാണെങ്കിലും, അതിലുള്ള ജീവികൾ അന്യോന്യം മത്സരിച്ചു കൊന്നുതിന്നു ക്ഷുൽബാധ തീൎക്കുന്നു. ആകാശമെല്ലാം നീലമേഘം നിറഞ്ഞിരിക്കുന്നതാണെങ്കിലും, മനുഷ്യർ വിശന്നു കരയുമ്പോൾ ഒരു തുള്ളി വെള്ളംകൂടി അവൎക്കു കൊടുക്കുന്നില്ല. രോഗികളോടൊ, ദുഃഖപ്പെടുന്നവരോടൊ, നിസ്സഹായനായി വടിയൂന്നി നടക്കുന്ന വൃദ്ധനോടൊ, "നിനക്ക് ജീവിതത്തിൽ പ്രീതിയുണ്ടോ? എന്നു ചോദിച്ചാൽ അവർ ജീവിതത്തെ സ്നേഹിക്കുന്നില്ലെന്നുള്ള അൎത്ഥത്തിൽ, ജനിച്ച ഉടന കുട്ടികൾ കരയുന്നതു ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തിൽ ജനിച്ചുവല്ലോ എന്നുള്ള അറിവുകൊണ്ടാണെന്നു പറയും."

"രണ്ടാമത്തെ സത്യം ദുഃഖസമുദായം അല്ലെങ്കിൽ ദുഃഖകാരണം തൃഷ്ണയാണെന്നാകുന്നു. അല്ലയോ ജനങ്ങളെ! ലോകത്തിൽ തൃഷ്ണകൊണ്ടല്ലാതെ സ്വതേ വല്ല ദുഃഖവും ഉണ്ടാവാറുണ്ടോ? ഇന്ദ്രിയങ്ങളും വിഷയങ്ങളും തമ്മിൽ കണ്ടുമുട്ടീട്ട് വികാരമെന്ന തീപ്പൊരിയെ ജ്വലിപ്പിക്കുന്നു. ഏതൊരു പദാൎത്ഥത്തിലും ആത്മാ

ഗ്രഹമാകുന്ന തൃഷ്ണ ഇപ്രകാരമാകുന്നു ജ്വലിക്കുന്നതു. ആ തൃഷ്ണ കൊണ്ടു സ്വപ്നതുല്യമായും നിഴലിനു തുല്യമായുമിരിക്കുന്ന സുഖങ്ങളെ ഭ്രമിച്ചു നിങ്ങൾ അലയുന്നു. ജീവാത്മാവാകുന്ന ഒരു വ്യാജത്തെ നടുവിൽ വെച്ചു അതിനു പുറവും വാസ്തവമെന്നു തോന്നുന്ന ലോകത്തെ നിങ്ങൾ നിൎമ്മിക്കുന്നു. ഇങ്ങിനെയുള്ള ലോകത്താൽ ചുററപ്പെട്ട ജീവിതം അതിനു പുറമെയുള്ള ഉന്നതലോകങ്ങളെ ഒന്നും കാണുന്നില്ല. ഇന്ദ്രലോകത്തിന്നും അപ്പുറത്തുള്ള ലോകങ്ങളിൽ നിന്നുണ്ടാകുന്ന മധുരസ്വരങ്ങളെ ആ ജീവിതം കേൾക്കുന്നില്ല. അഥവാ കേട്ടാലും, വ്യാജമായ ജീവിതത്തെ ത്യജിക്കുന്നവൎക്കു യഥാൎത്ഥജീവിതം ഇതാ തയ്യാറുണ്ടെന്നു പറയുന്ന ക്ഷണനത്തിന്നു വ്യാജലോകപരിവൃതമായ ഈ ജീവിതം ഉത്തരം പറയുന്നില്ല. ഭൂമിയിൽ കലഹത്തെ ഉണ്ടാക്കുന്നതായ കാമക്രോധാദി ദുൎഗ്ഗുണങ്ങൾ ഇപ്രകാരം യഥേഷ്ടം വൎദ്ധിക്കുന്നു. ഇവയാൽ വഞ്ചിതന്മാരായ സാധുജീവികൾ ദുഃഖത്തിലകപ്പെട്ടു കുഴങ്ങി കണ്ണുനീർ വീഴ്ത്തുന്നു. അസൂയ, ദ്വേഷം മുതലായ ദുൎവ്വികാരങ്ങൾ വൎദ്ധിക്കുന്തോറും ജീവികൾ ക്രമേണ അധികമധികം ദുഷ്കൎമ്മങ്ങൾ ചെയ്യുന്നു. ഇങ്ങിനെ സംഭവിക്കുമ്പോൾ നല്ല ധാന്യങ്ങൾ വിളയേണ്ടുന്ന സ്ഥലങ്ങളിലെല്ലാം ദുഷ്ടവേരുകളും വിഷപുഷ്പങ്ങളും ഉള്ളതായ കളകൾ മുളച്ചുപടരുന്നു. എന്നു മാത്രമല്ല, സൽബീജങ്ങൾ വീണുമുളപ്പാനുള്ള സ്ഥലം കൂടി ഇല്ലാതാകുന്നു. ജീവൻ വിഷമിശ്രമായ ജലത്തെത്തന്നെ പാനം ചെയ്യാനുള്ള കഠിനതൃഷ്ണയോടെ കൎമ്മങ്ങൾ മടങ്ങിവരുന്നു; പിന്നെയും ഇന്ദ്രിയങ്ങൾക്കു വശപ്പെട്ടു പുതിയ വഞ്ചനകളിൽ അകപ്പെടുകയും ചെയ്യുന്നു."

"മൂന്നാമത്തെ സത്യമാകട്ടെ, ഉപാദാനങ്ങളെ വെടിയുക വഴിക്ക് ദുഃഖനിരോധം സാദ്ധ്യമാകുന്നു എന്നാണ്. സ്വാൎത്ഥത്തെയും ജീവിതത്തിലുള്ള തൃഷ്ണയേയും കീഴടക്കിക്കൊള്ളുക, ഹൃദയത്തിൽ വേരൂന്നികിടക്കുന്ന ദുൎവ്വികാരങ്ങളെ വേരോടെ പറി

ച്ചുകളയുക, മനസ്സിലുണ്ടാവുന്ന മത്സരാദികളെ ശമിപ്പിച്ചുകൊള്ളുക, ഇവയൊക്കെ ദുഃഖനിവാരണമാകുന്നു. ശാശ്വതമംഗിയെ സ്നേഹാത്ഥമായി അരികിലണക്കുന്നതും, ആത്മസംയമനം ചെയ്തു കീത്തി ലഭിക്കുന്നതും, ദൈവങ്ങളെക്കാൾ ഉൽകൃഷ്ടമായ സ്ഥിതിയിൽ ജീവകാലം കഴിച്ചു സന്തോഷിക്കുന്നതും, പരോപകാരധമ്മകൃത്യങ്ങൾ, പ്രിയവാക്കുകൾ, പാപരഹിതമായ ജീവിതം എന്നിങ്ങിനെയുള്ള ശാശ്വതധനം നേടി നിധിയാക്കി വെക്കുന്നതും ദുഃഖനിവാരണമാകുന്നു. മേൽപറഞ്ഞ സാധനങ്ങൾ ജീവകാലത്തിൽ ഒട്ടും മങ്ങിപ്പോകയില്ല; മരണശേഷവും അവയുടെ കീത്തി നശിക്കുന്നില്ല. ഈ സ്ഥിതിയിലെത്തുമ്പോൾ ദുഃഖാവസാനം സംഭവിക്കുന്നു. എന്തുകൊണ്ടെന്നാൽ: ജനനമരണങ്ങൾ അവസാനിക്കുന്നതുകൊണ്ടു തന്നെ. വിളക്കിൽ എണ്ണയില്ലാതായാൽ ദീപം ജ്വലിക്കുമോ? ദുഷ്കമ്മങ്ങളുടെ പഴയ കണക്കു തീൻ സൽകമ്മങ്ങൾ പുതിയ കണക്കുകളായി വരുമ്പോൾ മനുഷ്യന്നു സന്തുഷ്ടിലാഭമാകുന്നു.”

“നാലാമത്തേതു അഷ്ടാംഗമാഗ്ഗമെന്ന ശ്രേഷ്ഠമായ ദുഃഖനിരോധമാഗ്ഗമാകുന്നു. ആ മാഗ്ഗം വിശാലമായി തുറന്നിരിക്കുന്നതും എല്ലാവക്കും എളുപ്പത്തിലും വേഗത്തിലും പോകത്തക്കവണ്ണം വെളിവായിട്ടുള്ളതുമാകുന്നു. മേൽപ്പറഞ്ഞ വഴിയിൽക്കൂടി പോയാൽ ദുഃഖനിവാരണവും രക്ഷയും സിദ്ധിക്കും. കേൾക്കുവിൻ, അല്പരായ ജനങ്ങളെ! മേഘങ്ങൾ നിറഞ്ഞു ശോഭിക്കുന്ന ആ പവ്വതശിഖരങ്ങളിലേക്ക് അനേകവഴികളുണ്ടു്. ചിലതു കിഴുക്കാന്തുക്കായും ചിലതു കുറെ മാത്രം ചരിഞ്ഞും ഇരിക്കുന്നു. ആ വഴികളിൽ കൂടെ കയറിപ്പോയാൽ ഭൂമിയും ആകാശവും തമ്മിൽ മുട്ടുന്ന സ്ഥലത്തെത്താം. ആ വഴികളിൽ കൂടി പലമാതിരിക്കാർ സഞ്ചരിക്കുന്നു. ദൃഢദേഹന്മാക്കു കൊടുങ്കാററുള്ള സമയങ്ങളിൽ കൂടി അപകടമായ ആ മലയിൽ കയറി ധൈയ്യത്തോടെ പോവാൻ കഴിയും. ശക്തി

യില്ലാത്തവക്കു മലയുടെ അടിവാരങ്ങളിൽ പലേടത്തും ഇരുന്നു വിശ്രമിച്ച് വളഞ്ഞുതിരിഞ്ഞ വഴികളിൽക്കൂടി പതുക്കെപ്പതുക്കെ നടന്നു അവസാനം മലമുകളിലെത്തേണ്ടിയിരിക്കുന്നു. ഇതുപോലെയാകുന്നു ദുഃഖനിവൃത്തിയിലേക്കു കൊണ്ടുപോയിവിടുന്ന അഷ്ടാംഗമാൎഗ്ഗം. ഇതിൽ ദൃഢചിത്തന്മാർ വേഗം നടന്നെത്തുന്നു; മന്ദബുദ്ധികഠ പതുക്കെപ്പതുക്കെ നടന്നെത്തുന്നു. അവസാനത്തിൽ എല്ലാവരും പൎവ്വതത്തിന്റെ ഹിമാവൃതശിഖരമായ ഉന്നതസ്ഥാനത്തെ പ്രാപിക്കുന്നു."

"മേൽപ്പറഞ്ഞ അഷ്ടാംഗമാൎഗ്ഗത്തിൽ ആദ്യത്തെപ്പടവ് സമ്യക്ദൃഷ്ടിയാകുന്നു. അതെന്തെന്നാൽ സകല പാപങ്ങളേയും വെടിഞ്ഞും, ധൎമ്മത്തെ ഭയപ്പെട്ടും, മനുഷ്യന്റെ വിധിയെ നിൎമ്മിക്കുന്നതായുള്ള കൎമ്മത്തെ പേടിച്ചും, പഞ്ചേന്ദ്രിയങ്ങളെ ജയിച്ചും നടക്കുകയാകുന്നു."

"രണ്ടാമത്തെ പടവ് സമ്യക്സങ്കല്പമാകുന്നു. അതെന്തെന്നാൽ ലോകത്തിലുള്ള സൎവ്വ ജീവികളിലും കരുണയുണ്ടാകയും നിർദ്ദയത്വം, അത്യാഗ്രഹം, ദ്വേഷ്യം, എന്നിവയെ നശിപ്പിക്കുകയും, അങ്ങിനെ നശിപ്പിക്കുന്നതുകൊണ്ടു നിങ്ങളുടെ ജീവിതങ്ങളെ മന്ദവായുക്കളെപ്പോലെ സ്വച്ഛയായി സഞ്ചരിപ്പിക്കുകയുമാകുന്നു."

"മൂന്നാമത്തെ പടവ് സമ്യക്വചനമാകുന്നു. അതെന്തെന്നാൽ: രാജധാനിയിൽ രാജാവു വസിക്കുമ്പോഠ ഗോപുരദ്വാരത്തെ ഭടന്മാർ കാക്കുന്നതുപോലെ, നാവിനെ സൂക്ഷിച്ചു ഇരിക്കുക. ആ രാജസന്നിധിയിൽ നിന്നു പുറപ്പെടുന്ന വാക്കുകഠ ശാന്തമായും സത്യമായും, മൎയ്യാദയായുമിരിക്കണം."

നാലാമത്തെ പടവ് സമ്യക്കൎമ്മം. അതെന്തെന്നാൽ: അവരവർ ആചരിക്കുന്ന എല്ലാ പ്രവൃത്തികളും ദോഷത്തെ നശിപ്പിക്കുന്നതായും ഗുണത്തെ ഉണ്ടാക്കുന്നതായുമിരിക്കുക. സ്ഫടികമണികളിൽക്കൂടി വെള്ളിക്കമ്പി നല്ലവണ്ണം കാണുന്നതുപോ

ലെ, സൽപ്രവൃത്തികൾക്കുള്ളിൽകൂടി സ്നേഹത്തെ ഓട്ടുന്നതായി കാണിക്കുക."

"ഇപ്രകാരമുള്ള നാലു പടവുകളുടെ മേലെ ഭൂമിയും നാലു പടവുകളുമുണ്ട. എന്നാൽ ഇഹലോകവിഷയങ്ങളിൽ വിരക്തിവന്നവൎക്ക മാത്രമേ ആ പടവുകളിൽ കയറുവാൻ സാധിക്കുകയുള്ളൂ. ആ പടവുകൾ സമ്യഗാജീവനം, സമ്യക്‌വ്യായാമം, സമ്യക്‌സ്മൃതി, സമ്യക്‌സമാധി എന്നിവയാകുന്നു."

"അല്ലയോ, ചിറകുകളിൽ തൂവലില്ലാത്ത ആത്മാവെ! സൂൎയ്യമണ്ഡലത്തിലേക്കു പറക്കുവാൻ ചിറകുകൾ വിടുത്തേണം. എന്തുകൊണ്ടെന്നാൽ: അവിടെയുള്ള സ്ഥിതി നിനക്കു നിശ്ചയമില്ല; താഴത്തുള്ള കാററു സുഖപ്രദമാണ്; താഴത്തുള്ള നിമ്നോന്നത സ്ഥലങ്ങൾ നീ അറിയുന്നതും അപകടമില്ലാത്തതുമാകുന്നു. അവനവന്നുവേണ്ടി നിൎമ്മിച്ചിട്ടുള്ള കൂട്ടുകളെ അതിശക്തിയുള്ളവർ മാത്രമേ ഉപേക്ഷിച്ചുപോകാറുള്ളൂ. ഭാൎയ്യാപുത്രസ്നേഹം എത്രയോ വിലയേറിയതാണെന്നും, സ്നേഹിതന്മാരോടുകൂടി കാലം കഴിക്കുന്നതു സന്തോഷകരമാണെന്നും, ജീവകാലത്തിൽ ചെയ്യുന്ന കൎമ്മങ്ങൾ ഗുണപ്രദങ്ങളാണെന്നും ജീവിതത്തിലുള്ള ഭയങ്ങൾ വ്യാജമാണെങ്കിലും ദൃഢമായി ഉറച്ചിട്ടുള്ളതാണെന്നും എനിക്കറിയാം. അതുകൊണ്ടു ഇവയിൽതന്നെ രമിച്ചു കാലം കഴിക്കേണമെന്നുള്ളവർ അങ്ങിനെതന്നെ ചെയ്തുകൊള്ളുവിൻ. നിങ്ങളുടെ അധൈൎയ്യങ്ങളാൽതന്നെ സ്വപ്നതുല്യങ്ങളായ ചില പടവുകൾ ഉണ്ടാകാം. ആ പടവുകളിൽ ഓരോന്നിലായി കുറേശ്ശക്കുറേശ്ശ താമസിച്ചു പതുക്കപ്പെതുക്കെ വാസ്തവമായ പടവുകളിൽ ചെന്നുചേരാം. ഇപ്രകാരം നടന്നുനടന്നു വളരെ വെളിവായിരിക്കുന്ന ഉന്നതസ്ഥാനങ്ങളിൽ കയറാം. അങ്ങിനെ കയറുന്തോറും, കയറുവാൻ അധികമധികം എളുപ്പമുണ്ടാവുകയും, പാപഭാരം അധികമധികം ചുരുങ്ങിവരികയും, ഇന്ദ്രിയ ശൃംഖലകളെ പൊട്ടിപ്പാനുള്ള മനശ്ശക്തിയുണ്ടാ

വുകയും ചെയ്യും. ഇങ്ങിനെയായാൽ നിർവ്വാണമാൎഗ്ഗത്തിലെ ത്താം. അങ്ങിനെ എത്തിയവൻ നിർവ്വാണമാൎഗ്ഗത്തിൻെറ ആദ്യത്തെ പടിയെ അവലംബിച്ചുവെന്നു പറയാം. അവൻ ആൎയ്യസത്യങ്ങൾ നാലിനേയും, അഷ്ടാംഗമാൎഗ്ഗത്തേയും അറിഞ്ഞവനായി. ആ പടിയിൽനിന്നു കുറെ ദൂരം പോയാൽ പരമാനന്ദസ്ഥാനമായ നിവ്വാണത്തിലെത്തും. ഹൃദയത്തിലുള്ള മത്സരാദികളും, സകല സംശയങ്ങളും, മായയും, ആചാൎയ്യന്മാരിലും ശാസ്ത്രങ്ങളിലുമുള്ള മൂഢവിശ്വാസങ്ങളും നശിച്ചതിന്നുശേഷം, രണ്ടാമത്തെ പടിയിൽ വന്നുനില്ക്കുന്നവന്നു നിവ്വാണം ലഭിപ്പാൻ ഒരു ജന്മമേ വേണ്ടിവരൂ. ഈ പടിയിൽനിന്നപ്പുറത്താണ് മൂന്നാമത്തെ പടി. അതിലെത്തിയാൽ ജീവൻ പാപരഹിതനായും പരിശുദ്ധനായും തീൎന്ന് എല്ലാ ജീവികളേയും ഒരുപോലെ സ്നേഹിക്കുന്നു. ആ ജീവന്നു പുനൎജ്ജനനമില്ല. ആ ജീവൻെറ സകല ബന്ധനങ്ങളും നശിക്കുന്നു, എന്നു മാത്രമല്ല, ജീവനോടുകൂടിത്തന്നെ, എല്ലാവൎക്കും കാണത്തക്കവണ്ണം, നാലാമത്തെ പടിയിൽകൂടി സകലമാൎഗ്ഗങ്ങളുടേയും പൎയ്യവസാനമായ നിവ്വാണത്തിൽ എത്തുന്നവരും ചിലരുണ്ട്. അവരാകുന്നു നിൎമ്മലന്മാരായ ബുദ്ധന്മാർ. മേല്പറഞ്ഞ പടികളിൽ, വീരനായ ഭടനാൽ കൊല്ലപ്പെട്ടുകിടക്കുന്ന ശത്രുക്കളെപ്പോലെ പാപഹേതുക്കളായ പത്തു ദൎഗ്ഗുണങ്ങൾ ബലഹീനങ്ങളായി നിലത്തു വീണുകിടക്കുന്നു. സ്വാൎത്ഥം, അന്ധവിശ്വാസം, സന്ദേഹം, കാമം, ക്രോധം. ഈ ദൎഗ്ഗുണങ്ങൾ അഞ്ചിനേയും ജയിച്ചവന്നു മൂന്നു പടികൾ കടന്നുചെല്ലാം. പിന്നെ ഭൂലോകവാസത്തിലുള്ള അഭിരുചി, സ്വൎഗ്ഗവാസത്തിന്നുള്ള മോഹം, ആത്മസ്തുതി, അഹങ്കാരം, അബദ്ധബുദ്ധി എന്നിങ്ങിനെയുള്ള അഞ്ചു ദൎഗ്ഗുണങ്ങളെ ജയിക്കുന്നവൻ, അതാ കാണുന്ന ഹിമാലയശിഖരത്തിൽ നില്ക്കുന്നവൻ അതിരില്ലാത്ത നിവ്വാണത്തിലെത്തുന്നു. അങ്ങിനെ എത്തിയവനെ അവനെക്കാൾ താണപദവിയിലിരിക്കുന്ന ദൈവങ്ങൾ അസൂയ

ട്ടേടന്നു. അവന്നു ത്രൈലോക്യം നശിച്ചാലും, അവിടേനിന്നു ഇളക്കമില്ല. അവന്നുള്ളതായ് ജന്മങ്ങളെല്ലാം അവൻ എടുത്തു കഴിഞ്ഞു. അവൻെറ മരണങ്ങളെല്ലാം മരിച്ചുകഴിഞ്ഞു. കമ്മം ഇനി അവന്നു പുതിയ വീടുകളെ നിമ്മിക്കുകയുണ്ടാകയില്ല. അവന്നു ഒന്നും അന്വേഷിക്കാതെ തന്നെ, എല്ലാം സിദ്ധിക്കുന്നു. അവന്നു അഹങ്കാരത്ത്യാഗത്താൽ പ്രപഞ്ചമെല്ലാം താനെന്നായിത്തീരുന്നു. എന്നാൽ ആ നിവ്വാണമെന്നതു ജീവൻ നാസ്തിയാകയാണെന്നു നിങ്ങളോടാരെങ്കിലും ഉപദേശിച്ചാൽ, അതു ശുദ്ധമേ കളവാണെന്നു അവരോടു പറയുവിൻ. ജീവനോടുകൂടിയിരിക്കുന്നതാണ് നിവ്വാണാവസ്ഥയെന്നു ആരെങ്കിലും പറഞ്ഞാൽ, അതും തെററാണെന്നു പറയുക. അവക്കു നിവ്വാണമെന്നുള്ളതു എന്താണെന്നറിയുകയില്ല. എന്നുമാത്രമല്ല, തങ്ങളുടെ ഉടഞ്ഞ ദീപങ്ങൾക്കു പുറമെ പ്രകാശിക്കുന്നതായ വെളിച്ചത്തേയും ജീവരഹിതവും കാലരഹിതവുമായ പരമാനന്ദത്തേയും അവരറിയുന്നില്ല. ആ നിവ്വാണത്തിൽ ദ്വേഷത്തെപ്പോലെയുള്ള വ്യസനങ്ങളൊന്നുമില്ല; വികാരങ്ങളെപ്പോലെയുള്ള വേദനകളും അവിടെയില്ല; വിഷയങ്ങളെപ്പോലെയുള്ള വഞ്ചനകളും അവിടെയില്ല. ആ മാൎഗ്ഗത്തിൽ പ്രവേശിച്ചാൽ അവിടെ എല്ലാദാഹങ്ങളെയും ശമിപ്പിക്കുന്നതായ ഉറവുകൾ ധാരാളമുണ്ട്. ആ മാൎഗ്ഗത്തിൽ വഴിയാത്രക്കാക്കു സന്തോഷത്തെ ഉണ്ടാക്കുന്നതായി അനശ്വരങ്ങളായ പുഷ്പങ്ങൾ വികസിച്ചുനില്ക്കുന്നു. ആ മാൎഗ്ഗത്തിൽ വളരെ സന്തോഷകരമായും വേഗത്തിലും സമയം പോകുന്നു. ധമ്മനീതിനിധിയാവട്ടെ, രത്നങ്ങളെക്കാൾ അധികം വിലപിടിച്ചതാകുന്നു. ആ ധമ്മനീതി തേനിനേക്കാൾ മാധുൎയ്യമുള്ളതാകുന്നു. ആ ധമ്മനീതിയാലുളവാകുന്ന സന്തോഷങ്ങൾ നിസ്തുല്യങ്ങളാകുന്നു. അങ്ങിനെയുള്ള ധമ്മനീതിയെ അനുസരിച്ചു നടക്കുവാൻ അഞ്ചു നിയമങ്ങളുണ്ട്. അവ എന്തെന്നു കേൾക്കുവിൻ,—ഒന്നാമത്, യാതൊന്നിനെയും ഹിംസിക്കരുത്. എന്തുകൊണ്ടെന്നാ

ൽ ഏതൊരു നികൃഷ്ടജീവിയേയും കൊല്ലുന്നത് അതിന്റെ ഉയ ൎച്ചഗതിയെ തടുക്കുന്നതാകുന്നു. രണ്ടാമത്, ധാരാളമായി ദാനം ചെയ്യുക; അതുപോലെ കിട്ടിയാൽ വാങ്ങുകയും ചെയ്യാം. എന്നാൽ അത്യാഗ്രഹംകൊണ്ടോ ബലാൽകാരംകൊണ്ടോ ചതികൊണ്ടോ അന്യസ്വത്തിനെ അപഹരിക്കരുതു. മൂന്നാമത്, കള്ളസ്സാക്ഷി പറയുകയോ കളവു പറയുകയോ അന്യാക്ഷേപം ചെയ്യുകയോ അരുതു. മനശ്ശുദ്ധിയെ കാണിക്കുന്നതു സത്യവാക്കാകുന്നു. നാലാമത്, ബുദ്ധിക്കു കേടുവരുത്തുന്നതായ ലഹരിപദാൎത്ഥങ്ങൾ ഉപയോഗിക്കരുതു. സ്ഫടികതുല്യമായ ഹൃദയത്തിന്നും നിൎമ്മലമായ ദേഹത്തിന്നും സോമനീർ ആവശ്യമില്ല. അഞ്ചാമത്, അന്യസ്ത്രീകളെ കാംക്ഷിക്കരുത്. അനീതിയായും അയോഗ്യമായുമുള്ള മാംസസുഖകാൎയ്യങ്ങളെ ചെയ്യരുതു-ഇപ്രകാരമാകുന്നു അഞ്ചു നിയമങ്ങൾ. ഞാൻ ഇതുവരെ പറഞ്ഞപ്രകാരമെല്ലാം മനുഷ്യർ നടക്കുന്നതായാൽ ദുഃഖനിവൃത്തി സംഭവിക്കും."

ഇപ്രകാരം ബുദ്ധദേവൻ ധൎമ്മനീതിയെ ഉപദേശിച്ചതിന്നു പുറമെ, മാതാപിതാക്കന്മാരോടും സ്നേഹിതന്മാരോടും ബാലന്മാരോടും നമ്മൾ നടക്കേണ്ടുന്ന മുറയേയും, വിഷയങ്ങളാകുന്ന ശൃംഖലകളെ വേഗത്തിൽ പൊട്ടിച്ചു ഉൽകൃഷ്ടമാൎഗ്ഗത്തിൽ നടക്കുവാൻ കഴിയാത്ത കാലുകളോടുകൂടിയവർ ദാനധൎമ്മാദികളെ ചെയ്തുകൊണ്ടു ഇഹലോകജീവിതത്തെ കഴിച്ചുകൂട്ടേണ്ടുന്ന മാൎഗ്ഗത്തേയും, അഷ്ടാംഗമാൎഗ്ഗത്തിലേക്ക് ആദ്യം കാലടികൾ വെക്കേണ്ടുന്നമാതിരിയേയും വിവരമായി ഉപദേശിച്ചു. "അല്ലയോ ജനങ്ങളെ? നിങ്ങൾ പരിശുദ്ധന്മാരും ഭക്തിബഹുമാനങ്ങളുള്ളവരും ക്ഷമയുള്ളവരും ദയയുള്ളവരും ലോകത്തിലുള്ള സകല വസ്തുക്കളേയും തങ്ങളെപ്പോലെ സ്നേഹിക്കുന്നവരും ആയിരിക്കുവിൻ. ഈ ജന്മത്തിൽ അനുഭവിക്കുന്ന ഗുണദോഷങ്ങൾ പൂൎവ്വജന്മങ്ങളിൽ ചെയ്ത പുണ്യപാപങ്ങളുടെ ഫലങ്ങളാണെന്നു വിശ്വസിക്കുവിൻ. ഗൃഹസ്ഥാശ്രമികൾ സ്വാൎത്ഥത്തെ ത്യജിച്ചു

ലോകത്തെ സഹായിപ്പാൻ എത്രത്തോളം ശ്രമിക്കുന്നുവോ അത്രത്തോളം അവർ ഉൽകൃഷ്ടപദ്ധതികളുടെ സമീപത്ത് എത്തുന്നുവെന്നറിയുവിൻ."

ബുദ്ധഭഗവാന്റെ ഇങ്ങിനെയുള്ള പ്രസംഗാവസാനത്തിൽ, ശുദ്ധോദനരാജാവ് സിംഹാസനത്തിൽനിന്നെഴുനീററു ബുദ്ധനെ തൊഴുതുകൊണ്ടു, "അല്ലയോ പുത്രാ! നിന്റെ സംഘത്തിൽ ഏററവും താണവരുടെ കൂട്ടത്തിലെങ്കിലും എന്നെ ചേക്കുക"–എന്നു പറഞ്ഞു. ഭാഗ്യവതിയും സന്തുഷ്ടയുമായ യശോധരയും, "അല്ലയോ ഭഗവാനെ! അങ്ങയുടെ ധമ്മനീതിയായ നിധിയെ അങ്ങയുടെ പുത്രനായ രാഹുലനു പിതൃധനമായി കൊടുക്കുക."––എന്നു പറഞ്ഞു. അപ്രകാരം ബുദ്ധൻ ശുദ്ധോദനരാജാവിനെയും രാഹുലനേയും തന്റെ സംഘത്തിൽ ചേക്കുകയും ചെയ്തു.

അനന്തരം ബുദ്ധൻ ശിഷ്യന്മാരോടുകൂടി അവിടെനിന്നു വേണുവനത്തിലേക്കു പോയി. അവിടെ ബിംബിസാരൻ കെട്ടിച്ചതായ വിഹാരത്തിൽ വസിക്കുമ്പോൾ, ഒരുദിവസം സിഗാലനെന്നു പേരായ ഒരു ഗൃഹസ്ഥാശ്രമി പ്രാതഃസ്നാനാദികൾ ചെയ്തു തന്റെ ശിരസ്സുകൊണ്ടു നാലുദിക്കുകളേയും ഭൂമിയേയും ആകാശത്തെയും വന്ദിക്കുകയും, കൈകൊണ്ടു വെള്ളത്തും പുകന്നതുമായ അക്ഷതകൾ എറിയുകയും ചെയ്യുന്നതു ബുദ്ധൻ കണ്ടു.

ബുദ്ധൻ—"അല്ലയോ സഹോദരാ! എന്തിനാണിങ്ങിനെ ചെയ്യുന്നതു?"

സിഗാലൻ—"പ്രഭാതത്തിൽ ഞങ്ങളുടെ പ്രവൃത്തികൾ തുടങ്ങുന്നതിനുമുമ്പായി ആകാശത്തിലും ഭൂമിയിലും വായുക്കളിലുമുള്ള സകല ദുർദ്ദേവതകളേയും നിരാകരിപ്പാൻവേണ്ടി ഞങ്ങളുടെ പൂർവ്വികന്മാർ ഞങ്ങളെ ഇപ്രകാരം പഠിപ്പിച്ചതാണ്."

ബുദ്ധൻ—"അല്ലയോ സഹോദരാ! നീ ആകാശകം വിശന്ന തിന്നുപകരം സ്നേഹപൂർവ്വമായ ആലോചനകളേയുംപ്രവൃത്തികളേയും വിതറിക്കൊടുക്കുക. കിഴക്കേദിക്കിനെ വന്ദിക്കുന്നതിന്നു പകരം ജ്ഞാനദീപത്തെ നല്കിയ മാതാപിതാക്കന്മാരെ വന്ദിക്കുക. തെക്കേദിക്കിനെ വന്ദിക്കുന്നതിന്നു പകരം വിലയേറിയ അനുഗ്രഹംനല്കുന്ന ഗുരുനാഥന്മാരെ വന്ദിക്കുക. പടിഞ്ഞാറെ ദിക്കിനെ വന്ദിക്കുന്നതിന്നുപകരം ശാന്തവും സ്നേഹവുമായ വർണ്ണങ്ങളാൽ ശോഭിക്കുന്ന ഭാര്യാപുത്രാദികളെസ്നേഹിക്കുക.വടക്കേ ദിക്കിനെ വന്ദിക്കുന്നതിന്നു പകരംസ്നേഹിതന്മാരേയും ബന്ധുക്കളേയും സർവ്വജനങ്ങളെയും വന്ദിക്കുക. കീഴ്പ്പോട്ടുനോക്കി വന്ദിക്കുന്നതിന്നുപകരം ഏററവും നികൃഷ്ടങ്ങളായജീവികളെ ദയയോടെസ്നേഹിക്കുക. മേല്പോട്ടുനോക്കി വന്ദിക്കുന്നതിന്നുപകരം പരോപകാരികളേയും പുണ്യശീലന്മാരേയും വന്ദിക്കുക. ഇങ്ങിനെ ചെയ്യുന്നതിനാലാണ് സകല ദോഷങ്ങളും നിരാകരിക്കപ്പെടുന്നതു. ഇപ്രകാരം ചെയ്താൽ ആറുദിക്കുകളും രക്ഷിക്കപ്പെടും."

ഇങ്ങിനെ ബുദ്ധൻെറ ഉപദേശംകേട്ടു ആശ്ചര്യപരവശനായ സിഗാലൻ ബുദ്ധൻെറകൂടെപോയി ശിഷ്യനായി ഭവിക്കുകയും ചെയ്തു.

ബുദ്ധഭഗവാൻെറ ജ്ഞാനോപദേശം കേൾപ്പാൻ അസംഖ്യം ജനങ്ങൾ വന്നുകൂടിത്തുടങ്ങി. കാണുന്നവരെ വശീകരിക്കത്തക്കതായ മനോഹരനോട്ടവും, കേൾക്കുന്നവരുടെ ഹൃദയങ്ങളെ ആകർഷിക്കത്തക്ക മാധുര്യവാക്കും അദ്ദേഹത്തിന്നുണ്ടായിരുന്നുവെന്നും, അതുകൊണ്ടാണ് അദ്ദേഹത്തിൻെറ പ്രസംഗം കേട്ടവരെല്ലാം വേഗത്തിൽ അദ്ദേഹത്തിൻെറ ശിഷ്യരായി ഭവിപ്പാനുള്ള കാരണമെന്നും ബുദ്ധചരിത്രങ്ങളിൽ പറയുന്നു.

അനന്തരം ബുദ്ധൻ ധർമ്മനീതിയാകു ചക്രത്തെ എല്ലാദിക്കിലും ഉരുട്ടുവാനാലോചിച്ച്, ആ വേണുവനത്തിലിരുന്നുകൊ

ണ്ടു ജാതിവ്യത്യാസത്തേയും സ്ത്രീപുരുഷവ്യത്യാസത്തേയും ബന്ധശത്രുവ്യത്യാസത്തേയും ആലോചിക്കാതെ, അവിടെ വരുന്നവക്കെല്ലാം തൻെറ സിദ്ധാന്തത്തെ ഉപദേശിച്ചുവന്നു. ഇങ്ങിനെ അല്പകാലംകൊണ്ടു ബുദ്ധൻ ലോകത്തെ ഇന്നും സഹായിക്കുന്നതായ പീതവസ്ത്രധാരികളുടെ സംഘത്തെ സ്ഥാപിച്ചു. ആ സംഘത്തിൽ ബുദ്ധൻ സാരീപുത്രന്നും മെഗൽഗല്യന്നും പ്രധാനസ്ഥാനം കൊടുത്തു. ആനന്ദൻ അദ്ദേഹത്തിൻെറ അടുത്ത ശിഷ്യനായിരുന്നു. അങ്ങിനെ ചെയ്തതുകൊണ്ടു സംഘത്തിലുള്ള മററു ശിഷ്യന്മാർ അസൂയയാൽ ആ രണ്ടുപേരോടും കലഹമുണ്ടാക്കി. ബുദ്ധൻ അതറിഞ്ഞു തൻെറ സംഘക്കാർ ആചരിച്ചു നടക്കേണ്ടുന്ന ദശശിക്ഷാപദത്തേയും ദാനം, ശീലം, നൈഷ്കാമ്യം, പ്രജ്ഞ, വീയ്യം, സത്യം, ക്ഷാന്തി, അധിഷ്ഠാനം, മൈത്രി, ഉപേക്ഷ എന്ന പത്തു വിധികളേയും ശിഷ്യന്മാക്കെല്ലാം ഉപദേശിച്ചു. അതിന്നുശേഷം സംഘത്തിൽ ഐകമത്യമുണ്ടായി. ശിഷ്യന്മാരെല്ലാവരും ഐകമത്യത്തോടെ നടന്നുവന്നു.

പലസ്ഥലങ്ങളിലും ചെന്നു ഓരോരുത്തരുടെ പ്രവൃത്തിക്കും ഗുണത്തിന്നും അനുസരിച്ചു ഉപദേശങ്ങളെ ചെയ്തു സന്മാർഗ്ഗത്തിലാക്കിത്തീർത്ത ബുദ്ധൻെറ ചരിത്രങ്ങൾ വളരെയുണ്ടു. അവയിൽനിന്നു ഇന്നതിന്നുശേഷം ഇന്നതു സംഭവിച്ചുവെന്നു ക്രമമായി തിരഞ്ഞെടുത്തെഴുതുന്നതു അസാദ്ധ്യമായതിനാൽ ചില മുഖ്യസംഗതികളെ മാത്രം പറഞ്ഞുകൊള്ളുന്നു.

ബുദ്ധൻ വഷകാലംതോറും രാജ്യങ്ങളിലുള്ള മരച്ചോലകളിലൊ വേണുവനം മുതലായ കാട്ടുകളിലോ കെട്ടീട്ടുള്ള വിഹാരങ്ങളിൽ ശിഷ്യന്മാരോടുകൂടി വസിച്ചു; മററുള്ള കാലങ്ങളിൽ പല നഗരങ്ങളിലും ഗ്രാമങ്ങളിലും മററു സ്ഥലങ്ങളിലും ശിഷ്യന്മാരോടുകൂടിയൊ, തന്നെയൊ നടന്നു, എല്ലാവരും എപ്പോഴും ജീവകാരുണ്യത്തെ കൈക്കൊണ്ടു നടക്കേണമെന്നുള്ള ആഗ്രഹത്തോടെ പലതരം ഉപന്യാസങ്ങൾ ചെയ്തുവന്നു. അതിന്നുപുറ

മെ, മദ്യപാനം ചെയ്യുന്നവരേയും സ്ത്രീജിതന്മാരായി നടക്കുന്നവരേയും ആ ദുന്നടവടികളിൽനിന്നു ഉദ്ധരിപ്പാനും കള്ളവുപറയുന്നവരെ സത്യവാന്മാരാക്കി തീപ്പാനും, കളവുചെയ്തു നടക്കുന്നവരെ ആ വഴിയിൽനിന്നു തിരിക്കുവാനും ദേഹംമുതലായവശാശ്വതമെന്നു വിചാരിച്ചു അഹങ്കരിച്ചിരിക്കുന്നവക്ക് അവ നശ്വരങ്ങളാണെന്നുള്ള അറിവുണ്ടാക്കുവാനും, പാപങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവക്കു പാപബുദ്ധിയെ നശിപ്പിച്ചു പുണ്യകമ്മങ്ങളിൽ പ്രവൃത്തിയുണ്ടാക്കുവാനും, എന്നുവേണ്ട, സകലജീവികൾക്കും ക്ഷേമം ഭവിപ്പാനായി അവരവരുടെ പകൃതക്കനുസരിച്ചു പലപ്രകാരത്തിലും ചെയ്തതായ ദിവ്യോപന്യാസങ്ങൾ അനേകമായിരുന്നു. ബുദ്ധൻ സംസാരിച്ചുവന്നിരുന്നതു പാലിഭാഷയായിരുന്നതിനാൽ ആ മധുരോപന്യാസങ്ങളെല്ലാം പാലിഭാഷയിലായിരുന്നു.

ബുദ്ധൻ ധമ്മചക്രപ്രവത്തനം ചെയ്തുകൊണ്ടു സഞ്ചരിക്കുമ്പോൾ, ഒരു വഷകാലത്തിൽ വേണുവനത്തിൽ പാക്കുന്ന സമയം, ദേവദത്തനെന്നവനും ബിംബിസാരരാജാവിൻെറ പുത്രനായ അജാതശത്രുവും കൂടി ബുദ്ധനെ പലപ്രകാരത്തിലും ഉപദ്രവിച്ചു. വളരെ പറയുന്നതെന്തിന്നു? ബുദ്ധനെ കൊല്ലുവാനായി വിഷം കൊടുക്കുക്കൂടി ചെയ്തു. ബുദ്ധനാകട്ടെ, തൻെറ ശാന്തശക്തിയുടെ മഹത്വത്താൽ അവയെല്ലാം ജയിച്ചു ശോഭിച്ചു. ഒരു കാലം, ആ മഗധരാജ്യത്തിൽ പ്രധാനികളായ എൺപതിനായിരം ജനങ്ങൾ ഒന്നിച്ചുവന്നു ബുദ്ധൻെറ ധമ്മോപദേശത്തെ ഗ്രഹിച്ചു സംഘത്തിൽ ചേൻപോൾ. ഇതുകൊണ്ടു മഗധരാജ്യം മുഴുവനും ബുദ്ധൻെറ കാലത്തുതന്നെ ബുദ്ധധമ്മങ്ങൾ നല്ലവണ്ണം വ്യാപിച്ചിരുന്നുവെന്നു ഊഹിക്കാവുന്നതാണ്. ഇതുകൊണ്ടും ബുദ്ധനു ജ്ഞാനോദയമായ സ്ഥലമായതുകൊണ്ടും മഗധരാജ്യം പുണ്യഭൂമിയാണെന്നു ചരിത്രങ്ങൾ പറയുന്നു.

പിന്നെ ഒരു കാലത്തു, ബുദ്ധൻ, വൈശാലി നഗരത്തിൽചെന്നു അവിടെ മഹാവനത്തിലുള്ള വിഹാരത്തിലിരുന്നുകൊണ്ടു, അവിടെ വരുന്നവൎക്കെല്ലാം ധൎമ്മോപദേശം ചെയ്തു. ആ സമയം, ശുദ്ധോദനരാജാവു വ്യാധിഗ്രസ്തനായി വളരെ ദുഃഖിക്കുന്ന വിവരം അറികയാൽ, ബുദ്ധൻ, ആ വനത്തിൽനിന്നു കപിലവസ്തുവിലേക്കു പോയി. ആസന്നമൃത്യുവായി കിടക്കുന്ന അച്ഛനെ കണ്ടു, അച്ഛന്റെ അരികത്തിരുന്നു, അച്ഛൻ മരിക്കുന്ന സമയത്തു വേണ്ടുന്നതെല്ലാം ചെയ്തു; മരിച്ചതിന്നു ശേഷം ചെയ്യേണ്ടുന്ന ക്രിയകളും താൻതന്നെ ശരിയായി ചെയ്തു.

അനന്തരം, ബുദ്ധൻ കപിലവസ്തുവിൽനിന്നു മഹാവനത്തിലുള്ള വിഹാരത്തിൽതന്നെ ചെന്നു പാൎത്തു. ബുദ്ധനോടുകൂടെ മഹാപ്രജാവതി ഗൌതമിയും യശോധരയും, പിന്നെയും ചില ശാക്യസ്ത്രീകളും മഹാവനത്തിലേക്കു പോയിരുന്നു ബുദ്ധൻ അവൎക്കും ധൎമ്മോപദേശം ചെയ്തു. ആ ഉപദേശങ്ങളെല്ലാം കേട്ടു ഗൌതമിയും യശോധരയും സംസാരത്തെ വെറുത്തു തങ്ങളെയും സംഘത്തിൽ ചേൎക്കേണമെന്നു ബുദ്ധനോടു വളരെ അപേക്ഷിച്ചു. എന്നാൽ, ബുദ്ധനു സ്ത്രീകളെ സംഘത്തിൽ ചേൎക്കുന്നതിന്നു ആദ്യം മനസ്സുണ്ടായിരുന്നില്ല. പിന്നെ, ആനന്ദന്റെ അഭിപ്രായപ്രകാരവും, മാതൃവാക്യത്തെ നിരാകരിക്കരുതെന്നു വിചാരിച്ചും, അവർ രണ്ടു പേരേയും ഭിക്ഷുണികളായി സംഘത്തിൽ ചേൎത്തു. എന്നു മാത്രമല്ല, ഭിക്ഷുണികൾക്കു വേണ്ടുന്ന വിധികളെയും അപ്പോൾ തന്നെ ബുദ്ധൻ നിശ്ചയിച്ചു. ഇങ്ങിനെ മഹാപ്രജാവതി ഗൌതമിയും യശോധരയും ആദ്യം സംഘത്തിൽ പ്രവേശിച്ചതു മുതൽ വളരെ സ്ത്രീകൾ സംഘത്തിൽ ചേരുവാൻ തുടങ്ങി.

ബുദ്ധൻ ഇങ്ങിനെ അമാനുഷ കൎമ്മങ്ങളെ ചെയ്തു ലോകത്തിലെല്ലാം ഖ്യാതി പരത്തിക്കൊണ്ടു എൺപതു വയസ്സുവരെയും ജീവകാലം [illegible] പതാമത്തെ വയസ്സിൽ അദ്ദേഹ

ത്തിന്റെ ദേഹത്തിൽ സുഖക്കേടു തുടങ്ങി. അപ്പോൾ ബുദ്ധൻ സമാധിയിലിരുന്നു തന്റെ ജീവാവസാനകാലം ഇന്ന സമയത്താണെന്നു കണ്ടറിഞ്ഞു. ഉടനേതന്നേ പല ദുർന്നിമിത്തങ്ങളുമുണ്ടായി. ബുദ്ധൻ തന്റെ ശിഷ്യന്മാരെ നോക്കി, "എന്റെ ജീവകാലം അവസാനിക്കാറായി" എന്നു പറഞ്ഞു.

പിന്നെ ബുദ്ധൻ കുശീനഗരത്തിലേക്കു പുറപ്പെട്ടു. വഴിയിൽ ക്ഷീണംകൊണ്ടും ദാഹംകൊണ്ടും ബുദ്ധിമുട്ടി ആനന്ദനെ വിളിച്ചു, ജലം വരുത്തി ദാഹം ശമിപ്പിച്ചു, പതുക്കപ്പതുക്കെ കുശീനഗരത്തിലെത്തി. അവിടെവെച്ചു, കാണുന്നതൊക്കെ അനിത്യമാണെന്നുള്ളതിനെ പററി ഒരു ഉപന്യാസം ചെയ്തു. അതു ബുദ്ധന്റെ ഉപന്യാസങ്ങളിൽ അവസാനത്തേതായിരുന്നു.

പിന്നെ, കുശീനഗരത്തിൽ ഹിരണ്യവതിയെന്നു പേരായ നദീതീരത്തിലുള്ള മല്ലികോദ്യാനത്തിൽ പ്രവേശിച്ചു, ബുദ്ധൻ, ആ ഉദ്യാനത്തിൽ രണ്ടു സാലവൃക്ഷങ്ങൾ നില്ക്കുന്നതിന്റെ നടുവിൽ തനിക്കു കിടക്കുവാനായി സ്ഥലം തയ്യാറാക്കുവാൻ ആനന്ദനോടു പറഞ്ഞു. ആനന്ദൻ ബുദ്ധന്റെ കല്പനപ്രകാരം, സുഖമായി കിടക്കുവാൻ സ്ഥലവും ശയ്യയും മററും തയ്യാറാക്കി. ഉടനെ ബുദ്ധൻ ആ കിടക്കയിൽ വടക്കോട്ടു തലവെച്ച്, തന്റെ വലത്തുകൈ തലയണയാക്കി, പടിഞ്ഞാറോട്ടു നോക്കി, വലത്തുഭാഗമായി കിടന്നു ആനന്ദനോട്, താൻ അന്നു അർദ്ധരാത്രത്തിൽ നിർവ്വാണത്തെ പ്രാപിപ്പാൻ പോകുന്നുവെന്നും, നിർവ്വാണശേഷം തന്റെ ദേഹത്തെ ഇന്നപ്രകാരം ചെയ്യേണമെന്നും തനിക്ക് പിറെറക്കാലം ശിഷ്യരെല്ലാം ഇന്നിന്ന സ്ഥിതിയിലിരിക്കേണമെന്നും, ഈ ലോകത്തിൽ കാണുന്നതൊക്കെ അനിത്യമാണെന്നും പറഞ്ഞു, സങ്കടമുള്ളവനെപ്പോലെ നാലു[illegible]ഗത്തും നില്ക്കുന്ന ശിഷ്യന്മാരെ നോക്കി; "അല്ലയോ പ്രിയശിഷ്യന്മാരെ! എനിക്കറിവുള്ളതെല്ലാം [illegible]ം അറിവുണ്ട്.

അതുകൊണ്ട് എന്റെ പിറേറക്കാലം എന്നിൽനിന്നു ഗ്രഹിക്കേണ്ടുന്നതെല്ലാം ആനന്ദനോടു ചോദിച്ചറിഞ്ഞുകൊള്ളുവിൻ"—എന്നു പറഞ്ഞു കണ്ണടച്ചു കിടന്നു. അതു കണ്ട് ആനന്ദൻ മുതലായ ശിഷ്യരെല്ലാം, "അയ്യോ! ഈ ലോകം ഇരുട്ടായിപോയല്ലൊ എന്നു ദീൎഘശ്വാസം വിട്ടുകൊണ്ട് അന്ധന്മാരായി നിന്നു. അപ്പോൾ ബുദ്ധൻ കണ്ണുകൾ മിഴിച്ചു ആനന്ദനെ നോക്കി "എന്റെ നിൎവ്വാണകാലം ഇതാ അടുത്തുവന്നു. നിങ്ങൾ വ്യസനിക്കരുതു. സന്തോഷിക്കേണ്ടുന്ന കാലമാണിതു. ഇതിനെ ആഗ്രഹിച്ച് എത്രയോ നാളായി പ്രയത്നിച്ചതിന്റെ ഫലമാണ് ഇപ്പോൾ ലഭിപ്പാൻ പോകുന്നതു. എത്രയോ ദുഃഖകരങ്ങളായ ഈ പഞ്ചേന്ദ്രിയങ്ങളാകുന്ന കാരാഗൃഹങ്ങളിൽനിന്നു വിട്ട് എന്നും നശിക്കാത്ത ആനന്ദമയമായ നിൎവ്വാണത്തെ പ്രാപിപ്പാനല്ലെ ഞാൻ തുടങ്ങുന്നത്?—" എന്നും മററും സാന്ത്വന വാക്കുകൾ പറഞ്ഞതു കേട്ടു, ശിഷ്യന്മാർ ഒരുവിധം സമാധാനപ്പെട്ടു. അപ്പോൾ രാത്രിയുടെ ആദ്യഭാഗം കഴിഞ്ഞു എല്ലാ ദിക്കിലും ശബ്ദങ്ങളടങ്ങി കാററും അടങ്ങി. നീരോട്ടവും അടങ്ങി. ദേവന്മാരും മനുഷ്യരും ആകുലഹൃദയന്മാരായി ഭവിച്ചു. ആ സമയത്തു ബുദ്ധൻ ദയാൎദ്രചിത്തനായി സന്തുഷ്ടഭാവത്തോടെ ശിഷ്യരെ നോക്കി, "പ്രിയ ശിഷ്യരെ! നിങ്ങൾക്കു ഞാൻ പറഞ്ഞതിൽ വല്ല സംശയവുമുണ്ടെങ്കിൽ ചോദിച്ചുകൊള്ളുവിൻ—" എന്നു പറഞ്ഞു. ശിഷ്യന്മാരെല്ലാവരും ബാഷ്പത്താലും ഗൽഗദത്താലും ഒന്നും സംസാരിപ്പാൻ കഴിയാതെ നിന്നു. അപ്പോൾ ബുദ്ധൻ, "സ്നേഹമുള്ള ശിഷ്യരെ! ജനനത്തിന്നു കാരണമായി ഭവിക്കുന്നതു ഏതൊരു വസ്തുവോ അതുതന്നെ മരണത്തിന്നു കാരണമായി ഭവിക്കുന്നു. ഇതു മറക്കാതിരിക്കുവിൻ. ഇത് എന്റെ അവസാനത്തെ വാക്കാണ്" എന്നു പറഞ്ഞു, സൎവ്വ സംഗങ്ങളേയും ത്യജിച്ചു പുനരാവൃത്തിരഹിതമായ നിൎവ്വാണത്തെ പ്രാപിച്ചു.

ബുദ്ധശിഷ്യരും, രാജാക്കന്മാരും, മുനികളും, മററുള്ളവരും അനിർവ്വാച്യമായ വ്യസനസമുദ്രത്തിൽ മുങ്ങി. കുറേ നേരം കഴിഞ്ഞതിന്നുശേഷം, അവരെല്ലാവരും കൂടി ബുദ്ധദേഹത്തെ സുഗന്ധപുഷ്പങ്ങളാലും മററും അലങ്കരിച്ച സ്വർണ്ണപ്പല്ലക്കിലെടുത്തു, നൃത്തഗീതവാദ്യങ്ങളോടുകൂടെ, ഹിരണ്യാ തീനദിയെ കടന്നു, മുമ്പുണ്ടായിരുന്ന ബുദ്ധന്മാരുടെ ചൈത്യസ്ഥലത്തു ചെന്നു, ചന്ദനവിറകുകളാൽ ചിതയുണ്ടാക്കി, അതിൽ ആ പുണ്യദേഹത്തെ വെച്ചു സുഗന്ധതൈലങ്ങളും അതിൽ ഒഴിച്ച് തീ കൊളുത്തി, പ്രദക്ഷിണം വെച്ച് നമസ്കരിച്ച്, എല്ലാവരും മാറിനിന്നു. പിന്നെ വേണ്ടുന്ന ക്രിയകളെല്ലാം ചെയ്തു. ബുദ്ധദേഹമാകട്ടെ, അഗ്നിയാൽ ദഹിക്കപ്പെട്ടതിന്നുശേഷം, വൈഡൂര്യരത്നങ്ങൾ പോലെയിരിക്കുന്ന അസ്ഥി മാത്രം ശേഷിച്ചു. ബിംബിസാരരാജാവ് മുതലായ ശിഷ്യന്മാരെല്ലാവരും കൂടി ആ അസ്ഥികളെ എട്ടു ഭാഗമാക്കി, എട്ടു ദിക്കുകളിൽ ഓരോ ചൈത്യങ്ങൾ നിർമ്മിച്ചു അവയിൽ ആ അസ്ഥികളെ സ്ഥാപിച്ചു; അവയെ ബുദ്ധമതക്കാർ ഇന്നും ഭക്തിയോടെ ആരാധിച്ചു വരുന്നു.

ഇപ്രകാരമായിരുന്നു ബുദ്ധഭഗവാൻ ധർമ്മനീതിയെ പല രാജ്യങ്ങളിലും പ്രചാരപ്പെടുത്തി, ഇന്നും പ്രകാശിച്ചു കൊണ്ടിരിക്കുന്നതും ശാന്തതയാൽ ലോകം മുഴുവനും ജയിച്ചതുമായ ജ്ഞാനദീപത്തെ ഏഷ്യാഭൂഖണ്ഡത്തിന്നു നൽകിയതു.

4
B 97